പുസ്തകം 7 ലക്കം 8
ജൂലായ് 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

ഏകതത്ത്വ

Eka Thathwa

മാസിക

അറിഞ്ഞിട്ടും അറിയാതെ,
അറിയാഞ്ഞിട്ടും അറിഞ്ഞതുപോലെ...!

Publishing House

നിങ്ങളുടെ പുസ്തകങ്ങൾ ഏററവും
കുറഞ്ഞ ചിലവിൽ പബ്ലിഷ് ചെയ്യണമോ.....?

ഏക തത്ത്വ
Eka Thathwa
പബ്ലിക്കേഷൻ ഹൗസ്

മൊബൈൽ: 9446443321, 9387118131.

ഏക തത്ത്വ പബ്ലിക്കേഷന്റെ പുസ്തകങ്ങൾ

ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാതെ - ഇ. ടി. മുരളീധരൻ
(പുനർജ്ജന്മ ചിന്തകളിലൂടെ നമ്മെ നന്മയിലേയ്ക്ക് നയിക്കുന്ന കൃതി)
രണ്ടു ഭാഷകളിൽ വായിക്കാം - ഇംഗ്ലീഷിലും മലയാളത്തിലും. പേജുകൾ - 98, വില - 60 രൂപ

സൗമിത്രേയം - കെ. കേരളദാസനുണ്ണി
(രാമായണം ലക്ഷ്മണനിലൂടെ). പേജുകൾ - 130, വില - 130 രൂപ

ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ - ടി. വി. നാരായണൻകുട്ടി
(പഴയ കാലഘട്ടത്തിലൂടെ ഒരു സഞ്ചാരം)പേജുകൾ - 66, വില - 60 രൂപ

അക്ഷരച്ചെല്ലം - കെ. പി. നൂർജിഹാൻ
(ബാലസാഹിത്യം - മലയാള ഭാഷാ പഠനസഹായി) പേജുകൾ - 52, വില - 50 രൂപ

കാടാമ്പുഴ ക്ഷേത്രോല്ത്തി - സേതു എം. നായർ കരിപ്പോൾ
(ഓട്ടൻതുള്ളൽ - കിരാതാർജ്ജുനീയം) പേജുകൾ - 42, വില - 45 രൂപ



നല്ല പാഠം

(കുട്ടിക്കവിത)

ഇ. ടി. മുരളീധരൻ
9446443321

നടക്കാനും വയ്യ
നിക്കാനും വയ്യ
രാഘവൻ മാഷ് ചെയറിലിരുന്നു
കൈയില് നീര് മുട്ടില് നീര്
ആകെ ക്ഷീണിതനാം രാഘവൻമാഷ്
തെല്ലൊരുനേരം മയങ്ങിപ്പോയി
കുട്ടികൾ തൻ കലപില ശബ്ദം കേട്ട്
കണ്ണുതുറന്നു നോക്കുംനേരം
മൂളിപ്പാട്ടും പാടിക്കൊണ്ട്
കൊതുകുകൾ പാറിനടന്നീടുന്നു
ചിക്കൻഗുനിയാ, പിന്നെ മലേരിയയും
പോരാത്തതിന് ഡെങ്കിയും
മന്തും പരത്തും കൊതുകുകളെ കണ്ട്
രാഘവൻ മാഷുടെ മീശ വിറച്ചു
കൈയിൽ കരുതിയ ചൂരലുകൊണ്ട്
തലങ്ങും വിലങ്ങും ആഞ്ഞുവീശി
കൊതുകുകളാം ചിലരുടെ
കൊഞ്ഞിക്ക് കിട്ടി,
മറ്റു ചിലരുടെ ചന്തിക്ക് കിട്ടി,
പൊട്ടിത്തെറിച്ചു, ചോര ചീറ്റിത്തെറിച്ചു
എത്ര കിട്ടിയാലും മതിയാവില്ല ചിലർക്ക്
കുടിച്ചതും പിന്നെ കരുതിയ ചോരയും
പോയവർ ചത്തുമലച്ചു
അടികിട്ടാത്ത ചിലരോ,
വായുവിലൂടെ മണ്ടിയൊളിച്ചു
രാഘവൻ മാഷുടെ കലി തീർന്നില്ല
നടക്കട മക്കളെ ക്ലാസ് റൂമിനു വെളിയിൽ
പിടിപ്പതു പണിയുണ്ട് ക്ലാസ്സിനുവെളിയിൽ
കെട്ടിക്കിടക്കും വെള്ളം നീക്കണം
തൂപ്പും ചെടിയും പൊന്തക്കാടും
വെട്ടിനിരത്തണം
ക്ലാസ്സും, വീടും പിന്നെ എല്ലാ ഇടവും
വൃത്തിയാക്കീടണം
അക്ഷരം പഠിക്കാൻ വന്നവർ നിങ്ങൾ
അക്ഷരം പഠിച്ച് അക്ഷരമുറ്റത്തിറങ്ങണം
കണ്ടതും കേട്ടതും കവിതകളാക്കാം
കഴിയാത്തവയെ കഥകളാക്കാം
വര കൊണ്ടവയെ കാർട്ടൂണുകളാക്കാം
എല്ലാം പിന്നെ
ആദ്യം പാഠം ഇപ്പോൾ തുടങ്ങാം,
ഇവിടെനിന്ന് തുടങ്ങാം
എല്ലാ വിധത്തിലും
വൃത്തികെട്ടവരാവാതിരിക്കാൻ
വൃത്തിയായി തുടങ്ങാം നല്ലൊരു പാഠം.

₹ 15

ഏക തത്ത്വ
മാസിക

പുസ്തകം 7 ലക്കം 8
ജൂലായ് 2017

visit: ekathathwa.blogspot.in

ചീഫ് എഡിറ്റർ
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

മാനേജിംഗ് എഡിറ്റർ
ബിന്ദു . കെ

കവർ ഫോട്ടോ
പ്രമോദ് മഞ്ചേരി

മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
Eka Thathwa, Post Box No. 70
Palakkad 678 001
വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

ekathathwa@yahoo.com
Website: www.ekathathwa.com

ഉള്ളടക്കം

ഗുരു
7 - വാണക്രൈ കാലം

ലേഖനം
8 - ഏക തത്ത്വയ്ക്കായി രചിക്കുന്നവരോട് താഴ്മയോടുള്ള അഭ്യർത്ഥന - എം. എം. മേനോൻ
12 - മഹാനഗരത്തിൽ വൃക്ഷസംരക്ഷണത്തിന് വിട്ടുവീഴ്ചയില്ലാതെ - വിനോദ് കുമാർ ദാമോദർ
13 - ഒരു സാധാരണക്കാരന്റെ ആത്മാശങ്കകൾ - ടി. വി. നാരായണൻകുട്ടി
19 - അസഹിഷ്ണുത - ശാന്ത രാജൻ
28 - പാലക്കാടൻ ചരിത്രത്തിന്റെ ആഴങ്ങളിലേക്ക് ഒരെത്തിനോട്ടം - ജോസ് ചാലക്കൽ
34 - ആത്മാവാണ് യഥാർത്ഥ ഗുരുനാഥൻ - ടി. ജെ. നായർ
41 - മുരിങ്ങയേകിയ ജീവജലം - പ്രമോദ് മഞ്ചേരി

കഥ
22 - വീരഭദ്രൻ കണ്ടമുത്തൻ - കെ. വിജയകുമാരൻ
29 - യേശുവും കാമുകനും, കണ്ണ്, പോത്ത് - ഉല്ലല ബാബു
33 - റാഗിംഗ് - കാരിത്തടം വർക്കി
34 - അപരാധി - തുളസി കേരളശ്ശേരി
37 - നഖങ്ങൾ - ടി. കെ. ഉണ്ണികൃഷ്ണൻ

കവിത
12 - കനൽച്ചീളുകൾ - ടി. എ. മടക്കൽ
16 - നങ്ങേലി - സത്യൻ പി. പനഞ്ചിക്കൽ
19 - മാഞ്ഞുപോം - പ്രമോദ് പുനലൂർ
25 - ഒരു തലയോടിന്റെ പരിദേവനം - ഭാസ്കരൻ കേരളശ്ശേരി
31 - പൂജാമുറി - പ്രൊഫ. കെ. ശശികുമാർ
37 - ചിലന്തി - ബിന്ദു . പി
41 - അമ്മ - ടി. വി. ഹരികുമാർ
42 - ക്യാമറയും തോക്കും - വാസന്തി മോഹൻ

നോവലറ്റ്
38 - വെള്ളിയാഴ്ചകൾ - ചൂലനൂർ രാമചന്ദ്രൻ

ആരോഗ്യം
27 - ഒട്ടൈറ്റിസ് മീഡിയ - ഡോ. സി. രാമകൃഷ്ണൻ

സ്മരണ
17 - എന്റെ അഭിനയ സ്മരണകൾ - മുക്കം ഭാസി
21 - പി. എൻ. പണിക്കർ - മുരളീധർ കൊല്ലത്ത്

അനുഭവം
20 - മത്സ്യ മൂർഖൻ - മുഹമ്മദ് കനി
31 - വാസ്തുബലി - കെ. കേരളദാസനുണ്ണി

പുസ്തകാവലോകനം
26 - കോങ്ങാടിന്റെ ഇന്നലെകൾ - കൃഷ്ണ എഴക്കാട്

ചിത്രീകരണം
30 - പുലിച്ചിരി - സൈനുദ്ദീൻ മുണ്ടക്കയം

കഥയും കാര്യവും
32 - കലികാലം, പരിഭവം, കാഴ്ച്ചപ്പാട് - സുരേഷ് തെക്കീട്ടിൽ
32 - കാട്ടിലെ അപൂർവ്വ സൗഹൃദം - സത്യൻ താന്നിപ്പുഴ

അറിഞ്ഞിട്ടും അറിയാതെ അറിയാഞ്ഞിട്ടും അറിഞ്ഞതുപോലെ...!

ഇ. ടി. മുരളീധരൻ

എല്ലാവരും പ്രവേശനോത്സവം കഴിഞ്ഞ് റാഗിംഗ് ചെയ്തും അനുഭവിച്ചും ക്ലാസ്സിൽ കയറി. അടുത്ത വർഷം നമുക്കും ഇതുപോലെ, വരുന്ന പുതിയ കുട്ടികളെ റാഗ് ചെയ്യാമല്ലോ എന്ന് ചിന്തിച്ചപ്പോൾ ആശ്വാസമായി. നമ്മളെ ബുദ്ധിമുട്ടിച്ചത് ഒരാൾ, നമ്മൾ ബുദ്ധിമുട്ടിക്കാൻ പോകുന്നത് വേറൊരാളെ. ഇതെന്തു നീതി ? ശ്രദ്ധിക്കുക, ഒരുവൾ തന്റെ അമ്മായിയമ്മയെ കൊണ്ടും നാത്തൂൻമാരെ കൊണ്ടും പൊറുതിമുട്ടി. തന്റെ സ്വന്തം സഹോദരൻ കല്യാണം കഴിക്കുമ്പോൾ തനിക്കൊരു നാത്തൂൻ വരും. ആദ്യം കലി അവിടെത്തീർക്കാം. പിന്നെ എന്റെ മകൻ കല്യാണം കഴിക്കുമ്പോൾ വരുമല്ലോ ഒരു മരുമകൾ. ബാക്കി കലിയുടെ കലാശക്കൊട്ട് മരുമകൾക്ക്. ഇത്രയേറെ സ്വന്തം വിഭാഗത്തെ ഉപദ്രവിക്കുന്ന ഒരു വർഗ്ഗം വേറെയില്ല. ഈ രണ്ടു വിഷയങ്ങളിലും അടി കിട്ടിയത് ഒരാളിൽ നിന്ന്, മടക്കിക്കൊടുത്തത് വേറൊരാൾക്ക്. എങ്കിൽ പ്രശ്നങ്ങൾ കുറയുമോ കൂടുമോ എന്ന് ചിന്തിക്കുക. കൊടുക്കാനും പോണ്ട, വാങ്ങാനും പോണ്ട, സമാധാനമായി ജീവിക്കാൻ ശ്രമിക്കൂ... സമയം കൂടുതലുള്ളതുകൊണ്ടാണ് ആവശ്യമില്ലാത്തവ സംസാരിച്ച് കാര്യങ്ങൾ മോശമാക്കുന്നത്. ഇത്രയേറെ ബുദ്ധിമുട്ടുകൾ സാമ്പത്തികമായും ആരോഗ്യപരമായും ഉണ്ടെങ്കിലും പരദൂഷണത്തിനും മറ്റുള്ളവരെ ഉപദ്രവിക്കാനും സമയം കണ്ടെത്തുന്നു എന്നത് സത്യമല്ലേ. ചിന്തകൾ നന്നാക്കൂ, മനസ്സിനെ നിയന്ത്രിക്കൂ. കലഹങ്ങളിൽ ചെന്നുപെടാതെ. ഏവരിലും സമാധാനം ഉണ്ടാകട്ടെ.

യൂറോപ്പിലെ പക്ഷികൾ മനുഷ്യന്റെ അടുത്തുവന്ന് ഇരിക്കുന്നു. ഇവിടെയോ? ഉന്നം പഠിക്കാനായി കല്ലുവെച്ചെറിഞ്ഞും കവണ കൊണ്ടടിച്ചും വെടിവെച്ചും മൃഗങ്ങളേയും പക്ഷികളേയും അകറ്റി. ഒരു കാക്കയെ കണ്ടിട്ട് നാളുകളായില്ലേ ? പരസ്പരം സ്നേഹിക്കാനായിട്ടാണ് നാമോരോരുത്തരും ഇവിടെ പിറന്നത്. പക്ഷെ കപട സ്നേഹം നടിച്ച് വഞ്ചിച്ച് ജീവിച്ച് എന്ത് നേടി ? കുറേയേറെ സമാധാനക്കേടുകളും ദുരിതങ്ങളും ദുഃഖങ്ങളും വിട്ടുമാറാതെ തുടരുന്നില്ലേ ? സ്നേഹിക്കൂ, എല്ലാത്തിനേയും സ്നേഹിക്കൂ. അതിനു വലിയ ചിലവൊന്നുമില്ല. അയൽക്കാരേയും സകലജീവജാലങ്ങളേയും സ്നേഹിക്കൂ. അപ്പോൾ നിങ്ങൾക്ക് ഒന്നിനേയും ഹിംസിക്കാൻ കഴിയുകയില്ല. ദുഷ്ചിന്തകളും പ്രവർത്തിയുമുണ്ടാകില്ല. നല്ലൊരു സമാധാന ജീവിതം കൈവരും. നമ്മളിലെ നന്മയാണ്, സ്നേഹമാണ്, കാരുണ്യമാണ്, സഹാനുഭൂതിയാണ്, അറിവാണ് ദൈവം. ഈ തിരിച്ചറിവുണ്ടെങ്കിൽ നമുക്ക് മറ്റുള്ളവർക്ക് വേണ്ടി നന്മ മാത്രമേ ആഗ്രഹിക്കാനും പ്രവർത്തിക്കാനുമാകൂ.

സിനിമയിൽ അഭിനയിക്കാൻ ചാൻസുതരാം എന്നുപറഞ്ഞ് വിളിച്ചുവരുത്തി ബന്ദിയാക്കി പീഡിപ്പിച്ച് നഗ്നചിത്രം നിർമ്മിച്ച് ബ്ലാക്ക്മെയിൽ ചെയ്യുന്ന കാലം. കപട സ്നേഹം നടിച്ച്, കല്യാണം കഴിച്ച് രാജ്യം കടത്തിക്കൊണ്ടുപോയി മതം മാറ്റി തീവ്രവാദപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്ന കാലം. കൈക്കൂലി മന്നന്മാർ വിലസുന്ന കാലം. എല്ലാ വിധത്തിലും ജനങ്ങളെ കൊലയ്ക്കു കൊടുക്കുന്ന കാലം. വിവരമില്ലാത്ത ചില നേതാക്കൾ എല്ലില്ലാത്ത നാവുകൊണ്ട് പിച്ചും പേയും പറഞ്ഞ് നടക്കുമ്പോൾ രാജ്യത്തിനകത്തും പുറത്തും അതിർത്തിയിലും ആവശ്യമില്ലാതെ പലരുടേയും മരണത്തിലേയ്ക്ക് അത് വഴിവെക്കുന്നുണ്ട്. ഗവൺമെന്റ് ജോലിക്കാരേയും രാഷ്ട്രീയക്കാരേയും നിരീക്ഷിക്കാൻ പോന്ന നല്ലൊരു സംവിധാനം ഇവിടെയില്ലല്ലോ. വേലി തന്നെ വിളവുതിന്നുക എന്നുകേട്ടിട്ടില്ലേ, അതാണ് ഇപ്പോഴത്തെ സ്ഥിതി. എന്തുചെയ്യും? നഷ്ടപ്പെട്ടവർക്ക് നഷ്ടപ്പെട്ടു. ബാക്കിയുള്ളവർക്ക് വെറുമൊരു വാർത്ത മാത്രമായി. മനഃസാക്ഷിയില്ലാത്ത, ബോധമില്ലാത്ത മനുഷ്യർ കൂടി വരുന്നു. മദ്യം പൂർവ്വാധികം ശക്തിയോടെ തിരിച്ചുവന്നിരിക്കുന്നു. ബാറുകളെല്ലാം തുറന്നു. വീട്ടിലെ വിശേഷങ്ങൾക്ക് ഒരാൾക്ക് 16 ലിറ്റർ വരെ കൈവശം വെക്കാം. ജനഹിതഭരണം പുരോഗമിക്കുന്നു...

പ്രൗഢഗംഭീരമായ സദസ്സും, വേദിയും. ഒരു വിശിഷ്ട വ്യക്തിയെ ആദരിക്കുന്ന നേരം, സദസ്സിലിരിക്കുന്ന മദ്യപാനി ഉറക്കെ പറഞ്ഞു "ഈ ഡാഷ് മോൻ ആരെടാ ? ഇവനൊക്കെ എന്തിന് പൊന്നാട?" സദസ്സിലുള്ള ഒട്ടുമിക്ക ആളുകളും ഇതുകേട്ടു. അപ്പോൾ വേദിയിൽ പൊന്നാട ഏറ്റുവാങ്ങുന്ന ആളോട് അസൂയയും ദേഷ്യവുമുള്ള വ്യക്തികൾക്കെല്ലാം സന്തോഷമായി. ഒരാളെങ്കിലും ഇങ്ങനെ പറഞ്ഞല്ലോ. നന്നായി. മറ്റൊരു വിഭാഗം കരുതി പൊന്നാട ഏറ്റുവാങ്ങുന്ന ആൾ ചിലപ്പോൾ മോശക്കാരനായിരിക്കും. അവാർഡും ആദരവുമെല്ലാം കാശുകൊടുത്തു വാങ്ങുന്ന കാലമാണല്ലോ. ഇതും അത്തരത്തിലൊന്നായിരിക്കും. ബോധമില്ലാത്തവരെ ഹാളിനകത്ത് കയറ്റിയിരുത്തരുതായിരുന്നു എന്ന് ഒരു വിഭാഗം. എന്തായാലും എല്ലാവരുടേയും മനസ്സുകളേയും ചിന്തകളേയും കേടുവരുത്തി. മദ്യപൻ ഹാപ്പിയായി ഇരുന്നു. ഇതുപോലെത്തന്നെയാണ് അധികാരം പലരേയും മത്തുപിടിപ്പിച്ചിരിക്കുന്ന

ത്. ആ മപ്പിൽ പിച്ചും പേയും പറയുമ്പോൾ ബുദ്ധിമുട്ടുന്നതും അവരുടെ വാക്ക് വിശ്വസിച്ച് പരസ്പരം കലഹിക്കുന്നതും പാവം ജനതയാണ്.

വിവരമില്ലായ്മ കൊണ്ടും പലതും പറഞ്ഞും പ്രവർത്തിച്ചും നാം മറ്റുള്ളവരുടെ ജീവിതത്തിൽ ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ടാകും. പോരാത്തതിന് മദ്യവും മയക്കുമരുന്നും അധികാരങ്ങളും ഉപയോഗിക്കുക കൂടി ചെയ്താലോ ! ചിന്തിച്ച് നോക്കുക, ആരുടേയും മനസ്സ് വേദനിക്കാനോ കേടുവരാനോ നാം കാരണക്കാരനാകരുത്.

വീടുവീടാന്തരം പണിക്കു പോയി ഒരമ്മ മകനെ വളർത്തി, വലുതാക്കി. കാശുകാരി പെണ്ണിനെ സ്നേഹിച്ച് കല്യാണം കഴിച്ച് സുഖമായി ജീവിക്കുമ്പോൾ മകൻ അമ്മയോട് ചോദിച്ചു, "തള്ളേ നിങ്ങൾ എന്തുതന്നു ?" ഇതുപോലെയാണ് ഇന്ന് നമ്മുടെ നാട്ടിലെ ഭരണകർത്താക്കളുൾപ്പടെ പലരുടെയും ചോദ്യം. അറുപത് കൊല്ലം കൊണ്ട് ഇവിടെ എന്തുപുരോഗമനമാണ് ഉണ്ടായത് എന്ന ചോദ്യം തന്നെ ബാലിശം. ഇടവഴികളെ വീതി കൂട്ടി റബ്ബറൈസ്ഡ് റോഡ് നിർമ്മിച്ചുകൊടുത്തപ്പോൾ അതിലൂടെ വിദേശ കാറിൽ ഞെളിഞ്ഞിരുന്ന് പോകുന്നവന് ചോദിക്കാം ഇവിടെയെന്തുണ്ട് എന്ന് ? പൂർവ്വീകരെ തള്ളിപ്പറഞ്ഞ് ആർക്കും മുന്നോട്ടുപോകാനാവില്ല. മെട്രോ സ്വപ്നം ആദ്യമായി കണ്ടവരും മെട്രോ സാധ്യതാപഠനം നടത്തിയവരും അത് നടപ്പിലാക്കാൻ കിണഞ്ഞു പരിശ്രമിച്ചവരും തൊണ്ണൂറു ശതമാനം പണി പൂർത്തിയാക്കാൻ കഴിഞ്ഞവരേയും പരാമർശിക്കാതെ പെട്ടെന്ന് മാനത്ത് നിന്ന് കൊണ്ടുവന്നതുപോലെ സംസാരിക്കുമ്പോൾ ഓർക്കാതെ പോയോ, മൂന്നുനേരം ഭക്ഷണം കഴിക്കുന്നവർക്കെല്ലാം കാര്യങ്ങൾ മനസ്സിലാകുന്നുണ്ടെന്ന്. പാരമ്പര്യത്തെ മറന്നുള്ള, പൂർവ്വീകരെ മറന്നുകൊണ്ടുള്ള ചുവടുവയ്പ്പ് നല്ലതിനല്ല. കരയാതിരിക്കാനായി, കരച്ചിൽ നിർത്താനായി കുറച്ചുനേരം കൈയ്യിൽ കിട്ടിയ കളിപ്പാട്ടം ശാശ്വതമായ ഒന്നല്ല. അത് കൈയ്യിൽ നിന്നും പോകും എന്ന് മനസ്സിലാക്കി കളിക്കുക. കളിപ്പാട്ടത്തെ കേടുവരുത്തിയാൽ ശിക്ഷ കൂടുതലാണ്. കളിപ്പാട്ടത്തിന്റെ യഥാർത്ഥ ഉടമയുണ്ടിവിടെ മറക്കരുത്. വിവരക്കേടിനിയും സംഭവിക്കാതിരിക്കട്ടെ. മറ്റുള്ളവരെ അംഗീകരിക്കുമ്പോൾ നമ്മുടെ വില കുറയുകയല്ല, കൂടുകയാണ് ചെയ്യുക എന്ന് മനസ്സിലാക്കി ജീവിക്കുക. സൃഷ്ടാവ് എല്ലാം തരും. പക്ഷെ, എന്തിനെന്നറിയാതെ വിനിയോഗിച്ചാൽ കോമാളിയാകും. കിട്ടിയ അധികാരത്തേയും പണത്തേയും സൂക്ഷിച്ചു വിനിയോഗിക്കുക. രണ്ടും വിനവരുത്തിവയ്ക്കും.

പശുവിനെ കൊല്ലരുത് എന്ന് പറയുന്നു. വംശനാശ ഭീഷണി നേരിടുന്ന മൃഗത്തെ സംരക്ഷിക്കാനാണെന്ന് പറയുന്നു. പിന്നെ പറയുന്നു, നാൽക്കാലികളുടെ വ്യാപാര രംഗത്ത് വൻനികുതി വെട്ടിപ്പ് നടക്കുന്നു, അത് നിർത്തലാക്കാനാണെന്ന്. പുതുതായി മത്സ്യത്തിന്റെ പേരിലും പോര് തുടങ്ങിയിട്ടുണ്ട്. ഇതുപോലെ കുറച്ചുനാൾ മുമ്പ് കള്ളപ്പണം പിടിക്കാൻ നോട്ടുകൾ പിൻവലിച്ചു എന്നും സംഗതി കൈവിട്ടപ്പോൾ പിന്നെ കറൻസിലെസ് ഇന്ത്യ, ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ തുടങ്ങി പേര് മാറി മാറി പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ചതാരും മറന്നുകാണില്ല. അതിന്റെ ബുദ്ധിമുട്ടുകൾ ഇപ്പോഴും തുടരുന്നു. എന്തായാലും ആമ വരാനിരിക്കുന്നുണ്ട്, ജി. എസ്. ടിയും. സ്വൈര്യമായി ഇരിക്കുന്ന ജനതയുടെ സ്വൈര്യം കെടുത്തിക്കൊണ്ടിരിക്കുന്നത് വേറാരുമല്ല നാം സന്തോഷത്തോടെ തിരഞ്ഞെടുത്ത് വിജയിപ്പിച്ച അധികാരത്തിലേറ്റിയവർ തന്നെ. പഴയ വീട്ടിന്റെ മേൽക്കൂര അഴിച്ചുപണിയുന്നത് സ്വാഭാവികമാണ്. പുതിയ വീട് പണിയുന്നതും നല്ലതാണ്. പക്ഷെ അടിത്തറയിളക്കി പണിയുകയാണ് കുടിയൊഴിപ്പിക്കാതെ തന്നെ എന്നതാണ് ദൗർഭാഗ്യം. ഓരോ പരീക്ഷണഘട്ടം കഴിയുമ്പോഴും അവശേഷിക്കുന്നവർ ഭാഗ്യവാന്മാർ.

ടൂറിന് എനിക്കും വരണം. ഇന്ന് പോണ്ട. ഇന്നാണെങ്കിൽ എനിക്ക് വരാൻ പററില്ല. മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കൂ. പലർക്കും വേണ്ടി പലതവണ ടൂർ മാറ്റിവച്ചു. ഒടുവിലൊരാൾ മുഖം നോക്കാതെ ടൂറിന് പോകാൻ തീരുമാനിച്ചു. എന്തുചെയ്താലും ചെയ്തില്ലെങ്കിലും കുറ്റം. ചെയ്താൽ കുറച്ചുകൂടുതൽ കുറ്റം കേൾക്കേണ്ടിവരും. എന്തായാലും യാത്ര തുടങ്ങി, ഒപ്പം ബുദ്ധിമുട്ടുകളും വിമർശനങ്ങളും കൂട്ടിനെത്തി.

കാനഡയിലും ജർമ്മനിയിലും പോയി റോഡ് നിയമം പാലിക്കപ്പെടുന്നതിന്റെ ഗുണം മനസ്സിലാക്കി സന്തോഷം കൊണ്ട് ഇവിടെ ഒരു സുപ്രഭാതത്തിൽ റോഡ് നിയമം ശക്തമാക്കിയാൽ എന്താവും സ്ഥിതി? അല്ലെങ്കിലേ കുഴി, പോരാത്തതിന് ഹമ്പും ഉള്ള റോഡുകളാണിവിടെ. ആദ്യം റോഡുകളാണ് നന്നാക്കേണ്ടത് എന്ന് അറിയില്ല. എല്ലാം ഇടയിൽ പിടിച്ച് ചെയ്യും. കണ്ടുവന്നതും ചെയ്യും. ആലോചന തീരെയില്ല. കുറച്ചുകഴിഞ്ഞ് എല്ലാം മറന്നുപോയാലോ ? വാർദ്ധക്യം നേരത്തേ ബാധിച്ചുതുടങ്ങിയോ എന്നറിയില്ല. ആർക്കും ഇപ്പോൾ വയസ്സിനനുസരിച്ച് പക്വതയില്ലാതായിരിക്കുന്നു. ഭരണാധികാരികൾ സ്വന്തം നാടിനെ കുറിച്ച്, നാട്ടിലെ ജനങ്ങളുടെ ജീവിതനിലവാരത്തെക്കുറിച്ച്, ജീവിതരീതികളെക്കുറിച്ച് പഠിക്കണം. എന്നിട്ട് ഈ പദവിയിലിരുന്നുകൊണ്ട് താഴെ തട്ടിലുള്ള ജനങ്ങളെ എങ്ങിനെ സംരക്ഷിക്കാമെന്നാണ് ചിന്തിക്കേണ്ടത്. അല്ലാതെ പശുവിനേയും ആട്, മാട്, കോഴികളേയും മാത്രം സംരക്ഷിച്ചുകൊണ്ടിരുന്നാൽ മനുഷ്യന് വംശനാശം ഭവിക്കും. എല്ലാവരും മൃഗമായി മാറും. ഇതിനോടകം തന്നെ പലരും മൃഗമായി മാറിയിട്ടുണ്ട്. അവർ മനുഷ്യനെ കൊല്ലാൻ തുടങ്ങി. ഇനി തിന്നാനും തുടങ്ങും. നമ്മൾ പുരോഗമനത്തിലേയ്ക്കല്ല അധഃപതനത്തിലേയ്ക്കാണ്, പ്രാകൃത മനുഷ്യരിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. സൂക്ഷിക്കുക, കഴിയുന്നത്ര നന്മകളെ സംരക്ഷിക്കുക. പൂർവ്വീകരുടെ ത്യാഗത്തിന്റെ ഫലം നാം കുറേ നാളുകളായി അനുഭവിച്ചുവരുന്നു. ഇപ്പോൾ അവരെയെല്ലാം തള്ളിപ്പറഞ്ഞ് ആളാവാൻ നോക്കുന്നവരുടെ വിവരക്കേടും പരിണിതഫലങ്ങളുമാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. പല കാലഘട്ടങ്ങളിലായി പലരുടെ ശ്രമഫലമായി വലിയൊരു കുഴിയെടുത്തു. പക്ഷെ വെള്ളം കണ്ടില്ല. ഒടുവിൽ കുഴിക്കാനിറങ്ങിയ ആൾ ഒന്ന് ശ്രമിച്ചപ്പോൾ വെള്ളം കണ്ടെങ്കിൽ എല്ലാ ശ്രമങ്ങളും നേട്ടങ്ങളും എങ്ങിനെ അവസാനത്തെ ആൾക്ക് മാത്രം അവകാശപ്പെട്ടതാകും. എന്തോ കുരുത്തം കൊണ്ട് രക്ഷപ്പെട്ടതാവാം. ദൈവത്തോട് നന്ദി പറയുന്നതിനുപകരം എല്ലാം എന്റെ കഴിവാണെന്ന് അഹങ്കരിക്കാതേ... പരീക്ഷയ്ക്ക് കിട്ടിയത് 16 മാർക്ക്. ടൈപ്പിംഗ് പിഴവിൽ മാർക്ക് 61 ആയതുപോലെ, അതുമല്ലെങ്കിൽ ഒ. എം. ആർ. ഷീറ്റ് മിഷ്യനിൽ കയറ്റിയപ്പോൾ ഉണ്ടായ ചെരിവുകാരണം മാർക്ക് കൂടുതൽ കിട്ടി പരീക്ഷ ജയിച്ചതാവാം. വിജയത്തിൽ വല്ലാതെ അഹങ്കരിക്കാതേ... പൂന്താനത്തിന്റെ ഈ വരികൾ ഇടയ്ക്കിടയ്ക്കെടുത്ത് വായിക്കുക, ഓർക്കുക. "രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ തണ്ടിലേറ്റി നടത്തുന്നതും ഭവാൻ. മാളിക മുകളേറിയ മന്നന്റെ തോളിൽ മാറാപ്പു കയറ്റുന്നതും ഭവാൻ".

എല്ലാവരുടെ അക്കൗണ്ടി

ലേയ്ക്കും നമ്മളിൽ നിന്നുതന്നെ ചൂഷണം ചെയ്ത പണത്തിന്റെ ഒരംശം തന്ന് വീണ്ടും വോട്ട് മേടിക്കും. ഇതൊന്നുമറിയാഞ്ഞിട്ടല്ല അറിഞ്ഞിട്ടും അറിയാത്തതുപോലെ വിവരമുണ്ടെന്നു കരുതുന്ന നാമും വോട്ട് ചെയ്യുന്ന കാലം വിദൂരത്തിലല്ല. ആദർശം എന്തുപറഞ്ഞാലും ജിയോ സിം എടുക്കാത്ത ആരുണ്ടിവിടെ അല്ലേ ? മനുഷ്യരെല്ലാം സ്വാർത്ഥരാണ്. വാക്കും പ്രവർത്തിയും ഒരുപോലെയാക്കാൻ ഒരിക്കലും ശ്രമിക്കാത്തവർ, ആദർശങ്ങളെ പണത്തിനും അധികാരത്തിനും സുഖസൗകര്യങ്ങൾക്കും മുമ്പിൽ അടിയറ വയ്ക്കുന്നവർ കൂടിക്കൂടിവരുന്നു. എല്ലാം നന്മയ്ക്കോ, തിന്മയ്ക്കോ... അറിയില്ല. എല്ലാത്തിന്റേയും തുടക്കമാണോ അവസാനമാണോ എന്നും തിരിച്ചറിയാനാവാത്ത വിധം എല്ലാം കലങ്ങി മറിയുകയാണ്.

ഭരണാധികാരികളേ, രാഷ്ട്രത്തിനുവേണ്ടി കാര്യങ്ങൾ ചെയ്യൂ. എല്ലാവർക്കും വേണ്ടി നിലനിൽക്കൂ, സംരക്ഷിക്കൂ. സങ്കുചിത ചിന്തകരാകരുതേ, സങ്കുചിതമായി ചിന്തിക്കാതേ. ജാതി, മത, ഭാഷ, രാഷ്ട്രീയ വേർതിരിവുകളില്ലാതെ സൗഹൃദമായി ജീവിക്കാനനുവദിക്കൂ, അതിനുള്ള അന്തരീക്ഷം സൃഷ്ടിക്കൂ. ജനജീവിതം ദുഃസ്സഹമാകാത്ത രീതിയിലായിരിക്കണം പുരോഗമന പ്രവർത്തനങ്ങൾ നടത്തേണ്ടത് എന്നെല്ലാം അറിയാഞ്ഞിട്ടല്ല. എല്ലാം അറിഞ്ഞിട്ടും അറിയാത്തതുപോലെ അതുമല്ലെങ്കിൽ അറിയാഞ്ഞിട്ടും അറിഞ്ഞതുപോലെ നടിക്കുകയല്ലെ പലരും.

ലക്ഷോപലക്ഷം കഴിവുകളുള്ള ഒരു സൃഷ്ടാവിന്റെ ഒരംശമാണ് നാമോരോരുത്തരും എന്നു കരുതുക. ഓരോരുത്തരിലും ഓരോ ദൈവീകമായ, മഹനീയമായ ഓരോ കഴിവ് കൊണ്ടാണ് വന്നിരിക്കുന്നത്. എല്ലാ കഴിവും എല്ലാവർക്കുമില്ല. എല്ലാ കഴിവും ഒരുപോലെയല്ലതാനും. ആരും സമന്മാരല്ല. ആരേയും സമന്മാരാക്കാനുമാകില്ല. ചിലർക്ക് നല്ല ക്ഷമയുണ്ട്, മറ്റുചിലർക്ക് നല്ല ബുദ്ധിയുണ്ട് തുടങ്ങി പലതരത്തിലുള്ള കഴിവുകൾ ഓരോരുത്തരിലുമായി വ്യാപിച്ചുകിടക്കുന്നു. എല്ലാവരുമായി സ്നേഹത്തോടേയും സൗഹാർദ്ദത്തോടേയും ജീവിച്ച് മറ്റുള്ളവർക്ക് ദൈവം കൊടുത്ത കഴിവുകളെ തിരിച്ചറിഞ്ഞ്, കണ്ടെത്തി അതുംകൂടി സ്വായത്തമാക്കി മുന്നേറിക്കൊണ്ടിരിക്കുക. അതിനാണ് വന്നത്. എന്നാൽ അതുമാത്രം മനസ്സിലാക്കാതെ, പണത്തിന്റെ പിന്നാലെ, അധികാരത്തിന്റെ പിന്നാലെ പായുന്നു. അപ്പോൾ ഉള്ള, നൽകപ്പെട്ട ഒരു കഴിവുകൂടി നഷ്ടപ്പെടുത്തി ജീവിക്കുന്നു. പണം സമ്പാദിക്കുമ്പോഴും ചിലവാക്കുമ്പോഴും അറിവ് മാത്രമേ ലഭിക്കുകയുള്ളൂ. അല്ലാതെ വേറെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ എന്ന് നല്ല ആഴത്തിൽ ചിന്തിച്ചുനോക്കൂ. അറിവ് മാത്രമാണ് ലഭിച്ചത്, ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ അറിവ് നേടാനാണ് വന്നത്. അതിനായാണ് കഴിവുകൾ തന്നിരിക്കുന്നത്. കഴിവുകൾ ഉപയോഗിച്ച് നേരിട്ടും അല്ലാതേയും അറിവ് നേടാം. കഴിവുകൾ ഉപയോഗിച്ച്, പ്രവർത്തിച്ച് പണമുണ്ടാക്കുമ്പോഴും അത് ചിലവാക്കുമ്പോഴും അറിവ് മാത്രമാണ് ലഭിക്കുന്നത്. എന്തായാലും അറിവാണ് സ്ഥായിയായി നമ്മോളോടൊപ്പം വരുന്നത്. പണം, ഭൂമിയുൾപ്പടെ ഉള്ള സ്വത്തുക്കൾ പലതും എത്രതന്നെ സ്വരൂപിച്ചാലും എല്ലാം ഇവിടെ ഉപേക്ഷിച്ച് യാത്രയാകേണ്ടിവരും. എല്ലാം അറിവാകുന്നത്, ഉപേക്ഷിക്കപ്പെട്ട് തിരിച്ചുപോകുന്ന വേളയിൽ മാത്രമാണല്ലോ ! ചിന്തിക്കുന്നവർക്കെല്ലാം കാര്യങ്ങൾ നേരത്തേ തിരിച്ചറിയാനാകും. പണത്തിന്റെ പിന്നാലെയുള്ള പരക്കം പാച്ചിൽ അല്പമൊന്ന് കുറച്ച് ദൈവം തന്നവ നിലനിർത്താനും മറ്റുള്ളവർക്ക് ദൈവം നല്കിയ കഴിവുകളെ കണ്ടെത്തി ത്യാഗപൂർണ്ണമായ ജീവിതം കൊണ്ട് അവയെ സ്വായത്തമാക്കി മുന്നേറുമ്പോൾ നമ്മൾ അമാനുഷികനാവുന്നതായി കാണാം. പത്തിൽ കൂടുതൽ കഴിവുകൾ നമ്മൾ സ്വായത്തമാക്കുമ്പോൾ മറ്റുള്ളവർ ചിലപ്പോൾ നമ്മളെ മനുഷ്യദൈവമാക്കിയെന്നും വരാം. ഷുഗറും, പ്രഷറും കൊളസ്ട്രോളും തുടങ്ങി പല രോഗങ്ങൾ ഉണ്ടെങ്കിലും, മറ്റുള്ളവർ നമ്മളെ ദൈവമായി കാണുന്നു എന്ന യാഥാർത്ഥ്യം ഒരുതരത്തിൽ ഒരു അറിവും കൗതുകവുമാകും. നമുക്ക് സാധിക്കാത്തത്, നമ്മളെ പോലുള്ള പലർക്കും സാധിക്കാത്തത്, വളരെ നിസ്സാരനെന്ന് കരുതിയ ഒരാൾ ചെയ്യുമ്പോൾ നാം സമ്മതിച്ചുപോകും. ഇത്തരത്തിലുള്ള സംഭവങ്ങൾക്കുപിന്നിലെല്ലാം ഒന്നിൽ കൂടുതൽ ഗുണഗണങ്ങൾ, കഴിവുകൾ സ്വരൂപിച്ചതിന്റെ തെളിവുകൾ കിട്ടും.

ദൈവമെന്നത് ഒരുപാട് ഗുണഗണങ്ങളുള്ള, കഴിവുള്ള ഒരു ശക്തിയാണെന്നും അതിൽ നിന്നും ഒരു കഴിവ്, ഗുണഗണം ഒന്നുമാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ എന്നും തത്ക്കാലത്തേയ്ക്ക് മറക്കുക. എന്നിട്ട് ഇപ്പോൾ തന്നെ ചിന്തിക്കുക, എന്നിലെ നല്ല ശീലത്തെക്കുറിച്ച്, കഴിവുകളെക്കുറിച്ച്, എനിക്ക് ലഭിച്ച നല്ല ശരീരത്തെക്കുറിച്ച്, ശരീരത്തിലെ ഓരോ അവയവങ്ങളെക്കുറിച്ച്, മറ്റുള്ളവർക്ക് ലഭിക്കാതെ പോയതും എനിക്ക് ലഭിച്ചതുമായ എല്ലാത്തിനെക്കുറിച്ചും ചിന്തിക്കുക, ഇപ്പോൾ നിങ്ങൾക്ക് നന്ദി പറയാൻ തോന്നുന്നില്ലേ... മടിക്കേണ്ട എല്ലാ ദിനവും എല്ലാ നിമിഷവും ഒരു നന്ദി പറച്ചിൽ മനസ്സിൽ നടക്കട്ടെ... അതുതന്നെയാണ് ധ്യാനം, പ്രാർത്ഥന. മറ്റുള്ളവരെ വേദനിപ്പിക്കാതെ ആവുന്നത്ര സഹായിച്ച് സന്തോഷമായി ജീവിക്കുക. നാം സന്തോഷത്തിലാവുമ്പോൾ നമുക്ക് ചുറ്റുമുള്ളവരും സന്തോഷവാന്മാരാകും. യഥാർത്ഥത്തിൽ നമ്മളിലില്ലാത്തത് വളരെ കുറവും വീണ്ടും വീണ്ടും ചിന്തിച്ചാൽ നമ്മളിലില്ലാത്തതൊന്നും പുറത്തുമില്ലയെന്ന് കണ്ടെത്താനാവും. അതുകൊണ്ട് പൂർണ്ണനെന്ന് തിരിച്ചറിഞ്ഞ് ജീവിക്കുക. ഇല്ലായ്മകളില്ല, അത് ഉണ്ടെന്ന് തോന്നുന്നുവെങ്കിൽ അത് പരിഹരിക്കാനായി തന്ന ഒരു കഴിവിനെ നാം ഇതുവരേയും കണ്ടെത്തിയിട്ടില്ല എന്നാണർത്ഥം.

തീർത്ഥാടനങ്ങളും വ്രതാനുഷ്ഠാനങ്ങളുമെല്ലാം നമ്മെ സഹായിക്കുന്നത് ഈ കണ്ടെത്തലുകളിലേക്കാണ്. പക്ഷെ എല്ലാം നാം ഇന്ന് ചെയ്യുന്നത് വെറും ചടങ്ങുകളായിട്ടാണല്ലോ. സന്ധ്യയായാൽ വീട്ടിൽ വിളക്കുവയ്ക്കണം. ദൈവത്തിനുവേണ്ടിയല്ല, നമുക്ക് വേണ്ടി. സന്ധ്യയാകുമുമ്പ് വിളക്ക് കഴുകി വൃത്തിയാക്കി തിരിനൂലിട്ട് എണ്ണയൊഴിച്ച് റെഡിയാക്കി വെക്കണം. ഏതെങ്കിലുമൊന്ന് ഇല്ലെങ്കിൽ ഇരുട്ടാകും മുമ്പ് കടയിൽ ചെന്ന് വാങ്ങാം. ഇരുട്ടായതിനുശേഷമാണ് ഇതെല്ലാം തിരയാൻ പോകുന്നതെങ്കിൽ വിജനമായ, ഇഴജന്തുക്കൾ നിറയെയുള്ള വഴിയിലൂടെ കടയിൽ പോയിവരാൻ സാധിക്കാത്ത കാലം. ഒരു വീടുകഴിഞ്ഞാൽ അടുത്ത വീട് കാണണമെങ്കിൽ, ആളുകളെ കാണണമെങ്കിൽ അഞ്ഞൂറുമീറ്ററെങ്കിലും നടക്കണം. അത്രയ്ക്ക് വളപ്പുകളുള്ള ജനസംഖ്യ കുറവുള്ള കാലം. വിദ്യുച്ഛക്തിയില്ലാതിരുന്ന കാലം. എല്ലാ തരത്തിലും ജീവിതം ദുഃസ്സഹമായിരുന്ന കാലം. അതുപോലെ അന്ന് സന്ധ്യയ്ക്ക് ഉറക്കെ നാമം ചൊല്ലണമായിരുന്നു. എന്തിനെന്നോ, അതും ദൈവത്തിനുവേണ്ടിയല്ല. സന്ധ്യയാകുമ്പോൾ ഇഴജന്തുക്കളടക്കമുള്ള ജീവികൾ കൂടണയാനായി വരും. അത് നമ്മുടെ വീട്ടിലേക്കാവരുത്. ഉറക്കെ നാമം ചൊല്ലുമ്പോൾ അത്തരത്തിലുള്ള ജീവികളൊന്നും വീട്ടിലേയ്ക്ക് കയറി

വരില്ല. ഇന്നും സന്ധ്യയ്ക്ക് വിളക്കു കത്തിച്ചുവയ്ക്കുന്നത് നാമം ചൊല്ലുന്നതും നല്ലതാണ്. വിദ്യുച്ഛക്തി പോയാലോ, ഇൻവർട്ടർ വർക്ക് ചെയ്യാതിരുന്നാലോ, പെട്ടെന്ന് നമ്മൾ അസ്വസ്ഥരാകില്ലേ ? അതുകൊണ്ട് സന്ധ്യയ്ക്ക് ഒരുവിളക്ക് കത്തിച്ചു വയ്ക്കുന്നത് നല്ലതുതന്നെ. അതുപോലെ വ്യായാമമായി ഒന്നും ചെയ്യാതിരിക്കുന്നവർ നാമം ചൊല്ലുന്നത് നല്ലതാണ്. നല്ല ഒരു ശ്വസനവ്യായാമമാണ് നാമം ചൊല്ലലിലൂടെ നടക്കുന്നത്. നാമം ചൊല്ലുന്നതും ചൊല്ലേണ്ടതും നമുക്ക് വേണ്ടി മാത്രമാണ്. അതും ദൈവത്തിനുവേണ്ടിയല്ല. ഈ നാമത്തിനപ്പുറവും ദൈവത്തിന് നാമങ്ങളുണ്ടെന്ന് അറിയാമല്ലോ അല്ലേ ?

ആചാരത്തിന്റേയും അനുഷ്ഠാനത്തിന്റേയും പേരിൽ തർക്കിക്കേണ്ട. വിളക്കിലെ തിരി ഏതു ദിശയിലേയ്ക്ക് വച്ച് കത്തിച്ചാലും കുഴപ്പമില്ല. മെഴുകുതിരിയോ ഇലക്ട്രിക് ബൾബോ കത്തിച്ചാലും കുഴപ്പമില്ല. ഇരുട്ടുമാറി വെളിച്ചം വന്നാൽ മതി. കെട്ടിയാടുന്ന വേഷമെന്തായാലും സദുദ്ദേശത്തോടെ ആയാൽ മതി. മറ്റുള്ളവരെ പറ്റിക്കാൻ വേണ്ടിയാവരുത് എന്ന് ചുരുക്കം. ഭക്ഷണം എന്തു വേണമെങ്കിലും കഴിക്കാം, സ്വന്തം ശരീരത്തിനും മനസ്സിനും സംതൃപ്തി കിട്ടുന്നുണ്ടെങ്കിൽ, ദഹനക്കേടുണ്ടാകുന്നില്ലെങ്കിൽ, ശരീരത്തിന് ഒരുവിധത്തിലും ദോഷമാവില്ലെങ്കിൽ ഭക്ഷണമേതുമാകാം. പാനീയമായി എന്തും കുടിക്കാം. ബോധം നശിപ്പിക്കില്ലെങ്കിൽ, മറ്റുള്ളവർക്ക് ശല്യമാവില്ലെങ്കിൽ കഴിച്ചോളൂ, കുടിച്ചോളൂ.

നമ്മുടെ ചിട്ടകൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കാതെ, എല്ലാം നിരീക്ഷിക്കുക. എല്ലാത്തിന്റെ പൊരുളും മനസ്സിലാകും. പൂർവ്വികർ ചെയ്ത പല കാര്യങ്ങൾക്കും പ്രത്യേകതകളുണ്ട്. അതിന്റെ പുറകിലൊരു കാര്യവുമുണ്ട്. അത് മനസ്സിലാക്കി ഈ കാലഘട്ടത്തിലേക്ക് ആവശ്യമുള്ളത് മാത്രം ചെയ്യുക. അതൊന്നും ദൈവത്തിന്റെ പേരിൽ, ദൈവത്തിനുവേണ്ടിയാവരുത്. എല്ലാം മാനവനന്മയ്ക്കും ഈ പ്രകൃതിയുടെ നിലനിൽപ്പിനും ഗുണകരമാവുമെങ്കിൽ ചെയ്യുക. ആവശ്യമില്ലാതെ, അർത്ഥമറിയാതെ, ചടങ്ങുകൾ ചെയ്യുമ്പോൾ, നാമം ചൊല്ലുമ്പോൾ, വേദപാരായണം നടത്തുമ്പോൾ എല്ലാം ചിന്തിക്കുക, മണ്ണു കൊണ്ട് അപ്പമുണ്ടാക്കി കളിക്കുന്ന കുട്ടിയെ പോലെ അറിഞ്ഞിട്ടും അറിയാതെ, അതുമല്ലെങ്കിൽ അറിയാഞ്ഞിട്ടും അറിഞ്ഞതുപോലെ, എന്തെല്ലാമോ ചെയ്യുകയല്ലേ എന്ന്.

ഗുരുവിനെ ഞാനെങ്ങിനെ വധിക്കും എന്ന ചോദ്യത്തിന് ഭഗവാൻ പറയുന്നു, ഗുരുവാണെങ്കിലും ശത്രുപക്ഷത്താണ്. വധിക്കുന്നതാണ് ക്ഷത്രിയ ധർമ്മം. ഈ വരിയെ വായിച്ചെടുക്കുന്നവന്റെ ആഗ്രഹത്തിനൊത്ത് വ്യാഖ്യാനിക്കാം. വേണമെങ്കിൽ നന്നാക്കിയും പറയാം, തീരെ മോശമാക്കിയും പറയാം. അതുപോലെ നിരവധി വരികൾ എല്ലാ മതഗ്രന്ഥത്തിലുമുണ്ട്. ഇതിനെ ദുർവ്യാഖ്യാനിച്ച് ധർമ്മയുദ്ധമെന്നുപേരിൽ യുദ്ധം ചെയ്ത് കലഹങ്ങൾ സൃഷ്ടിക്കുന്നതിനുപകരം നല്ല രീതിയിൽ മനസ്സിലാക്കിയും പ്രചരിപ്പിച്ചും ഏവർക്കും ഗുണപ്രദമാക്കണം. എല്ലാം നല്ലതിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്. ഗീതയും ബൈബിളും ഖുർആനും തുടങ്ങി എല്ലാ ഗ്രന്ഥങ്ങളും നിരവധി തവണ വായിക്കുക. എല്ലാത്തിന്റെ ലക്ഷ്യവും ആശയവും ഒന്നുതന്നെയെന്നു മനസ്സിലാക്കാനാവും. എന്തായാലും രാഷ്ട്രീയവും മതപരവുമായ എല്ലാതര വിവാദങ്ങളും അനിവാര്യം തന്നെ. ഏവരിലുമുള്ള വിവരക്കേടുകൾ വിവരമായി പരിണമിക്കുന്നതുവരെ എല്ലാമിങ്ങനെ തുടരുകതന്നെ ചെയ്യും.

●

വാണക്രൈ കാലം

പ്രിയപ്പെട്ടവരെ ഇത് വാണക്രൈ കാലമാണല്ലോ ! ലോകത്തിന്റെ ഏതോ ഒരു കോണിൽ നിന്ന് ഇമെയിൽ വഴി പ്രധാനപ്പെട്ട ഡാറ്റാബേസുകൾ പൂട്ടി, അതുതുറക്കാൻ താക്കോലിന് കാശുവാങ്ങുന്ന സാങ്കേതികവിദ്യയുടെ ദുരുപയോഗം. മറ്റുള്ളവന്റെ വീട്ടിൽ ബോംബുവെച്ച് അത് നിർവീര്യമാക്കാൻ പണം ആവശ്യപ്പെടുന്നതുപോലെ മുരളി കുറച്ച് മാസങ്ങൾക്കുമുമ്പ് എഴുതിയിരുന്നല്ലോ വയറസ് കയറ്റിവിട്ടു പ്രതിവിധിയായി ആന്റി വയറസ് ഉണ്ടാക്കിവിൽക്കുന്ന മഹാന്മാരെപ്പറ്റി! ഇതും അതിന്റെ ഒരു ഭീകരമായ രൂപമല്ലേ ! ഇത് സാങ്കേതിക വിദ്യയുടെ കുഴപ്പമാണോ ? അതോ ഉപയോഗിക്കുന്നവരുടേതോ ? തീർച്ചയായും കൈകാര്യം ചെയ്യുന്ന മനുഷ്യരുടെ കുഴപ്പമാണ്. അതായത് ഏത് പ്രവർത്തിയായാലും അതിൽ ധാർമ്മികത വേണം. ധാർമ്മികത ഇല്ലാത്തതുകൊണ്ടാണ് മനുഷ്യനെ കൊല്ലാൻ ആറ്റം ബോംബ് ഉപയോഗിച്ചത്. ആ ധാർമ്മികത ഇല്ലായ്മയാണ് തിരുവനന്തപുരത്തെ സ്വാമിയ്ക്ക് സംഭവിച്ചത്, അതാണ് നെഹ്റു കോളേജിൽ സംഭവിച്ചത്, അതാണ് എല്ലാ അക്രമങ്ങൾക്കും കാരണം. പണം അദ്ധ്വാനിച്ചുവേണം ഉണ്ടാക്കാൻ പക്ഷെ എല്ലാവർക്കും കുറുക്കുവഴികളിലായാലും വേണ്ടില്ല ധാരാളം പണമുണ്ടാക്കണം. അധികം പണം ആവശ്യമില്ല. അധികം പണം ആപത്താണെന്ന് പാക്കനാർ പണ്ട് പറഞ്ഞിട്ടില്ലേ? അധികം പണം മനുഷ്യനെ മടിയനാക്കും. അത് മനുഷ്യനെ വിവേകശൂന്യനാക്കും, അത് മനുഷ്യനെ അഹങ്കാരിയാക്കും, അത് മനുഷ്യനെ നശിപ്പിക്കും, മറ്റുള്ളവരേയും നശിപ്പിക്കും. കാട്ടിലെ വൻ മരങ്ങൾ കണ്ടിട്ടില്ലേ, അതിന്റെ വേരുകൾ എവിടെയെല്ലാം സഞ്ചരിച്ചാണ് വെള്ളവും വളവും കണ്ടെത്തി വളരുന്നത്. അതുകൊണ്ടുതന്നെ അവർക്ക് വേരുകൾ കൂടും. ശക്തമായ വേരുകളിൽ ആ മരങ്ങളെത്രയോ കാലം നിലനിൽക്കുന്നു. നാട്ടിലെ സ്ഥിതിയോ ? വിത്ത് കുഴിച്ചിട്ട ദിവസം മുതൽ വെള്ളവും വളവും കൊടുക്കാൻ തുടങ്ങും. അതിന്റെ ഫലമോ ? മടി പിടിച്ച വേരുകൾ എവിടേയും പോകാതെ മരം തഴച്ചുവളർന്ന് കൊമ്പും ശിഖിരങ്ങളും ഉണ്ടാവുന്നു. ഇലകൾ കൂടുന്നു. ഭാരം കൂടുന്നു. ഒരു ചെറിയ കാറ്റുവന്നാൽ പൊട്ടിവീഴുന്നു. ഈ പ്രകൃതി സത്യം മനസ്സിലാക്കിയാൽ തലമുറകൾ മടിയൻമാരാകില്ല. മനുഷ്യനും സമൂഹവും കുഴപ്പമില്ലാതാവും. എന്ത് വാണാക്രൈ കാണിച്ചും പണമുണ്ടാക്കാമെന്ന ആലോചനയേ വരില്ല. കഠിനാദ്ധ്വാനത്തിന് കുറുക്കുവഴികളില്ല. കഠിനാദ്ധ്വാനത്തിൽ ധാർമ്മികതയുണ്ട്. എന്നാൽ കുറുക്കുവഴികളിൽ ധാർമ്മികത ഇല്ല. കുറുക്കുവഴികളിലെ പണം ആ വ്യക്തിയേയും കൊണ്ടേപോകൂ.

●

എം. എം. മേനോൻ
0491 6451469

ഏക തത്ത്വയ്ക്കായി രചിക്കുന്നവരോട്

താഴ്മയോടുള്ള അഭ്യർത്ഥന

പൊതുവേ,
നമ്മുടെ, ഇന്ത്യയുടെ,
ലോകത്തിന്റെയും തന്നെ
സ്ഥിതി,
അതി ചിന്താജനകം
ആയി വരുന്നു എന്നതിനു
സംശയം ഇല്ല.
ഒരുഭാഗത്ത്
നിയന്ത്രണമില്ലാതെ
അധികരിച്ചുവരുന്ന
ഭൗതിക ആർത്തിയും,
ആത്മീയ മേഖലയിൽ
അശേഷം ഉപേക്ഷയും,
മറ്റേ ഭാഗത്തു
സ്ഥിതിയുടെ
ഗൗരവത്തെക്കുറിച്ച്
ആലോചിക്കുവാനോ
പരിഹാരം തേടുവാനോ
തീരെ മനസ്സില്ലായ്മയും,
എടുത്തുകാട്ടുന്നത് ദുഷ്
കർമ്മത്തിനെക്കാട്ടിലും
ദയനീയവും
ഘൃണായോഗ്യവുമായ
''അകർമ്മ'' നിലയാണ്.
ഇന്നത്തെ ആവശ്യം
കൂടുതൽ
ജാഗരൂകതയാണ്,
സ്വന്തം ശ്രമമാണ്.

കഴിഞ്ഞ ചില ലക്കങ്ങളായി വരുന്ന ചില രചനകൾ നിരാശ, പരിഭവം/പരാതി എന്നിവ നിറഞ്ഞ നകാരാത്മക ചിന്തകൾക്ക് ഇടം കൊടുത്തുവരുന്നതിനാൽ മനസ്സിൽ മൗഢ്യം ഉളവാക്കാൻ സാധ്യതയുള്ളവയാണ്. പൊതുവേ, നമ്മുടെ, ഇന്ത്യയുടെ, ലോകത്തിന്റെയും തന്നെ സ്ഥിതി, അതി ചിന്താജനകം ആയി വരുന്നു എന്നതിനു സംശയം ഇല്ല. ഒരുഭാഗത്ത് നിയന്ത്രണമില്ലാതെ അധികരിച്ചുവരുന്ന ഭൗതിക ആർത്തിയും, ആത്മീയ മേഖലയിൽ അശേഷം ഉപേക്ഷയും, മറ്റേ ഭാഗത്തു സ്ഥിതിയുടെ ഗൗരവത്തെക്കുറിച്ച് ആലോചിക്കുവാനോ പരിഹാരം തേടുവാനോ തീരെ മനസ്സില്ലായ്മയും, എടുത്തുകാട്ടുന്നത് ദുഷ്കർമ്മത്തിനെക്കാട്ടിലും ദയനീയവും ഘൃണായോഗ്യവുമായ "അകർമ്മ" നിലയാണ്. ഇന്നത്തെ ആവശ്യം കൂടുതൽ ജാഗരൂകതയാണ്, സ്വന്തം ശ്രമമാണ്. വിഷണ്ണനായ അർജ്ജുനന് കൊടുത്ത മുന്നറിയിപ്പു, Gita അധ്യായം VI ശ്ലോകം 5, "ഉദ്ധരേതാത്മനാത്മാനം...", (സാരാംശം - നമ്മളേവരുടേയും ഏക മിത്രം ആത്മാവാണ്, ഏക ശത്രുവും ! നിയന്ത്രിത ആത്മാവിനാൽ നമ്മളേവരേയും ഉണർത്തി ഉയർത്തുന്നത് ഒഴിച്ചുകൂടാത്ത കടമയാണ്), നമ്മളേവർക്കും അനിവാര്യ പ്രചോദനമാണ്.

"ഉറങ്ങുന്നവർക്കായി ഞാൻ ഉണർന്നിരിക്കാം..." എന്നുള്ള ബോധം ഉല്ലേഖനീയമാണ്. പക്ഷെ ഇന്നത്തെ ആവശ്യം 'ചിലർ' മാത്രം ഉണർന്നാൽ പോര. കുംഭകർണ്ണന്മാരെ തട്ടി ('ചവുട്ടി' എന്ന് എഴുതാൻ തോന്നി !!) ഉണർത്തി, സ്ത്രീ പുരുഷ ഭേദമില്ലാതെ, മത്സരബുദ്ധിയില്ലാതെ, ആത്മീയ ദിശയിൽ ത്യാഗം, നിസ്വാർത്ഥത, സഹകരണത്തെയും മറ്റും ഉടൻ നടപ്പിലാക്കിയില്ലെങ്കിൽ 'വിവേക ജീവി' എന്ന് സ്വയം വരിച്ച പട്ടത്തിനുപകരം 'മൂഢ ജീവി' എന്നു പേർ മാറ്റണം ! മുരളിയുടെ മുഖചിത്ര അടിക്കുറുപ്പ് ഓർമ്മവരുത്തുന്നതു ടാഗോറിന്റെ വരികൾ 'ജോദി തോർ ഡക് ശുനി കെഉ നായാശെ തൊബെ ഏക്‌ലാ ചൊലോ രെ' (നമ്മുടെ കാലടിയൊച്ച കേട്ടിട്ടും ആരും കൂട്ടിന് വന്നില്ലെങ്കിൽ തന്നെ, ഒറ്റക്ക് നടന്നുമുന്നേറുക !) (വിവേചന ശക്തി, വിവേകം ഉള്ളവൻ, 'വിവേകി' ആണ് !)

ശ്രീ. ടി. വി. നാരായണൻ കുട്ടി എഴുതിയ 'സാമൂഹ്യ മൂല്യച്യുതി' യെ (പു 7. ല 6. പേജ് 7) പരിശോധിക്കണമെങ്കിൽ, പരിഹരിക്കണമെങ്കിൽ, ആദ്യം ച്യുതിയുണ്ടെന്ന് നാം സമ്മതിക്കണം. ഗുണകരമായ കൃതികൾ വായിക്കാനും, ചിന്തിക്കാനും, അന്യോന്യം വിചാര കൈമാറ്റത്തിനും, തുറന്ന ചർച്ചയ്ക്കും നാം ഒരുങ്ങണം. ഏകാഗ്രതയില്ലാതെ, ശ്രദ്ധയെ കേന്ദ്രീകരിക്കാതെ, പുസ്തകം 5 ലക്കം 2 പേജ് 10 ലെ 'കയറു കെട്ടി മേച്ചിൽ' ഇല്ലാതെ, ശ്രദ്ധയെ ചിന്നിച്ചിതറി ബഹളം ഉണ്ടാക്കുകയല്ലാതെ, സമയവും ശക്തിയും നശിക്കുകയല്ലാതെ, ഒന്നും തന്നെ സാധ്യമല്ല.

മനുസ്മൃതി ഒരുത്തമ കൃതിയാണെന്ന് കേട്ടതല്ലാതെ ഞാൻ അത് വായിച്ചിട്ടില്ല. പക്ഷെ അതിലെ ഒരു പദ്യശകലത്തെ (stanza) മുഴുവൻ എടുത്തുകാട്ടാതെ ഒരു ചെറുഭാഗത്തെ മാത്രം എടുത്തു വക്രീകരിക്കുന്നതിനാൽ കലഹവും അശാന്തിയും വർദ്ധിക്കുമെന്നല്ലാതെ എന്തു ഗുണം ? (പു 7 ല 2 'മുത്തലാഖ്')

'സ്വാതന്ത്ര്യ'ത്തെ പോലെ വികൃതപരിഭാഷ നൽകപ്പെട്ട വേറെ ഒരു വാക്കും ഒരു പക്ഷെ ഇല്ല (ഇതേ പോലെ, 'സമത്വ'ത്തെ ഒഴിച്ച് !!) ! ഇഷ്ടാനിഷ്ടങ്ങളെ അടക്കി മനസ്സിന്മേൽ നിയന്ത്രണം നേടാത്ത ഏതു വ്യക്തിയാണ് സ്വതന്ത്രൻ ? അധിനിവേശത്താൽ (colonisation) ചതച്ചരക്കപ്പെട്ട്, മോചന സമരത്തിനായി എല്ലാരേയും ഒന്നിച്ചുചേർത്തി പ്രവർത്തിക്കാൻ ആയി ഉദ്ധരിക്കപ്പെട്ട ആശയങ്ങളല്ലെ സ്വരാജ്യം, സ്വാതന്ത്ര്യം, സ്ത്രീ സമത്വം എന്നെല്ലാം ?

പെൺകുട്ടികളുടേയും സ്ത്രീകളുടേയും (പുരുഷന്മാരുടേയും തന്നെ!) മുന്നേറ്റത്തിനു സഹായമായി, സാക്ഷരത, വിദ്യാഭ്യാസം എന്നതിനു സ്വാമി വിവേകാനന്ദൻ സിസ്റ്റർ നിവേദിത, രാജാറാം മോഹൻ റോയ്, ഗാന്ധിജി മുതലായവർ അശ്രാന്ത പരിശ്രമം ചെയ്തു. പക്ഷെ ഇത് ഇന്നത്തെപ്പോലെ വക്രീകൃത കാഴ്ചപ്പാടായി മാറി 'ഞാനോ, നീയോ' എന്നു പറഞ്ഞു കേവലം കുബേരാരാധനയായി അവസാനിക്കുമെന്ന് ആരും കരുതിയിട്ടുണ്ടാവില്ല ! സ്വാതന്ത്ര്യം എന്നത് വെറും ആർത്ഥിക സ്വാതന്ത്ര്യം അല്ല. ഇന്ന് ചിലവ് വർദ്ധിക്കുന്നതിനാൽ സ്ത്രീകൾ വീടു വിട്ടു പുറത്തു ജോലി എടുക്കാൻ നിർബന്ധിതരായിരിക്കുന്നു എന്നത് അത്ര ശരിയല്ല ! Parkinson ന്റെ രണ്ടാം പ്രമാണം അനുസരിച്ച് ഇന്നുണ്ടാവുന്നത് വരവിന്നനുസരിച്ച് ചിലവ് വർദ്ധിക്കുന്നു' എന്നതാണ് വാസ്തവം. ഇതിനാൽ ഉപേക്ഷയനുഭവിക്കുന്നത് സമുദായത്തിന്റെ അതിപ്രധാന നട്ടെല്ലായ മധ്യവർഗ്ഗത്തിലെ ശിശുക്കളും യുവാക്കളുമല്ലെ ? ചുമതലാബോധമില്ലാതെ, കർത്തവ്യത്തിന്റെ അവഗണനയാൽ ഉണ്ടാവുന്നത് പരിഹാരാതീതമായ നാശമല്ലെ ? നടക്കുന്നതെന്താണ് ? ഒരു ചൊല്ലുണ്ട് "When wealth is lost, nothing is lost; when health is lost, something is lost; when character is lost, everything is lost." (ധനനഷ്ടം കാര്യമായ നഷ്ടമല്ല; ആരോഗ്യ നഷ്ടം നഗണ്യ നഷ്ടമല്ല; എന്നാൽ ചാരത്യ/സത്ഗുണ നഷ്ടം ആസകല നഷ്ടമാണ്).

മേൽ കൊടുത്തതു സ്ത്രീകളെ മാത്രം കുറ്റപ്പെടുത്തുകയല്ല. 'സാമൂഹ്യ മൂല്യച്യുതി'യുടെ അതിഹാനികര പ്രഭാവത്തെ ചേർന്നു എതിർത്തു, ഹനിക്കാൻ ഒരു പ്രാർത്ഥന മാത്രമാണ്, ചേർന്ന് പൊരുതാൻ അപേക്ഷയാണ്. എന്നാൽ ഇന്ന് നാം പ്രാധാന്യമർഹിക്കാത്ത തുച്ഛ വിഷയങ്ങളിൽ മുഴുകി, ജീവജാലത്തെ അശേഷം നശിപ്പിക്കാൻ സാധ്യതയുള്ള വഴിയല്ലെ സ്വീകരിച്ചിരിക്കുന്നത് ? ഉണരുക ! ചിന്തിക്കുക !! പൊരുതുക !!!

മേൽ കൊടുത്തതിനെ പശ്ചാത്തലം ആക്കി, പ്രകാശിതമായ ചില ലേഖനങ്ങളെ പരിശോധിക്കുന്നത് സഹായകരം ആയിരിക്കും.

'തന്റേടവും തന്റെ ഇടവും' ഐശ്വര്യ എസ്. മേനോൻ, ഏക തത്ത്വ പുസ്തകം 7 ലക്കം 5 ഏപ്രിൽ

പെൺമക്കൾ... അടുക്കളക്കാരികൾ... തത്തമ്മകൾ' എന്നെഴുതുമ്പോൾ ഇന്നത്തെ 'മോഡുലർ കിച്ചൻ', ഗ്യാസ്, ഇൻഡക്ഷൻ കുക്കർ, കുക്കിംഗ് റേഞ്ജ്, മിക്സി, ഗ്രൈൻഡർ, ഫാൻ, exhaust fan, പൈപ്പിലൂടെ ഹോട്ട് ആൻഡ് കോൾഡ് വെള്ളം - ഇത്തരം സൗകര്യങ്ങൾ അനുഭവിച്ചു, പണ്ടുകാലത്തെ ഓല, നനഞ്ഞ വിറക്, ഓടക്കുഴൽ ഊതി നീറുന്ന കണ്ണുകളോടെ, ആട്ടുകല്ല്, അമ്മി, തിരിക്കല്ല്, സ്വന്തം കിണറ്റിൽ നിന്നു കോരിയ വെള്ളം എന്നുള്ള അടുക്കളകളിൽ, സ്വന്തം കിണറ്റിൽ നിന്നു കോരിയ വെള്ളം എന്നുള്ള അടുക്കളകളിൽ, സ്വധർമ്മമെന്നു അറിഞ്ഞു മനസ്സിലാക്കി, ഒരുവിധ പരാതിയൂം കൂടാതെ, ക്ഷമയോടെ അദ്ധ്വാനിച്ചിരുന്ന അമ്മ/പെങ്ങമ്മാരെ മറന്നു വിലപിക്കുകയല്ലെ ? TRP (ടെലിവിഷൻ താരതമ്യപ്പെടുത്തൽ അളവുകോൽ !) ക്കായി മസാല ചേർത്തു ഉത്തേജകമാക്കിയ കാഴ്ചകളും അതിശയോക്തി നിറഞ്ഞ 'കവിതകളും' വാസ്തവികതയെയാണോ ദർശിപ്പിക്കുന്നത് ? വാസ്ത ജീവിതത്തിൽ സുഖം മാത്രം നിറഞ്ഞ കുറുക്കുവഴികൾ ഉണ്ടോ ?

പരമ്പരാഗതമായ ചില നിബന്ധനകൾ, നിഷ്കർഷങ്ങൾ, വിലക്കുകൾ എന്നിവ സാധാരണയായി പ്രഗതി/അഭിവൃദ്ധി സൂചകമാണ്. എന്നാൽ ഇവയിലും വക്രീകരണങ്ങൾ ഇല്ലാതെയല്ല. ഹാനികരമായ വികൃതികൾ അല്ലെങ്കിൽ കാലത്തിനും പരിസരത്തിനും ചേരാത്ത ചില ആചരണങ്ങൾ എന്നിവയെ തീർച്ചയായും പരിഷ്കരിക്കണം / മാറ്റണം. അതിനായി ക്ഷമയോടെ ചിന്തിച്ചു പരിശോധിക്കാതെ Bull in the china shop (പൊട്ടാൻ എളുപ്പമുള്ള 'വെള്ളകളിമൺ' വസ്തുക്കളുള്ള മൂറിയിൽ കേറിയ വെറിപിടിച്ച കൂറ്റൻകാള!) എന്നതുപോലെയുള്ള ചാട്ടം തികച്ചും അർത്ഥമറ്റതല്ലെ ? എന്തായാലും പ്രാധാന്യമർഹിക്കാത്തതും ദുർല്ലഭമായുണ്ടായതും സംഭവങ്ങളെ കുത്തിപ്പുഴക്കി 'Throwing the baby with the bathwater', കുട്ടിയെ കുളിപ്പിച്ച മലിന ജലത്തിനോടൊപ്പം തന്നെ കുട്ടിയേയും, പുറത്തേക്കു കൊട്ടിക്കളയാ

> "നമ്മളേവരുടേയും ഏക മിത്രം ആത്മാവാണ്, ഏക ശത്രുവും ! നിയന്ത്രിത ആത്മാവിനാൽ നമ്മളേവരേയും ഉണർത്തി ഉയർത്തുന്നത് ഒഴിച്ചുകൂടാത്ത കടമയാണ്"

മോ ? ചിന്തിക്കുക ! സകാരാത്മകമായ് പ്രവർത്തിക്കുക ! പരമ്പരാഗതമായി വികസിപ്പിച്ചെടുത്തതിനെ അലക്ഷ്യമായി തള്ളിക്കളയുവാൻ എളുപ്പമാണ്. എന്നാൽ അതിനൂമൂന്ന്, സ്വീകാര്യമായ, പുരോഗതിയോടുകൂടിയുള്ള മാറ്റത്തെ ക്രമീകരിച്ചു സ്ഥാപിച്ചില്ലെങ്കിൽ കുഴപ്പമല്ലെയുണ്ടാവുക ? ചിന്തിക്കുക !

ലേഖനത്തിൽ എടുത്തു കാട്ടിയ പല ക്രമക്കേടുകളേയും കുറിച്ചു ക്ഷമയോടെ ചിന്തിച്ചു (ദോഷാരോപണങ്ങളെ ഒഴിവാക്കി !) പരിഷ്കരിക്കേണ്ടത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത കടമയാണെന്ന് സംശയമില്ല. ഒത്തുശ്രമിയ്ക്കാം...

ഏറ്റവും ചിന്താജനകമായ ഇന്നത്തെ പുതു സമ്പ്രദായം outsourcing ശിശുക്കളുടെയും കുട്ടികളുടേയും ദേഹിക/മാനസിക വളർച്ചയുടെ നിയന്ത്രണം, Ayah/Nanny, Creche LKG/UKG ക്കായി ഏല്പിച്ചിരിക്കുന്നത് തടയാതെ, വീട്ടിൽ അച്ഛനമ്മമാരുടെ സ്നേഹവാത്സല്യം ഇല്ലാതെ - ചെയ്തുവരുന്ന ഹാനിയെക്കുറിച്ച് ആരെങ്കിലും ചിന്തിക്കുന്നുണ്ടോ ?

കുബേര/മന്മഥ ആരാധന മൂത്ത് ഇന്ന്, സമുദായത്തിന്റെ നട്ടെല്ലെന്നു കരുതാവുന്ന മധ്യവർഗ്ഗം ചെയ്യുന്നതെന്താണ് ? മക്കളെ computer പഠിപ്പിച്ചു എങ്ങിനെയെങ്കിലും H1B വിസക്ക് ഏർപ്പാടാക്കി, കോണകവാലും പിടിച്ചുതൂങ്ങി, സ്വന്തം, പുറത്തേക്കു ചാടാനല്ലെ ശ്രമം ? അഥവാ വാലിനെ കുതറി വിടുവിച്ച് മക്കൾ സ്വന്തം സാമ്പത്തിക അഭിവൃദ്ധിക്കായി, ഉപേക്ഷ കാണിച്ചാൽ തുടങ്ങും പരാതി/ആവലാതി, "നന്ദിയില്ലാത്ത ജന്തുക്കൾ... അവന്റെ അച്ഛന്റെ (അല്ലെങ്കിൽ അമ്മയൂടെ !) അധമ സ്വഭാവം...!!" മഹാന്മാരെ താരതമ്യപ്പെടുത്തൽ മഹാൻ 'A' ന്റെ പിഴവിനെ തിരുത്തിയ മഹാൻ 'B' ! കല എസ്. നായർ (ഏക തത്ത്വ പുസ്തകം 7 ലക്കം 6 മെയ് 2017).

വ്യത്യസ്ത കാലത്ത് /പരിസ്ഥിതിയിൽ ഉണ്ടായ ശ്രേഷ്ഠന്മാരെ താരതമ്യപ്പെടുത്തി ഗുണദോഷിക്കാൻ ഉള്ള അറിവും കഴിവും നമുക്കുണ്ടോ ? ഏത് അറിവിന്റെ ആധാരത്തിലാണ് നാം ഇത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നത് ? സമകാലീനന്മാരെത്തന്നെ വിലയിരുത്തി പരിശോധിക്കാൻ ബുദ്ധിമുട്ടുള്ളപ്പോൾ, കേവലം കേട്ടുകേൾവി, അല്ലെങ്കിൽ ഒരന്യന്റെ ഇതേ പോലെയുള്ള 'വിലയിരുത്തൽ' സ്വീകരിച്ചു, വ്യതിചലിക്കപ്പെടാമോ ? അഥവാ ഉറച്ച ആധാരമുണ്ടെങ്കിലും തന്നെ, 'നിന്റെ മഹാന്റെ പിഴവുകളെ തിരുത്തിയ എന്റെ മഹാൻ അല്ലെ ശ്രേഷ്ഠൻ ? അതിനാൽ ഒരുപക്ഷെ ഞാൻ നിന്നിലും ഉയർന്നവനല്ലെ ?' ഇത്തരം തീരെ അർത്ഥമറ്റ, ഹാനികര കാഴ്ചപ്പാടല്ലെ ഇന്ന് മതത്തിന്റെ പേരിലും കലഹങ്ങൾ സൃഷ്ടിക്കുന്നത് ? ഈ വിഷയത്തിൽ പരേതനായ വിദ്വാൻ, തത്ത്വശാസ്ത്രജ്ഞൻ, ചിന്തകൻ, മുൻ രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണൻ, ബുദ്ധന്റെ 'ധമ്മപദ' എന്ന കൃതിയുടെ മുഖവുരയിൽ വ്യാഖ്യാനിച്ചെഴുതിയതിന്റെ സാരാംശം ഇവിടെ. 'തത്ത്വചിന്തകരുടേയും മഹാന്മാരുടേയും വചനങ്ങൾ, അതാതു കാലത്ത് പരിസ്ഥിതിയനുസരിച്ച് അന്നത്തെ ജനങ്ങളുടെ വാസ്തവനന്മക്കായി നൽകിയതാണ്. ഇവ ഒരു തര മാറ്റങ്ങളും ഇല്ലാതെ, സദാ, അക്ഷരംപ്രതി പ്രായോഗികം എന്നു നിശ്ചയിക്കുന്നത് ഒരുപക്ഷെ തെറ്റാണ്.'

<u>മൂല സിദ്ധാന്ത</u>ങ്ങളിൽ ഒരു വിധ <u>മാറ്റങ്ങളും ഉണ്ടാവുകയില്ല</u> എന്നത് തീർച്ചയാണ്. ഇതേ പോലെ 'രണ്ടു മഹാത്മാക്കൾ...' സജിനി വിജയൻ (പുസ്തകം 7 ലക്കം 1) എഴുതിയതും, യുക്തിവാദി/നിരീശ്വരവാദി സത്യൻ മുട്ടിക്കുളങ്ങരയുടെ ചില ലേഖനങ്ങളും, ഉദ്ദേശിച്ച ഗുണത്തിനുപകരം ദോഷം ചെയ്യാൻ സാധ്യതയുള്ളവയായതിനാൽ ഉചിത മാറ്റങ്ങൾ അർഹിക്കുന്നവയാണ് ! ചിന്തിക്കുക ! പിഴവ് എന്ന് അടിച്ചമർത്തി കൊട്ടിഘോഷിക്കുന്നതിനുമുമ്പ്, പറഞ്ഞ വാക്യങ്ങളേയും സന്ദർഭത്തേയും ക്ഷമയോടെ മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഏവർക്കും ഗുണകരമാണ്.

സ്വാതന്ത്ര്യം

എന്റെ അടുത്ത ബന്ധു 'മുരളി' - അതെ, നമ്മുടെ പത്രാധിപരുടെ പേർ തന്നെ - അയച്ചുതന്നതിനെ ഇവിടെ കൊടുക്കുന്നു. Rousseau (റൂസ്സോ) എന്ന ചിന്തകൻ, തത്ത്വശാസ്ത്ര വിദഗ്ദ്ധൻ, തന്റെ The Social Contract ൽ (വർഷം 1762) എഴുതിയതാണ്. "Man is born free and everywhere he is in chains" മനുഷ്യൻ സ്വതന്ത്രൻ ആയി ജനിക്കുന്നു. എന്നാൽ എല്ലാ വിടേയും ചങ്ങലയാൽ ബന്ധിക്കപ്പെടുന്നു. ഫ്രാൻസിൽ ചോരപ്പുഴ ഒഴുക്കിയ ഫ്രെൻച്ച് വിപ്ലവകാലത്ത് (പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന കാലത്ത്) ജനങ്ങളെ ഉണർത്താൻ ശ്രമിച്ചവരിൽ റൂസ്സോ, വോൾട്ടേർ മുതലായവർ പ്രമുഖരായിരുന്നു. യന്ത്രങ്ങൾ, സാങ്കേതിക വിജ്ഞാന ശാസ്ത്രം എന്നിവയുടെ അന്ധമായ ആരാധനയും പ്രോത്സാഹനവും സീമിത ഭൂസ്വത്തുള്ള ഇവിടെ അസമാനത വർദ്ധിപ്പിക്കുന്നുവെന്നുമാത്രമല്ല വിനാശകരവുമാണ് എന്ന മുന്നറിയിപ്പിനെ നമ്മൾ അടിയോടെ തള്ളിക്കളഞ്ഞിരിക്കുകയല്ലെ ?

എഴുന്നേൽക്കുക ! ഉണരുക !! ഇത്തരം ചങ്ങല ഇന്ന് മുറുകിക്കൊണ്ട് വരുന്നതല്ലാതെ അയയുന്നുണ്ടോ ?

അസഭ്യവാക്കുകൾ

പ്രമോദ് മഞ്ചേരിയുടെ 'പുരുഷാർത്ഥം' പുസ്തകം 7 ലക്കം 6 പേജ് 26 വായിച്ചപ്പോൾ തോന്നിയ വിചാരമാണ്. അസഭ്യം എന്നു കരുതപ്പെടുന്ന പദങ്ങൾ കൂടാതെ കഴിയില്ലെങ്കിലോ, ലേഖനത്തിന്റെ 'മാറ്റ്' ഉയർത്തിക്കാട്ടാനോ ആണെങ്കിൽ <u>മാത്രം</u> ഉപയോഗിക്കുന്നത് ദോഷം ചെയ്യുകയില്ല. അതേപോലെ ശ്രീ. ടി. വി. നാരായണൻ കുട്ടിയുടെ 'സാമൂഹ്യ മൂല്യ ച്യുതി' പുസ്തകം 7 ലക്കം 6 പേജ് 8 ലെ ഇത്തരം പ്രയോഗം തീരെ ആവശ്യമുള്ളവയാണോ ? നിർബന്ധമാണെങ്കിൽ പ്രമോദിന് 'ബേൻ...ദ്' എന്ന അസഭ്യശകാരം എന്നുകൊടുത്താൽ മതിയായിരുന്നു ! ജീവിതയാത്രയിൽ എത്രയോ പഠിക്കാനുള്ളപ്പോൾ അസഭ്യവാക്കുകളിൽ അപരിചിതൻ ആയതിനാൽ നമ്മൾ അജ്ഞാനി ആവുകയില്ല ! ഒരു കാര്യം കൂടി... ഉപയോഗിച്ച വാക്കിൽ 'ഛ' ക്കു പകരം 'ച' ഉം 'ത്ത്' ക്കു പകരം 'ദ്' ആണ് കൂടുതൽ ശരി. (ഈ തിരുത്ത് എഴുതുമ്പോൾ ഓർമ്മ വന്നത് ഒരു നമ്പൂതിരിക്കഥയാണ്. ചില വികൃതിക്കുട്ടികൾ കമിഴ്ന്നു കിടക്കുന്ന ഒരു ആമയെ വടികളാൽ അടിയോ അടി കൊടുക്കുന്നത് കണ്ട നമ്പൂതിരി പറഞ്ഞതാണ്, 'ആമയെ കൊല്ലണമെങ്കിൽ മലർത്തിയിട്ടു കൊല്ലണം. ഞാനൊന്നും അറിഞ്ഞില്ലെന്റെ നാരായണ...! തീരെ ഒഴിവാക്കാവുന്ന ഇടത്തിൽ ഈ തിരുത്തൽ ആവശ്യമില്ലായിരുന്നുവോ ??)

ജോൺസൺ റോച്ചിന്റെ 'വെടിവെച്ചു വീഴ്ത്തി ആശയങ്ങളെ കീഴടക്കാനാവില്ല' പുസ്തകം 7 ലക്കം 5 ഏപ്രിൽ ഉം, അതുപോലെ ഭീകരവാദം, ഹിംസ വഴി സ്വാതന്ത്ര്യലാഭത്തിനു ശ്രമം എന്നതിനും പുറമെ, മുതലാളിത്തം എന്നതിനും എതിരെ എഴുതിയ ലേഖനങ്ങൾ ശ്രദ്ധേയം തീർച്ചയാണ്. സമുദായത്തിലെ ചിന്തകരുടേയും ബുദ്ധിജീവികളുടേയും ശ്രദ്ധക്കുറവ്, 'അചേതനമായ' (insensitive) ജീവിതശൈലിയാൽ താഴത്തെ ശ്രേണിയിലെ ദുർഭാഗ്യം/ശോഷണം അനുഭവിക്കുന്നവരെക്കുറിച്ച് അനുതാപം/സഹതാപമില്ലായ്മ, തീർച്ചയായും ഘൃണായോഗ്യമായ ഒരു സ്ഥിതിയാണെന്ന് ഒരു സംശയവും ഇല്ല. മൗലികമായ മാനവമൂല്യങ്ങളെ ബാല്യകാലം തൊട്ടു നട്ടുവളർത്തി പോഷിപ്പിക്കാതെ മനുഷ്യരാശിക്കു രക്ഷ എവിടെ ? പണ്ടത്തെപ്പോലെ (അവികസിത കാലത്ത് !!) ശിശുക്കൾ/കുട്ടികൾ/യുവാക്കൾ എന്നിവരുടെ പരിപാലനം/പോഷണം എന്നുള്ളതിൽ ശ്രദ്ധ ഇന്ന് അച്ഛനമ്മമാർക്ക് ഉണ്ടോ ? ആത്മീയ/ ആന്തരിക/ മാന

> "ഇന്നത്തെ ആവശ്യം 'ചിലർ' മാത്രം ഉണർന്നാൽ പോര.
> കുംഭകർണ്ണന്മാരെ
> തട്ടിയുണർത്തി, സ്ത്രീ
> പുരുഷ ഭേദമില്ലാതെ,
> മത്സരബുദ്ധിയില്ലാതെ,
> ആത്മീയ ദിശയിൽ
> ത്യാഗം, നിസ്വാർത്ഥത,
> സഹകരണത്തെയും മറ്റും
> ഉടൻ നടപ്പിലാക്കിയില്ലെങ്കിൽ
> 'വിവേക ജീവി' എന്ന്
> സ്വയം വരിച്ച
> പട്ടത്തിനുപകരം
> 'മൂഢ ജീവി' എന്നു
> പേർ മാറ്റേണ്ടിവരും !"

സിക വളർച്ചയുടെ അശേഷം അവഗണനയും മറിച്ച് ഭൗതിക നേട്ടങ്ങളായ 5 Ps, Profit, Power, Prestige, Possessions, Pleasures (ധനം, അധികാരം, പെരുമ/പ്രശസ്തി, സുവിധാ സാമഗ്രികൾ, സുഖഭോഗം) ഇവയിൽ ഏകാഗ്രതയോടെ ശ്രദ്ധ ചെലുത്തി, 'പ്രഗതി' എന്നു നാം കബളിക്കപ്പെടുകയല്ലെ ഇന്നു ഉണ്ടാവുന്നത് ? ഇത്തരം പ്രഗതിക്കായി നമ്മൾ നഷ്ടപ്പെടുന്ന അമൂല്യ വിഷയങ്ങളും മറ്റും ആധുനിക ബുദ്ധിശൂന്യതയെയല്ലെ ദർശിപ്പിക്കുന്നത് ? പരിഹാരാതീതമായ ഇത്തരം നഷ്ടത്തെക്കുറിച്ച് ജനങ്ങളെ ഉണർത്തിയെടുക്കേണ്ടത് നമ്മുടെ മാന്യത ലഭിച്ച ചിന്തകരുടേയും ബുദ്ധിജീവികളുടെയും ഒഴിച്ചുകൂടാത്ത ധർമ്മമല്ലെ? ഇന്നു നടക്കുന്നത് എന്താണ് ? AC മുറികളിൽ കതവടച്ചു, കൈയ്യിൽ ഒരു ഗ്ലാസുമായി, തുച്ഛകാര്യങ്ങളെക്കുറിച്ചു ലേഖനങ്ങളും കവിതയുമല്ലെ ഇക്കൂട്ടർ രചിച്ചു തള്ളുന്നത് ? കുബേര-മന്മഥന്റെ ബലിപീഠത്തിൽ നശിപ്പിക്കപ്പെടുന്നത് നമ്മുടെ ഭാവി പൗരന്മാരല്ലെ ? ചിന്തിക്കുക ! ഉണരുക ! ഉണർത്തുക !!! ചേർന്നു പൊരുതാം...

നീതിന്യായം നിലനിർത്തണമെങ്കിൽ ചില Excesses (കടും കൈ പ്രയോഗം ??) കൂടാതെ കഴിയുകയില്ല. ഹിംസയുടെ മാർഗ്ഗം സ്വീകരിച്ചുകഴിഞ്ഞാൽ അക്രമങ്ങൾ നടക്കും എന്നു സമ്മതിച്ചേ തീരൂ ! ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന അഹിംസക പോരാട്ടം നമ്മൾ തീരെ മറന്നിരിക്കുകയല്ലെ ? നൂറ്റാണ്ടുകൾ ആയിപതുക്കെ പതുക്കെ നമ്മളറിയാതെ വന്നു കയറിയ ക്രമക്കേടുകൾ ഒറ്റയടിക്ക് മാറ്റിക്കിട്ടാൻ സാധിക്കുമോ ? മേൽ പറഞ്ഞ 'ക്രമക്കേടുകൾ' വരുത്തിക്കൂട്ടിയത് നമ്മൾ തന്നെയല്ലെ ? ഇവയെ പരിഹരിക്കേണ്ടതിനുള്ള അധ്വാനം നമ്മൾ തന്നെയല്ലെ ചെയ്യേണ്ടത് ? വാസ്തവ ജീവിതത്തിൽ MagicWand (മാന്ത്രികന്റെ വടി) ഉണ്ടോ ? പൊതുജനക്ഷമത്തിനായി സ്ഥാപിച്ച നീതി-ന്യായ വ്യവസ്ഥ നിലനിർത്താൻ നമ്മൾ തന്നെ ഏർപ്പാട് ചെയ്തുള്ള പൊലീസു - കോടതി - പട്ടാളം എന്നിവയിൽ നമുക്ക് വിശ്വാസം വേണം. 'സംശയ കുക്ഷിക്ക്' സമാധാനം എവിടെ ?

ഇന്ത്യയുടെ സ്വാതന്ത്ര്യ സംഘർഷകാലത്തും ഹിംസ വഴിയായ ശ്രമത്തിനു സമർത്ഥനം ഇല്ലാതെ

> “ ഇഷ്ടാനിഷ്ടങ്ങളെ അടക്കി മനസ്സിന്മേൽ നിയന്ത്രണം നേടാത്ത ഏതു വ്യക്തിയാണ് സ്വതന്ത്രൻ ? അധിനിവേശത്താൽ (colonisation) ചൂഷണത്തിക്കപ്പെട്ട്, മോചന സമരത്തിനായി എല്ലാരേയും ഒന്നിച്ചുചേർത്തി പ്രവർത്തിക്കാൻ ആയി ഉദ്ധരിക്കപ്പെട്ട ആശയങ്ങളല്ലെ സ്വരാജ്യം, സ്വാതന്ത്ര്യം, സ്ത്രീ സമത്വം എന്നെല്ലാം ? ”

യല്ല. ഗാന്ധിജി സ്പഷ്ടമാക്കിയത് നാം മറക്കരുത്. നമ്മുടെ എതിർപ്പു ബ്രിട്ടീഷുകാരോടായിരുന്നില്ല, അവർ സ്വീകരിച്ച ന്യായരഹിതമായ വഴിക്കെതിരെയായിരുന്നു. സ്വരാജ്യപ്രാപ്തിയോടുകൂടെത്തന്നെ നമ്മുടെ നാട്ടിൽ പിടിച്ചുപറിയല്ലെ നടക്കുന്നത് ? വെള്ളക്കാർ പോയി തവിട്ടുനിറക്കാർ ഭരണം നടത്തിയെന്നല്ലാതെ കാര്യമായ മാറ്റം എവിടെ ? മൗലിക മാനവ മൂല്യങ്ങളുടെ ആധാരത്തിൽ മനസ്സിന്മേൽ നിയന്ത്രണമില്ലാതെ വാസ്തവ സ്വരാജ്യം എവിടെ ? ചിന്തിക്കുക. മറിച്ച് ആധുനിക ഭൗതികതയുടേയും ഉപഭോക്താ സംസ്കാരത്തിന്റെയും പ്രഭാവം ശക്തമായല്ലെ വരുന്നത് ? ഇന്നത്തെ കൂറപ്രാന്ത് തൽക്കാലം നിർത്തി, സ്വല്പം അകന്നു, നിസ്പക്ഷതയോടെ വാസ്തവ നന്മക്കായി ചിന്തിക്കുക ! നമ്മളേവരേയും ആവാഹിച്ചു, വഴി തെറ്റിച്ചുവരുന്ന മരു മരീചികയെക്കുറിച്ച് നമ്മെ ഉണർത്തി പ്രചോദനം നൽകേണ്ട, മാന്യത ലഭിച്ച ചിന്തകരേ ! അവഗണന പരിഹാരീരാതമായി വരുന്നത് നിങ്ങൾ കാണുന്നില്ലേ ? ഉണർന്നിരിക്കേണ്ടത് നിങ്ങളല്ലെ ? ചുമതലാബോധമില്ലാതെ, Microphone (മൈക്ക്)ലൂടെ തോരാത്ത ഭാഷണവും, തൂലിക വഴി പ്രാധാന്യമറ്റ ലേഖനവും കവിതയും വെടിഞ്ഞു, മാന്യത പ്രദാനം ചെയ്ത ബഹുസംഖ്യർക്കായി ഗുണകരശ്രമം ചെയ്യേണ്ടത് താങ്കളുടെ കടമയല്ലെ? ചിന്തിക്കുക !

ഉത്തിഷ്ഠത ! ജാഗ്രത !!

നശ്വര/ക്ഷണിക ഭൗതിക നേട്ടങ്ങളുടെ ആസ്വാദനത്താൽ അനിവാര്യ കർമ്മങ്ങളെ ത്യജിച്ചു, താങ്കൾ 'പഞ്ച തിന്നുന്ന വേലി' യായാൽ മനുഷ്യരാശിക്കും ജീവജാലത്തിനും തന്നെ രക്ഷയെവിടെ ?

ഇന്നു അത്യാവശ്യമുള്ളതാണ് ആത്മവിശ്വാസം. ദൂഷിതമായ മാനസിക വാതാവരണത്തെ മാറ്റി ഗുണകര നില സ്ഥാപിക്കേണ്ടത് അനിവാര്യമെന്നു മാത്രമല്ല നമ്മളാൽ സാധ്യവുമാണെന്ന ഉറപ്പാണ് വേണ്ടത്. നൈരാശ്യം അധോഗതിയെയല്ലെ ഉണ്ടാക്കുക ? ആത്മവിശ്വാസത്തെ ശക്തിപ്പെടുത്തേണ്ടത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത ധർമ്മമാണ്.

സ്ത്രീ സമത്വം, ശാക്തീകരണം, സ്വാതന്ത്ര്യം, പുരുഷമേധാവിത്വം മറ്റും !

ഇന്ന് ഒരുവിധ ചുമതലാബോധമോ സൂക്ഷ്മദൃഷ്ടിയോ ഇല്ലാതെ മതിപ്പുളവാക്കാൻ (To impress !) മാത്രം ഉപയോഗിക്കുന്ന ഇത്തരം വാക്കുകൾ ദോഷം ചെയ്യുന്നത് നാം അറിയുന്നില്ല ! അസമാനത എന്നതു പുരാണകാലം തൊട്ടു ഇല്ലാത്തതാണ്. അർദ്ധനാരീശ്വരൻ, ശിവൻ-ശക്തി, ദുർഗ്ഗ, കാളി എന്നീ നാമങ്ങൾ എല്ലാവർക്കും അറിയാം. കാട്ടുജീവിയായിരുന്ന കാലത്തു കുടിലിന്റെ പുറത്ത് വനത്തിൽ വേട്ടയാടി, മരത്തിൽ കയറി, കിഴങ്ങു പുഴക്കി ഭക്ഷണത്തിന്നാവശ്യ വസ്തുക്കളെ ശേഖരിക്കുന്നത് പുരുഷനായിരുന്നു. 'സുരക്ഷിതമായി' കുടിലുകളിൽ കുഞ്ഞുങ്ങളേയും വൃദ്ധന്മാരേയും പരിപാലിച്ചു ഭക്ഷണമുണ്ടാക്കിക്കഴിയുന്നത് സ്ത്രീകളായിരുന്നു. കുട്ടികളുടെ ദേഹിക/മാനസിക വളർച്ച എന്ന അതിപ്രധാന പ്രവൃത്തി ചുമതലാബോധത്തോടെ ചെയ്തുവന്നത് മഹിളമാരായിരുന്നു. ആവശ്യങ്ങൾ സീമിതമായിരുന്നതിനാൽ ശാന്തി-സമാധാനം ഉണ്ടായിരുന്ന കാലം... വിദ്യാഭ്യാസം മാനസിക വളർച്ചക്ക് ഗുണകരം എന്നു മനസ്സിലാക്കി അതിനു പ്രചോദനം ചില മഹാന്മാർ നൽകിവന്നു... സ്വാതന്ത്ര്യ സംഘർഷകാലത്ത് എല്ലാവരും ചേർന്ന് അധ്വാനിക്കാനായി, സമത്വം, ശാക്തീകരണം എന്നീ മുദ്രാവാക്കുകൾ ഉയർന്നു... എന്നാൽ ആധുനിക ഭൗതികത, ഉപഭോക്താ സംസ്കാരം, കണ്ടുപിടിത്തങ്ങൾ, ആവിഷ്കാരങ്ങൾ എന്നിവയുടെ കാരണം (അനാവശ്യ !) ആവശ്യങ്ങളും ആർത്തിയും പെരുകിയതോടെ, സ്പർദ്ധ,

മത്സരം, അസൂയ, സ്വാർത്ഥപരത അധികരിച്ചു വന്നു ! മനോവികാസത്തിനു പകരം വിദ്യാഭ്യാസം ആർത്തിയുടെ ഉറവിടം ആയി വരും എന്ന് ആരും തന്നെ പ്രതീക്ഷിച്ചിട്ടുണ്ടാവുകയില്ല. ആശയങ്ങൾ വക്രീകരിക്കപ്പെട്ടുവന്നു...

സ്ത്രീകൾക്ക് മുൻഗണന എന്നതിന്റെ ഉദാഹരണം - പ്രത്യേകിച്ചും പട്ടാളത്തിൽ ആണ്, അപരിചിതമായതോ, അപകടസാധ്യതയുള്ളതോ, പ്രകാശം കുറഞ്ഞതോ ആയ ഇടങ്ങളെ ഒഴിച്ചു എല്ലായിടത്തും സ്ത്രീകളാണ് മുന്നിൽ. കോണി കയറുമ്പോൾ സ്ത്രീകൾ ആദ്യം. താങ്ങേണ്ട ആവശ്യത്തിനായി പുരുഷൻ പിന്നിൽ. എന്നാൽ കോണി ഇറങ്ങുമ്പോൾ പുരുഷൻ ആദ്യം. ഇരിക്കുന്ന പുരുഷന്മാർ സ്ത്രീകൾ വന്നതും എഴുന്നേറ്റു നിൽക്കുന്നു. ഇരിക്കുന്ന സ്ത്രീകളാകട്ടെ രാഷ്ട്രപതിയൊഴിച്ചു ഏതു പുരുഷൻ വന്നാലും എഴുന്നേൽക്കേണ്ട ആവശ്യമില്ല...

നകാരാത്മിക വിചാരധാര കൈക്കൊണ്ടു, കേവലം ഉത്തേജനത്തിനായി ആശയങ്ങളെ വക്രീകരിച്ചു മസാല ചേർത്തുവിളമ്പുന്നത് ഇന്നത്തെ സഞ്ചാരമാധ്യമങ്ങളുടെ ശൈലിയാണ്. ഇവയാൽ വശീകരിക്കപ്പെടാതെ, വാസ്തവം മനസ്സിലാക്കി, പൊതുനന്മക്കായി നിരന്തരം പ്രവർത്തിക്കാൻ ഏവർക്കും കഴിയുമാറാകട്ടെ ! ●

മഹാനഗരത്തിൽ വൃക്ഷസംരക്ഷണത്തിന് വിട്ടുവീഴ്ചയില്ലാതെ

വിനോദ് കുമാർ ദാമോദർ
9446352141

മഹാനഗരത്തിലെ മെട്രോവിന് വേണ്ടിയായാലും മരം മുറിച്ചാൽ തടയുമെന്ന് പ്രതിജ്ഞയെടുത്തിരിക്കുകയാണ് മുംബൈയിലെ ചില പരിസ്ഥിതി പ്രവർത്തകരും വാസികളും മുംബൈക്കർ എന്നറിയപ്പെടുന്ന മുംബൈ താമസക്കാരും. മെയ് മാസത്തിലെ കൊടും ചൂടിൽ മഹാനഗരം ചുട്ടുപൊള്ളുമ്പോഴാണ് നഗരത്തിലെ തിരക്കിട്ട പ്രദേശമായ ചർച്ച് ഗേറ്റിൽ മെട്രോ റെയിൽ മൂന്നാം ഘട്ടത്തിന്റെ നിർമ്മാണത്തിന് വേണ്ടിയാണ് നഗരത്തിലെ ജനസാന്ദ്രതയും വാഹന എണ്ണവും വളരെ കൂടുതലുള്ള മേഖലയിലെ മരം മുറിയ്ക്ക് ശ്രമം നടന്നത്.

ഈ മേഖലയിലെ ഏത് വികസനവും മരം മുറി ഒഴിവാക്കി ചെയ്യണമെന്ന ഒരൊറ്റ വാശിയിലാണ് പരിസ്ഥിതി പ്രവർത്തകരും പ്രദേശവാസികളും.

വികസന പ്രവർത്തനമായാലും ആവശ്യമായ രേഖകൾ മരം മുറിയ്ക്കുവാൻ അധികൃതർ സമ്മതിച്ചതായി കൊണ്ടുള്ളത് കാണിക്കുവാൻ മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാകണമെന്നാണ് പരിസ്ഥിതി പ്രവർത്തകർ പറയുന്നത്.

മുംബൈയിൽ മരങ്ങൾ മുറിക്കണമെങ്കിൽ സമ്മതം നൽകുവാൻ നിയമിച്ചിരിക്കുന്ന പ്രത്യേക അതോറിറ്റി തന്നെ നിലവിലുണ്ട്. കൂടാതെ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, മഹാരാഷ്ട്ര മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവയുടെ സമ്മതപത്രവും ഇല്ലെന്ന് പരിസരവാസികൾ പറയുന്നു.

സാധാരണ നഗരത്തിൽ വികസന പ്രവർത്തനങ്ങൾ വരുമ്പോൾ പരിസ്ഥിതി പ്രശ്നങ്ങളുടെ പേരിൽ തടയാൻ നഗരവാസികൾ ശ്രമിക്കാറില്ല. എന്നാൽ മെട്രോ വികസനമായിരുന്നിട്ടും ഈ കാര്യത്തിൽ, ഈ സംരംഭത്തിൽ എതിർപ്പുമായി നാട്ടുകാർ രംഗത്തിറങ്ങി. അവരുടെ വാദം നഗരത്തിൽ തിങ്ങിത്തിങ്ങി നിറഞ്ഞ ഈ പ്രദേശത്ത് ശ്വസിക്കാൻ വായുവില്ലാതായാൽ പിന്നെയെന്തിന് മെട്രോയെന്ന്. എന്തുതന്നെയായാലും ശക്തമായ പ്രതിഷേധവുമായി നാട്ടുകാർ നഗരവീഥികളിൽ പ്രക്ഷോഭത്തിൽ ഇറങ്ങിയിരിക്കുകയാണ്. ●

ടി. എ. മടക്കൽ
9846091387

കനൽ ചീളുകൾ

അന്ധകാര സീമ ഭേദിച്ചിടാനായി,
അശ്വമേധ കൂട്ടങ്ങളായിക്കുതിക്കണം.
അണയാത്ത ജ്വാല ചിരാതുമായ്ക്ഷിപ്രം,
അങ്കം ജയിക്കുവാൻ പക്ഷം പിടിക്കണം.
അമരത്വയുവരക്ത പുനർജന്മമായിനി
ആകാശമതിരുകൾക്കപ്പുറം പറക്കണം...!

ഭൂമിതൻ പൊക്കിൾ കൊടികളറുത്തന്ന്
ദൈവങ്ങൾ മണ്ണിൽ പിറന്നൊരുകാലം !
ഉച്ചനീചത്വങ്ങൾ കൊടിക്കുത്തിവാഴുന്ന
മാടമ്പി ജന്മികൾ മദിച്ചൊരുകാലം...!
വളരുന്ന മാറൊന്നു മാടി മറക്കുവാൻ
അടിയാത്തി പെണ്ണൊന്ന് മോഹിച്ചകാലവും,
'മുലക്കരം' വിധിചൊല്ലും തമ്പ്രാന്റെയാർത്തിക്ക്
ഇളംമാറുചെത്തി തിരുകാണി വെച്ചന്ന്,
'നങ്ങേലി' ചുടുചോര ചരിതങ്ങൾ തീർത്തതും
എരിയുന്ന കനലാക്കി നെഞ്ചകം തുടിക്കവേ
തമസ്സിന്റെ ഗർഭത്തിലടയിരിക്കാത്തൊരു
അക്ഷരപ്പന്തങ്ങളരണിയിൽ കടഞ്ഞൊരു
നേരിന്റെ തൂലികപ്പടയണി കൂട്ടരെ
ആക്ഷേപമരുളുവാൻ ഇവരെന്ത് യോഗ്യൻ
ആധർമപരിപാലനത്തിന്റെ മൂഡർ !!!

■ ലേഖനം

ടി. വി. നാരായണൻകുട്ടി
8547594929

ഒരു സാധാരണക്കാരന്റെ ആത്മാശങ്കകൾ

ഇന്ന് നമ്മുടെ രാജ്യത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്ന പല സംഭവങ്ങളും, അവ പ്രാദേശികമായാലും, ദേശീയമായാലും, രാഷ്ട്രീയം, സാമൂഹ്യം, ഭരണകൂടം, തൊഴിൽരംഗം, സാമ്പത്തികം, സാംസ്കാരികം തുടങ്ങി ഏത് മേഖലയിലായാലും സാധാരണ ജനങ്ങളെ ഏറെ അസ്വസ്ഥരാക്കുന്നു. അത്തരത്തിൽ പെട്ട ഒരു സാധാരണ വ്യക്തിയുടെ മനസ്സിൽ ഉടലെടുത്ത ആശങ്കകളാണ് ഇവിടെ ചുരുക്കി പ്രതിപാദിക്കുന്നത്. ഇത് ഒരു വിഡ്ഢിയുടെ ജല്പനമായി ചിലർക്ക് തോന്നിയേക്കാം. മറിച്ച് ഗ്രഹിക്കുന്നവരും ഉണ്ടാകും. ഇനി വിഷയത്തിലേക്ക് കടക്കട്ടെ.

സ്വതന്ത്രയായിട്ട് എഴുപത് വർഷം പിന്നിട്ട് കഴിഞ്ഞ ഒരു രാജ്യമാണ് ഇന്ത്യ. ഭരതൻ ഭരിച്ച രാജ്യമാണെന്നതിനെ അടിസ്ഥാനമാക്കിയാണെന്ന സങ്കല്പത്തിലാണെന്ന് തോന്നുന്നു 'ഭാരതം' എന്നപേരും പലരും ഉപയോഗിച്ചുവരുന്നു. ലോകരാഷ്ട്രങ്ങളിൽ മോശമല്ലാത്തൊരു സ്ഥാനവും ഇന്ത്യയ്ക്കുണ്ടെന്നാണ് പറയപ്പെടുന്നത്. പല രംഗങ്ങളിലും ഉണ്ടായ വളർച്ചയുടെ കണക്കുകളും, അന്താരാഷ്ട്ര സംഘടനകളിലെ നമ്മുടെ രാജ്യത്തിന്റെ പ്രകടമായ സാന്നിദ്ധ്യവും, ശാസ്ത്ര സാങ്കേതികരംഗത്തെ പുരോഗതിയിലുണ്ടായ കുതിച്ചുചാട്ടവും, വിനോദസഞ്ചാര ഭൂപടത്തിലെ ഇന്ത്യയുടെ സ്ഥാനവും, ശതകോടീശ്വരന്മാരുടെ എണ്ണത്തിലെ വർദ്ധനവും !, പ്രവാസികളിൽ നിന്നും കയറ്റുമതിയിലൂടേയും മറ്റുമായി വിദേശനിക്ഷേപത്തിലൂടെ നേടിയെടുക്കുന്ന വരുമാനവും, എല്ലാം ഇവയിൽ ചിലതുമാത്രം.

ഇങ്ങിനെയൊക്കെയാണെങ്കിലും 1947ൽ ബ്രിട്ടീഷ് അടിമത്തത്തിൽ നിന്ന് മോചനം ലഭിച്ചപ്പോൾ നാമൊരു ഭരണഘടനയ്ക്ക് രൂപം കൊടുത്തിരുന്നു. ആ ഭരണഘടനയ്ക്ക് ചില സവിശേഷമൂല്യങ്ങളുടെ തത്വാധിഷ്ഠിത അടിത്തറയും ഉണ്ടായിരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ജനാധിപത്യവും, മതേതരത്വവുമാണ്. ഇതുമായി ബന്ധപ്പെട്ട് 'സത്യം', 'സമത്വം', 'സ്വാതന്ത്ര്യം', എന്നീ വികാരങ്ങളും അന്നത്തെ ജനഹൃദയങ്ങളിലുണ്ടായിരുന്നു. ഇതിനെയൊക്കെ അടിസ്ഥാനമാക്കി ബഹു. ഡോ. അംബേദ്ക്കർ ഭരണഘടനയിൽ ജനങ്ങൾക്കായി കുറേ മൗലികാവകാശങ്ങളും ഉൾക്കൊള്ളിച്ചിരുന്നു. മേൽ പറഞ്ഞവയെ അടിസ്ഥാനമാക്കി സ്വതന്ത്ര ഇന്ത്യയിൽ ഒരു ജനാധിപത്യ, മതേതര സമ്പ്രദായമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സ്വാതന്ത്ര്യം ലഭിച്ച ഉടനെ തന്നെ ഹിന്ദുക്കൾക്കും, മുസ്ലിംങ്ങൾക്കുമായി ഇന്ത്യയെ വിഭജിക്കാനുള്ള സാഹചര്യമൊരുങ്ങിയിരുന്നു. ഒടുവിൽ മഹാത്മാഗാന്ധി മനംനൊന്ത് ഈ തീരുമാനത്തെ അനുകൂലിക്കുകയാണുണ്ടായത്. അന്ന് മുസ്ലീംഗങ്ങൾ പാക്കിസ്ഥാനെന്ന രാജ്യത്തിന് രൂപം നല്കിയെങ്കിലും പല മുസ്ലീം സഹോദരന്മാരും രാജ്യത്തെ രണ്ടാക്കാൻ ആഗ്രഹിച്ചിരുന്നില്ല. അന്ന് ഇന്ത്യയിൽ ശേഷിച്ച മുസ്ലീം കുടുംബങ്ങളും ഇന്ത്യയുടെ ഭാഗമായി തീർന്നു. അന്നുമുതൽ ഇന്ത്യക്കാർ എന്ന ഒരേ വികാരത്തോടെ ജാതി, മത ചിന്തകൾക്കതീതമായി ഇന്ത്യയിലെ ജനങ്ങൾ സഹവസിച്ചു. നാനാത്വത്തിൽ ഏകത്വം എന്ന ഒരു ശൈലി തന്നെ ഇന്ത്യയിൽ രൂപപ്പെട്ടു. എന്നാൽ ഇന്ന് പതുക്കെ, പതുക്കെയാണെങ്കിലും ഈ അവസ്ഥയിൽ ചില മാറ്റങ്ങൾ അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു.

ഇതുപറയാൻ പ്രധാന കാരണം മുമ്പെങ്ങുമില്ലാത്തവിധം ജനാധിപത്യവും മതേതരത്വവും ഇന്നേറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമായി ഭവിച്ചിരിക്കുന്നു എന്നതുതന്നെ. ഇന്നു നമ്മുടെ രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളിയും ഇതുതന്നെയാണ്. അതായത് മതേതരത്വവും ജനാധിപത്യവും ഇല്ലാതാവുന്ന അവസ്ഥ. ഇതേത്തുടർന്ന് സ്വാഭാവികമായും മൗലികാവകാശങ്ങൾ നിഷേധിക്കുന്ന സാഹചര്യവും രൂപപ്പെടും. ഒപ്പം അസഹിഷ്ണുതയും കൂട്ടിനുണ്ടാവും. ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇതിനുള്ള ചില കാരണങ്ങൾ തേടിപ്പോയാൽ പലർക്കും പല അഭിപ്രായങ്ങളും പ്രകടിപ്പിക്കാനുണ്ടാകും. ഇതിനുള്ള കാരണങ്ങൾ തേടിപ്പോകുന്നതു തന്നെ പഴയ തലമുറയിൽ പെട്ടവർ മാത്രമായിരിക്കും എന്നതാണ് ഏറെ രസകരം. പുതിയ തലമുറ (ന്യൂ ജെൻ

എന്ന ഓമനപ്പേര്) ക്ക് ഇതിലൊന്നും വലിയ താല്പര്യം ഇല്ല. അവർക്കിതിന് സമയമില്ലെന്ന് പറയുന്നതാവും ശരി. അത്തരത്തിൽ അവരെ കൊണ്ടെത്തിക്കുന്ന തരത്തിലുള്ളൊരു സംസ്കാരം പതുക്കെ പതുക്കെ നമ്മുടെ രാജ്യത്ത് വളർന്നുവരുന്നു.

ഇത്തരമൊരു സാഹചര്യമൊരുക്കുന്നതിന് രാജ്യം ഭരിയ്ക്കുന്ന ഭരണാധികാരികൾക്കുള്ള പങ്കിനെ കുറിച്ച് കാണാതിരുന്നുകൂടാ. മറ്റൊരു തരത്തിൽ പറഞ്ഞാൽ അധികാരമോഹത്തിൽ നിന്ന് ഉടലെടുക്കുന്ന ചില ചെയ്തികളുടെ പരിണിതഫലമായി ഇതിനെ വിലയിരുത്താമെന്ന് തോന്നുന്നു. ഇന്ത്യ സ്വതന്ത്രയായ ശേഷം ഏതാണ്ട് ഒരു നാല്പത് - നാല്പത്തഞ്ച് വർഷക്കാലം ഈ മോഹം അത്ര ശക്തമായിരുന്നില്ല കാരണം അന്നൊക്കെ ഭരണത്തിലിരുന്നവർ നല്ല ലക്ഷ്യബോധമുള്ള വ്യക്തികളായിരുന്നു. പ്രതിപക്ഷവും ഇതിന് നല്ല പിന്തുണ നല്കിയിരുന്നു. ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇന്നത്തെ പോലെ പലവിധത്തിലുള്ള സ്ഥാപിത താല്പര്യങ്ങളോടുകൂടിയ അനേകം കക്ഷികളും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ പ്രതിപക്ഷത്തിനും ഒരു ഐക്യമുണ്ടായിരുന്നു. അന്നത്തെ ഭരണാധികാരികൾക്കും ഉദ്യോഗസ്ഥർക്കും സ്ഥാപിത താല്പര്യങ്ങളും അത്ര ഉണ്ടായിരുന്നില്ല. ക്രമേണ ഭരണസ്വാധീനമുപയോഗിച്ച് അഴിമതി നടത്താനും അതുവഴി സാമ്പത്തികലാഭമുണ്ടാക്കാനും തുടങ്ങിയപ്പോൾ നല്ല വളക്കൂറുള്ളതെന്ന് മനസ്സിലാക്കി രാഷ്ട്രീയ മേഖലയിലേയ്ക്ക് പലരും കടന്നുകയറാൻ തുടങ്ങി. വിദ്യാഭ്യാസ മാനദണ്ഡമോ സ്വഭാവശുദ്ധിയോ ഒന്നുംതന്നെ ഇതിനാവശ്യമില്ലെന്നതും പലർക്കും തുണയായി. ജവർഹർലാൽ നെഹ്റുവിന്റെ കാലത്തു തന്നെ ചെറിയ തോതിലെങ്കിലും കോർപ്പറേറ്റ് പ്രീണനമുണ്ടായിരുന്നെങ്കിലും അത് അന്നത്തെ ആകെയുള്ള കുത്തകക്കാരായ ടാറ്റാ, ബിർല, ഗോയങ്കമാരെ സഹായിക്കാനായിരുന്നു. മാത്രമല്ല അന്ന് തുടക്കത്തിൽ ഇന്ത്യയുടെ വ്യവസായിക വളർച്ചയ്ക്ക് അവരുടെകൂടി സഹായം ആവശ്യമായിരുന്നു. എന്നിരുന്നാലും പൊതുമേഖലയെ ശക്തിപ്പെടുത്താൻ വളരെ ശ്ലാഘനീയമായ പല തീരുമാനങ്ങളും അന്ന് ബഹുമാനപ്പെട്ട നെഹ്റു എടുത്തിരുന്നതായി കാണാം.

തുടർന്നുള്ള കാലങ്ങളിൽ പലരും പുതിയ രാഷ്ട്രീയ പാർട്ടികൾക്കും രൂപം കൊടുത്തു. ഇങ്ങനെ രൂപം കൊള്ളുന്ന പാർട്ടികൾക്ക് പിന്നിൽ കഴിവുള്ള ആരെങ്കിലും കാണുകയും ചെയ്യും. ചില വമ്പൻ കോർപ്പറേറ്റുകളോ അതല്ലെങ്കിൽ ആ സംസ്ഥാനത്തെ ഏതെങ്കിലും പ്രമുഖ ജാതി സംഘടനാ നേതാക്കളോ ആയിരിക്കും ഇവരിൽ പലരും. പ്രാദേശിക തിരഞ്ഞെടുപ്പുകളിൽ തങ്ങളുടെ സാന്നിധ്യം തെളിയിച്ച് പതുക്കെ ഇവർ ദേശീയ തലത്തിലേയ്ക്ക് കയറും. ഒറ്റയ്ക്ക് ദേശീയ തലത്തിൽ വരാൻ പറ്റില്ലെങ്കിൽ ആരെങ്കിലുമായി ചേർന്ന് ചില നിബന്ധനകളോടെ തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഭരണത്തിൽ പങ്കാളികളാകാൻ ശ്രമിക്കും. ഇത്തരത്തിൽ കൂട്ടുകക്ഷിയുണ്ടാക്കാനും, സീറ്റിന്റെ അടിസ്ഥാനത്തിൽ ഭരണം കൈയ്യാളാനുമൊക്കെ നമ്മുടെ ഭരണഘടന അനുശാസിക്കുന്നുമുണ്ട്. സീറ്റുകളൊക്കെ ഒറ്റയ്ക്ക് നേടണമെന്നുമില്ല. കൂട്ടുമുന്നണിയായും ഭരിക്കാം. ജയിച്ചതിനുശേഷം പിന്തുണയ്ക്കുന്നതും സാധാരണമാണ്. ഈ സമ്പ്രദായം മൂലമുണ്ടാകുന്ന ഭവിഷത്ത് അന്നത്തെ ഭരണഘടനയുടെ കർത്താക്കളൊന്നും മനസ്സിലാക്കിയിരുന്നില്ലെന്ന് തോന്നുന്നു. കൂട്ടുകക്ഷി മന്ത്രിസഭയിൽ വിലപേശലുകൾ ധാരാളം നടക്കും. ഇതുമൂലം ജനങ്ങളുടെ താൽപര്യം ബലി കഴിക്കപ്പെടും.

ഇതുമൂലമുണ്ടാകുന്ന മറ്റൊരു പ്രധാന പ്രശ്നം ഏറ്റവും കൂടുതൽ വോട്ടുനേടിയ പാർട്ടി സീറ്റുകളുടെ എണ്ണം തികയാതെ ചിലപ്പോൾ പുറം തിരിഞ്ഞിരിക്കേണ്ടിവരും. കുറഞ്ഞ് വോട്ടോടുകൂടി കൂടുതൽ സീറ്റുനേടിയവർ ഭരണമേറ്റെടുക്കുകയും ചെയ്യും. ഇവിടെ 'ജനാധിപത്യം' എന്ന തത്വസംഹിതയുടെ കടയ്ക്കൽ ആദ്യത്തെ കോടാലി വീഴുന്നു. കൂടാതെ ഇപ്പോൾ നിലവിലുള്ള വോട്ടിംഗ് യന്ത്രം ഉപയോഗിച്ചുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യതയിൽ ജനങ്ങൾക്ക് സംശയവും ഉടലെടുത്തിട്ടുണ്ട്. ഞാൻ ചെയ്ത വോട്ട് യഥാർത്ഥ വോട്ടർക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്താൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു. തിരഞ്ഞെടുപ്പ് കമ്മീഷന് ഇത് ബോധ്യപ്പെട്ടിട്ടുണ്ട് എന്നുതന്നെയാണ് മനസ്സിലാകുന്നത്. യു. പി. തിരഞ്ഞെടുപ്പിൽ അബദ്ധം പറ്റിയെന്ന് പറഞ്ഞൊഴിഞ്ഞാലൊന്നും ജനങ്ങൾക്കുണ്ടായ സംശയം ദുരീകരിക്കാനാവില്ല. പക്ഷെ വീണ്ടും ഈ സമ്പ്രദായവുമായി മുന്നോട്ടുപോകാനാണിവർക്ക് ഉദ്ദേശ്യമെന്നുതോന്നുന്നു. ഇന്ത്യയെക്കാൾ എത്രയോ പുരോഗമിച്ച അമേരിക്കയിലും മറ്റു പല യൂറോപ്യൻ രാജ്യങ്ങളിലും ഇത്തരം വോട്ടിംഗ് സമ്പ്രദായത്തിൽ വിശ്വാസമില്ലാതെ 'ബാലറ്റ് പേപ്പർ' സമ്പ്രദായം തന്നെ ഇപ്പോഴും തുടരുന്നു. ഇതുമൂലം ഇന്ത്യയിലെ ജനങ്ങളുടെ മൗലികാവകാശ ധ്വംസനമാണ് നടക്കുന്നത്. ഒരു സ്വതന്ത്ര സംവിധാനമായ തിരഞ്ഞെടുപ്പു കമ്മീഷനെ കൂടി ഭരണാധികാരികൾ സ്വാധീനിക്കുന്നുണ്ടെന്ന് സംശയം ജനങ്ങളിൽ ഉടലെടുക്കാനേ ഇത് ഉപകരിക്കൂ.

ശുദ്ധമായ ഭരണം കാഴ്ച വെക്കുന്നവർക്ക് അനാവശ്യമായതും നീതിക്കു നിരക്കാത്തതുമായ കാര്യങ്ങൾ ചെയ്യുകയോ അതിനായി മറ്റുള്ളവരെ ആശ്രയിക്കുകയോ ചെയ്യേണ്ടതില്ല. അടുത്ത തിരഞ്ഞെടുപ്പിൽ ജനങ്ങൾ താനേ അവരെ ജയിപ്പിക്കും. സുദീർഘമായ ഏതാണ്ട് നാല്പത് വർഷത്തോളം ഒരേ കക്ഷി തന്നെ ഇന്ത്യ ഭരിച്ചത് തന്നെ ഇതിനുതെളിവല്ലേ ? പിന്നീടല്ലേ മാറ്റങ്ങൾ തുടങ്ങിയത്.

ഭരണത്തിലിരിക്കുമ്പോൾ അഴിമതിയും സ്വജനപക്ഷപാതവും കോർപ്പറേറ്റ് പ്രീണനവും കൂടാതെ ചില സ്ഥാപിത താത്പര്യങ്ങളിലുള്ള ഇടപെടലുകളും നടത്തുമ്പോൾ ജനങ്ങൾ ഇതുമനസ്സിലാക്കും. അപ്പോൾ അടുത്ത തിരഞ്ഞെടുപ്പിൽ ഭരണം പിടിച്ചെടുക്കാൻ മുൻകൂട്ടി പല കരുക്കളും നീക്കേണ്ടിവരും. ഒരിക്കലുപയോഗിച്ച മാർഗ്ഗങ്ങൾ ഫലിക്കാതെ വരുമ്പോൾ പുതിയ ചിലത് തേടിപ്പോകേണ്ടിവരും. ഭരണം നിലനിർത്താനുള്ള വ്യഗ്രത തന്നെയാണിതിനുപിന്നിൽ. അങ്ങനെ തേടി, തേടി കണ്ടുപിടിച്ച ചില മാർഗ്ഗങ്ങളാണ് ഈ അടുത്ത കാലത്തായി അരങ്ങേറിക്കൊണ്ടിരിക്കുന്നത്. സാധാരണ ജനങ്ങളുടെ ദൗർബല്യങ്ങളും, മനോവികാരങ്ങളുമായ ജാതി, മത ചിന്തകൾ, ഈശ്വര വിശ്വാസം, അന്ധവിശ്വാസം എന്നിവയെ ചൂഷണം ചെയ്തുനടത്തുന്ന ചില പ്രീണന നടപ

ടികളും കൂടാതെ സർക്കാർ സംവിധാനങ്ങളുടെ ദുരുപയോഗങ്ങളും ഇതിന് ആക്കം കൂട്ടുന്നു. ഇതിനുള്ള അടിത്തറ വളരെ മുമ്പുതന്നെ പലരും പാകിയിരുന്നു. ജനങ്ങളുടെ ദുർബലവികാരങ്ങളെ മുതലെടുത്തുകൊണ്ടുള്ള ഇത്തരം പ്രവർത്തനങ്ങൾ രാജ്യത്ത് അരാജകത്വവും സമാധാനഭംശവും വരുത്തിവെക്കും. മറ്റുള്ള രാജ്യങ്ങൾക്ക് മുമ്പിൽ നാം നാണം കെടേണ്ടിവരും.

ഓഹരി വില സൂചികയിലുണ്ടാകുന്ന വർദ്ധനവും, അതുവഴി സാമ്പത്തിക നേട്ടമുണ്ടാക്കി എന്നുള്ള വീമ്പുപറച്ചിലും മാത്രമല്ല ഒരു രാജ്യത്തെ ജനങ്ങൾക്കാവശ്യം. ദുർബലവിഭാഗത്തിലും ഇടത്തരക്കാരിലും പെട്ട ഏതാണ്ട് അറുപത്തിയഞ്ച് ശതമാനത്തിലുമേൽ വരുന്ന രാജ്യത്തിലെ ജനങ്ങളുടെ ഉന്നതിയും ഒപ്പം എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങളുടെ ക്ഷേമവും, സംതൃപ്തിയും ആയിരിക്കണം ഭരണകൂടം ലക്ഷ്യമാക്കുന്നത്.

മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ അൽപ്പം ത്യാഗങ്ങളൊക്കെ സഹിക്കേണ്ടിവരും. ഒപ്പം സ്വാതന്ത്ര്യാനന്തര ഇന്ത്യാരാജ്യത്തിന്റെ തുടക്കം നാം മുറുകെപിടിച്ച മൂല്യങ്ങളും കാത്തുസൂക്ഷിക്കേണ്ടിവരും. ഇത് ഇന്നത്തെ ഭരണകർത്താക്കളിൽനിന്നും ഭരണസംവിധാനത്തിലുൾപ്പെടുന്ന നീതി ന്യായ വ്യവസ്ഥ, ഭരണകൂട സംവിധാനം എന്നിവയിൽ നിന്നുപോലും പ്രതീക്ഷിക്കാൻ പറ്റാത്ത സ്ഥിതി ഉടലെടുത്തുകഴിഞ്ഞു. ഈ കാരണത്താൽ ദുഷിപ്പിക്കപ്പെട്ടതുമൂലം സമൂഹത്തിൽ നിന്നും ജനങ്ങൾക്കെന്തെങ്കിലും പ്രതീക്ഷിക്കാമെന്ന മോഹവും ഇതോടെ അസ്തമിച്ച മട്ടാണ് കാണപ്പെടുന്നത്.

നേതൃസ്ഥാനത്തുള്ളവരുടെ അപക്വമായ പെരുമാറ്റം, കാലഹരണപ്പെട്ട പഴയനീതി ന്യായവ്യവസ്ഥകൾ, കാലത്തിനൊത്ത് മാറാനാഗ്രഹിക്കാത്ത ഭരണകൂടം, നിയമനിർമ്മാണ സഭ, നീതിപീഠങ്ങൾ. ജനങ്ങളെ ജാതിയനുസരിച്ചും, സാമ്പത്തികസ്ഥിതിയനുസരിച്ചും, ലിംഗഭേദമനുസരിച്ചും വേർതിരിച്ച് കാണൽ ഇതെല്ലാം ചില കാരണങ്ങൾ മാത്രം. ഇതിൽ നിന്നൊക്കെ ഒരുമാറ്റം ഭൂരിഭാഗം ജനങ്ങളും ആഗ്രഹിക്കുന്നുണ്ട്. പക്ഷെ ഭൂരിഭാഗം ഭരണകൂടങ്ങളും ഇതിന്നായി എന്തെങ്കിലും ചെയ്യുമെന്ന പ്രതീക്ഷയും ഇല്ല. കാതലായ മാറ്റം ചില മേഖലകളിൽ വരുത്തിയാൽ അല്പം ആശ്വാസമാകുമെന്നു തോന്നുന്നു. മാറ്റം വരുത്തിയില്ലെങ്കിലും നിർദ്ദേശിക്കാൻ ആരോടും ചോദിക്കേണ്ടല്ലോ ? ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകിച്ച് രാജ്യഭരണം തങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നമായി കാണുന്നവർ ഇതം ഗീകരിക്കില്ലെന്നറിഞ്ഞുകൊണ്ട് തന്നെയാണ് ഇതെഴുതുന്നത്.

> “ സ്വതന്ത്രയായിട്ട് എഴുപത് വർഷം പിന്നിട്ട് കഴിഞ്ഞ ഒരു രാജ്യമാണ് ഇന്ത്യ. ഭരതൻ ഭരിച്ച രാജ്യമാണെന്നതിനെ അടിസ്ഥാനമാക്കിയാണെന്ന സങ്കല്പത്തിലാണെന്ന് തോന്നുന്നു ഭാരതം എന്നപേരും പലരും ഉപയോഗിച്ചുവരുന്നു. ”

1. തിരഞ്ഞെടുപ്പുകൾക്ക് സുതാര്യമായ ‘ബാലറ്റുപേപ്പർ സമ്പ്രദായം’ ഉപയോഗപ്പെടുത്തണം.
2. രാജ്യത്താകെ ഏറ്റവും കൂടുതൽ വോട്ടുനേടുന്ന രാഷ്ട്രീയപാർട്ടിയെ (അസംബ്ലിയിലാണെങ്കിൽ അതത് സംസ്ഥാനത്ത്) ഭരണം നടത്താൻ നിയോഗിക്കണം. വ്യക്തികൾക്കല്ല രാഷ്ട്രീയ പാർട്ടികൾക്കാണ് പ്രാധാന്യം നൽകേണ്ടത്. കൂടുതൽ സീറ്റ് നോക്കിയുള്ള സമ്പ്രദായം അവസാനിപ്പിക്കണം. ഒരു നിശ്ചിത ശതമാനം വോട്ടു ലഭിക്കാത്ത പാർട്ടികളെ അയോഗ്യരാക്കണം. രാഷ്ട്രീയ പാർട്ടികളുടെ ബാഹുല്യം കുറയ്ക്കാൻ ഇത് അത്യാവശ്യമാണ്. ചെറിയ പാർട്ടികൾ ഭരണരംഗത്തെത്തി മുതലെടുക്കുന്നത് അവസാനിപ്പിക്കാൻ ഇത് ആവശ്യമാണ്. ഏറ്റവും കൂടുതൽ വോട്ട് നേടുകയെന്നുപറഞ്ഞാൽ ഏറ്റവും കൂടുതൽ ജനപിന്തുണയുള്ള പാർട്ടി എന്നർത്ഥം. ഇവിടെയാണ് ‘ജനാധിപത്യം’ എന്ന വാക്ക് അന്വർത്ഥമാകുന്നത്. അത് എത്ര ശതമാനമായാലും പ്രശ്നമല്ല. ഒരിക്കലിത്തരമൊരു സമ്പ്രദായം നടപ്പാക്കിയാൽ അടുത്ത തിരഞ്ഞെടുപ്പിൽ കാതലായ പ്രതിഫലനം ജനങ്ങൾക്കിടയിലും, പാർട്ടിനേതാക്കൾക്കിടയിലും ഉണ്ടാകും. ഇതേത്തുടർന്ന് ഓരോ രാഷ്ട്രീയ പാർട്ടികളിലും ഗൗരവമായ ശൈലിമാറ്റം ദർശിക്കാനാകും.
3. സാമ്പത്തിക സംവരണം ഇന്ത്യാരാജ്യം മുഴുവൻ നടപ്പിലാക്കണം. ഇതു പറയാൻ കാരണങ്ങളുണ്ട്. ജാതി സംവരണം നടപ്പിലാക്കി അനേകം വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. താഴേക്കിടയിലുള്ളവരേ ഉദ്ദേശിച്ചു ഭരിച്ച് ഇത്രയും കാലം കഴിഞ്ഞിട്ടും അവർക്ക് ഉയർച്ചയുണ്ടായില്ലെങ്കിൽ, ആ രംഗത്ത് കാര്യമായി പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല, അല്ലെങ്കിൽ വ്യാപകമായ അഴിമതി ഉണ്ടായിട്ടുണ്ടെന്ന് തന്നെയാണർത്ഥമാക്കേണ്ടത്. ഇനി ഇതിനായിമൊത്തത്തിൽ പണം ദുർവിനിയോഗം ചെയ്യുന്നതിനുപകരം ജാതിയും മതവും നോക്കാതെ ഒരു നിശ്ചിത വരുമാനം (ഇത് നിശ്ചയിക്കാൻ ഈ മേഖലയുമായി ബന്ധപ്പെട്ടവർ, ശാസ്ത്രീയമായി, ഗൗരവമായ പഠനങ്ങൾ നടത്തണം). ഇല്ലാത്തവർക്ക് മാത്രം സംവരണം ഏർപ്പെടുത്തിയാൽ ഇനി ഉദ്ധരിക്കാൻ ബാക്കിയുള്ളവർക്ക് അതിന്റെ ആനുകൂല്യം കിട്ടുകയും ചെയ്യും. ഇത് പറയാൻ കാരണം സംവരണവിഭാഗത്തിൽ പെട്ട ആനുകൂല്യം ലഭിക്കുന്ന പലരുടേയും കുടുംബങ്ങൾ ഇന്ന് സാമാന്യം സാമ്പത്തിക ശേഷി ഉള്ളവരാണ്. മറ്റൊരുവശം നിലമ്പൂരിലെ ചോലനായ്ക്കരുടെ കാര്യം ഒരു ലേഖനത്തിൽ വായിച്ചത് ഇവിടെ കുറിക്കുന്നു. അവർ താമസിക്കാൻ സർക്കാർ കെട്ടിക്കൊടുത്ത വീടുപേക്ഷിച്ച് അവരുടെ വിശ്വാസം മുറുകെ പിടിച്ച് മരത്തിനുമുകളിൽ സ്വന്തം കെട്ടിയുണ്ടാക്കിയ വീട്ടിൽ തന്നെയാണത്രെ അവർ താമസിക്കുന്നത്. അപ്പോൾ ഇതിനുവേണ്ടിയുപയോഗിച്ച പണം പാഴാവുകയും ചെയ്തു. സാമ്പത്തിക സംവരണം വന്നുകഴിഞ്ഞാൽ ജാതി, മത ചിന്തകൾ അവരുടെ മനസ്സിൽ നിന്നെങ്കിലും അല്പമൊക്കെയില്ലാതാവുമെന്നും പ്രതീക്ഷിക്കാൻ വകയുണ്ട്. ജാതിയുടെ പേരിൽ പുതിയ രാഷ്ട്രീയ പാർട്ടികൾ ഉണ്ടാക്കുന്നതിലും അല്പം പുനർ ചിന്തനം നടന്നേക്കും.

ചില കുറ്റകൃത്യങ്ങളിൽ നീതി ലഭിക്കുന്നതിന് നാലോളം കോടതികളിൽ കയറിയിറങ്ങേണ്ട സാഹചര്യമുണ്ട്. ഇതുമൂലമുണ്ടാകുന്ന കേസുകളുടെ ബാഹുല്യം നിമിത്തം ഇവ തീർപ്പാക്കുന്നത് അനന്തമായി നീണ്ടുപോകുന്ന അവസ്ഥയുമുണ്ട്. നീതിന്യായ വ്യവസ്ഥയിൽ ഇടപെട്ട് പ്രവർത്തിക്കുന്നവർ ഇതിന്നെതിരെ

എന്തുപറഞ്ഞാലും സമ്മതിച്ചുതരില്ല. പക്ഷെ ജനങ്ങൾക്ക് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു ഭരണകൂടം കാണാതിരിക്കുന്നത് ശരിയുമല്ല. ഇതിനൊരു മാറ്റം വരുത്തേണ്ട നിയമനിർമ്മാണം നടത്തണം. കാരണം ഇന്ത്യയിലെ എല്ലാ കോടതികളും ഒരേ നിയമവ്യവസ്ഥയല്ലേ പിൻതുടരുന്നത് ? മാത്രമല്ല ഒരേ തത്വസംഹിതയുടെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നതെന്നും മനസ്സിലാക്കുന്നു. നീതി കിട്ടാൻ സമയം നീണ്ടുപോകുന്തോറും കേസിന്റെ രൂപവും ഭാവവുമെല്ലാം മാറി വരുന്നതും അനാവശ്യമായ ബാഹ്യ ഇടപെടലുകൾക്ക് ഇടയാവുന്നതും പല സംഭവങ്ങളും നാം കാണാറുള്ളതാണ്. ഇതെങ്ങിനെ സംഭവിക്കുന്നെന്നൊന്നും ആരും ശ്രദ്ധിക്കുന്നുമില്ല. ഇക്കാര്യങ്ങളൊന്നും നിഷേധിച്ചിട്ട് കാര്യമില്ല. 'ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത്' എന്നെല്ലാം കോടതിയുടെ കാര്യം പറയുമ്പോൾ പലരും പറയുന്നത് കേട്ടിട്ടുണ്ട്. ഇത് ശരിയാണെങ്കിൽ കേസുകൾ നീണ്ടുപോകുന്നതിന് ഇതുമൊരു കാരണമാകും. 'ഒരു നിരപരാധി ശിക്ഷിക്കപ്പെടുമ്പോൾ ഒപ്പം ആയിരം കുറ്റവാളികളും ശിക്ഷിക്കപ്പെടണം' എന്നുമാറ്റിയാൽ കുറേക്കൂടി ശരിയാകില്ലേ.

ഇതിൽ നിന്നെല്ലാം മനസ്സിലായ കാര്യം ജനോപകാരപ്രദമായ ഭരണമല്ല മിക്ക സംസ്ഥാനങ്ങളിലും, മൊത്തത്തിൽ ഇന്ത്യയിലും നടക്കുന്നത് എന്നാണ്. എല്ലാവർക്കും അവരവരുടേതായ താല്പര്യങ്ങൾ മാത്രം. ഒറ്റപ്പെട്ട ചില നല്ല സംഭവങ്ങൾ ഇല്ലാതില്ല. പക്ഷെ ഇവയ്ക്കെന്തോ അത്ര പ്രാധാന്യം ലഭിയ്ക്കുന്ന സാഹചര്യവും ഇന്നില്ല. ഇതിനെ ചോദ്യം ചെയ്യുന്നവരെ ശത്രുവായി കാണുകയും അവരെ നിർവീര്യമാക്കാനുമുള്ള പ്രവണത ശക്തമാണ്. കുറേകാലമായി മൂത്ത് മൂത്ത് ഇത്തരത്തിലായതിനാൽ അത്ര എളുപ്പമൊന്നും പ്രതിവിധി കാണാനും സാധിക്കില്ലെന്നറിയാം. പക്ഷെ എല്ലാ കോണുകളിൽ നിന്നും അനീതിയ്ക്കെതിരെ ശബ്ദമുയർന്നാൽ എന്തെങ്കിലുമൊക്കെ നടക്കുമോ എന്ന മോഹം മാത്രം ഉള്ളിലൊതുക്കിയെങ്കിലും ജീവിക്കാമല്ലോ ?

നങ്ങേലി

സത്യൻ പി. പനഞ്ചിക്കൽ
9495477533

(ചരിത്രപ്പെടാത്ത ഒരു സംഭവമാകയാലാണ് ഒരു അനുബന്ധക്കുറിപ്പുകൂടി ചേർക്കുന്നത്. ചേർത്തലയിലെ മനോരമക്കവലയ്ക്കു സമീപമുള്ള അർബൻ ബാങ്ക് നിൽക്കുന്ന സ്ഥലത്തിന്റെ പേര് മുലച്ചിപ്പറമ്പ് എന്നാണ്. ഏകദേശം 200 വൽസരങ്ങൾക്കുമുമ്പ് അവിടെ ജീവിച്ചിരുന്ന ഒരു കീഴ്ജാതിക്കാരിയാണ് നങ്ങേലി. അന്ന് ഹീന ജാതിക്കാർക്ക് മാറുമറക്കാൻ അവകാശമില്ലായിരുന്നു. അഥവാ മറയ്ക്കണമെങ്കിൽ മുലക്കരം കൊടുക്കണമായിരുന്നു. കരം തിട്ടപ്പെടുത്താൻ അധികാരിയെത്തി അളവെടുത്തുകഴിഞ്ഞാൽ കത്തിച്ചുവച്ച നിലവിളക്കിൻ മുന്നിലെ തൂശനിലയിൽ കരപ്പണം വയ്ക്കണമെന്നതായിരുന്നു ചട്ടം. ഇതിൽ പ്രതിഷേധിച്ച് നങ്ങേലി വിളക്കിൻ മുന്നിലെ തൂശനിലയിൽ തന്റെ നിറമാറുകൾ ഛേദിച്ചുവച്ച് പിടഞ്ഞുമരിക്കുകയും, ദുഃഖിതനായ ഭർത്താവ് ചിരുകണ്ടൻ ഭാര്യയുടെ ചിതയിൽ ചാടി ആത്മാഹുതി ചെയ്യുകയും ചെയ്തു. ഇതേത്തുടർന്ന് ദിവാൻ മുലക്കരം നിർത്തലാക്കി ഉത്തരവായി. വായ്മൊഴിയായി പകർന്നുകിട്ടിയ അറിവുമാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ഇതാണ് കവിതക്കാധാരമായ വിഷയം. ഇത്തരം സംഭവങ്ങൾ, പാവങ്ങളുടെ ചെറുത്തുനിൽപ്പിന്റേയും ഉയിർത്തെഴുന്നേൽപ്പിന്റേയും അവിസ്മരണീയ മുഹൂർത്തങ്ങളായി വരും തലമുറക്ക് പ്രചോദനമാകുമെന്ന വിശ്വാസത്തോടെ)

മാർച്ചോരവീണു കുതിർന്ന മണ്ണിൽനിന്നു-
മുയരുന്നുവോയിന്നും നങ്ങേലിതൻ ഗർജ്ജനം ?
നിലവിളക്കിൻ മുന്നിലെ നാക്കിലയിൽതൻമുലകൾ
ഛേദിച്ചുവച്ചവൾ മറ്റൊരു കർണ്ണകി !
നീചനാരികൾക്കനുവാദമില്ലക്കാലം
മുലക്കരം നൽകാതെ മാറിടം മറയ്ക്കുവാൻ
കണ്ടെഴുത്താശാൻമാരെത്തും പുരകളിൽ
കപ്പം ചുമത്താൻ വലിപ്പത്തിനൊപ്പമായ്
കാഴ്ചയിൽ പെട്ടാൽ ദുശ്ശകുനങ്ങളാകുവോർ.
വഴിമാറിനിൽക്കേണം തമ്പ്രാനുപോകുവാൻ
ദേവകൾ വാഴുന്ന കോവിലിൽ തൊഴാൻപോലു-
മവകാശമില്ലൊട്ടുമക്കാലമെങ്ങുമേ !
ഏകയാൾപ്രതിഷേധി, ധീരയാം നങ്ങേലി
കരമൊന്നുമേകാതെ മറച്ചുതൻമാറിടം
പാഞ്ഞെത്തിയധികാരിയവളുടെ ചാളയിൽ
കപ്പം പിരിക്കാൻ വാർത്ത കേട്ടോരുമാത്രയിൽ
ഉച്ചനീചത്വങ്ങൾക്കെതിരെയുരിയാടുവാൻ
കെല്പെഴാപ്പാവങ്ങളൊക്കെസ്സഹിക്കവേ...
മുലകൾ മുറിച്ചുനേദിച്ചു ബലിയായ് സ്വയം
മുലച്ചിപ്പറമ്പിന്റെ ഇതിഹാസമായവൾ...
കാളുന്ന കരളുമായ് വിധുരനാം ചിരുകണ്ടൻ
ചേതനയറ്റപോൽ നിന്നുപോയ് ക്ഷണനേരം
തൻപാതിയെരിയുന്ന ചിതയിൽ സ്വയംചാടി
ഭാരതമണ്ണിലെയാദ്യത്തെ 'ആൺസതി'.

എന്റെ അഭിനയ സ്മരണകൾ

ഭാഗം 6

മുക്കം ഭാസി
9846138693

കുന്നിൻ പുറത്തൊരു ശുക്രോദയം !

1955 ജൂലൈ മാസത്തിലാണ് അത് സംഭവിച്ചത് ! വീട്ടിൽ നിന്ന് സുമാർ 2 കിലോമീറ്റർ അകലെയുള്ള ഇരിങ്ങംപറ്റ കുന്നിൽ ഒരു ശുക്രനക്ഷത്രം ഉദയം കൊണ്ടിരിയ്ക്കുന്നു ! ഒരു ഹൈസ്കൂൾ പിറവി. നാടിന്റെ ഭാഗ്യോദയം ! നന്മ നിറഞ്ഞ ഏതാനും സുമനസ്സുകളുടെ ആത്മാർത്ഥതയുടെ പുണ്യോദയം !!

ആ കാലഘട്ടങ്ങളിൽ നാട്ടിൽപുറത്തെല്ലാം ഹൈസ്കൂളുകളും കോളേജുകളും പിറവിയെടുക്കുന്നത് വിശാലമായ കുന്നിൻ നിറുകയിലാണ്. ആർക്കും വേണ്ടാത്ത സ്ഥലങ്ങളായത് കൊണ്ടാവാം ഇത്തരം സ്ഥാപനങ്ങൾക്ക് ഉചിതമായ സ്ഥലം അത്തരം പ്രദേശമാണെന്ന് 'വിദഗ്ദ്ധർ' കണ്ടുപിടിച്ചത്. ഇന്ന് അഞ്ചോളം ഹൈസ്കൂളുകൾ എന്റെ നാട്ടിൽ കുന്നിൻപുറത്ത് തന്നെയുണ്ട്.

കവി കുഞ്ഞുണ്ണിമാഷ് അവയെ ഇങ്ങനെ നോക്കിക്കാണുന്നു.

'കോളേജെല്ലാം കുന്നിന്മേൽ
കുട്ടികളെല്ലാം കുനിന്മേൽ !'

E. S. L. C പാസ്സായി 4 വർഷം തെണ്ടിത്തിരിഞ്ഞുനടക്കുകയായിരുന്നു ഞാൻ. ലക്ഷ്യബോധമില്ലാതെ. അല്ലറചില്ലറ നാടകങ്ങളും അച്ഛൻ പാട്ടത്തിനെടുത്ത നെൽപ്പാടവുമായിരുന്നു ശരണം. നാടിന്റെ മാത്രമല്ല എന്റെ കൂടി ശുക്രോദയമായിരുന്നു ഹൈസ്കൂൾ. അന്നത്തെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ ദയാദാക്ഷിണ്യം കൊണ്ടുമാത്രം ഞാനും ഹൈസ്കൂൾ ക്ലാസ്സിൽ കടന്നുപറ്റി. അന്നത്തെ മാസാന്ത ഫീസ് 7 രൂപയായിരുന്നു. കൂടാതെ സ്പെഷ്യൽ ഫീസും. ഇതൊക്കെ അക്കാലത്ത് എന്നെ സംബന്ധിച്ചിടത്തോളം 'ഉറുമ്പിന് ഇറ വെള്ളം സമുദ്രം' എന്നു പറഞ്ഞതുപോലെയായിരുന്നു.

എങ്കിലും ആ സമുദ്രം നീന്തി കടക്കണമെന്ന് ഈ ഉറുമ്പ് തീരുമാനിച്ചു. അതിനുള്ള എല്ലാ ധൈര്യവും പിന്തുണയും എനിയ്ക്ക് തന്നത് എന്റെ ദൈവമായിരുന്നു.; ഹെഡ്മാസ്റ്റർ കെ. എ. സുബ്രഹ്മണ്യയ്യർ MALT.

അഭിലാഷങ്ങളുടെ ശത്രു നിരയിലായിരുന്നു എല്ലായ്പ്പോഴും യാഥാർത്ഥ്യങ്ങൾ. അതൊരു കരിഞ്ഞ സ്വപ്നമായി അവശേഷിയ്ക്കുമോ എന്ന് ഞാൻ ഭയപ്പെട്ടിരുന്നു.

"നഷ്ടപ്പെടുവാൻ വിലങ്ങുകൾ
കിട്ടാനുള്ളത്
പുതിയൊരുലോകം" എന്നും
"സഖാക്കളെ മുന്നോട്ട്... മുന്നോട്ട്"

എന്നുമുള്ള മന്ത്രധ്വനികൾ എന്റെ ചേതനയുടെ ഉണർത്തുപാട്ടായി ഞാൻ ആവാഹിച്ചെടുത്ത കാലം.

"എന്തുവന്നാലുമെനിയ്ക്കാസ്വദിക്കേണം
മുന്തിരിച്ചാറു, പോലുള്ളൊരി
ജീവിതം !"

എന്ന് രമണനിലെ ചന്ദ്രികപാടിയതുപോലെ എന്തു പ്രതിബന്ധങ്ങളുണ്ടായാലും ഹൈസ്കൂൾ വിദ്യാഭ്യാസം ഞാൻ പൂർത്തീകരിച്ചിരിയ്ക്കും എന്ന വാശി എന്റെ ഹൃദയത്തിൽ രൂഢമൂലമായി !

അവിടെവെച്ചാണ് എനിയ്ക്കെന്റെ മൊയ്തീനെ കിട്ടിയത്. ധിക്കാരിയും, ഗുരുത്വദോഷിയും സാഹസികനും ധീരനും പലപ്പോഴും കളരിയ്ക്ക് പുറത്തും ഗുരുവിന്റെ നെഞ്ചത്തും കളിയ്ക്കുന്ന മൊയ്തീനെ. ആ ബന്ധം മൊയ്തീൻ ജലസമാധിയടയുന്നതുവരെയുള്ള സുദീർഘമായ 27 വർഷം ഞങ്ങൾക്ക് കാത്തുസൂക്ഷിക്കാൻ കഴിഞ്ഞു. ഇന്നും അവനെന്റെ ഹൃദയത്തിലുണ്ട്. എന്റെ നാഡിമിടിപ്പിൽ അവന്റെ സജീവ ചൈതന്യമുണ്ട്. എന്റെ മരണം വരെ അതുണ്ടാവുകയും ചെയ്യും.

മൊയ്തീനെ പറ്റി എത്ര എഴുതിയാലും എന്റെ തൂലികയ്ക്ക് മടുപ്പ് വരില്ല. ഒരുപാട് ഒരുപാട് ഞാൻ മൊയ്തീനെ കുറിച്ച് പറഞ്ഞിട്ടുണ്ട്; എഴുതിയിട്ടുണ്ട്.

മൊയ്തീനും ഞാനും തമ്മിലുള്ള സൗഹൃദത്തെക്കുറിച്ചോർക്കുമ്പോൾ ചങ്ങമ്പുഴയുടെ ഈ ഈരടികൾ മനസ്സിലേയ്ക്ക് നുഴഞ്ഞുകയറും.

ശരഭദ്ര വീഥിയിലുല്ലസിയ്ക്കും
ഒരു വെള്ളിനക്ഷത്രമെന്തുകൊണ്ടേ
അനുരക്തയായിപോൽ

പൂഴിമണ്ണിൻ
അമരും വെറുമൊരു
പുൽക്കൊടിയും.
വെള്ളി നക്ഷത്രവും,
പുൽക്കൊടിയും !

പക്ഷെ കാലം ഈ വെള്ളി നക്ഷത്രത്തെ പുറമ്പോക്കിലേയ്ക്ക് വലിച്ചെറിഞ്ഞു. ഒരു പ്രണയത്തിന്റെ പേരിൽ ഈ ധനികപുത്രൻ പിന്നീട് പുറംപോക്കിൽ മേഞ്ഞുനടന്നു പുൽക്കൊടികളുടെ കൂടെ ! എന്നിട്ടും അവൻ ഒരു പുതിയ സാമ്രാജ്യത്തിന്റെ അസ്ഥിവാരമിടുകയായിരുന്നു അപ്പോഴും; തോൽക്കാൻ മനസ്സില്ലാത്തവൻ.

അക്കാലത്ത് ഞങ്ങളുടെ ഇടയിൽ രണ്ടുമൂന്നുപേരെ, ശ്രദ്ധിക്കപ്പെടുന്ന പ്രാസംഗികരായിട്ടുണ്ടായിരുന്നുള്ളൂ - ബി. പി. മൊയ്തീനും, അബ്ദുൾ ഖാദറും പിന്നെ ഞാനും. ഞാനന്നു ഹൈസ്കൂൾ സാഹിത്യസമാജം സെക്രട്ടറിയും, മൊയ്തീൻ സ്കൂൾ ലീഡറും.

പുതുവർഷാവസാനം വാർഷികം ഗംഭീരമാക്കണമെന്ന് ഹെഡ് മാസ്റ്ററും സ്റ്റാഫും തീരുമാനിച്ചു. വാർഷികത്തിന് രണ്ടു നാടകങ്ങൾ തെരഞ്ഞെടുത്തു. പെൺകുട്ടികൾക്ക് ഒരു നാടകവും ആൺകുട്ടികൾക്ക് മറ്റൊന്നും.

മരച്ചീനി എന്ന ഒരു ഹാസ്യനാടകം പെൺകുട്ടികൾക്കും ഉറൂബിന്റെ 'മണ്ണും പെണ്ണും' ആൺകുട്ടികൾക്കും.

മരച്ചീനിയിൽ ഹൈസ്കൂൾ കമ്മറ്റിയിലെ മൂന്നു പ്രമുഖരുടെ മക്കളും ഒരു കല്യാണിയും ശ്രീമതിയും ഗോവിന്ദൻ കുട്ടിയുമാണ് അഭിനയിച്ചിരുന്നത്. ഗോവിന്ദൻ കുട്ടി ഒരു ശുണ്ണിയായിരുന്നതു കൊണ്ട് അവനെ പെൺകുട്ടികളുടെ കൂടെ കൂട്ടിയതാണ് ! കാണികളെ ചിരിപ്പിച്ച് മണ്ണ് കപ്പിയ്ക്കുന്നതായിരുന്നു മരച്ചീനി ! കൂട്ടത്തിൽ പറയട്ടെ ആ നാടകത്തിലെ ശ്രീമതിയാണ് പിന്നീടെന്റെ ശ്രീമതിയായത് !

'മണ്ണും പെണ്ണും' എന്ന നാടകത്തിൽ വളരെ പ്രാധാന്യമുള്ള ഒരു റോൾ എനിയ്ക്ക് കിട്ടി. മാധവമേനോൻ - ഉല്പതിഷ്ണു, ഗാന്ധിയൻ, സ്ത്രീ വിദ്യാഭ്യാസത്തിന്ന് ഊന്നൽ കൊടുക്കുന്ന സാമൂഹ്യപ്രവർത്തകൻ.

മാധവമേനോന്റെ ജ്യേഷ്ഠൻ യാഥാസ്ഥിതികനായ കാരണവരുടെ വേഷം ഞങ്ങളുടെ ക്ലാസദ്ധ്യാപകനായ കൃഷ്ണൻ നമ്പൂതിരി. ജ്യേഷ്ഠന് ഒരു മകളുണ്ട് - പത്മം. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു. അവൾക്ക് കോളേജിൽ പോണം. സമ്മതിയ്ക്കില്ല കാരണവർ. മാധവമേനോന് മക്കളില്ല. അദ്ദേഹം പത്മത്തിനെ കോളേജിൽ പറഞ്ഞയക്കാൻ തീരുമാനിയ്ക്കുന്നു.

ഇതറിഞ്ഞ കാരണവർ ആ തീരുമാനത്ത എതിർക്കുന്നു. "പെൺകുട്ടികളെ കോളേജിലയക്ക്യേ ? സമ്മതിയ്ക്കില്യ ഞാൻ... ഇതൊരു പഴയ തറവാടാ...!"

കാരണവർക്ക് വാശി, മാധവ മേനോനും വാശി. തറവാട്ടിൽ തീയും പുകയും ഉയർന്നു. സംഘട്ടനാത്മകമായ നിമിഷങ്ങൾ ! അപ്പോഴാണ് ഒരു ഇടിവെട്ടിയത്. അതും കാരണവരിൽ നിന്ന്. അദ്ദേഹം നിന്ന് വിറയ്ക്കുകയാണ്. അട്ടഹസിച്ചുകൊണ്ട് അദ്ദേഹം ഒരു ബ്രഹ്മാസ്ത്രം തൊടുത്തു.

"മാധവാ... നീ ഒരു കാര്യം ഓർത്തോ. പത്മം എന്റെ മകളാണ്. അവളുടെ കാര്യം ഞാനാണ് തീരുമാനിയ്ക്കേണ്ടത്. നീയല്ലാ..."

മക്കളില്ലാത്ത മാധവൻ, പത്മത്തെ സ്വന്തം മകളായി കരുതിയ മാധവൻ, ജ്യേഷ്ഠന്റെ ഈ ഇടിനാദത്തിൽ അസ്തപ്രജ്ഞനായി. ശരിയാണ് പത്മം തന്റെ മകളല്ല; ജ്യേഷ്ഠന്റെ മാത്രം മകൾ !

അയാൾക്ക് സഹിക്കാൻ കഴിയുന്നില്ല. അദ്ദേഹത്തിന്റെ സകല ധൈര്യവും ചോർന്നുപോയി. തന്റേതെന്നു വിചാരിച്ചതെല്ലാം തന്റേതല്ലെന്ന തിരിച്ചറിവിലേയ്ക്ക് വഴുതി വീണപ്പോൾ അദ്ദേഹത്തിന്റെ കണ്ഠമിടറി. കണ്ണുകൾ നീർച്ചാലുകളായി. ഭാര്യയേയും കൂട്ടി വീട് വിട്ടിറങ്ങാൻ അയാൾ തീരുമാനിച്ചു.

കെട്ടും ഭാണ്ഡവുമായി പുറപ്പെട്ടപ്പോൾ നിഷ്കളങ്കനായ കാരണവർ അങ്കലാപ്പിലായി. ഇത്രയൊന്നും ആ ശുദ്ധാത്മാവ് പ്രതീക്ഷിച്ചിരുന്നില്ല. മകളെ കോളേജിലേയ്ക്കയക്കണ്ട എന്ന് അദ്ദേഹം കരുതി. തറവാട്ടുകാർ 'തരുണികൾ' അക്കാലത്തൊന്നും കോളേജ് വിദ്യാഭ്യാസം നേടിയിരുന്നില്ല. അത് തറവാടിന്ന പമാനമാണ്. അത് തടയണമെന്നേ അദ്ദേഹം ചിന്തിച്ചുള്ളൂ.

എല്ലാം തകിടം മറിഞ്ഞു. തന്നെ പ്രാണനുതുല്യം സ്നേഹിയ്ക്കുന്ന അനിയൻ തന്നെ ഉപേക്ഷിച്ചു വീടുവിട്ടിറങ്ങുന്നു. സഹിച്ചില്ല ആ പാവത്തിന്. അദ്ദേഹം ഓടി മാധവനെ തടഞ്ഞു. "മാധവാ, പോകരുത്. നീ പോയാൽ എനിയ്ക്ക് പിന്നെ ആരാണെടാ ഉള്ളത് ?" കരഞ്ഞുകൊണ്ട് കാരണവർ അപേക്ഷിച്ചു.

"ഏട്ടന് ഭാര്യയുണ്ട്, മകളുണ്ട്." അദ്ദേഹവും കരയുന്നുണ്ട്. "പത്മം ഏട്ടന്റെ മകളാണെന്ന് പറഞ്ഞില്ലേ ? എനിയ്ക്ക് മക്കളില്ലല്ലോ...?"

"വിഡ്ഢ്യാസുരാ... ഞാനങ്ങനെ പറഞ്ഞതുകൊണ്ട് അവൾ നിന്റെ മകളല്ലാതാവുമോ ? നീയവളേ ഇംക്രീസോ, പരന്ത്രീസോ പഠിപ്പിയ്ക്കാൻ കോളേജിലോ മറ്റെവിടെയോ വേണമെങ്കിൽ വിട്ടോ! എന്നാലും മാധവാ... നീയെന്നെ വിട്ടുപോകരുത്. ഞാൻ തളരുകയാണ് മാധവാ."

ഏട്ടൻ തളർന്നുവീഴേണ്ടത് എന്റെ കൈകളിലേയ്ക്കാണ് എന്നു പറഞ്ഞ് രണ്ടുപേരും ആശ്ലേഷത്തിലമർന്നു ! ആത്മാവിൽ നിന്നുയർന്നുപൊങ്ങിയ അഭിനയമായിരുന്നു ഞങ്ങളുടേത്. ഞങ്ങളോടൊപ്പം പ്രേക്ഷകരും അന്ന് കരഞ്ഞു. എന്റെ അഭിനയം കലക്കിയപ്പോൾ എന്റെ അധ്യാപകന്റെ അഭിനയം കലകലക്കി !!

എന്റെ പ്രിയപ്പെട്ട അധ്യാപകന്റെ മരണം വരെ ഞങ്ങൾ തമ്മിലുള്ള നാടകത്തിലെ ആത്മബന്ധം നിലനിന്നിരുന്നു ! അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിന്ന് അവതാരിക എഴുതാൻ പോലും അദ്ദേഹം എന്നോട് ആവശ്യപ്പെട്ടുകളഞ്ഞു ! പക്ഷെ അത് നടന്നില്ല. ഇതിനിടയ്ക്ക് ഒരു സംഭവമുണ്ടായി. മരച്ചീനിയിൽ കലക്കൻ അഭിനയം കാഴ്ചവെച്ച കല്യാണി എന്ന പാവപ്പെട്ട കുട്ടിയ്ക്ക് സമ്മാനം നൽകാതെ, മാനേജിങ്ങ് കമ്മറ്റി മെമ്പറുടെ മകൾക്ക് ഏറ്റവും നല്ല നടിയ്ക്കുള്ള സമ്മാനം പ്രഖ്യാപിച്ചു അധികൃതർ.

അതെനിയ്ക്ക് സഹിച്ചില്ല. ഞാൻ ബഹളം വെച്ചു. എച്ച്. എം. എന്നെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. ഇതെല്ലാം കമ്മറ്റിക്കാരുടെ സമ്മർദ്ദമായിരുന്നു. എച്ച്. എം. നിസ്സഹായനായിരുന്നു. അതും എനിയ്ക്കറിയാം...

ഞാൻ വിളിച്ചുപറഞ്ഞു, ഒന്നാം സമ്മാനക്കാരി പണക്കാരന്റെ മകൾക്കേ ആകാവൂ എന്നാണ് അവരുടെ തീരുമാനം. ഇത് അനീതിയാണ്. കടുത്ത അനീതി ! ഈ അനീതിയ്ക്കെതിരെ ശബ്ദമുയർത്താൻ മൊയ്തീൻ എന്റെ കൂടെ നിന്നില്ല ! കാരണം മൊയ്തീന്റെ പ്രണയിനിയുടെ സഹോദരിയായിരുന്നു കമ്മറ്റി മെമ്പറുടെ മകൾ ! ഏറ്റവും നല്ല നടി !!

അനീതിയ്ക്കെതിരായ ഒരു തീപ്പൊരി അന്നും ഇന്നും എന്റെ നെഞ്ചിൻ കൂട്ടിലുണ്ട്. അത് അണ

യാൻ ഞാൻ അനുവദിയ്ക്കാറില്ല. അതുകൊണ്ടാണ് മലയിടിയ്ക്കുന്നതിന്നെതിരായും, മണലൂറ്റിന്നെതിരായും, പാതയോരത്തെ മരം മുറിയ്ക്കെതിരായും വിദേശ മദ്യഷാപ്പിന്നെതിരായുമൊക്കെ ഞാൻ പ്രതികരിച്ചുപോകുന്നത്. എന്റെ പ്രായവും ആരോഗ്യവുമൊന്നും എന്റെ പ്രതികരണശേഷിയെ അശേഷം പ്രതികൂലമായി ബാധിച്ചിട്ടില്ല.

ഞങ്ങളുടെ വാർഷികാഘോഷത്തിലെ മുഖ്യാതിഥി സെഷൻസ് ജഡ്ജി ഒ. ചന്തുമേനോനായിരുന്നു. ഇന്ദുലേഖാ കർത്താവായ സെഷൻസ് ജഡ്ജി ഒ. ചന്തുമേനോന്റെ മരുമകൻ. മറ്റൊരു ചന്തുമേനോൻ.

ഒ. ചന്തുമേനോനെ പറ്റി കേട്ടിട്ടില്ലേ ? ജഡ്ജിമാരുടെ ഒരു ക്ലബ്ബ് മീറ്റിങ്ങിൽ ഒരു ജഡ്ജി ഇങ്ങനെ പ്രസ്താവിച്ചു. "ചക്കരക്കുടത്തിൽ കൈയ്യിട്ടാൽ നക്കി നോക്കാത്തവർ ആരുമുണ്ടാവില്ല !" കൈക്കൂലിയെ പറ്റിയാണ് പരാമർശം !

പെട്ടെന്ന് ഒ. ചന്തുമേനോൻ ചാടി എഴുന്നേറ്റു പ്രഖ്യാപിച്ചത്രെ! "ഉണ്ട്. ഞാനുണ്ട്. ഒയ്യാരത്ത് ചന്തു!"

ആ ചന്തുമേനോന്റെ മരുമകൻ ചന്തുമേനോനിൽ നിന്ന് ഡസൻ കണക്കിൽ സമ്മാനങ്ങളാണ് ഞാൻ വാരിക്കൂട്ടിയത്. അരക്കൊല്ല പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും ഞാനായിരുന്നു ഫസ്റ്റ്. ഗീതാഞ്ജലി, അഭിജ്ഞാനശാകുന്തളം, സാഹിത്യ നിഷ്കുടം, ആശാന്റെ സീതാകാവ്യം തുടങ്ങി എത്രയെത്ര വിലപ്പെട്ട പുസ്തകങ്ങൾ.

നാടകത്തിലെ പ്രകടനവും കൂടി കഴിഞ്ഞപ്പോൾ വാമനാവതാരം പോലെ അഭിനയരംഗത്തെ എന്റെ കാൽപ്പാടുകളും ക്രമേണ വളരുകയായിരുന്നുവോ ?

(തുടരും)

കവിത

പ്രമോദ് പുനലൂർ
കൊല്ലം, 9746363220

മാഞ്ഞുപോം

എവിടെപ്പോയ് മറയുന്നു നിലാവേ
കൂടൊരുക്കി കൂടൊരുക്കി കാത്തുനിന്ന
പക്ഷി ചിറകൊതുക്കി കൊക്കുമടക്കി
തല ചായ്ച്ചുറങ്ങി മഞ്ഞുതുള്ളിയും വന്നു.
എവിടെപ്പോയ് മറയുന്നു കിനാവേ
രാവുറങ്ങി രാവുറങ്ങി
കാവൽപ്പുരകളിൽ ദീപം മങ്ങി
ആർദ്രമായ് മൗനമായ് പിരിയുന്നുവോ
എവിടെ കാണുന്നു മലകളെ
ചൂളം വിളിച്ച് ചൂളം വിളിച്ച്
കാടിനോടും പുഴയോടും ചോദിച്ച്
കേൾക്കുന്നില്ല കാണുന്നില്ല പുഴയും കൊടുങ്കാടും.
എങ്ങോ മുഖം കുനിയുന്ന ദൈവങ്ങളെ
തിരിയണഞ്ഞ് തിരശ്ശീല മറഞ്ഞ്
നൈവേദ്യം കെട്ട് ധാര മുറിഞ്ഞ്
ശിലയൊരലയായ് കൈകൾ നീട്ടുന്നുവോ
നിറം പൊലിയുന്നൊരാ അക്ഷരങ്ങളെ
സുഖശീതളഛായയിൽ വീര്യം വെടിഞ്ഞും
നുര പതയുന്ന സുരയിൽ മൗനം കുമിഞ്ഞും
പാവമായ് പാവയായ് അരങ്ങൊഴിയുന്നുവോ
കൃഷ്ണസ്വരങ്ങളായ് പൊഴിയാത്ത പ്രണയമേ
പുളിവാക മറയുന്ന ചുംബനപ്പൂട്ടില്ല
കടലാസുകീറിലെ പരിഭവപ്പാട്ടില്ല
ഉഷ്ണമായ് ഉഷ്ണമായ് മാത്രം കരിഞ്ഞുവോ.

■ ലേഖനം

അസഹിഷ്ണുത

ശാന്ത രാജൻ

ഇന്ന് കാലം വല്ലാതെ മാറിയിരിക്കുന്നു. പണ്ടുള്ളവർ എത്ര ത്തോളം സ്നേഹത്തോടും മറ്റുള്ളവരുടെ ഏതുരീതിയിലുള്ള പെരുമാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ടും, ക്ഷമിച്ചുകൊണ്ടും ജീവിച്ചിരുന്നുവോ അതുതീർത്തും മാറിയിരിക്കുന്നു. ഇന്ന് ആർക്കും ആരേയും ഉൾക്കൊള്ളാനാവുന്നില്ല. എന്തിനോടും ഏതിനോടും അസഹിഷ്ണുത. ഒരാൾക്ക് മറ്റൊരാളുടെ പെരുമാറ്റത്തോടുചേർന്നു പോകുവാനാകുന്നില്ല. അത് കുടുംബത്തിലെ ശാന്തത നശിപ്പിക്കുന്നു. അന്യോന്യം മനസ്സിനേയും ശരീരത്തിനേയും തളർത്തുവാനുള്ള പ്രവണത ഈ രീതിക്കുണ്ട്.

മനുഷ്യർ മിക്കവരും എന്തിനെക്കുറിച്ചെങ്കിലും ആവലാതിപ്പെട്ടുകൊണ്ടിരിക്കുന്നു. എല്ലാ സൗഭാഗ്യങ്ങളും ഉണ്ടെങ്കിലും മനസ്സ് എപ്പോഴും എന്തിനോ വേണ്ടി പായുന്നു. അപ്പോൾ ഉള്ളതിനെക്കുറിച്ച് സന്തോഷിക്കുവാനോ വേണ്ട രീതിയിൽ അത് ആസ്വദിച്ച് അനുഭവിക്കുവാനോ സാധിക്കുന്നില്ല എന്നത് ദൗർഭാഗ്യകരമായ കാര്യമാണ്.

പ്രധാനമായും മറ്റുള്ളവരുടെ ജീവിതത്തോടുള്ള താരതമ്യമാണ് പ്രധാനകാരണം. ആർക്കെങ്കിലും എന്തെങ്കിലും നന്മയോ ഉയർച്ചയോ ഉണ്ടായാൽ അത് നമുക്ക് നേടിയെടുക്കണം എന്ന ത്വര, അതിനുവേണ്ടി എന്തും ചെയ്യാനും, ചിന്തിക്കാനും, പ്രവർത്തിക്കാനും ആൾക്കാർക്ക് മടിയില്ലാതായിരിക്കുന്നു. മിക്ക ആളുകൾക്കും തിരക്കേറിയ ജീവിതം ഒന്നിനും സമയമില്ലാത്ത രീതിയിൽ കൊണ്ടെത്തിച്ചിരിക്കും. മനസ്സിന് ലാഘവത്വം നഷ്ടപ്പെട്ട പോലെ. സ്വന്തം മാതാപിതാക്കളോടുപോലും നല്ല രീതിയിൽ സംസാരിക്കുവാനോ, അവർ പറയുന്നതിൽ എന്തെങ്കിലും ശരിയുണ്ടോ അവർ പറയുന്നത് പിൻതുടരണോ എന്നെല്ലാം ചിന്തിക്കുവാനുള്ള ക്ഷമയോ ഇല്ലാത്ത ഒരു അവസ്ഥ. എല്ലാവരും അങ്ങനെയെന്നു പറയുന്നില്ല. എത്രയോപേർ തിരക്കിനിടയിലും സമയം കണ്ടെത്തി മാതാപിതാക്കൾക്ക് സാന്ത്വനം നൽകാൻ ശ്രമിക്കുന്നു. അതു തന്നെ വളരെ ആശ്വാസകരം. ഇങ്ങനെയെല്ലാമുള്ള കാരണങ്ങൾ കൊണ്ടായിരിക്കാം ലോകത്തിൽ ജനങ്ങളുടെ മനസ്സിൽ അസഹിഷ്ണുത ഏറിവരുന്നത്.

ഏതുവിധത്തിൽ ചിന്തിച്ചാലും ആത്മീയമായ കാര്യങ്ങൾ കുറച്ചെങ്കിലും പിൻതുടർന്നാൽ ഒരുപരിധിവരെ ഇതിനു പരിഹാരം തേടാൻ പറ്റുമെന്നു തോന്നുന്നു. അതിനു മനസ്സുകൊണ്ടു തയ്യാറാവുന്നവർ വളരെ ചുരുക്കം എന്നതും ഖേദകരമായ ഒരു വസ്തുത തന്നെ. ഒരു പരിധിവരെ നമ്മൾക്ക് അതിനുവേണ്ടി ശ്രമിക്കാം. സഹായിക്കാം. ഈശ്വരൻ എല്ലാവർക്കും അതിനുള്ള ശക്തി തരട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യാം.

മത്സ്യ മൂർഖൻ

മുഹമ്മദ് കനി 9605604406

ഞാൻ മഞ്ഞളൂർ എ. എസ്. ബി. സ്കൂളിൽ യു. പി. ക്ലാസ്സിൽ പഠിക്കുന്ന കാലം. എന്റെ അനുജൻ കാജാ ഹുസൈൻ വെട്ടുകാട്ടിലെ എൽ. പി. സ്കൂളിലും പഠിയ്ക്കുന്നു. ഞങ്ങളുടെ വീട്ടിൽ ഒരു പശുവിനെ വളർത്തുന്നുണ്ട്. ഞങ്ങളുടെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന പാൽ അയൽക്കാർക്ക് വിൽക്കുന്നു. ഇടയ്ക്ക് പാൽ കുറവുവരുമ്പോൾ അതു പരിഹരിയ്ക്കുവാനുള്ള സൂത്രപ്പണി ചെയ്യുന്നത് ഈശ്വരന് (അല്ലാഹുവിന്) ഇഷ്ടമല്ല എന്ന് അറിയാമെങ്കിലും ഇടയ്ക്ക് എപ്പോഴെങ്കിലും അത് നിർവ്വഹിക്കാറുണ്ട് എന്ന് പറയാതിരുന്നാൽ അത് തെറ്റാണല്ലോ.

ഞാൻ പഠിയ്ക്കുന്ന സ്കൂളും വീടും തമ്മിൽ മൂന്നു കിലോമീറ്ററിലധികം ദൂരവ്യത്യാസമുണ്ട്. ദിവസവും നാലുമണിയ്ക്ക് സ്കൂൾ വിട്ട് വീട്ടിലെത്തിയാൽ പശുവിന് പുല്ലറുക്കുന്നതിനുവേണ്ടി ഞാനും അനുജനും പോവാറുണ്ട്. കോട്ടടി എന്ന ഞങ്ങളുടെ ഗ്രാമത്തിന്നതിർത്തിയിലൂടെ ഒരു തോട് (ചെറുപുഴ) ഒഴുകിക്കൊണ്ടിരിയ്ക്കുന്നു. കാലവർഷം കനത്താൽ തോടും അതിന്നരികിലുള്ള നെൽവയലുകളും തമ്മിൽ തിരിച്ചറിയാൻ പ്രയാസമാണ്. തോട്ടിന്നരുകിൽ ഒരു ജാറമുണ്ട് (ശവക്കല്ലറ). അതിൽ ഖബറടക്കം ചെയ്തിരിക്കുന്ന മഹാന്റെ പേരറിയാത്തതു കാരണം തോട്ടിങ്കൽ അവുലിയ എന്ന പേരിലറിയപ്പെടുന്നു. ഏതു നാട്ടുകാരനാണെന്നോ, എന്നാണ് മരിച്ചതെന്നോ ആർക്കും അറിയില്ലെങ്കിലും വിളിച്ചാൽ വിളി കേൾക്കുന്ന അവുലിയാവാണെന്ന് എല്ലാവരും വിശ്വസിയ്ക്കുന്നു. അക്കാലത്ത് ഞാനും അങ്ങിനെത്തന്നെ വിശ്വസിച്ചുവന്നു. എന്റെ പല ആവശ്യങ്ങളും നിറവേറിക്കിട്ടാൻ ഞാൻ കല്ലറയ്ക്കരുകിൽ ചെന്ന് അപേക്ഷിക്കാറുണ്ടായിരുന്നു.

ഏറ്റുമീൻ കാലം തുടങ്ങിയിരിക്കുന്നു. വെള്ളം ഒഴുകി തോട്ടിലേക്കുവരുന്ന ഭാഗത്തുകൂടെ മത്സ്യങ്ങൾ കയറിപ്പോകുന്ന കാലത്തെയാണ് ഏറ്റുമീൻ കാലം എന്നു പറയുന്നത്. കുറേ ദിവസങ്ങൾക്കു ശേഷം മത്സ്യങ്ങൾ നെൽവയലുകളിൽ നിന്നും തോട്ടിലേക്കിറങ്ങി വരും. ആ സമയത്ത് നെൽവയലുകളുടെ വരമ്പത്ത് വെള്ളം ഒഴുകുന്ന ചാലുകളിൽ (കഴായ്) 'കുരുത്തി' എന്ന ഉപകരണം വച്ച് മത്സ്യബന്ധനം നടത്തുന്നു. ആ സമയത്ത് ഞങ്ങളുടെ ഗ്രാമത്തിലെ മിക്ക വീടുകളിൽ നിന്നും നാവിൽ വെള്ളമൂറുന്ന ഗന്ധം വമിച്ചുകൊണ്ടിരിക്കും.

ദർഗയിൽ നിന്നും (ജാറം) കുറെയകലെയായി 'പൂളക്കുണ്ട്' എന്ന ഒരു സ്ഥലമുണ്ട്. ധാരാളം വെള്ളം കെട്ടിനിൽക്കുന്ന സ്ഥലമായതുകൊണ്ട് അവിടെ ധാരാളം ചൊടിയൻ (കണ്ണൻ) മത്സ്യങ്ങളുടേയും, മുഷികളുടേയും താമസസ്ഥലമാണ്. അതിന്നടുത്ത് ഒരു തടിച്ച പൂളമരം നിൽക്കുന്നതുകൊണ്ടാണ് ആ സ്ഥലത്തിന് പൂളക്കുണ്ട് എന്ന് പറയുന്നത്. ആ സ്ഥലത്ത് പലരും കരിമൂർഖനെ കണ്ടതായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഞങ്ങളുടെ മനസ്സിൽ മൂർഖന്റെ ചിന്തയുണ്ടായിരുന്നില്ല.

പതിവുപോലെ പശുവിന്നുള്ള പുല്ലറുത്ത് വട്ടി നിറച്ചശേഷം ഒരിടത്തുവച്ച് അരിവാൾ കയ്യിലെടുത്തുകൊണ്ട് ഏറ്റുമീൻ വേട്ടയ്ക്കു പുറപ്പെട്ടു. ചാറ്റൽ മഴ തുടർന്നുകൊണ്ടിരുന്നുവെങ്കിലും അത് ഞങ്ങളുടെ സംരംഭത്തിന് തടസ്സമായില്ല. തോട്ടിലേയ്ക്ക് വെള്ളമിറങ്ങിക്കൊണ്ടിരിയ്ക്കുന്ന ഭാഗങ്ങളിലെല്ലാം പരതിനോക്കിക്കൊണ്ടിരിക്കുന്നു. അവസാനം പൂളക്കുണ്ടിനെ ലക്ഷ്യം വച്ചുകൊണ്ട് നടന്നു. ചൊടിയനോ, മൂഫിയോ ലഭിക്കണേയെന്ന പ്രാർത്ഥന (തോട്ടിങ്കൽ അവുലിയാനോട്) തുടർന്നുകൊണ്ടിരുന്നു. പെട്ടെന്ന് എന്റെ കണ്ണുകൾ വിടർന്നു. പൂള മരത്തിനടുത്ത് വെള്ളം തോട്ടിലേക്കിറങ്ങിക്കൊണ്ടിരിയ്ക്കുന്ന ഭാഗത്ത് ഒരു ചൊടിയൻ (കണ്ണൻ) വിശ്രമിയ്ക്കുന്നു. പിന്നെ ഒട്ടും അമാന്തിച്ചില്ല. എന്റെ കയ്യിലുണ്ടായിരുന്ന അരിവാൾ പൊക്കിപ്പിടിച്ച് ഊക്കോടെ ചൊടിയന്റെ തലയിൽ ഒരു വെട്ട്. വർദ്ധിച്ച സന്തോഷത്തോടെ പൂല്ലുകൾക്കിടയിൽനിന്നും അവനെ കൈയ്യിലെടുത്തു. ഏകദേശം ഒരു കിലോ തൂക്കമുണ്ടാവും. ഞങ്ങളുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. അന്നുരാത്രി ഒരു അടിപൊളി മീൻ കറി കൂട്ടിയുള്ള ഊണ് കുശാലാക്കി.

പിറ്റേ ദിവസം പതിവുപോലെ ദർഗ (ജാറം)യിൽ ചെന്ന് പ്രാർത്ഥിച്ചത് ഇന്നലത്തെപ്പോലെ ഇന്നും നല്ലൊരു ചൊടിയൻ മീൻ ലഭിയ്ക്കണേ എന്നായിരുന്നു. പുല്ലറുത്ത് വട്ടിനിറച്ച് വച്ചശേഷം നേരെ പൂളക്കുണ്ടിലേയ്ക്ക് നടന്നു. പതിവ് പ്രാർത്ഥന മുടക്കിയില്ല. 'എന്തൊരത്ഭുതം' തോട്ടിങ്കൽ അവുലിയ ഞങ്ങളുടെ പ്രാർത്ഥന കേട്ടിരിയ്ക്കുന്നു. ഇന്നലെ ചൊടിയനെക്കിട്ടിയ അതേ സ്ഥലത്ത് ഇന്നുമൊരു ചൊടിയൻ. ഇന്നലത്തെ മീൻകറിയുടെ രുചി നാവിൻ തുമ്പിലെത്തി. കോളടിച്ചു. പിന്നിൽ നിന്നിരുന്ന അനുജനോട് ശബ്ദമുണ്ടാക്കരുത് എന്ന് ആംഗ്യം കാണിച്ചുകൊണ്ട് മെല്ലെ അരിവാൾ പൊക്കിപ്പിടിച്ച് സർവ്വശക്തിയുമുപയോഗിച്ച് വെട്ടാൻ ഒരുമ്പെട്ടു. പെട്ടെന്ന് എന്റെ സകല നാഡികളും തളർന്നു. പുല്ലുകൾക്കിടയിൽ നിന്നും തന്റെ തല വലിച്ചെടുത്ത് ഫണം വിടർത്തിക്കൊണ്ട് രൂക്ഷമായി എന്റെ നേരെ തുറിച്ചുനോക്കുന്ന കരിമൂർഖനെ കണ്ട അപ്പോഴത്തെ എന്റെ അവസ്ഥ പറഞ്ഞറിയിക്കാൻ സാധിക്കുന്നതല്ല. പെട്ടെന്നുതന്നെ അതു ചൊടിയനല്ല മൂർഖനാണെന്ന തിരിച്ചറിവുണ്ടായി. അവിടെ നിന്നും ജീവനും കൊണ്ട് ഞങ്ങൾ രക്ഷപ്പെട്ടുവെന്നത് ഓർക്കു

മ്പോൾ ഇപ്പോഴും ഭീതിയുണ്ടാവുന്നു. ഞങ്ങളുടെ ഉൾനാടൻ ഭാഷയിൽ പറഞ്ഞാൽ 'തുറുക്കെപ്പിടിച്ച് ഒറ്റയോട്ടം'. വീട്ടിലെത്തി അമ്മയോട് കാര്യങ്ങൾ പറയുമ്പോഴും കരിമൂർഖനിൽ നിന്നും രക്ഷപ്പെട്ടതിന്റെ ഹാങ്ങോവർ വിട്ടുമാറിയിരുന്നില്ല. എന്റെ മക്കൾ ഏറ്റുമീൻ പിടിയ്ക്കാൻ ഇനി മേലിൽ പോകരുത് എന്ന അമ്മയുടെ വാക്കുകൾ ഇപ്പോഴും കർണ്ണപുടങ്ങളിൽ പ്രതിദ്ധ്വനിയ്ക്കുന്നു. പൂളക്കുണ്ട് അവിടെ ഇപ്പോഴില്ല. പൂളമരം എന്നോ മുറിച്ചുമാറ്റിയിരിക്കുന്നു. നാട പോലെ ഒഴുകുന്ന തോട്ടിന്നിരുവശവും കൃഷി സ്ഥലമായി മാറി. മൂർഖനുകൾ നീർക്കോലികളായി മാറിയിരിക്കുന്നു. തോട്ടിലെ മത്സ്യവംശം കുറ്റിയറ്റിരിക്കുന്നു. ഏറ്റുമീൻ കാലം വളർത്തുമീൻ കാലമായി മാറിയിരിക്കുന്നു. മുപ്പത് മീറ്ററിലധികം വീതിയുണ്ടായിരുന്ന തോടിനെ പത്തുമീറ്ററുകൾക്ക് താഴെയായി ചുരുക്കിക്കൊണ്ട് വികസനമുണ്ടാക്കിത്തീർത്തിരിക്കുന്നു തോടിനിരുവശത്തിലുമുള്ള കർഷകർ. മണൽ നഷ്ടപ്പെട്ട ചെറുപുഴയിലെ കല്ലുകൾ മാംസം ഭക്ഷിച്ചതിനുശേഷം മൃഗരാജൻ ഉപേക്ഷിക്കപ്പെട്ട പേടമാനിന്റെ അസ്ഥികൂടം പോലെ തോന്നിപ്പോവുന്നു. എല്ലാം തന്നെ സഹിച്ചുകൊണ്ട് കളകള ശബ്ദം പുറപ്പെടുവിക്കാതെ നിശബ്ദമായി നാടകണക്കെ ജലം ലക്ഷ്യത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. എല്ലാം കലികാലവൈഭവം എന്നല്ലാതെ എന്തുപറയാൻ. പക്ഷെ എന്റെ ഗ്രാമത്തിന് എന്തുതന്നെ മാറ്റം സംഭവിച്ചാലും പൂളക്കുണ്ടും മത്സ്യ മൂർഖനും എന്റെ മരണം വരെയും മനസ്സിനകത്ത് ഫണം വിടർത്തി ഭയപ്പെടുത്തിക്കൊണ്ടിരിയ്ക്കുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.

അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

എഡിറ്റർ

■ സ്മരണ

മുരളീധർ കൊല്ലത്ത്
9387475851

പി. എൻ. പണിക്കർ

ചരമവാർഷികദിനം ജൂൺ 19

നാളത്തെ നേതാവ് ഇന്ന് വായിക്കുന്നവനാണ് എന്ന് മാർഗരറ്റ് ഫുളെർ പറഞ്ഞു എന്ന ഒറ്റകാരണം കൊണ്ടല്ല പി. എൻ. പണിയ്ക്കർ എന്ന അദ്ധ്യാപകൻ കേരള ഗ്രന്ഥശാല സംഘം വളർത്തിയെടുത്തത്. അക്ഷരങ്ങൾക്കും വായനയ്ക്കും കരുത്തു പകർന്ന പി. എൻ. പണിയ്ക്കരെ മാനിച്ചുകൊണ്ട് തപാൽ സ്റ്റാമ്പ് വരെ ഉണ്ടായിട്ടുണ്ട്. 1909 ലാണ് പുതുവായിൽ നാരായണ പണിയ്ക്കർ (പി. എൻ. പണിയ്ക്കർ) പിറന്നത്. ഏത് കുഗ്രാമത്തിലേയ്ക്കും കടന്നുചെല്ലാൻ അക്ഷരച്ചൂട്ടിന്റെ സഹായം മാത്രമേ ഇദ്ദേഹത്തിന്നുണ്ടായിരുന്നുള്ളൂ. മഹാത്മാഗാന്ധിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണ കഥകൾ', കുട്ടിക്കൃഷ്ണ മാരാരുടെ 'മലയാള ശൈലി', വൈക്കം മുഹമ്മദ് ബഷീറിന്റെ 'പാത്തുമ്മയുടെ ആട്' , കുഞ്ഞുണ്ണിമാസ്റ്ററുടെ 'എന്നിലൂടെ', നന്തനാരുടെ 'ഉണ്ണിക്കുട്ടന്റെ ലോകം', 'ചാർലി ചാപ്ലിന്റെ 'ആത്മകഥ', കെ. തായാട്ടിന്റെ 'നാം ചങ്ങല പൊട്ടിച്ച കഥ', എസ്. കെ. പൊറ്റക്കാട്ടിന്റെ 'ഒരു ദേശത്തിന്റെ കഥ', ഇത്തരത്തിലുള്ളവരുടെ എഴുത്തിനെ ശീലിയ്ക്കുക എന്നുള്ളതു കൂടിയാണ് വായനാ ദിനത്തിൽ നാം പ്രതിജ്ഞ എടുക്കേണ്ടത്. അറിവിനെ ആഹ്ലാദമാക്കണം. വായനയെ ആഘോഷിക്കണം. പഴയ കാലങ്ങളിൽ പത്രം വായന ചെറിയ ചെറിയ ചായക്കടയ്ക്കരികെ ഒരാൾ ഉച്ചത്തിൽ വായിക്കുകയായിരുന്നു. കണ്ണും മനസ്സും തുറന്നു വായിച്ചാലേ അതു നമ്മുടെ തലച്ചോറിലെത്തുകയുള്ളൂ. പ്രൊജക്ട് ഗുട്ടൻബർഗ് പോലുള്ള സൈറ്റുകളിൽ സൗജന്യമായി വായിക്കാൻ പറ്റുന്ന നിരവധി കാര്യങ്ങളുണ്ട്. എന്ത് വായിക്കണം എന്നേ നാം തീരുമാനിയ്ക്കേണ്ടൂ. എന്റെ അദ്ധ്യാപകൻ സൂചിപ്പിച്ചതുപോലെ വായിച്ചാലും വായിച്ചില്ലെങ്കിലും വളരും പക്ഷേ വായിച്ചാൽ വളരുമെന്നും വായിച്ചില്ലെങ്കിൽ വളയുമെന്നും പറഞ്ഞത് അക്ഷര വിരോധികളോടുള്ള കടുത്ത എതിർപ്പുമൂലമാണ്. പട്ടിണിയായ മനുഷ്യനോട് പുസ്തകം കൈയ്യിലെടുക്കാനും അത് പുത്തനൊരായുധമാണെന്നും പറഞ്ഞ് ബ്രെഹ്ത് ഇപ്പോഴും നമ്മുടെ മനസ്സിലെ മായാത്ത മുദ്രയാണ്. അതിനുകാരണം അക്ഷരങ്ങളുടെ മൂർച്ചയാണ്. നീലം പേരൂരിൽ നിന്നും നിലാവും, നക്ഷത്രങ്ങളുമുള്ള ഏതു ലോകത്തേയ്ക്കും കൈപിടിച്ച് കൊണ്ടുപോവാൻ ഒരു പ്രസ്ഥാനമായി വർത്തിച്ച പി. എൻ. പണിയ്ക്കർ 1995 ജൂൺ 19ന് പടിയിറങ്ങിയപ്പോൾ അക്ഷരങ്ങളോടുള്ള അടങ്ങാത്ത പ്രണയം ആ കണ്ണടയ്ക്കുള്ളിലെ നീലിമയിൽ മലയാളി കണ്ടു. മാറുന്ന വായനയിൽ വീതികുറഞ്ഞ മൊബൈലും ടാബും കൈയ്യടക്കിയ മലയാൺമയ്ക്കുണ്ടോ പതിറ്റാണ്ടുകൾ പണിയ്ക്കർ കൊണ്ടാടിയ അക്ഷരമുത്തുക്കളുടെ ആഴം മനസ്സിലാവുക. മുല്ലനേഴിയുടെ വരികൾ സാന്ദർഭികമായി ഓർമ്മ വരുന്നു.

അക്ഷരങ്ങൾ
മൂർച്ചയുള്ളോരായുധമാകുമ്പോൾ
പുസ്തകങ്ങൾ നമ്മളുടെ
കൂട്ടുകാരാകുമ്പോൾ
സംഘബോധം നമ്മളെ
നയിയ്ക്കുവാനെത്തുമ്പോൾ
സംഗതികളൊക്കെ നമ്മുടെ
ഇംഗിതം പോലാകും.

വീരഭദ്രൻ കണ്ടമുത്തൻ

കെ. വിജയകുമാരൻ
9448312631, 9444540631

കുന്നമ്പള്ളത്തെ നെല്പാടങ്ങളുടെ വരമ്പുകളിലും കുളവരമ്പിലും കുന്നിൻചെരിവുകളിലും സാമാന്യം സമൃദ്ധമായി കാണപ്പെടുന്ന ഒരു വൃക്ഷമാണ് കരിമ്പന (ശാ നാ: ബൊറാസസ് ഫ്ളാബെല്ലിഫെർ). ഇതിനെ ദേശീയ വൃക്ഷമായി പ്രഖ്യാപിക്കണമെന്ന് സ്ഥലത്തെ മുൻകാലദിവ്യനായിരുന്ന കണ്ടായിച്ചന് ഒരാഗ്രഹമുണ്ടായിരുന്നു. കുന്നമ്പള്ളം ഉൾപ്പെടുന്ന കേരളം ഇന്ത്യൻ യൂണിയനിൽ ചേരുകയും ഒട്ടും തലയെടുപ്പില്ലാത്ത ഒരു പൊണ്ണൻ വൃക്ഷത്തെ, അരയാലിനെ (ശാ നാ: ഫൈക്കസ് ബംഗാളെൻസിസ്), ദേശീയ വൃക്ഷമായി അവരോധിച്ചതും ചരിത്രമാണല്ലോ. ഇതിനെതിരായി കണ്ടായിച്ചൻ എഴുതിയ പ്രസിദ്ധീകരിക്കാത്ത ഒരു ലേഖനത്തിൽ ഈ രണ്ടു വൃക്ഷങ്ങളുടെയും ഗുണദോഷങ്ങളെപ്പറ്റി ഒരു പട്ടികയിൽ അക്കമിട്ടു പറയുന്നുണ്ട്.

മുഖ്യമായും ആൽമരങ്ങൾ കാരണം വിണ്ട് പിളർന്നു വീണ (വീഴുന്ന) കെട്ടിടങ്ങളുടെ സ്ഥിതിവിവരക്കണക്ക് (കമ്പോഡിയായിലെ അംഗ്കോർ വാട്ട് ഉൾപ്പടെ) വളരെ ശ്രദ്ധേയമാണ്. ഒട്ടുംതന്നെ ദോഷമില്ലാത്ത കരിമ്പനയുടെ നന്മകൾ കണ്ടായിച്ചനുശേഷം നന്നായി മനസ്സിലാക്കിയ ഒരു വ്യക്തി യശശ്ശരീരനായ അനിൽ അഗർവാളായിരുന്നു. അദ്ദേഹം ആ വൃക്ഷത്തെ രാജ്യത്തെ അഞ്ചു 'സർവൈവൽ ട്രീ' കളുടെ കൂട്ടത്തിൽ ചേർക്കുകയും ഡൽഹിയിൽ അദ്ദേഹം സ്ഥാപിച്ച സെന്റർ ഫോർ എൻവയൺമെന്റൽ കമ്മ്യൂണിക്കേഷൻസ് എന്ന സ്ഥാപനത്തിന്റെ 'ലോഗോ'യിൽ ഉൾപ്പെടുത്തുകയും ചെയ്തു എന്നത് ആ മരത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

ഇത്തരം പ്രാധാന്യമുള്ള ഒരു വൃക്ഷം കുന്നമ്പള്ളത്തെ ജനങ്ങൾക്ക് നല്കുന്ന സേവനങ്ങളെപ്പറ്റി പറയാൻ തുടങ്ങിയാൽ ഒരന്തമില്ലാതങ്ങനെ എഴുതിപ്പോകും. അതിനാൽ കഥയുടെ കാതലായ ഭാഗത്തേക്കുതന്നെ വരാം. കുന്നമ്പള്ളത്തെ അഞ്ചോളം കുടുംബങ്ങൾ പൂർണ്ണമായും കരിമ്പനയെ ആധാരമായാണ് ജീവിക്കുന്നത് എന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. അത്തരം കുടുംബങ്ങളിലൊന്നിന്റെ നാഥനായിരുന്നു കണ്ടമുത്തൻ എന്ന നമ്മുടെ കഥാനായകൻ.

നായകൻ പത്തോളം പനകൾ രാവിലേയും വൈകുന്നേരവും കയറിയിറങ്ങും. കള്ളുത്പാദനമാണ് ദുരുദ്ദേശ്യം. കള്ളിൽ രണ്ടുതരമുണ്ട് – ലഹരിതരുന്ന വെള്ളക്കള്ളും ലഹരിയില്ലാത്ത മധുരക്കള്ളും (ചക്കരക്കള്ളെന്നു കുന്നമ്പള്ളക്കാർ പറയും, നീര-പതനീർ എന്ന ഇന്നത്തെ പരിഷ്കാരി ഉത്പന്നത്തിന്റെ പ്രാചീന കരിമ്പന വെർഷൻ എന്നും പറയാം). കള്ള് ഷാപ്പിലേക്ക് കൊടുക്കാറില്ല. അദ്ദേഹം ഉത്പാദിപ്പിക്കുന്നത് മുഴുവനും ചക്കരക്കള്ളാണെന്നാണ് അവകാശപ്പെടുന്നത്. അതുകാരണം സർക്കാറിന് അയാളുടെ ചെത്തുകൊണ്ട് (ഇന്നത്തെ യുവാക്കളുടെ ചെത്തുപോലെ)ഗുണമില്ല. അയാളുടെ വീട്ടിൽ ചെന്നുനോക്കിയാൽ ചക്കരക്കള്ള് കുറുക്കുന്നതിനാവശ്യമായ സകല സാമഗ്രികളും കാണാം. പാവു കുറുക്കുന്ന വലിയ മൺകലം, ചക്കരയുണ്ടാക്കുന്ന പാത്തി (അച്ച്), കണ്ണൻചിരട്ടകൾ, ചക്കര ഉണക്കാൻ ഉപയോഗിക്കുന്ന പനമ്പ് (കുന്നമ്പള്ളത്തുകാർ 'പരമ്പെന്നു' പറയും) അസംഖ്യം തവി, ചട്ടുകം എന്നിവ കാണാം.

കണ്ടമുത്തൻ സസ്യഭുക്കായ ഒരു അഹിംസാവാദിയാണ് (ദലായി ലാമ മുതൽ മാംസ ഭുക്കുകളായ അഹിംസാവാദികൾ അനവധി ഉള്ളത് വായനക്കാർ മറക്കരുത്). പോരാത്തതിന് ഒരു 'കാംഗ്രസ്' അംഗവും, കള്ള് ലഹരിപദാർത്ഥമായി ഉപയോഗിക്കുന്നതിന് എതിരാണ് അദ്ദേഹം. അതിനാൽ ചക്കരയുത്പാദനത്തിലൂടെ കിട്ടുന്ന മിതമായ വരുമാനം മതിയെന്ന് തീരുമാനിച്ചുറപ്പിച്ചു. ആ ഗോളവത്കരണം വരുന്നതിന് വളരെ വർഷങ്ങൾക്കുമുമ്പ് കണ്ടമുത്തൻ 'ലോക്കൽ സസ്റ്റൈനബിലിറ്റി' യെപ്പറ്റി ബോധവാനായിരുന്നു എന്നുവേണം കരുതാൻ. തന്റെ ഉത്പന്നങ്ങളായ ചക്കരക്കള്ളും ചക്കരയും കുന്നമ്പള്ളത്തുകാരുടെ ആവശ്യം നിറവേറ്റിയ ശേഷം മാത്രമേ പുറത്തുള്ളവർക്ക് വില്ക്കുകയുള്ളു. വേനലിൽ കുന്നമ്പള്ളത്ത് വരുന്ന വിരുന്നുകാർക്ക് ദാഹശമനത്തിനായി അല്പം സാമ്പത്തികശേഷിയുള്ളവർ ചക്കരക്കള്ള് നൽകാറുണ്ടായിരുന്നു.

ആയിടയ്ക്ക് കള്ളിലുള്ള പോഷകവസ്തുക്കളെപ്പറ്റി ചില മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച വസ്തുതകൾ ചില കാംഗ്രസുകാരെ വല്ലാതെ ആ പാനീയത്തിലേക്കാകർഷിച്ചു. ഷാപ്പിനകത്തുകയറുന്നത് ഒന്നാമത് നാണക്കേടാണ്. രണ്ടാമത് അവിടെ കുടിയന്മാർ മുഴുവനും കമ്മ്യൂണിസ്റ്റുകളോ കമ്മ്യൂണിസ്റ്റനുഭാവികളോ ആണ്. അക്കാരണം കൊണ്ടുതന്നെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 'കൊള്ളുപിഴിക്കി കള്ളുകുടിച്ച കള്ളക്കമ്മുനോട്ടില്ല' എന്നൊരു മുദ്രാവാക്യം കുട്ടിനേതാവ് കിഷ്ണൻകുട്ടി എഴുതിയുണ്ടാക്കിയത്. കുന്നമ്പള്ളത്തെ മറ്റു നാലു കള്ളുത്പാദകരും കമ്മ്യൂണിസ്റ്റ് അനുഭാവികളായിപ്പോയതിനാൽ അവരോട് രഹസ്യമായി കള്ള് സപ്ലൈ ചെയ്യാൻ പറയുന്നത് പാർട്ടിക്ക് വൻ അപകടങ്ങൾ വരുത്തുവാനിടയാക്കും. ഏക കാംഗ്രസ് കള്ളുത്പാദകനായ കണ്ടമുത്തനാണെങ്കിൽ ചക്കരക്കള്ളിനപ്പുറം ലോകമില്ലെന്നു വിശ്വസിക്കുന്നവനും. ഇന്നേവരെ ലോകത്തു മദ്യപാനീയത്തിലേക്ക് വഴി നടന്നവർ അഭിമുഖീകരിച്ച സമസ്യകളിൽ ഇതുപോലെ

സങ്കീർണ്ണമായ ഒരു സമസ്യ കാണാൻ പ്രയാസമാണ്.

ലോക്കൽ കമ്മിറ്റിയിൽ പ്രശ്നം മൂന്നു ദിവസം ചർച്ച ചെയ്തു. ആരോഗ്യസംരക്ഷണത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടു വീഴ്ചയ്ക്കും തയ്യാറാകേണ്ടതില്ലെന്ന പ്രമേയം പാസാക്കി. വളർന്നുവരുന്ന കമ്മ്യൂണിസ്റ്റുകളെ ചെറുക്കാൻ പര്യാപ്തമായ ഒരു കാംഗ്രസ് അണിയുടെ ആവശ്യകത അടിവരയിട്ടു. അംഗങ്ങളുടെ അഭിമാനത്തിനു കോട്ടം പറ്റാത്തവിധത്തിൽ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ കേളൂച്ചന്റെ അദ്ധ്യക്ഷതയിൽ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചു. കമ്മിറ്റി തല പുകഞ്ഞാലോചിച്ചു. കമ്മിറ്റിയാപ്പീസിൽ നിന്നും അമിതമായി വമിച്ച പുക കാരണം അയല്പക്കത്തെ വീട്ടിലെ സഖാവ് വാസു ഇടയ്ക്കിടെ ചുമയ്ക്കുന്നുണ്ടായിരുന്നു.

രണ്ടാം ദിവസം കേളൂച്ചൻ കമ്മിറ്റി അതിരാവിലെ സമ്മേളിച്ചു. വെറും വയറ്റിൽ പഴണീപ്പന്റെ കടയിൽ നിന്നു വരുത്തിയ ചായയും വെറും ശ്വാസകോശത്തിൽ പൂനൈ-എലി മാർക്ക് ബീഡിയുതിർത്ത പുകയും ചെന്നപ്പോൾ കമ്മിറ്റി ഉഷാറായി. അംഗങ്ങൾക്കിടയിൽ താഴെ കാണുവിധം സംഭാഷണം ഉണ്ടായി.

"ഇഞ്ഞിപ്പോ മാനം പോയാ പോട്ടേന്ന് വിചാരിച്ച്ങ്ങാണ്ട് ഷാപ്പീത്തെന്നെ പോയാലോ" കൂട്ടത്തിൽ മുതിർന്ന കിട്ടുപ്പൻ ചോദിച്ചു.

"ഏയ് അത് പറ്റില്ലപ്പാ...! നാലാള് കണ്ടാ നാണക്കേട് പറയണ്ടാ..." യുവരക്തം രാമകൃഷ്ണൻ പ്രതിഷേധം രേഖപ്പെടുത്തി.

"എന്നാപ്പിന്നെ തലീലൊര് തോർത്തിട്ട്ങ്ങാണ്ട് പോയാ മതിയാ?" കേളൂച്ചൻ തമാശയായി ചോദിച്ചു.

"കുന്നമ്പള്ളത്തിലെ നാട്ടുകാര്ക്ക് കാംഗ്രസ്സ്കാരെ തലയില്ലാണ്ടെന്നെ കണ്ടാലും അറിയും." രാമകൃഷ്ണൻ പറഞ്ഞു.

"ആസകലാൽക്കൂടി എയ്കിപ്പോ ഒറ്റ വഴിയേ തോന്ന്ണുള്ളൂ. നമ്മണ്ടെ കണ്ടമുത്തനെത്തന്നെ കാല് പിടിച്ചോ കാക്കാപ്പിടിച്ചോ സമ്മതിപ്പിക്ക്യാ."

"അതിനവൻ ശാന്തീന്റെ ഏട്ടനെപ്പോലെയല്ലേ കാണിക്ക്ണ്?" കിട്ടൂപ്പന്റെ ആശങ്ക.

"അത് നടക്കുഓ ആവോ!" രാമകൃഷ്ണന്റെ ബലമായ സംശയം.

"നടക്കണം" കേളൂച്ചൻ എന്തോ തീരുമാനിച്ചുറച്ചതുപോലെ പറഞ്ഞു.

കേളൂച്ചന്റെ ഭാര്യ നാണീച്ചിയുടെ ഇളയ ആങ്ങള സ്കൂളധ്യാപകനായ സഹദേവൻ ഒരു കറയറ്റ കാംഗ്രസ് പ്രവർത്തകനാണ്, കൂടാതെ താലൂക്ക് കമ്മിറ്റി അംഗവും. വിവരവും വിദ്യാഭ്യാസവും ഉള്ള സഹദേവൻ പറഞ്ഞാൽ കണ്ടമുത്തന് മനസ്സിലാകും എന്നു കേളൂച്ചന് അറിയാം. കണ്ടമുത്തന്റെ ഭാര്യയും സഹദേവന്റെ ഭാര്യയും വലിയ അകലമില്ലാത്ത ബന്ധുക്കളാണെന്നതും ഇവിടെ പ്രസ്താവ്യമാണ്.

ടെലിഫോണൊക്കെ പ്രചാരത്തിൽ വരുന്നതിന് എത്രയോ മുമ്പ് ഒരു സന്ദേശം അയക്കാൻ വല്ലാത്ത ബുദ്ധിമുട്ടാണ്. സഹദേവൻ പഠിപ്പിക്കുന്ന കൊല്ലങ്കോട്ടിലെ സ്കൂളിൽ കുന്നമ്പള്ളത്തുനിന്നും ഒരു കുഞ്ഞും പഠിക്കുന്നില്ല എന്നതാണ് ദുരവസ്ഥ. കേളൂച്ചൻ പെലച്ചയ്ക്ക് എഴുന്നേറ്റ് ഒരു വട്ട്കിണ്ണം വെള്ളച്ചോറ് അകത്താക്കി ചീള്ന്ന് തൊട്ടിയത്തറ വഴി ആനമാറിയിലേക്ക് വച്ചുപിടിച്ചു. കേളൂച്ചന്റെ അറിവിൽ ആനമാറിയിൽനിന്നും, കുതിരമൂളിയിൽ നിന്നു ഒന്നുരണ്ടു കുട്ടികൾ കൊല്ലങ്കോട് പഠിക്കുന്നുണ്ട്. ആനമാറിയിൽ കുഞ്ചുപ്പഴണാലച്ചന്റെ വീട്ടിൽ എത്തുമ്പോൾ ഉദിച്ച് "പെല പെലാ ന്ന്" വെളുത്തിയിരുന്നു. പഴണാലച്ചന്റെ നാലാമത്തെ പുത്രൻ സ്കൂളിലേക്കുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി പുഴയിൽ കുളിക്കാനിറങ്ങുകയായിരുന്നു. കേളൂച്ചൻ സഹദേവൻ മാഷെ അടുത്ത ഞായറാഴ്ച കുന്നമ്പള്ളത്തേക്ക് വരുവാനുള്ള 'അളിയന്റെ വിളി' ചെക്കനെ പറഞ്ഞേല്പ്പിച്ചു. കുഞ്ചുപ്പഴണാലച്ചൻ തൊടിയിലെന്തോ പണിത്തിരക്കിലായിരുന്നു. കേളൂച്ചൻ നേരെ തൊടിയിൽ ചെന്ന് അദ്ദേഹവുമായി രണ്ട് ഡയലോഗ് ഫിറ്റ് ചെയ്തു. വൈകാതെ കാളുക്കുട്ടിയമ്മയുടെ വെള്ളച്ചോറ് ഉണ്ണാനുള്ള ക്ഷണം ഭവ്യമായി നിരസിച്ചുകൊണ്ട് കിഴക്കോട്ട് വന്ന വേഗത്തിൽതന്നെ തിരിച്ചുനടന്നു. വഴിയിൽ ആനമാറി പള്ളിയുടെ സമീപത്തുവച്ച് 'ഓടു-പിച്ചള അലുമിനിയപ്പാത്തറം-തേനീച്ചാമ്പളേ...' എന്ന വിളിയുമായി ചുക്രു രാവുത്തർ അദ്ദേഹത്തോടൊപ്പം ചേർന്നു, കുന്നമ്പള്ളം വരെ അനുഗമിച്ചു. രണ്ടുപേരും പലപല 'കൂട്ടങ്ങളും' കൂടി (കുന്നമ്പള്ളത്തും പരിസരത്തും ജനങ്ങൾ സംസാരിക്കാറില്ല കൂട്ടം കൂടുകയാണ് പതിവ്) കുന്നമ്പള്ളം എത്തിയതേ അറിഞ്ഞില്ല.

പറഞ്ഞതുപോലെ സഹദേവൻമാഷ് ഞായറാഴ്ച കുന്നമ്പള്ളത്തെത്തി. കേളൂച്ചൻ അളിയനു ദൗത്യം വിശദമാക്കി. ഉച്ചതിരിഞ്ഞൊരു സമയത്ത് ആൽത്തറയിൽവച്ച് സഹദേവനും കണ്ടമുത്തനുമായി നടന്ന സംഭാഷണം ഇപ്രകാരമായിരുന്നു.

"എന്താ കണ്ടമുത്താ, എന്തൊക്കെയാണ് വിശേഷങ്ങൾ ?"

"അല്ലാ ദാര് സഹദേവമ്മാഷാ ? എപ്പ വന്നു ?"

"ഞാന് രാവിലെ വന്നു. പിന്നെ, ചെത്തൊക്കെ എങ്ങനെയിണ്ട് ?"

"തരക്കേടില്ലാണ്ട് പോണു, നാലഞ്ച് പനകളില് കള്ളിത്തിരി കൊറഞ്ഞിട്ട്ണ്ട്"

"ചക്കരക്കള്ള് മാത്രമായിട്ട് ചെത്ത് മൊതലാക്ണ്-ണ്ടാ കണ്ടമുത്താ? ഒന്നോ രണ്ടോ പനയീന്ന് കൊറേശ്ശെ വെള്ളക്കള്ളെറക്കി നോക്ക്. നമ്മള് ചെലപ്പോ ചെല ആദർശോം പറഞ്ഞ്ങ്ങണ്ട് ഇര്ന്നാ നമ്മണ്ടെ കെട്ടിയവ്ള്ക്കോ കുട്ടികള്ക്കോ എന്തെങ്കിലും ആയാല് കാശില്ലാണ്ട് കാര്യം നടക്കുഓ?"

കണ്ടമുത്തൻ മിണ്ടിയില്ല. എന്തോ ആലോചിച്ചുകൊണ്ട് നിന്നു. സഹദേവൻ തുടർന്നു.

നമ്മള് കള്ള് കുടിക്കണതൊ കുടിക്കാണ്ടിരിക്കണതോ നമ്മണ്ടെ സ്വന്തവിഷയം. മറ്റവർ എന്തു കുടിക്കണം കുടിക്കണ്ടാന്ന് പറയാൻ നമ്മ്ക്ക് എന്തവകാശം? ഇപ്പത്തന്നെ നോക്ക് നിന്റെ കുടുംബത്തിലെല്ലാവ്രും ദെവസം മുഴുക്കെ പണിയെട്ത്തിട്ടാണ് നിങ്ങണ്ടെ ചക്കരക്കച്ചവടം നടക്ക്ണത്. അപ്പറത്ത് ചെല്ലപ്പനും അവന്റെ കെട്ടിയവ്ളും അരനേരം മാത്രം പണിയെട്ത്ത് നിങ്ങണ്ടത്തറ സമ്പാദിക്ക്ണു. ഇനി ഈ പണി എല്ലായ്പ്പളും ചെയ്യാമ്പറ്റുഓ? നിന്റെ മക്കള് ഈ പണി ചെയ്യുഓ? നമ്മള് ആരിന്റെയും മൊതല് കക്കാനോ കൊള്ളയടിക്കാനോ പോണില്ലാലോ?"

"എന്നാലും മാഷേ, ബോതയുള്ള കള്ള് ആള്ക്കാര്ക്ക് കൊട്ക്ക്ണത് ശെരിയാണോ?"

"വെള്ളക്കള്ള് പനയീന്ന് എറക്കുമ്പോ വലിയ കൊഴപ്പമില്ലാത്ത ഒന്നാണ്. ഷാപ്പിലിര്ന്ന് ഇത്തിരി പുളിക്കുമ്പോ കൊറച്ച് തലയ്ക്ക് പിടിക്കും. കൊറച്ച് കുടിച്ചാ അത് ആരോഗ്യത്തിന് നല്ലതാണ്. അധികം കുടിച്ചാ കൊഴപ്പം തന്നേ. നീയിപ്പ വെള്ളക്കള്ള്ണ്ടാക്കിയില്ലെങ്കീ അതുണ്ടാക്കാൻ വേറെ നാലാള്ണ്ടാകും. നാട്ടിലാരും കള്ള് കുടിക്കാണ്ടിരിക്ക്യോ ? അതും ഇല്ല"

'ദൈവാനീനെ കള്ള്ക്കൊടൗം ചൊമന്ന്കൊണ്ട് ഷാപ്പുവരെ നടത്തിക്കിണതില് ഒര് ചെതക്കേട്'

'അത് നിനക്കവിളിന്റ്ട്ത്ത് അത്തറ സ്നേഹംള്ളത്കൊണ്ടാ. അപ്പ അതിനൊര് വഴിയിണ്ടാക്കാ. നീയൊര് കാരിയം കാട്ട്. ഒരു പനീന്ന് വെള്ളക്കള്ള് എറക്ക്. ഷാപ്പിലിക്ക് കൊട്ക്കണ്ടാ. നമ്മണ്ടെ വേണ്ടപ്പെട്ടവര് കൊറച്ചാള്കള് ഷാപ്പീ പുകാൻ മടിച്ച്ങ്ങാണ്ട്, എന്നാലോ ഇത്തിരി കള്ള് കിട്ടിയാ വേണ്ടില്ലാന്ന് പറഞ്ഞ് ഏങ്ങിയ്ങ്ങണ്ട് ഇരിക്ക്ണ്-ണ്ട്. നീയിപ്പോ തല്ക്കാലം അവിരിനെ മാത്തറം കുടിപ്പിക്ക്. പിന്നെ എന്ത് വേണംന്ന് പിന്നെ നോക്കാ."

ദൗത്യം വിജയകരമായി നിർവ്വഹിച്ച് സഹദേവൻമാഷ് "മോന്തിയോടെ" കൊല്ലങ്കോട് തിരിച്ചെത്തി. പിറ്റേന്നു രാവിലെ കണ്ടമുത്തൻ കുളവരമ്പിലെ പണ്ടപ്പനയിലെ കുടത്തിൽ ചുണ്ണാമ്പു പുരട്ടിയില്ല. പത്ത് മണിയ്ക്ക് പഴണീപ്പന്റെ പീടികയിൽ വച്ച് കേളൂച്ചനെ കണ്ടപ്പോൾ കണ്ടമുത്തൻ സ്വല്പമകലെ മാറ്റി നിർത്തി കാര്യം രഹസ്യമായി അറിയിച്ചു. കാർന്നോര് ആനന്ദത്തിൽ മതിമറന്ന് കണ്ടമുത്തനെ ഒരു ദൃതരാഷ്ട്രാലിംഗനത്തിനിരയാക്കി. കണ്ടമുത്തൻ അന്നു വൈകുന്നേരം കുളവരമ്പിലെ പണ്ടപ്പനയിൽനിന്നും അന്തിക്കള്ളിറക്കിയപ്പോൾ യാദൃച്ഛികമായി അതുവഴി പോയ ചില കാംഗ്രസ്സുകാർ കുശലം പറയുന്നതിനിടക്ക് അല്പം കള്ള് അകത്താക്കി. സംഘം കിഴക്കോട്ടു പോകുംമുമ്പ് കേളൂച്ചൻ കണ്ടമുത്തന്റെ കയ്യിൽ നാലണകൾ വച്ചമർത്തി. ഈ യാദൃച്ഛികസംഭവം തുടർന്ന് ദിനംതോറും ആവർത്തിക്കപ്പെട്ടു. യാദൃച്ഛികത ഒട്ടും നഷ്ടമാകാതെ തന്നെ.

കുന്നമ്പള്ളത്തെ അഭിമാനികളും, ആരോഗ്യകാംഷികളുമായ കാംഗ്രസുകാരുടെ ദാഹശമനത്തിനായി, അതിലുപരി അവരുടെ ആരോഗ്യസംരക്ഷണത്തിനായി, കണ്ടമുത്തൻ തന്റെ ആദർശത്തിൽ അയവുവരുത്തിയ ആ ത്യാഗമഹോജ്ജ്വല ദിവസത്തെ 'ചരിത്രമുറങ്ങുന്ന കുന്നമ്പള്ള'ത്തിൽ കണ്ടായിച്ചൻ പരാമർശിക്കാതെ പോയതിൽ ലേഖകന് പരാതിയില്ല. കാരണം കണ്ടമുത്തനെ ചരിത്രപുരുഷനാക്കുന്ന മറ്റൊരു പ്രധാന സംഭവം വളരെ സത്യസന്ധമായി അദ്ദേഹം വിവരിക്കുന്നുണ്ട്. ഒരു സുഖപര്യവസായിയായി കഥയിവിടെ അവസാനിപ്പിക്കാൻ നിർവാഹമില്ലാത്തവിധം ആ സംഭവം പ്രാധാന്യമർഹിക്കുന്നു.

ദിവസേന മുടങ്ങാതെ നടക്കുന്ന കുളവരമ്പിലെ യാദൃച്ഛിക സംഭവങ്ങളിൽ ചില പ്രതിപക്ഷ നായകന്മാരുടെ ശ്രദ്ധ പതിഞ്ഞതിൽ അത്ഭുതമില്ല. ഇവിടെ കണ്ടമുത്തനെ നേരിട്ട് കണ്ട് കാര്യങ്ങളുടെ നിജസ്ഥിതി അറിയാൻ നേതാവിനോ ശിങ്കിടികൾക്കോ ധൈര്യമില്ല. ആറടി പൊക്കവും അതിനൊത്ത ദൃഢമായ ദേഹവുമുള്ള കണ്ടമുത്തന്റെ കരുത്തിനെപ്പറ്റി കുന്നമ്പള്ളത്തും പരിസരത്തും എല്ലാവർക്കും അറിയാം. ടിയാൻ പനകയറുംമുമ്പ് പനയ്ക്കും തന്റെ വയറിനും മധ്യേ മുരുക്കുമരം ഉറപ്പിച്ച് ചേറ്റുകത്തി മൂർച്ചയാക്കുമ്പോൾ കരിമ്പനയുടെ തലപ്പ് ആകാശത്തിൽ വന്യമായി ചാഞ്ചാടുന്നത് കുന്നമ്പള്ളത്തുള്ളവർ കാണാറുള്ള ഒരു നിത്യദൃശ്യമാണ്. അയാളുടെ തഴമ്പുള്ള കൈകൊണ്ട് ഒരടി കിട്ടിയാൽ അവയവങ്ങൾക്ക് രൂപമാറ്റം സംഭവിക്കുമെന്നതിൽ സംശയമില്ല തന്നെ. ശത്രു കരുത്തനാണെന്നുവച്ച് പിന്തിരിയുന്നത് യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾക്ക് ചേരുന്നതല്ലല്ലോ. അവർ റഷ്യൻ (അന്നു കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നിട്ടില്ല) സാങ്കേതിക സഹായത്തോടെ കണ്ടമുത്തനെ കുരുക്കാനൊരു വലയൊരുക്കി.

അന്നൊരുനാൾ സന്ധ്യക്ക് പതിവു യാദൃച്ഛികസംഭവം നടക്കും മുമ്പ് മറ്റൊരു വൻ യാദൃച്ഛിക സംഭവം അരങ്ങേറി. അന്തിക്കള്ളിറക്കി പതിവുകാർ രംഗത്ത് പ്രത്യക്ഷമാകുന്നതിനുതൊട്ടുമുമ്പ് എവിടെനിന്നെന്നറിയാതെ ഒരു എക്സൈസ് ഉദ്യോഗസ്ഥനും ഒരു പോലീസുകാരനും പൊടുന്നനെ രംഗത്ത് പ്രത്യക്ഷരായി. കണ്ടമുത്തൻ ചെറുതായൊന്നു നടുങ്ങി. എന്നാലും സമനിലവെടിയാതെ നിന്നു. അല്പം അകലെ കാംഗ്രസ്സ് മേമ്പ്രന്മാർ സംഗതി പിശകാണെന്നു മണത്തറിഞ്ഞ് പതുക്കെ തിരിഞ്ഞുനടക്കുന്നത് കണ്ടമുത്തൻ കണ്ടു. ഒരു കൂസലുമില്ലാതെ കുടവും തോളിലെടുത്തു നടക്കാൻ ഭാവിച്ച കണ്ടമുത്തനോട് പോലീസുകാരൻ ആജ്ഞാപിച്ചു.

"നിക്കടാ അവടെ, നിന്റെ പേരെന്താണ്ടാ?"

"കണ്ടമുത്തൻ സാറെ"

"കൊടത്തിലെന്താണ്ടാ ?"

"കള്ള് സാറെ"

"അത് മനസ്സിലായി. വെള്ളക്കള്ളോ ചക്കരക്കള്ളോ എന്നാണ് സാർ ചോദിച്ചത്' എക്സൈസ് അദ്ദേഹം വിശദമാക്കി.

"വെള്ളക്കള്ള് സാറെ"

"നീ കള്ള് ചെത്തി ഷാപ്പിൽ കൊടുക്കാണ്ട് സ്വന്തമായി വില്പന നടത്തുവാണെന്നു കേട്ടത് അപ്പോ ശെരിയാണല്ലേ?"

"എല്ല സാറെ, ഇതെന്റെ സൊന്ത ആവിശ്യത്തിന് എറക്കിയതാണ് സാറെ"

"അതു കള്ളമാണ് സർ ഇവൻ കള്ളു കുടിക്കില്ല സാർ" എക്സൈസ് ഇടയ്ക്കുകയറി പറഞ്ഞു.

"നേരാണോട ? നീ കുടിക്കില്ലെന്നു പറഞ്ഞതുനേരാണെങ്കിൽ പിന്നെ ഈ ഏഴെട്ടു ലിറ്റർ കള്ള് ആർക്കാണ്ടാ?"

"സാറെ ഇങ്ങോര് പറഞ്ഞത് നേരാണ്. നാന് ഇന്നലെ വരെ കുടിച്ചിട്ടിണ്ടായിര്ന്നില്ല. ഇന്ന്മൊതല് ഇത്തിരി കുടിക്കാന്ന് തീരുമാനിച്ചു. അതിന് വേണ്ടി ഇത്തിരി കള്ള് എറക്കിയതാണ് സാറെ"

"ഒരു കൊടം കള്ള് ഇത്തിരിയാണ്ടാ? ഒരു തൊടക്കക്കാരന് കുടിക്കാൻ ഏഴെട്ട് ലിട്ടറ് എല്ലേടാ? എന്നാ കുടിച്ച് കാണിച്ച്താടാ ക... ക... മോനെ" പോലീസുകാരൻ ലാത്തി ചുഴറ്റി അലറി.

കണ്ടമുത്തൻ പനംചുവട്ടിലൊരു തിട്ടിൽ കുടം ഇറക്കിവച്ചു. അതിനു തൊട്ടുതാഴെ കുന്തക്കാലിലിൽ ഇരുന്നു. പതുക്കെ കുടം തിട്ടിനും തന്റെ മുഖത്തിനും ഇടയിൽ ക്രമീകരിച്ച് കുടത്തിന്റെ വായ തന്റെ വായിലോട്ടടുപ്പിച്ചു. കുറെ നേരം 'ഗള-ഗള' എന്നു കള്ളൊഴുകുന്ന ശബ്ദം കേട്ടു. കുടം ക്രമമായി ചരിഞ്ഞുകൊണ്ടിരുന്നു. പിന്നെ കണ്ടമുത്തൻ എഴുന്നേറ്റുനിന്നു കുടത്തിൽ ബാക്കിവന്ന കള്ള് തല മേല്പ്പോട്ടാക്കി കുടം ചെരിച്ചു പിടിച്ചു കുടിച്ചു. കുടം താഴെ കമഴ്ത്തിവച്ച് അയാൾ ഗംഭീരമായ ഒരേമ്പക്കം വിട്ടു. അല്പം കഴിഞ്ഞ് അതിനെക്കാൾ ശബ്ദഗാംഭീര്യമുള്ള ഒരു കീഴ്ശ്വാസവും. അതിന്റെ മാറ്റൊലി അവസാനിക്കവേ കണ്ടമുത്തൻ ചോദിച്ചു.

"ഇനിയെന്തെങ്കിലും സമ്ശിയമിണ്ടാ സാറേ?"

സാറന്മാര് അതിനൊക്കെ മുമ്പ് കീഴ്ശ്വാസത്തിന്റെ അലകളോടൊപ്പം വായുവിൽ അപ്രത്യക്ഷരായിരുന്നു. പോലീസുകാരൻ കൊല്ലങ്കോട് ചക്കാന്തറയിലും എക്സൈസ് ഊട്ടറയിലുമാണ് പിന്നീട് പ്രത്യക്ഷരായത്. 'കീർത്തിശത്രുക്കളോടൊത്തു പരന്നു പല ദിക്കുകൾ' എന്നാണല്ലോ കവിവാക്യം. കണ്ടമുത്തന്റെ കള്ളുകുടി അക്കാലത്തെ സകല മാധ്യമങ്ങളിലും കുറേക്കാലം കണ്ടമാനം സ്ഥലം കയ്യടക്കിയിരുന്നു. കണ്ടമുത്തനാണെങ്കിൽ അതി

നുശേഷം കുടിക്കുകയുണ്ടായില്ല. എന്നാൽ അധികാരവർഗ്ഗത്തിന് അദ്ദേഹത്തിന്റെ കപ്പാസിറ്റിയെപ്പറ്റി ഒരു തരിമ്പും സംശയമുണ്ടായില്ല. ചില്ലറ കുടിയന്മാർ 'കള്ള് കുടിക്കയാണെങ്കീ കണ്ടമുത്തനെപ്പോലെ കുടിക്കണം' എന്നൊരു പ്രയോഗം പ്രചരിപ്പിച്ചിരുന്നത് കുന്നമ്പള്ളത്തുകാർ പിന്നീട് പാടേ മറന്നുപോയി.

കാംഗ്രസുകാർ നല്ലപോലെ കുടിക്കാൻ തുടങ്ങിയതുകാരണം കമ്മ്യൂണിസ്റ്റുകാർ അമ്പത്തിഏഴിലെ തിരഞ്ഞെടുപ്പിൽ കാംഗ്രസുകാരുടെ ഒരു പഴയ മുദ്രാവാക്യത്തെത്തന്നെ തിരുത്തി "കൊള്ളുപിഴിക്കി കള്ളു കുടിച്ച കള്ളക്കാംഗ്രസിനോട്ടില്ല, ഓട്ടില്ലാ... ഓട്ടില്ല, ഓട്ടില്ല, കള്ള കാംഗ്രസിനോട്ടില്ലാ..." എന്നാക്കി മാറ്റി. കുന്നമ്പള്ളത്തെ കമ്മ്യൂണിസ്റ്റ് വിജയത്തിൽ കാംഗ്രസുകാരുടെ മദ്യപാനത്തിനുള്ള പങ്ക് എന്ന വിഷയത്തിൽ ഗവേഷിക്കുകയാണ് ലേഖകനിപ്പോൾ. താമസിയാതെ അതേപ്പറ്റി എഴുതുന്നതാണ്. •

കവിത

ഭാസ്കരൻ കേരളശ്ശേരി
9895164948, 0491 – 2576529

ഒരു തലയോടിന്റെ പരിദേവനം

കാവിൻപറമ്പിൽ, അമിട്ടിൻപറകൾക്ക്
കാലത്തുവന്നു കുഴിതോണ്ടുവോരോടായ്
കേണുപറഞ്ഞു – "കേൾ – നിങ്ങൾതൻ കോക്കോട്ടു
വീണുപൊളിഞ്ഞ തലയോട്ടിയാണുഞാൻ-
പട്ടും ചിലമ്പുമരമണി, വാളുമായ്
ഒട്ടും വയറിലുറഞ്ഞ ഞാൻ കോമരം."

* * * * *

ഒത്തിരിയാണ്ടുകൾ മുമ്പെങ്കിലും-നിറ-
മൊട്ടുമേ മങ്ങാതെയിന്നുമോർമ്മിപ്പു ഞാൻ,
കാവിന്നുചുറ്റു-മിടതൂർന്ന-തേക്കിന്റെ
കാടായിരുന്നു – ഘനശ്യാമസുന്ദരം.
പക്ഷികൾ – മറ്റു ചെറുജീവികൾക്കായി-
യീക്ഷിതി നൽകിയ വീടായിരുന്നിടം
തമ്പുരാനുള്ളിലൊരാശ-യാ-കാടിനെ-
യമ്പാടെ വെട്ടിവെളുപ്പിക്കുവാൻ തുലോം-
ഒന്നുഞാനന്നേ നിരൂപിച്ചു – തമ്പുരാൻ
വന്നിടുന്നേരം – മുറങ്ങു 'കല്പിയ്ക്കണം'
'കാവിലെ കോമരമല്ലെ-യൊരുവേള
ദേവിതൻ ഭക്തനാം തമ്പുരാൻ കേട്ടിടും.'

* * * * *

കുത്തുവിളക്കിന്റെ വെട്ടത്തിൽ-വാളിനാൽ
വെട്ടിഞാനെന്റെ തലയിൽ പലകുറി
ചോരയൊലിയ്ക്കും മുടി-യിടംകയ്യിനാൽ
മേലോട്ടു മാടിയൊതുക്കി-കരംനീട്ടി-
താലത്തിൽനിന്നരി വാരിയെറിയവേ-
ചാരത്തു, 'കല്പനയ്ക്കായ്' വന്നു തമ്പുരാൻ
കല്പിച്ചുഞാൻ – 'മരവെട്ടൊല്ല-ദേവിതൻ-
കല്പനയെന്നുകരുതേണമുണ്ണിനീ-
ചുറ്റിലും കാടുമീ കാടെൻ 'പിതാവിന്റെ'[b]
കറ്റക്കുഴലിൽ ജടയാണറികനീ'
തമ്പുരാനോതി – 'മരംമാത്രമല്ലെന്റെ
മുമ്പിലെ – 'കോമര'ത്തേയുമരിഞ്ഞിടും'
ക്രുദ്ധനായ് തമ്പുരാൻ വാളുരിയെൻതല
തൽക്ഷണംവീശിയറുത്തു-നിണംചിന്തി-
താഴത്തുവീണു പിടഞ്ഞിടുംനേരത്തു
'വാഴട്ടെ തമ്പുരാൻ' – ആർത്തു ചുറ്റുംജനം.
കല്പിച്ചുതമ്പുരാൻ – 'ഈ ജഡം കാടിന്റെ
മുക്കിലെങ്ങാനും കുഴിവെട്ടിമൂടുക.'

* * * * *

മഞ്ഞളും പച്ചമരുന്നുമായ് ജാനകി
യെന്നെയും കാത്തുകാത്തന്നുമിരുന്നിടാം-
പാതിവെന്തുള്ളോരു പായസച്ചോറിന്റെ
പൂതിയടക്കിയെൻ കുട്ടനുറങ്ങിടാം –
തോട്ടുവരമ്പിലെൻ ചുട്ടുവെട്ടംകാത്തു-
കോട്ടുവായിട്ടെന്റെ മാതുവുറങ്ങിടാം-
കണ്ണുകാണാത്തൊരെന്നമ്മ, മുറ്റത്തെന്റെ
കാലൊച്ച കേൾക്കാതിരുന്നു മയങ്ങിടാം-
ഉറ്റവരാരുമേ കാണാത്തൊരെൻജഡം
മുറ്റുംപുഴുക്കൾ അരിച്ചു ദ്രവിച്ചിടാം
ശിഷ്ടമാമീ-തലയോടിന്നു-നിങ്ങളോ-
ടിത്രയുമോതാനനുമതി നൽകുക
'മേധ' – 'സുഗത' – 'അരുന്ധതി'മാരോടെൻ
വേദനവിങ്ങും കഥ നിങ്ങൾ ചൊല്ലുക.
കേവലം കോമരമെങ്കിലും-ഞാനാണ്
ഭൂവിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ –
യാദ്യത്തെ രക്തസാക്ഷി-വേണ്ട-സ്മാരക-
മാരും പണിയേണ്ട-യെങ്കിലും-പുസ്തക-
ത്താളിൽ പ്രകീർത്തിപ്പതാരെ? – അന്നെൻ തല
വാളിനാൽ വെട്ടിയരിഞ്ഞ രാജാവിനെ !
ചൊല്ലുമോ, എൻകഥ നിങ്ങളാരെങ്കിലും ?
അല്ലെങ്കിൽ വേണ്ടാ-ജയിയ്ക്കട്ടെ തമ്പുരാൻ'

*****

•

കുറിപ്പ്:

a) വെളിച്ചപ്പാട് ദേവിയുടെ പ്രതിപുരുഷനായതുകൊണ്ട് കല്പിയ്ക്കുകയാണ്.

b) ഭദ്രകാളിയുടെ പിതാവ് ശിവനാണെന്ന് സങ്കല്പം.

തൃശ്ശൂർ പട്ടണത്തിന്റെ ഹൃദയഭാഗത്തുള്ള മൈതാനത്തിന്റെ സ്ഥാനത്ത് പണ്ട് തേക്കിൻകാടായിരുന്നുവെന്നും ആ കാട് വെട്ടിത്തെളിക്കരുതെന്ന് 'കല്പിച്ച്' പാറമേക്കാവ് വെളിച്ചപ്പാടിന്റെ തല ശക്തൻ തമ്പുരാൻ അരിഞ്ഞുവീഴ്ത്തിയെന്നും ഐതിഹ്യമുണ്ട്. ആ നിലയ്ക്ക് പരിസ്ഥിതി സംരക്ഷണത്തിന്റെ ലോകം കണ്ട ആദ്യത്തെ രക്തസാക്ഷി ആ വെളിച്ചപ്പാടായിരുന്നിരിക്കണം

കൃഷ്ണ എഴക്കാട്
9847469166

ശ്രീ. എം. പി. ബാലഗംഗാധരൻ മാസ്റ്ററുടെ

കോങ്ങാടിന്റെ ഇന്നലെകൾ

ഏക തത്ത്വ മാസികയിലൂടെ (2015 July) നാം പരിചയപ്പെട്ട 'പാലക്കാടിന്റെ ചരിത്രകാരൻ' - ശ്രീ. എം. പി. ബാലഗംഗാധരൻ മാസ്റ്ററുടെ ചിരകാല സ്വപ്നമായിരുന്ന ചരിത്രപുസ്തകം 'കോങ്ങാടിന്റെ ഇന്നലെകൾ' പ്രസിദ്ധീകരിക്കപ്പെട്ടുകഴിഞ്ഞു.

പേര് കേൾക്കുമ്പോൾ ഒരു ദേശത്തിന്റെ കഥ കേൾക്കുന്ന ലാഘവത്വം തോന്നാനിടയുണ്ട്. എന്നാൽ കോങ്ങാടെന്ന ദേശം ലോകത്തെ മറ്റേതൊരു ദേശത്തിനും പറയാൻ ഇടയുള്ള ചരിത്രകഥകളാണ് പങ്കുവെക്കുന്നത്.

ചരിത്രം രേഖപ്പെടുത്താൻ, വിശ്വസനീയമാക്കാൻ അല്പം ബുദ്ധിമുട്ടാണ്. രേഖപ്പെടുത്തലുകൾ ഇല്ലാത്ത ചരിത്രസംഭവങ്ങളെ തേടിപ്പിടിക്കാനുള്ള പ്രയാസം അതിലേറെയും നൂറ്റാണ്ട് മുതൽ കഴിഞ്ഞ നിമിഷം വരെ ചരിത്രമാണ്. സസൂക്ഷ്മം അവ നിരീക്ഷിക്കുകയും പഠിക്കുകയും രേഖയാക്കുകയും ചെയ്യുക എന്നത് വളരെ ശ്രദ്ധയും ഉത്സാഹവും വേണ്ട കാര്യവുമാണ്. ആ കൃത്യം ശ്രീ. ബാലഗംഗാധരൻ മാസ്റ്റർ ആത്മാർത്ഥമായി ചെയ്തതിനെ അഭിനന്ദിക്കാതിരിക്കാൻ വയ്യ.

സ്ഥലനാമങ്ങൾ തരുന്ന പുതിയ അറിവ് അത്ഭുതമാണ്. ഇന്ന് ഏഴക്കാട്, പാലക്കാട് പെരിങ്ങോട് എന്നറിയപ്പെടുന്ന സ്ഥലങ്ങൾ പണ്ട് എഴക്കാട്ടിരി, പാലക്കാട്ടുശ്ശേരി, പെരിങ്ങോട്ടിരി എന്നായിരുന്നുവത്രെ !

കോങ്ങാട്, മണ്ണൂർ, എടത്തറ (സ്വരൂപങ്ങൾ) നെടുമ്പുറയൂർ നാട്, വള്ളുവനാട്, (നാടുകൾ) വലിയനായർ, മുല്ലക്കലമ്മ (പദവികൾ) അരിയിട്ടുവാഴ്ച, പട്ടോലവായന, തണ്ടാൻ സ്ഥാനം നൽകൽ എന്നിവ കൂടാതെ പഴയ ആചാരഭാഷകൾ അറിയുന്നതും രസാവഹമാണ്. ഉദാ: തണ്ടേറ്റം, തപ്പ്പിഴ, മുക്കുംനക്കും (ശിക്ഷ) നായാട്ടും പുലസ്യം (അരപ്പട്ട) വധശിക്ഷ നടപ്പാക്കിയ ആരാച്ചാർക്കുണ്ട് (ഇന്നത്തെ പഞ്ചായത്ത് സ്റ്റേഡിയം സ്ഥലം)
തലച്ചെന്നവർ - നികുതി പിരിവുകാർ
പൂതനാർ - കലവറ നോക്കുന്നയാൾ

നാടുവാഴി നാടുനീങ്ങിയാലുള്ള ചടങ്ങുകൾ എല്ലാംതന്നെ വിസ്മയത്തോടെ മാത്രമേ വായിക്കാനാകൂ. ജനാധിപത്യഭരണത്തിൽ നിന്നും രാജഭരണത്തിലേക്ക് മനസ്സുകൊണ്ട് ഒരുയാത്രയാണിത്. നമ്മുടെ ശ്രമണ മത പാരമ്പര്യമാണ് എന്നെ ഏറെ ആകർഷിച്ചത്.

കോങ്ങാടെന്ന ഗ്രാമം ജാതിമതചിന്തകളാൽ കലുഷിതമല്ലാത്ത കർഷകഗ്രാമം. ദ്രാവിഡ ആചാരങ്ങൾ വാണ നാട്ടിൽ ബുദ്ധജൈന മതങ്ങൾ വേരുപിടിച്ച് പടർന്ന് പന്തലിച്ചു. പിൽക്കാല ആര്യസംസ്കാരത്തിന് വേര് പറിക്കാൻ കഴിയാത്ത അവശിഷ്ടങ്ങൾ ഇന്നും ബാക്കിയാണ് നമ്മുടെ നാട്ടിൽ. കേരളം ബുദ്ധമതാചാര്യന്മാരുടെ സങ്കേതമായിരുന്നു എന്ന് ഗ്രന്ഥകാരൻ തെളിവുകൾ സഹിതം സമർത്ഥിക്കുന്നു.

കേരളത്തിൽ ജീവിച്ചിരുന്ന ബുദ്ധമതാചാര്യനായിരുന്നു അഷ്ടാംഗ ഹൃദയം എഴുതിയ വാഗ്ഭടൻ. വിദ്യയും വൈദ്യവും സൗജന്യമായി നൽകിയ ബുദ്ധമതക്കാരുടെ പിൻതലമുറയാണത്രെ വൈദ്യകുലക്കാരായ മണ്ണാൻ - തണ്ടാൻ വിഭാഗം ! പിന്നീടവർ അയിത്തക്കാരായത് ക്രൂരമായ ഫലിതം തന്നെ !

പണ്ട് കാലത്ത് കുട്ടികളെ എഴുത്തിനിരുത്തുന്ന ചടങ്ങ് 'നാനം - മോനം' എന്നാണ് അറിയപ്പെട്ടത്. നമോസ്തു ജിനതേ എന്നതിന്റെ ചുരുക്കമാണിത്. പിന്നീടാണ് 'ഹരിശ്രീ' സമ്പ്രദായം വന്നത്. അത് ഹൈന്ദവമാണത്രെ.

നാം ഇന്ന് ആഘോഷിക്കുന്ന കുമ്മാട്ടി, കാളവേല, കുതിരക്കളി, താലപ്പൊലി, ആനയെഴുന്നള്ളിപ്പ് എന്നീ ചടങ്ങുകൾ ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്.

പാലിഭാഷയിലുള്ള പല പദങ്ങളും നാം ഉപയോഗിക്കുന്നു. പള്ളി, കുരവ, വാലായ്മ, പിടകം (പെട്ടകം) മാമൂൺ. അച്ഛ (അജ്ജ - ബഹുമാന്യൻ)

പാലക്കാട്ടെ മണപ്പുള്ളിക്കാവ് ബൗദ്ധകേന്ദ്രമായ ശ്രമണപ്പള്ളിയായിരുന്നത്രെ ! തിരുവിലാമല എന്ന് അറിയപ്പെടുന്ന ക്ഷേത്രം ബുദ്ധന്റെ (അയ്യന്റെ)തായിരുന്നു. ബ്രാഹ്മണൻ കുണ്ടിലയ്യപ്പനാക്കി താഴേക്ക് മാറ്റിയിരുത്തി. ഇന്ന് നാം കാണുന്ന ഐവർമഠം അയ്യന്റെ മഠമായിരുന്നു. (അഞ്ചാം നൂറ്റാണ്ട് വരെ !)

ബുദ്ധന്റെ അമ്മയായ മായാവതിയായിരിക്കാം ചിനക്കത്തൂരമ്മ !

ആര്യങ്കാവ്, മുണ്ടായ അയ്യപ്പൻ കാവ് എന്നിവയും ബുദ്ധമത കേന്ദ്രങ്ങൾ ആയിരുന്നു. ദേശനാമം കൊണ്ട് വ്യക്തമായ ബുദ്ധ/ജൈന മത കേന്ദ്രമാണ് മുണ്ടൂർ. മുണ്ഡനം ചെയ്തവരുടെ സന്യാസിമാരുടെ നാട്. വേലിക്കാട്ടുള്ള ജൈന പ്രതിഷ്ഠ, കല്ലുവഴി, ആര്യമ്പാവ്, കാക്കയൂർ, ശേഖരീപുരം, ജൈനിമേട്, ചാത്തപ്പുരം തുടങ്ങി ജില്ലയുടെ അതിർത്തികൾവരെ വ്യാപിച്ചുകിടന്നിരുന്ന ബുദ്ധ ജൈന മതപാരമ്പര്യം നമ്മെ അത്ഭുതപ്പെടുത്തും. ഹിംസക്ക് കൈയ്യടി വാങ്ങുന്ന ഇന്നത്തെ സംസ്കാരത്തിന്റെ മുഖത്തേക്ക് പ്രതിബിംബിക്കുന്ന ശാന്തിയുടെ കണ്ണാടിയാണ് സംസ്കാരസമ്പന്നമായ പൂർവ്വചരിത്രം !

കേരളത്തിന്റെ തമിഴ് പാരമ്പര്യവും പഠനവിധേയമാക്കിയിരിക്കുന്നു. ജൈനമതക്കാരായിരുന്ന ദമ്പതിമാരായിരുന്നുവത്രെ കണ്ണകി - കോവിലൻമാർ. കോവിലന്റെ വധത്തെത്തുടർന്ന് മധുര ചുട്ട് ചാമ്പലാക്കി കോപാന്ധയായി മുടിവിടർത്തി വന്ന കണ്ണകിക്ക് (പട്ടത്തലച്ചിയായി) ആശ്വാസം നല്കി. ക്രി. 120ൽ (ചേരനാട്) കൊടുങ്ങല്ലൂരിൽ ക്ഷേത്രം പണിത് അവരോധിച്ചു. മേലാമുറി, വടക്കന്തറ, വലിയങ്ങാടി, പിരായിരി, മൂത്താന്തറ ദേശങ്ങളിലെ കണ്ണകി പ്രതിഷ്ഠകൾ പ്രസിദ്ധമാണല്ലോ.

അമ്മ ദൈവസങ്കല്പത്തെ ബ്രാഹ്മണർ മാറ്റി മറിച്ചതും ശ്രീകോവിലിനുള്ളിൽ ദേവീദേവൻമാർ അട

ക്കപ്പെട്ടതും വേദനിപ്പിക്കുന്ന സത്യങ്ങളാണ്. മുനീശ്വരൻ കോവിലുകൾ പാലക്കാടും പരിസരപ്രദേശത്തും ഉണ്ട്. നിർവ്വാണം പ്രാപിച്ച ജൈനസന്യാസിമാരുടെ സ്മരണ നിലനിർത്തുന്ന കോവിലുകൾ ആണ് ഇവ.

അശോകചക്രവർത്തിയുടെ ഗീർനാർ ശാസനത്തിൽ കേരള ദേശത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടത്രെ. കോങ്ങാട് ദേശത്തിന്റെ മതവിശ്വാസത്തിന്റെ വേരുകൾ തേടുമ്പോൾ കേരളത്തിന്റെ ചരിത്രം കൂടി നമുക്ക് അനുഭവവേദ്യമാകുന്നു.

പത്താം നൂറ്റാണ്ടോടെ നാടുവാഴികൾ പ്രബലരായത് ടിപ്പുവിന്റെ പടയോട്ടവും സാമൂഹ്യ സാംസ്കാരിക മേഖലയിൽ അത് വരുത്തിയ മാറ്റങ്ങളും ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ കീഴിൽ കോങ്ങാട് സ്വരൂപം വന്നതും സ്വാതന്ത്ര്യത്തിന്റെ തീക്കാറ്റ് നമ്മുടെ കൊച്ചുഗ്രാമത്തിൽ വീശിയതും വിശദീകരിക്കുന്നു.

* * * * *

നൂറ്റാണ്ടിന്റെ കഥ പറച്ചിലിന് ശേഷം ഇന്നത്തെ നാടിന്റെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ കലാ - കായികരംഗത്തിന്റെ വളർച്ചയ്ക്ക് വളമിട്ട പ്രമുഖ വ്യക്തികളെയും ആ കണ്ണികളിൽ ഇഴകോർത്തു വളരുന്ന പുതുതലമുറകളേയും പരിചയപ്പെടുത്തുന്നു.

എങ്ങനെ പല സമുദായക്കാർ ഇവിടെ വന്നുവെന്ന് വിശദീകരിക്കുന്നു.

പറയർ - പാക്കനാർവംശം (പറകൊട്ടി വിശേഷം അറിയിക്കുന്നവർ)

കവറ - കർണ്ണാടകത്തിൽ നിന്നും വന്നവർ

വടുകർ - തെലുങ്കാന

ചക്ലിയർ - മാദിക് സമുദായം. (ടിപ്പുവിനൊപ്പം വന്നവർ)

മരുതുവർ - ബാർബർ (തമിഴ്നാട്)

പപ്പടച്ചെട്ടി, തുണിച്ചെട്ടി - തമിഴ്നാട്

മൂത്താൻമാർ - ചോളദേശത്ത് നിന്നും വന്നവർ.

പിന്നീട് മുസ്ലീം ക്രിസ്ത്യൻ മതക്കാരും സമൂഹത്തിൽ പങ്കാളികളായി എന്ന ചരിത്രം കൗതുകമുളവാക്കുന്നു.

നാടിന്റെ കലാപാരമ്പര്യം

പത്മശ്രീ വാസുപ്പിഷാരടി, കോട്ടയ്ക്കൽ മധു, തിമില മധു, തിമില വിജയൻ എന്നിവർക്കൊപ്പം പാണകർകളി, പരിചമുട്ട്, പൊറാട്ട്, ശില്പകല, കലാസംഘടനകൾ, ചിത്രകല, കഥാകാരൻമാർ, കവികൾ, മിമിക്രി, ഗാനമേള തുടങ്ങിയവയും സൂക്ഷ്മമായി രേഖപ്പെടുത്തിയിരിക്കുന്നു.

ശ്രീ മഹാഭാരതം വായന തുടങ്ങിയാൽ പിരിവുകളും ഉൾപ്പിരിവുകളുമായി നിരവധി കഥകൾ നാം വായിക്കാനിടയാകും.

ചെറിയ ഒരു ദേശത്തിന്റെ ഇന്നലെകൾ നിരവധി കയറ്റിറക്കങ്ങൾ നിറഞ്ഞ ഇടവഴികളുടേതാണ്. ശക്തമായ വേരുകൾ ഉള്ള സമ്പന്നമായ ചരിത്ര പശ്ചാത്തലമുള്ള നാട്. എഴക്കാട്ടിരി താമസിക്കുന്ന ഞാൻ ഏതൊരു കോങ്ങാട്കാരനെ/കോങ്ങാട്കാരിയെ പോലെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കുന്നു.

വരുംതലമുറക്കായി ഒരു മുത്തച്ഛന്റെ കരുതലോടെ നാട്ടറിവുകളുടെ ലോകത്തേക്ക് കൈപിടിച്ചു നടത്തിച്ച ശ്രീ. ബാലഗംഗാധരൻ മാസ്റ്റർക്കും ഈ നാടിന്റെ സ്നേഹാദരങ്ങൾ ഉണ്ടായിരിക്കും.

മറ്റുദേശക്കാർക്കും സ്വന്തം ദേശചരിത്രം കുറിക്കാൻ വിനയാന്വിതരാവാൻ ഈ പുസ്തകം വഴികാട്ടിയാവും. ഉറപ്പ് !!

■ ആരോഗ്യം

ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

ഒട്ടൈറ്റിസ് മീഡിയ

(Otitis Media)

കുട്ടികൾക്കും മുതിർന്നവർക്കും സാധാരണ കണ്ടുവരാറുള്ള അസുഖമാണ് ഒട്ടൈറ്റിസ് മീഡിയ. ഇത് ചെറിയ തോതിലും പഴുക്കുന്ന വിധത്തിലും കാണപ്പെടുന്നു. പ്രതിരോധശക്തിക്കുറവുമൂലം അണുബാധ ഏൽക്കുന്നതുകൊണ്ടും, തണുത്ത കാറ്റ് ഏൽക്കുന്നതുമൂലമുള്ള നീർക്കെട്ട് കൊണ്ടും സംഭവിക്കുന്നു. ഇൻഫ്ളുവെൻസ, അഞ്ചാംപനി, സ്കാർലറ്റ് പനി എന്നീ അസുഖങ്ങൾ മൂലമാകുന്നു അണുബാധ ഏൽക്കുന്നത്. സ്ട്രെപ്ടോകോക്സി (Streptococci) സ്റ്റാഫിലോ കോക്സി (Staphylo cocci) നെനെൻ കോക്സി (Pnenen Cocci) ഈ അണുക്കൾ മൂലമാകുന്നു അണുബാധ ഏൽക്കുന്നത്. ഇതിന്നുപുറമെ, ഗളഗ്രന്ഥിയിലെ നീർക്കെട്ട് (Tonsilitis) നാസാഗ്രത്തിൽ നിന്നുള്ള ദ്രാവകം, ഇവ മൂലവും അണുബാധ ഏൽക്കുന്നു. ഇത് നിമിത്തം ചെവി അടഞ്ഞമാതിരിയുള്ള അവസ്ഥ. അണുബാധ ചെവിയുടെ ഉൾഭാഗത്തിൽ (Ear Drum) പ്രവേശിക്കുകയും അവിടെ നീർക്കെട്ടും പഴുപ്പും ഉണ്ടാവുന്നു. ഈ പഴുപ്പിനെ ചികിത്സിച്ച് മാറ്റിയില്ലെങ്കിൽ Ear Drumൽ ദ്വാരം (Perforation) ഉണ്ടാവുകയും കേൾവിശക്തി കുറയുകയോ, ബധിരതയിലേക്ക് നീങ്ങുകയോ ചെയ്യുന്നു.

അതികഠിനമായ തലവേദന. ഇത് തലയുടെ പിൻവശത്തുവരെ വ്യാപിക്കുവാൻ ഇടയുണ്ട്. ചെവിയടപ്പ് തുടർന്ന്, ചെവി വേദന, ഇതിന്നുശേഷം ചെവിയിൽ നിന്ന് പഴുപ്പ്, വേദനയോടുകൂടി പുറത്തേയ്ക്ക് പ്രത്യക്ഷപ്പെടുന്നു. ദുർഗന്ധത്തോടുകൂടിയുള്ള പഴുപ്പായിരിക്കും ഒഴുകിവരുക. ഇതോടൊപ്പം ചെറിയ തോതിൽ കേൾവിക്കുറവ് അനുഭവപ്പെടുന്നു. ഈ സന്ദർഭത്തിൽ ഒട്ടും വൈകാതെ ചികിത്സ എടുക്കേണ്ടതും ഇതിൽ വീഴ്ച വരുത്തിയാൽ ബധിരത നേരിടേണ്ടിവരും. പനി, ജലദോഷം ഇവ കൊണ്ടും കേൾവിക്ക് തടസ്സം നേരിടാറുണ്ട്. ഇത് താത്ക്കാലികമായിരിക്കും. ഏതാനും ദിവസം കഴിയുമ്പോൾ തനിയെ ഭേദമായിക്കൊള്ളും. കേൾവിക്കുറവും, പഴുപ്പും ദീർഘിക്കുന്ന അവസ്ഥയിൽ ചെവി പരിശോധിപ്പിച്ച് ഫലപ്രദമായ ചികിത്സ എടുക്കേണ്ടതുണ്ട്.

ഈ അസുഖത്തിന്ന് ഫലപ്രദമായ ഹോമിയോ ചികിത്സ ലഭ്യമാണ്.

മനഃശാസ്ത്ര പംക്തി ഇത്തവണ
ഉൾപ്പെടുത്താൻ സാധിക്കാതെ
വന്നതിൽ ഖേദിക്കുന്നു.
അടുത്ത ലക്കത്തിൽ
തുടർന്നു വായിക്കുക...

ബോബൻ മാട്ടുമന്ത

പാലക്കാടൻ ചരിത്രത്തിന്റെ ആഴങ്ങളിലേക്ക് ഒരെത്തിനോട്ടം

ജോസ് ചാലക്കൽ
9020147667

കൽപ്പാത്തിയെന്നു കേട്ടാൽ കൽപ്പാത്തി രഥോത്സവം, സംഗീതോത്സവം, കൽപ്പാത്തിയിലെ സംഗീത വിദ്വാൻമാർ എന്നൊക്കെയായിരിക്കും പുതുതലമുറയുടെ ഓർമ്മയിലെത്തുക. എന്നാൽ അതിനപ്പുറം ചില ചരിത്ര സംഭവങ്ങൾ കൂടി കൽപ്പാത്തിയുടെ കാണാമറയത്തുണ്ട്. അവർണ്ണരും സവർണ്ണരും തമ്മിലുള്ള ജാതി സ്പർദ്ദ സമരങ്ങൾ, മത പരിവർത്തനങ്ങൾ ഇവയെല്ലാം കൽപ്പാത്തിയുടെ ഗ്രാമതെരുവോരങ്ങൾ കണ്ടുമടുത്ത ഒരു ചരിത്രം കൽപ്പാത്തിക്കുണ്ട്. ഈ ചരിത്രസത്യങ്ങളുടെ വാതായനങ്ങൾ തുറന്നു കാട്ടുന്ന ഡോക്യുമെന്ററി ചിത്രമാണ് *'കൽപ്പാത്തിയുടെ കാണാപുറങ്ങൾ.'*

സാമൂഹ്യപ്രവർത്തകനായ ബോബൻ മാട്ടുമന്തയുടെ വർഷങ്ങളോളമുള്ള ചരിത്രാന്വേഷണത്തിന്റെയും ഗവേഷണത്തിന്റേയും ഫലമാണ് ഈ ചരിത്ര ഡോക്യുമെന്ററിയുടെ ജനനം. കൽപ്പാത്തിയുടെ ചരിത്രത്തിന്റെ അടിവേരുകൾ തപ്പി സംവിധായകൻ ബോബൻ മാട്ടുമന്ത മദ്രാസ്, കോഴിക്കോട്, തിരുവനന്തപുരം ആർക്കേവ്സ് എന്നിവിടങ്ങളിൽ നിന്നും ചരിത്രരേഖകൾ ശേഖരിക്കുകയും ചരിത്ര സമരത്തിൽ പങ്കെടുത്തവരുടെ പിൻതലമുറക്കാരെ കണ്ടെത്തി ചരിത്രം ചോദിച്ചുമനസ്സിലാക്കുന്നതിനും വേണ്ടി അവർ താമസിക്കുന്ന ഹൈദ്രബാദ്, ബാംഗ്ലൂർ, ഡൽഹി എന്നിവിടങ്ങളിലേക്കും മറ്റുമായി അമ്പതിൽപരം യാത്രകൾ ചെയ്ത് വിവരശേഖരവും പഴയ ഫോട്ടോഗ്രാഫുകളുടെ ശേഖരവുമായി അങ്ങേയറ്റം തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഈ ചിത്രം ജനങ്ങൾക്കു മുമ്പിലെത്തിക്കുന്നത്.

തേങ്കുറുശ്ശി, മലമ്പുഴ, ചിതലി, പാലക്കാട് എന്നിവിടങ്ങളിലായാണ് ചിത്രീകരണം നടന്നത്. പാലക്കാട്ടെ നാടക - സിനിമാ - പത്രപ്രവർത്തക - സാമൂഹ്യപ്രവർത്തക - രംഗത്തെ നൂറോളം പേർ ഇതിൽ അഭിനയിക്കുന്നു എന്നതും ഏറെ പുതുമയും ചരിത്രവും സൃഷ്ടിക്കുന്ന വസ്തുതയാണ്.

ചരിത്രം ജേതാക്കളുടേതാണെങ്കിലും ജേതാക്കളായിട്ടും മുഖ്യധാരാചരിത്രത്തിൽ നിന്ന് ബോധപൂർവ്വം അകറ്റിമാറ്റപ്പെട്ട കൽപ്പാത്തി ഈഴവസമരമാണ് സിനിമയാവുന്നത്.

വഴി നടക്കാനുള്ള അവകാശം സ്ഥാപിച്ചുകിട്ടുന്നതിനായി പാലക്കാട്ടെ ഈഴവർ കൽപ്പാത്തി ബ്രാഹ്മണ അഗ്രഹാരത്തിൽ നടത്തിയ സഞ്ചാരസ്വാതന്ത്ര്യത്തിനുള്ള സമരമാണ് 'കൽപ്പാത്തിയുടെ കാണാപ്പുറങ്ങൾ' എന്ന പേരിൽ ദൃശ്യവൽക്കരിക്കുന്നത്. ചരിത്രസ്നേഹികളായ ഒരുകൂട്ടം സുഹൃത്തുക്കളും മാധ്യമപ്രവർത്തകരും, പൊതുപ്രവർത്തകരും നാടക പ്രവർത്തകരുമാണ് അണിയറയിൽ.

പാലക്കാടിന്റെ ഒന്നേകാൽ നൂറ്റാണ്ടുകാലത്തെ സാമൂഹിക മുന്നേറ്റത്തിന്റെ ചരിത്രമാണ് സിനിമയുടെ ഇതിവൃത്തം. ജാതിവ്യവസ്ഥകളുടെ ക്രൂരതകൾക്കിരയായി അടിച്ചമർത്തലുകൾക്ക് വിധേയരായ അധകൃത ജനതകളുടെ ആത്മാവിഷ്കാരം ഇതിൽ പങ്കുവെക്കുന്നു. ബോബൻമാട്ടുമന്ത സംവിധാനം ചെയ്യുന്ന ഈ സിനിമയുടെ നിർമ്മാണം പാലക്കാട് ഹിസ്റ്ററിക്ലബ്ബിനുവേണ്ടി തീർത്ഥ ക്രിയേഷന്റെ ബാനറിൽ ഹരിദാസ് മച്ചിങ്ങലാണ് നിർമ്മിക്കുന്നത്.

ദേശീയ പ്രസ്ഥാനത്തിന്റേയോ, ഗാന്ധിജി ഉൾപ്പടെയുള്ള ദേശീയനേതാക്കളുടേയോ സാന്നിദ്ധ്യമില്ലെന്ന കാരണത്താൽ ശ്രദ്ധിക്കാതെ പോയ സമരമാണ് കൽപ്പാത്തി ഈഴവസമരമെന്ന് പ്രശസ്ത ചരിത്ര പണ്ഡിതൻ എം. ജി. എസ്. നാരായണൻ പറഞ്ഞു. അവർണ്ണൻ അവർണ്ണനുവേണ്ടി നടത്തിയ കേരളത്തിലെ ആദ്യത്തെ സംഘടിത സമരമെന്ന പ്രത്യേകതയും ഈ സമരത്തിനുണ്ടെന്ന് സിനിമയുടെ സ്വിച്ച് ഓൺ കർമ്മത്തിൽ പങ്കെടുത്ത് സംസാരിക്കവെ എം. ജി. എസ്. നാരായണൻ പറഞ്ഞു.

ജാതിയും ഉപജാതിയും അവയുടെ ഉപോൽപന്നങ്ങളായ അയിത്തവും തീണ്ടലും കൊടികുത്തിവാണിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സ്ഥലം മാറ്റം കിട്ടി പാലക്കാട് നഗരത്തിലെത്തുന്ന അപ്പോത്തിക്കിരികൃഷ്ണനിലൂടെയാണ് സിനിമ തുടങ്ങുന്നത്. യാഥാസ്തിക ബ്രാഹ്മണസമൂഹത്തിന്റെ കടുത്ത സമ്മർദ്ദത്തിന്റെ ഫലമായി പാലക്കാട് നഗരസഭ മുൻസിപ്പൽ ആശുപത്രിയിൽ ഈഴവ ഡോക്ടർക്ക് പകരം മുഹമ്മദീയനേയോ ക്രിസ്ത്യാനിയേയോ നിയമിക്കണമെന്നാവശ്യപ്പെട്ട് 1904ൽ പ്രമേയം പാസാക്കുന്നു. മലബാർ കളക്ടർ അന്വേഷണത്തിന് ഉത്തരവിടുന്നു. അന്വേഷണ റിപ്പോർട്ട് ഡോക്ടർക്ക് അനുകൂലമാകുന്നതോടെ പാലക്കാടിന്റെ നവോത്ഥാനചരിത്രവും ആരംഭിക്കുന്നു.

ഡോക്ടർ പ്രശസ്തനായി. അതിസാരവും ഛർദ്ദിയും പിടിപെട്ട ശ്രീനാരായണഗുരുവിനെ ചികിത്സ കാര്യങ്ങളിൽ സഹായിക്കാനെത്തിയ ഡോക്ടറെ തേടിയെത്തുന്നു. ഡോക്ടറെ ചികിത്സാകാര്യങ്ങളിൽ സഹായിക്കാനായി കുമാരനാശാൻ ഗുരുവിന്റെ പതനത്തെ മുല്ലപ്പൂവിനോടുപമിച്ച് വീണപൂവിന് ജന്മം നൽകുന്നു. ഗുരുദേവനായി മലബാർ ഏരിയകമ്മിറ്റിയംഗം ദണ്ഡപാണിയും കുമാരനാശാനായി ആന്റോ പീറ്ററും കൃഷ്ണൻഡോക്ടറായി ജോജോയും രംഗത്തെത്തുന്നു.

ഗുരുദേവന്റെ പ്രേരണയിൽ ഈഴവസമുദായത്തിന്റെ അനാചാരങ്ങളായ കെട്ടുകല്ല്യാണം (പത്തുവയസ്സിനുതാഴെയുള്ള കുട്ടികളുടെ കല്ല്യാണം) തിരണ്ടുകുളി, സ്ത്രീകൾ താലികെട്ടുന്ന സമ്പ്രദായം, ഒരു ഇലയിൽ നിന്നും നാലുപേരിൽ കൂടുതൽ ഭക്ഷണം കഴിക്കുന്ന സമ്പ്രദായം എന്നിവ നിർമ്മാർജ്ജനം ചെയ്യുന്ന കർമ്മപദ്ധതികൾക്ക് ഈഴവർ തുടക്കം കുറിക്കുന്നു.

പുരോഗമനാശയങ്ങൾക്ക് നേതൃത്വം നൽകിയ ഈഴവയുടെ യുവതലമുറ 1916ൽ കോഴിക്കോട് ആനിബസന്റിന്റെ നേതൃത്വത്തിൽ നടന്ന ഹോംറൂൾ ലീഗ് സമ്മേളനത്തിലും പാലക്കാട് നേറ്റീവ് ഹൈസ്കൂളിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിലും പങ്കെടുക്കുന്നു. സമ്മേളനമുയർത്തിയ ആശയങ്ങളിൽ ആകൃഷ്ണരാവുന്നു.

സമ്മേളനം അംഗീകരിച്ച 'പൊതുവഴികളിലെ സഞ്ചാരസ്വാതന്ത്ര്യം' എന്ന ആശയം പ്രാവർത്തികമാക്കാത്തതിൽ പ്രതിഷേധിച്ച് ഹോംറൂളിനോടും കോൺഗ്രസ്സിനോടും ബന്ധം വിച്ഛേദിച്ച ഈഴവർ, സ്വസമുദായ ശാക്തീകരണം എന്ന ആശയം തെരഞ്ഞെടുക്കുന്നു. ദേശസഭകൾ രൂപീകരിക്കുന്നു. പ്രമുഖരെ പങ്കെടുപ്പിച്ച് സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു.

നിരന്തരസമ്മർദ്ദങ്ങൾ പരിഗണിച്ച് ബ്രിട്ടീഷ് സർക്കാർ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്താൻ ഉത്തരവിടുന്നു. ഉത്തരവിന്റെ പിൻബലത്തിൽ കൽപ്പാത്തി രഥോത്സവം കാണാനുള്ള ഈഴവരുടെ ശ്രമം കലാപമാവുന്നു. സമരനായകൻ മുണ്ടം കണ്ടത്ത് പഴനിവേലൻ രാഘവന് ജീവൻ പകരുന്നത് ഹരിദാസ് മച്ചിങ്ങലാണ്.

കലാപാനന്തരം പാലക്കാട് മതം മാറ്റത്തിന് സാക്ഷ്യം വഹിക്കുന്നു. "തന്നെ വേണ്ടാത്ത ഹിന്ദുമതത്തെ എനിക്കുവേണ്ട" എന്ന മുദ്രാവാക്യമുണർത്തി കൽപ്പാത്തി സമരനായകരിൽ പ്രമുഖരായ ഒ. വി. വിജയന്റെ മുത്തച്ഛൻ തച്ചമൂച്ചിക്കൽ ചാമി ക്രിസ്തുമതത്തിൽ ചേർന്ന് തോമസ്സാവുന്നു. ആദ്യ ഇ. എം. എസ്. മന്ത്രി സഭയിലെ സ്വതന്ത്രാംഗം കെ. വി. കിട്ട - ജോൺ കിട്ടയാവുന്നു.

മതപരിവർത്തനത്തിന് നേതൃത്വം നൽകുന്ന ക്രിസ്തീയ പുരോഹിതൻ മാബൽ ബെത്തലായി. പത്രപ്രവർത്തകനും ഫോട്ടോഗ്രാഫറും ടെലിഫിലിം സംവിധായകനുമായ ജോസ് ചാലക്കൽ രംഗത്തെത്തുന്നു.

മതം മാറിയ ഈഴവരെ തിരികെ കൊണ്ടുവരാനും മതം മാറ്റം തടയുവാനുമായി അഭിമാനി പത്രാധിപർ പി. സി. ഗോപാലന്റെ നേതൃത്വത്തിൽ ആര്യ സമാചത്തിന്റെ പ്രവർത്തനം പാലക്കാട്ട് ആരംഭിക്കുന്നു. വേദബന്ധുവിന്റെ നേതൃത്വത്തിൽ ആര്യമതം സ്വീകരിച്ച് പൂണൂൽധാരികളായ 12 പേർ 1925ൽ രണ്ടാം കൽപ്പാത്തിപ്രക്ഷേപണത്തിൽ പങ്കാളികളാവുന്നു. സംഘർഷത്തെ തുടർന്ന് സർക്കാർ നിരോധനാജ്ഞ പാസാക്കുന്നു. 100 പേർക്കെതിരെ കേസെടുക്കുന്നു. കേരളത്തിനകത്തും പുറത്തും നടന്ന നിരവധി ഐക്യദാർഢ്യയോഗങ്ങളെ തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റ് അന്വേഷണം പ്രഖ്യാപിക്കാൻ നിർബന്ധിതരാവുന്നു. അഗ്രഹാരവീഥിയിൽ 3 പോലീസുകാരെ സ്ഥിരം പാറാവുനിർത്താൻ കൽപ്പനയുണ്ടാകുന്നു.

സംഭവബഹുലമായ ഈ ചരിത്രചിത്രം 'കൽപ്പാത്തിയുടെ കാണാപുറങ്ങളെ' ജനസമക്ഷം എത്തിക്കുന്നു. ഈ ചിത്രത്തിന്റെ പ്രമോ-സമൂഹമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടതോടെ വിവാദത്തിലെത്തി നിൽക്കയാണ്. പൊതുജനശ്രദ്ധനേടി ഏറെ ചർച്ചാവിഷയമായി മാറി കഴിഞ്ഞു.

ടൈറ്റിൽ കാർഡ്

ബാനർ : **തീർത്ഥ ക്രിയേഷൻസ്**

നിർമ്മാണം : **മച്ചിങ്ങൽ ഹരിദാസ്**

രചന, സംവിധാനം : **ബോബൻ മാട്ടുമന്ത**

സഹസംവിധാനം : **ആബിദ്**

ഛായാഗ്രഹണം : **അഡ്വ. ലിജോ പാണെങ്കാടൻ, പ്രോമോഷ്**

സംഗീതം : **വിഷ്ണുപ്രസാദ്**

കല : **കെ. എ. മനോജ്**

ചിത്രസംയോചനം : **കെ. എ. ബാബു രാജ്**

ശബ്ദമിശ്രണം : **സജിത് സാഗർ**

വസ്ത്രാലങ്കാരം : **രാജൻ**

ചമയം : **ടി. അയ്യപ്പൻ, കൃഷ്ണൻകുട്ടി പുതുപ്പരിയാരം.**

ഗതാഗതം : **മുഹമ്മദാലി, അജിത്, സുധാകരൻ ബി.**

പ്രൊഡക്ഷൻ കൺട്രോളർ : **ദീപം സുരേഷ്**

പി. ആർ. ഒ. : **ജോസ് ചാലക്കൽ**

■ കഥകൾ

ഉല്ലല ബാബു
ചേർത്തല, 9645267545

1. യേശുവും കാമുകനും

അവൾ യേശുവിന് മുമ്പിൽ മുട്ടുകുത്തി നിന്നു. യേശുവിന്റെ കുരിശിൽ തറച്ച രൂപം ഉയരത്തിലായിരുന്നു. അവൾ കാമുകന്റെ മുമ്പിൽ മുട്ടുകുത്തിനിന്നു. കാമുകന് പൊക്കം കുറവായിരുന്നു.

2. കണ്ണ്

പുറകിൽ കണ്ണില്ല. അതുകൊണ്ട് പുറകിൽ ഉള്ളത് കാണാൻ കഴിഞ്ഞില്ല. മുന്നിൽ രണ്ടു കണ്ണുകൾ ഉണ്ടായിരുന്നു. മനസ്സ് ഇരുട്ടുകൊണ്ട് നിറഞ്ഞിരുന്നു. അതുകൊണ്ട് ഒന്നും കാണാൻ കഴിഞ്ഞില്ല. മുമ്പിലും പിന്നിലും കണ്ണില്ലാത്തവൻ എല്ലാം കണ്ടു. അവന് ഉൾക്കാഴ്ച ഉണ്ടായിരുന്നു. അവന് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. അവന്റെ നാവ് മുറിച്ചുനീക്കിയിരുന്നു.

3. പോത്ത്

അറവുകാരന്റെ കത്തിക്ക് ഇരയാകും മുമ്പ് പോത്ത് ഉള്ളുരുകി പ്രാർത്ഥിച്ചു, ദൈവമേ എന്നെ പിച്ചിച്ചീന്താൻ പോകുന്നു. അതിന്റെ പേരിൽ ഈ ഭൂമിയിൽ മനുഷ്യമാംസവും രക്തവും വീഴരുതേ !

സുഖം ദേവികൃഷ്ണ
സുഖം ദേവി ഗോപാലകൃഷ്ണ
എല്ലാവർക്കും സ്വസ്തി ! സ്വസ്തി !

ഏക തത്ത്വയിലേയ്ക്ക് മികവുറ്റ സൃഷ്ടികൾ അയച്ചുതരിക.

വരിസംഖ്യ എടുത്തും വരിസംഖ്യ യഥാസമയം പുതുക്കിയും സഹകരിക്കുക

പരസ്യങ്ങളും നല്കാം!

EKA THATHWA
POST BOX NO 70
PALAKKAD - 678001

■ ചിത്രീകരണം

സൈനുദീൻ മുണ്ടക്കയം
9947253006

പുലിച്ചിരി

ആദിയിൽ, നിറത്തിന്റെ പേരിൽ മനുഷ്യരെ വേർതിരിച്ചു. മണ്ണ് എന്നും മണ്ണായി നിലനിന്നു. മതത്തിന്റെ പേരിൽ പോരടിച്ചു, നേട്ടം മതങ്ങൾക്കുമാത്രം. ജാതികളും ഉപജാതികളും പൊട്ടിമുളച്ചു. നേട്ടം മേൽജാതിക്ക്. ദേവപ്രീതിക്ക് മൃഗബലി, നരബലികളും അപ്പപ്പോൾ നടത്തിവന്നു. ബലിമാംസം ഭക്തനും ബലിച്ചോര ദേവനും. ബലിമാംസഭോജനം പുണ്യം. കൊന്നാൽ പാപം തിന്നാൽ തീരും. പുരോഹിത പ്രഘോഷണങ്ങൾ മനുഷ്യരിൽ ഭിന്നത കൂട്ടി. വിധിയും പ്രതിവിധിയും കല്പിച്ചത് പുരോഹിതർ. അവരുടെ സൗഖ്യം ഭക്തന്റെ ദുഃഖത്തിൽ.

രാജാവ് പുരോഹിതനാൽ നിയന്ത്രിക്കപ്പെട്ടു. പ്രജകളിൽ ഭീതി നിലനിർത്താൻ അവരാലായത് ചെയ്തുവന്നു. ഭയം അഭയാർത്ഥികളെ സൃഷ്ടിച്ചു. കാലം മാറി രാജാവിനും പുരോഹിതനും പ്രസക്തി കുറഞ്ഞു. കല്പിച്ചവർ യാചകരായി. അധികാരദാഹമുള്ളിലടക്കി, നഷ്ടമായത് തിരിച്ചുപിടിക്കാൻ അവർ നടന്നു. ക്രമേണ പടികളോരോന്നും ചവിട്ടിക്കയറി അധികാരം കയ്യടക്കി. സിംഹാസനങ്ങളിൽ കുത്തിയിരുന്നു. കസേരകൾ താങ്ങി നിർത്താൻ മതങ്ങളെ കൂട്ടുപിടിച്ചു. മതത്തിന്റെ വിഷപ്പുകയിൽ ജനം മയങ്ങിവീണു.

പുതിയ ഭക്തിസൂക്തങ്ങളുരുവിട്ട്, ഈശ്വരൻ അപകടത്തിലായെന്ന് പുരോഹിതരും അധികാരമോഹികളും ഉറക്കെ പാടിനടക്കുന്നു. ഈശ്വരരക്ഷയ്ക്കായി സേനകളെ സജ്ജരാക്കി. മദപ്പാടിൽ തളച്ചിടപ്പെട്ടവർ ചങ്ങല പൊട്ടിച്ച് വിരണ്ടോടി. ഈശ്വരൻ നിസ്സംഗൻ.

സന്യാസം, ഈശ്വരനെ കൈവിട്ടു. അധികാര, ധന, സുഖഭോഗനേട്ടങ്ങൾക്കായി നെട്ടോട്ടമോടുന്നു. ചിലർ, സ്വയമീശ്വരനായി വേഷം പകർന്നു. പാമരന്മാരും ചില പണ്ഡിതന്മാരും അവർക്കു പാദസേവ ചെയ്യുന്നു, മനുഷ്യദൈവങ്ങൾ നിറഞ്ഞാടുമ്പോൾ മനുഷ്യത്വം അവരുടെ കാൽക്കീഴിൽ. സമ്പന്നത അവരെ അജയ്യരാക്കും.

ഗുരുവിനെ തള്ളി ശിഷ്യർ ജ്ഞാനികളായിചമഞ്ഞു. സ്ത്രീകളെ പേറ്റുയന്ത്രങ്ങളായി നിലനിർത്താൻ മറ്റൊരു കൂട്ടർ. സ്ത്രീ വെറും മണ്ണ്. നനവുള്ള മണ്ണിൽ പാകുന്നതെല്ലാം മുളയ്ക്കും. ദൈവനാമത്തിൽ കൊല ചെയ്താൽ പുണ്യം !! ചുട്ടും, കഴുത്തറത്തും, ബോംബുവച്ചും, വെടി വച്ചും കൊല്ലാം. സ്വർഗ്ഗപ്രവേശനം പ്രതിഫലവും !

കാട്ടു നീതി നാട്ടിലേക്ക് പടർന്നുവളരുന്നു. മൃഗാധിപത്യത്തിന് നരാധിപത്യം വഴി മാറി കൊടുക്കുന്നു. മൃഗസ്നേഹം മനുഷ്യസ്നേഹത്തിന് വിലങ്ങുതടി. മൃഗങ്ങളെ നരന്റെ മാതാവാക്കാൻ ശ്രമം. നരൻ മൃഗമായിത്തീരുന്നതിന്റെ സൂചന !!

കാട്ടുനീതിയിൽ സസ്യഭോജിമാംസഭോജിക്കുള്ള ഇര !! പ്രകൃതിസന്തുലനം – കാടും വേണം കാട്ടുമൃഗങ്ങളും വേണം. അളവുതെറ്റിയാൽ അസന്തുലിതം. ഒന്നു മറ്റൊന്നിനെ ആശ്രയിക്കണം. അത് ലോകനീതി.

രാഷ്ട്രീയത്തിൽ അണികളും നേതാക്കളും അണികളില്ലെങ്കിൽ പിന്നെന്തു നേതാവ് ? മറിച്ചും. കൊല്ലാനും ചാകാനും അണികൾ, അധികാരം കയ്യാളാൻ നേതാവും. ഒന്ന് ചത്ത് മറ്റൊന്നിന് വളമാകുന്നു.

ആശങ്കകളിൽ മുങ്ങി ജനം. ശങ്ക പരിവാരങ്ങളിലേക്ക് പകർന്നു കൊടുക്കുന്നു. സംഘം തിരിഞ്ഞവർ കലാപത്തിന്റെ വെടിപ്പുരയ്ക്ക് തീയിടുന്നു.

കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി. ആനകൾ കൃഷി നശിപ്പിക്കുന്നു. പുലികൾ സ്വൈര്യവിഹാരം നടത്തുമ്പോൾ, പുലിപ്പേടിയിൽ ജനം. വന്യമൃഗസംരക്ഷണം മനുഷ്യധർമ്മം. മൃഗങ്ങൾക്ക് ആരെയും എന്തിനേയും കൊന്നുതിന്നാം. അതവരുടെ ജന്മാവകാശം.

പുലി, കെണിക്കൂട്ടിലിടപെട്ട ആട്ടിൻകുട്ടിയെ സൗമ്യഭാവേന നോക്കി. “വരൂ... നീയും ഞാനും മൃഗങ്ങളല്ലോ ! നിന്നെ ഈ കൂട്ടിലിട്ടവർ ദുഷ്ടന്മാർ. ഞാനീ ബന്ധനത്തിൽ നിന്നും രക്ഷിക്കാം. കൂട് തകർത്തു തരാം.”

ആട്ടിൻകുട്ടി വിറച്ചു. വിശ്വസിക്കാമോ... ?!

പുലി പ്രലോഭിപ്പിച്ചു. കൂടിന്റെ അഴികൾ ഇളക്കി ആടിനെ പുറത്തിറക്കി. പുലി പരാക്രമമൊന്നും കാട്ടിയില്ല. ശാന്തസ്വരത്തിൽ പറഞ്ഞു, “നീയെന്റെ ഇര. നിന്നെ ഞാൻ ഭക്ഷിക്കട്ടെയോ ?”

ആട്ടിൻകുട്ടിക്ക് മരണപ്പിടച്ചിൽ...!!

ചുടുനിണം രുചിച്ച് പുലി മന്ദമായി ചിരിച്ചു. ആ ചിരിയൊരു സന്ദേശമായിരുന്നു. “നിന്നെ എനിക്കേറെ ഇഷ്ടമാണ്. പക്ഷെ, എനിക്ക് വിശപ്പകറ്റാൻ മറ്റുവഴികളില്ല. നിന്റെ കഷ്ടപ്പാടുകൾ തീർത്തുതരാം. നിനക്ക് നിത്യശാന്തി തരാം.”

ഓം ശാന്തി ശാന്തി ശാന്തിഃ

നാടുവാഴിപ്പുലികളും ഇതാവർത്തിക്കുന്നു. രാമരാജ്യം അരികെ!!

■ അനുഭവം

കെ. കേരളദാസനുണ്ണി
9495451280

വാസ്തുബലി

നേരത്തെ ഉണ്ടായിരുന്ന എന്റെ വീട്ടിൽ താമസം തുടങ്ങിയിട്ട് ഏറെ നാളാവുന്നതിനു മുമ്പാണ് അയാളെ പരിചയപ്പെടുന്നത്. എന്റെ ഒരു സുഹൃത്തിനോടൊപ്പം ഒരു ഞായറാഴ്ച ദിവസം അയാൾ എന്നെ കാണാൻ വന്നതായിരുന്നു.

"ഇദ്ദേഹത്തെ അറിയില്ലേ" സുഹൃത്ത് എന്നോട് ചോദിച്ചു "നമ്മുടെ പഞ്ചായത്ത് മെമ്പറാണ്."

ഞാൻ അയാളെ നോക്കി. അറുപത് അറുപത്തഞ്ച് വയസ്സ് പ്രായം തോന്നിക്കും. അലക്കി വെളുപ്പിച്ച മല്ലുമുണ്ടും തോർത്തുമാണ് വേഷം. ഒരു കാലൻ കുട കയ്യിലുണ്ട്. അയാൾ കൈകൂപ്പിത്തൊഴുതു.

"വരൂ" ഞാൻ ഇരുവരേയും അകത്തേക്ക് ക്ഷണിച്ചു.

"വന്നത് ഒരു കാര്യത്തിനാണ്" ഇരുന്നശേഷം അയാൾ പറഞ്ഞു.

"എന്താ വേണ്ടത് ?"

"ഈ വീടിന്റെ പ്ലാൻ തരോ. എന്റെ മകൾക്ക് വീടുണ്ടാക്കാനാണ്."

"അതിനെന്താ വിരോധം." ഞാൻ പ്ലാൻ കൊടുത്തു. എന്നുമാത്രമല്ല വീടിന്റെ എല്ലാ ഭാഗവും കാണിച്ചുകൊടുക്കുകയും ചെയ്തു.

"പുരപണി കഴിഞ്ഞു. ലേശം തേപ്പും നിലം പണിയും ബാക്കിയുണ്ട്. ഇടവത്തിൽ കറയിയിരിക്കണം എന്നാണ് മോഹം." പിന്നീടൊരിക്കൽ റോഡിൽ വെച്ച് കണ്ടപ്പോൾ അയാൾ പറഞ്ഞു. "പാലു കാച്ചുമ്പോൾ സാറ് വരണം. ഞാൻ വീട്ടിലേക്ക് വിളിക്കാൻ വരുന്നുണ്ട്."

പിന്നീടെന്നോ അയാൾ ക്ഷണിക്കാൻ വന്നതായി അമ്മ പറഞ്ഞിരുന്നു. എന്തോ അസൗകര്യം കാരണം എനിക്ക് പോവാൻ കഴിഞ്ഞില്ല. ഏതാനും മാസങ്ങൾ കടന്നുപോയി. മെമ്പറുടെ മകളും മരുമകനും ആത്മഹത്യ ചെയ്തു എന്ന വാർത്തയാണ് ഒരുദിവസം ഞാൻ കേട്ടത്.

കുടിപ്പാർപ്പിന്ന് വിളിച്ചിട്ട് ചെല്ലാഞ്ഞതിൽ എനിക്ക് വിഷമം തോന്നി. ഞാൻ സൈക്കിളിൽ കയറി അവിടേക്ക് പുറപ്പെട്ടു. പുതിയ വീടിന്റെ മുറ്റത്ത് ജഡങ്ങൾ കിടത്തിയിട്ടുണ്ട്. ഇരുവരുടേയും തൊലിക്ക് ഒരു നിറവ്യത്യാസം.

"എന്താ സംഭവം" അടുത്തു കണ്ട ഒരാളോട് ഞാൻ ചോദിച്ചു.

"രാത്രി മൂത്രം ഒഴിക്കാൻ പെണ്ണ് പുറത്തേക്ക് ഇറങ്ങിയ സമയത്ത് അവളെ വലിച്ച് കിണറ്റിലിട്ട് അവനും പിന്നാലെ ചാടിയതാണത്രേ."

"എന്താ ദേഹത്തിന്ന് ഒരു നിറവ്യത്യാസം."

"അത് വെള്ളത്തിൽ കിടന്നിട്ടാ..."

"എന്തിനാ അയാൾ ഇങ്ങിനെയൊരു കടുംകൈ ചെയ്തത്."

"അതറിയില്ല. ചുറ്റുവട്ടത്ത് ഉള്ളോരൊക്കെ വീടിന്റെ കൈ കണക്ക് ശരിയല്ലാത്തതോണ്ട് ഉണ്ടായ അനർത്ഥമാണെന്നാ പറയുന്നത്. മൂപ്പര് ആരുടെയോ വീട് കണ്ടിട്ട് അതുപോലത്തെ വീട് ഉണ്ടാക്കിയതാണത്രെ. മൂത്താശാരിയെക്കൊണ്ട് കൈ കണക്ക് നോക്കിക്കലോ കുറ്റിയടിക്കലോ ഒന്നും ചെയ്തില്ല. എന്തായാലും വർക്കത്ത് കെട്ട വീടാണ്. അല്ലെങ്കിൽ ഇത്ര കുറച്ചു ദിവസം കൊണ്ട് ഇങ്ങിനെയൊരു അത്യാപത്ത് വരോ."

ഞാനൊന്ന് ഞെട്ടി. എന്താ പറയേണ്ടത് എന്നറിയുന്നില്ല.

"എന്താ അടുത്ത പരിപാടി?" അല്പനേരം കഴിഞ്ഞപ്പോൾ ഞാൻ ചോദിച്ചു.

"പോലീസ് വരാൻ കാത്തിരിക്കുകയാണ്. എന്നിട്ടുവേണം ശവം പോസ്റ്റുമോർട്ടം ചെയ്യാൻ കൊണ്ടുപോവാൻ."

എന്റെ മനസ്സിലൂടെ ചിന്തകൾ കടന്നുവരാൻ തുടങ്ങി. മകൾക്ക് ഒരു വീട് എത്ര താല്പര്യത്തോടെയാണ് അയാൾ ഉണ്ടാക്കിക്കൊടുത്തത്. അവളതിൽ സന്തോഷത്തോടെ കഴിയുമെന്ന് ആ മനുഷ്യൻ മോഹിച്ചുകാണും. വയസ്സുകാലത്ത് അയാൾക്ക് വല്ലാത്തൊരു ദൗർഭാഗ്യമാണ് നേരിടേണ്ടിവന്നത്. മനുഷ്യൻ എന്തൊക്കെയോ മോഹിക്കുന്നു. മറ്റുചിലത് സംഭവിക്കുന്നു. വിധി എന്നുപറയുന്നത് ഇതായിരിക്കും.

തോർത്തുമുണ്ടുകൊണ്ട് ഇടയ്ക്കിടെ കണ്ണീരൊപ്പി പുതിയ വീടിന്റെ മുൻവശത്തെ തിണ്ണയിലിരിക്കുന്ന അയാളുടെ അടുത്തേക്ക് ഞാൻ ചെന്നില്ല. ചെല്ലാൻ കഴിഞ്ഞില്ല എന്നതാണ് സത്യം. അല്പനേരം കൂടി അവിടെ നിന്ന് ഞാൻ തിരിച്ചു പോന്നു. •

കവിത

പൂജാമുറി

പ്രൊഫ. കെ. ശശികുമാർ
9446442081, 04923-222081

1. ചന്ദനത്തിരി

അറ്റത്തല്പം കനൽപ്രഭ
പുകയ്ക്കോ ദഗ്ദ്ധഗന്ധവും
ഒടുവിലിറ്റു വിഭൂതി
ചന്ദനത്തിരി ! വെൺചിത.

2. കർപ്പൂരം

ഗന്ധധൂപങ്ങളെമ്പാടും
വിതറി, ഞൊടിനേരത്തിൽ
ശുദ്ധശൂന്യതയാളുന്ന
കർപ്പൂരം ! പുണ്യജന്മമാം.

സുരേഷ് തെക്കീട്ടിൽ
9446330957

കലികാലം

എന്റെ അച്ഛന് എന്നെ കഴിഞ്ഞേ ഉണ്ടായിരുന്നുള്ളൂ മറ്റെന്തും. മാളൂട്ടീന്ന് മുഴുവൻ വിളിക്കില്ല. പിന്നെ കല്യാണം കഴിഞ്ഞപ്പൊ ന്റെ ഭാഗ്യം എന്നല്ലാണ്ട് എന്ത് പറയാൻ. കുമാരന്റെ അച്ഛന് എന്നെ ജീവൻ തന്നെയാർന്നു. മൂപ്പര് മരിക്കണ വരെ ബുദ്ധിമുട്ട് എന്താന്ന് ഞാനറിഞ്ഞിട്ടില്ല. പൊന്നുപോലെയാ എന്നെ നോക്ക്യേർന്നത്.

ഇപ്പൊ കുമാരൻ നോക്ക്ണില്ല്യാന്നല്ല. നല്ലോണം നോക്കണ്ണ്ട്. അമ്മക്കെന്താ വേണ്ടത് എന്ന് ചോദിച്ച് വാങ്ങി തരണ്ണ്ട്. പക്ഷേ കാലം മാറി കൊണ്ടിരിക്ക്യാണ്. ന്റെ അച്ഛനോളോം, കുമാരന്റെ അച്ഛനോളോം, കുമാരനോളോം സ്നേഹമൊന്നും ഇനി വരണോർക്ക് ണ്ടാവില്ലല്ലോ. എങ്ങനെയായാലും കുമാരന്റെ കാലം കഴിഞ്ഞാൽ ഓന്റെ മകൻ കണ്ണനും, പിന്നെ അവന്റെ മകനും ഒക്കെ നോക്കും ഇല്ലായെന്നല്ല. പക്ഷേ പിന്നെയങ്ങട് ഉള്ളോരൊക്കെ നോക്കിയാ നോക്കി എന്നേ പറയാൻ പറ്റൂ. ഒക്കെ കണക്കന്നെയാവും. കാലം മോശാണേ. കലികാലാണേ. തമ്മിൽ, തമ്മിൽ ബന്ധോം, സ്നേഹോം ഒക്കെ കുറയുംന്നാ പറയാറ്.

എൺപത്തിനാലുവയസ്സുള്ള എന്റെ അച്ഛമ്മ ആശങ്കകൾ മറയില്ലാതെ തന്നെ പങ്കുവെച്ചു.

പരിഭവം

ദോശ, ഇഡ്ഡലി, നൂൽപ്പുട്ട്, പൊറാട്ട, ചപ്പാത്തി വന്നിരിക്കുന്നു കുറേ പകൽമാന്യൻമാർ, തമ്പുരാക്കൻമാർ.

ആര് മുതല് നശിപ്പിച്ചാലും, അഴിമതി നടത്തിയാലും ചേർത്തുപറഞ്ഞ്, ചീത്ത പേരിന് ഞാൻ. പുട്ട് ദേഷ്യത്താൽ ഒന്നുകൂടെ ബലംവെച്ചു. പിന്നെ ഉറക്കെ വിളിച്ചുപറഞ്ഞു എന്തുചെയ്താലും പുട്ടടി... പുട്ടടി... പുട്ടടി... കേട്ട് കേട്ട് മടുത്തല്ലൊ ഈശ്വരാ.

കാഴ്ചപ്പാട്

ഒരാഴ്ചയായി ഞാൻ നല്ല സന്തോഷത്തിലും സമാധാനത്തിലുമായിരുന്നു. എന്തൊരു ആശ്വാസം. ഞാൻ എന്റെ വീടിന്റെ വരാന്തയിലിരുന്ന് അവന്റെ വീട്ടിലേക്ക് തന്നെ നോക്കിയിരുന്ന് ആഹ്ലാദം വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. എല്ലാം തകർന്നത് ഒരു നിമിഷം കൊണ്ട്. ഇന്നലെ സന്ധ്യക്ക് ഭാര്യയാണ് പറഞ്ഞത്. ഒരാഴ്ച മുമ്പ് അവർ ഗ്യാസ് അടുപ്പ് വെച്ചെന്ന്.

സത്യൻ താന്നിപ്പുഴ
0484-2462084

കാട്ടിലെ അപൂർവ്വ സൗഹൃദം

ഒരു ദിവസം ഒരു കാട്ടുമുയൽ ആഹാരം തേടി കോടനാട് മലയിലൂടെ നടന്നു. അങ്ങനെ പോകുമ്പോൾ ആഞ്ഞിലി മരത്തിൽ ചുറ്റികയറിയ ഓടത്തിൽ ഓടപ്പഴം കിടക്കുന്നതു കണ്ടു.

ഓടപ്പഴം കണ്ടപ്പോൾ മുയലിന്റെ വായിൽ വെള്ളം വന്നു. നല്ല മധുരമുള്ള ഓടപ്പഴം എങ്ങനെ പറിക്കും ? ഓടപ്പഴം മുകളിലാണ് കിടക്കുന്നത്. മുയലിന് മുകളിൽ കയറാൻ കഴിഞ്ഞില്ല. എത്ര ശ്രമിച്ചിട്ടും മുയലിന് ഓടപ്പഴം പറിക്കാൻ പറ്റിയില്ല. അങ്ങനെ വിഷമിച്ചു നിൽക്കുമ്പോൾ അതുവഴി ഒരു കോലാട് വന്നു. മുയൽ കോലാടിനോട് ചോദിച്ചു:

"അല്ലയോ കൂട്ടുകാരാ കോലാടേ, ഓടപ്പഴം പഴുത്തുകിടക്കുന്നതു കണ്ടോ ? നിങ്ങൾക്ക് ഓടപ്പഴം പറിക്കാൻ കഴിയുമോ ?"

"ഇല്ല. എനിക്കു കഴിയില്ല. ഞാൻ മരത്തിന്റെ മുകളിൽ കയറില്ല. കാര്യം എനിക്ക് നല്ല വിശപ്പുണ്ട്. ഓടപ്പഴം കിട്ടിയിരുന്നെങ്കിൽ തിന്നാമായിരുന്നു. എങ്ങനെ പറിക്കും ?" കോലാട് ചോദിച്ചു.

മുയലും കോലാടും ആഞ്ഞിലിമരത്തിന്റെ ചുവട്ടിൽ ഓടപ്പഴം നോക്കി വെള്ളമിറക്കി നിന്നു. അന്നേരം ഒരു കുരങ്ങ് പാട്ടും പാടി തുള്ളിച്ചാടി വരുന്നതുകണ്ടു.

മുയലും കോലാടും കുരങ്ങിന്റെ അടുത്തു ചെന്ന് സ്നേഹപൂർവ്വം പറഞ്ഞു : "സ്നേഹിതാ, ഞങ്ങൾക്ക് വിശന്നിട്ടുവയ്യാ. കുറച്ച് ഓടപ്പഴം പറിച്ചുതരാമോ?"

"സുഹൃത്തുക്കളെ നിങ്ങൾക്ക് ഓടപ്പഴം വേണം അല്ലേ? ഞാൻ പറിച്ചുതരാമല്ലോ. പരോപകാരമേ പുണ്യം എന്നല്ലേ പ്രമാണം."

എന്നു പറഞ്ഞ് കുരങ്ങ് ഓടത്തിൽ കയറി പഴം പറിച്ച് താഴെ ഇട്ടു. മുയലും കോലാടും താഴെ വീണ പഴങ്ങൾ പെറുക്കി ഒരു തേക്കിന്റെ ഇലയിൽ കൂട്ടിവച്ചു. ആവശ്യത്തിനുള്ള പഴം പറിച്ച് കുരങ്ങ് താഴെ ഇറങ്ങി വന്നു. മുയലും കോലാടും കുരങ്ങും വർത്തമാനം പറഞ്ഞ് കളിച്ചുചിരിച്ച് ഓടപ്പഴം വയറുനിറച്ച് കഴിച്ചു. മുയലും കോലാടും കുരങ്ങിന് നന്ദി അറിയിച്ചുകൊണ്ട് പറഞ്ഞു : "ഷയറുചെയ്തു കഴിക്കുമ്പോൾ എന്തു സുഖമാണ്."

അതുകേട്ടപ്പോൾ കുരങ്ങു പറഞ്ഞു : "മറ്റുള്ളവരെ സഹായിക്കുവാൻ കഴിയുമ്പോൾ കിട്ടുന്ന ആനന്ദം അവർണനീയമാണ്."

വീണ്ടും കാണാം എന്നുപറഞ്ഞ് എല്ലാവരും ടാറ്റാ... ബൈ... ബൈ... പറഞ്ഞു അവരവരുടെ വഴിക്കു പോയി.

റാഗിംഗ്

കാരിത്തടം വർക്കി
8281926230, 9072608230

ആദ്യമായി ഹോസ്റ്റലിന്റെ പടി കയറുമ്പോൾ രാധികയേയും സുമതിയേയും എതിരേറ്റത് സീനിയേഴ്സിനെക്കുറിച്ചുള്ള ക്രൂരത നിറഞ്ഞ കഥകളായിരുന്നു.

തവളചാട്ടം ചാടിക്കുക, സാങ്കല്പിക കസേരയിൽ ഇരുത്തുക, തൂങ്ങിച്ചാകുന്നതായി അഭിനയിപ്പിക്കുക, പാട്ടു പാടിക്കുക തുടങ്ങിയവ.

എതിർക്കുന്നവരെ മർദ്ദിക്കുകയും തങ്ങളുടെ വസ്ത്രങ്ങൾ അലക്കിക്കുക, ഇസ്തിരിയിടിക്കുക, ചെരുപ്പുകൾ വൃത്തിയാക്കിക്കുക തുടങ്ങിയ ക്രൂര സമീപനങ്ങളും അവർ സ്വീകരിക്കാറുണ്ടത്രെ.

റിനി ചാക്കോയാണ് അവരുടെ ലീഡർ. പണത്തിന്റെ ഹുങ്കുകൊണ്ട് എന്തു ചെയ്താലും പ്രശ്നമില്ലെന്ന് അഹങ്കരിക്കുന്നവൾ.

ശക്തമായൊരു കൂട്ട് എപ്പോഴും അവൾക്ക് പിന്നാലെയുണ്ടാകും. ഹോസ്റ്റലിലെ ജൂനിയേഴ്സെല്ലാം തങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്ന കർശന നിലപാടിലാണവൾ.

എന്തായാലും ആ സംഘത്തിന്റെ കൺമുന്നിൽ നിന്നും ഒഴിഞ്ഞുമാറി നടക്കാൻ രാധികയും സുമതിയും കഴിവതും ശ്രമിക്കാറുണ്ട്. രാധികക്കൊരു സ്വഭാവമുണ്ട്; വായനക്കായി പുസ്തകം തുറക്കുമ്പോഴേ ഉറക്കം കണ്ണുകളിൽ ഊഞ്ഞാലുകെട്ടും. കൂട്ടുകാരിയും അതിലൊട്ടും മോശക്കാരിയായിരുന്നില്ല. അന്നും പതിവിന് ഒരു മാറ്റവും ഉണ്ടായില്ല. പഠിക്കാൻ ഏറെയുണ്ടെങ്കിലും ഉറക്കെ കോട്ടുവായിട്ടുകൊണ്ട് ഇരുവരും സുഖസുഷുപ്തിയെ പുൽകാൻ തന്നെ തീരുമാനിച്ചു.

ഉറക്കം പിടിച്ചുവരുന്നതേയുള്ളു വാതിലിൽ ശക്തമായ മുട്ടു കേട്ട് രണ്ടുപേരും തപ്പിപ്പിടഞ്ഞെഴുന്നേറ്റ് വാതിൽ തുറന്നു. മുന്നിൽ റിനി ചാക്കോയും കൂട്ടുകാരും. അവരെ കണ്ടതും കാലടി മുതൽ ഒരു പെരുപ്പ് മേലോട്ട് കയറി തലച്ചോറുവരെയെത്തി. ശരീരത്തിനാകെയൊരു വിറയൽ. പെൺപട ഉള്ളിലേക്ക് ഇടിച്ചു കയറി വാതിൽ കുറ്റിയിട്ടു.

"രണ്ട് പൂച്ചക്കുട്ടികൾ ഈ റൂമിലുണ്ടെന്ന കാര്യം നമ്മളിതേവരെ അറിഞ്ഞതേയില്ലല്ലോടീ ?"

"പമ്മിപ്പമ്മി ഒളിച്ചിരിക്കാൻ മിടുക്കികളാണിവർ... ദാ... ഇങ്ങനെ..."

കൂട്ടത്തിലൊരുവൾ പൂച്ചയെപ്പോലെ കരഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും ചാടാൻ തുടങ്ങി. ങ്യാവൂ... ങ്യാവൂ... എല്ലാവരും ചേർന്ന് പൂച്ചയുടെ കരച്ചിലിനെ അനുകരിച്ചുകൊണ്ട് ഉറക്കെ ചിരിക്കാൻ തുടങ്ങി. രാധികയും സുമതിയും ചിരിക്കണോ കരയണോ എന്ന് നിശ്ചയമില്ലാതെ ശ്വാസം വിടാൻ പോലും കഴിയാതെ അങ്ങനെ നിൽക്കുകയാണ്.

"രണ്ടുപേരും നല്ല ഉറക്കത്തിലായിരുന്നല്ലേ ? ആദ്യമായിട്ട് നമ്മൾ പരിചയപ്പെട്ടതല്ലേ... എന്ത് സമ്മാനാ നമ്മളിവർക്ക് കൊടുക്കാ?"

"ആദ്യം ഈ ഉറക്കം തൂങ്ങി കള് മുഖം കഴുകി വരട്ടെ. എന്നിട്ട് തീരുമാനിക്കാം". ഇരുവരും ഓടിപ്പോയി മുഖം കഴുകിവന്നു. ജീവിതത്തിൽ ആദ്യമായി നേരിടുന്ന ഈ പ്രതിസന്ധിയെ എങ്ങനെ തരണം ചെയ്യണമെന്നറിയാതെ അവർ കുഴങ്ങി. എതിർക്കാൻ നിന്നാൽ ഇതിലും വലിയ അപകടത്തിലായിരിക്കും ചാടുക. എന്ത് ശിക്ഷയായാലും ഏറ്റുവാങ്ങുകതന്നെ. ഭയപ്പാടോടെ അവർ നിന്നു.

"നിങ്ങടെ തന്തേം തള്ളേം എന്തിനാ ഇങ്ങോട്ട് പറഞ്ഞുവിട്ടത് ?" റിനി ചാക്കോ ദേഷ്യത്തോടെ അവരോട് ചോദിച്ചു. ചോദ്യത്തിന്റെ അർത്ഥം പിടികിട്ടാഞ്ഞിട്ടോ തൊണ്ട വരണ്ടു പോയതുകൊണ്ടോ അവർ തലയും താഴ്ത്തി നിന്നതേയുള്ളു.

"ചോദിച്ചത് കേട്ടില്ലേ?" റിനി ചാക്കോ പൊട്ടിത്തെറിച്ചു.

"പഠിക്കാൻ" രണ്ടുപേരും ഞെട്ടലോടെ പറഞ്ഞുപോയി. ഇതു കേട്ട് മറ്റ് കുട്ടികളെല്ലാം ഉറക്കെ ചിരിതുടങ്ങി.

"എന്നിട്ട് നിങ്ങൾ പഠിച്ചോ?"

"ഇല്ല..." വിറയാർന്ന സ്വരത്തിൽ അവർ പറഞ്ഞൊപ്പിച്ചു.

"എന്നാൽ ഇവർക്കുള്ള ശിക്ഷ വിധിക്കാം അല്ലേ ?" റിനി ചാക്കോ മറ്റുള്ളവരോട് ചോദിച്ചു.

"യെസ് യുവർ ഓണർ". അവർ കൂട്ടത്തോടെ പറഞ്ഞു.

"എന്നാൽ കേട്ടോളൂ... കഴിഞ്ഞ ഒരാഴ്ച കൊണ്ട് ക്ലാസ്സിലെടുത്ത മുഴുവൻ പാഠങ്ങളും ഇപ്പോൾത്തന്നെ പഠിച്ചുതീർക്കണം. ഞങ്ങൾ വീണ്ടും വരും, ചോദ്യങ്ങൾ ചോദിക്കും. അപ്പോൾ മണിമണിയായി ഉത്തരം പറഞ്ഞോളണം, ഇല്ലെങ്കിൽ..." ഭീഷണിയുടെ സ്വരം മുഴക്കിക്കൊണ്ട് അവർ മുറി വിട്ടുപോയി.

രാധികയും സുമതിയും പുസ്തകമെടുത്ത് വായന തുടങ്ങി. ചുരുങ്ങിയ സമയം കൊണ്ട് അതുവരെ പഠിപ്പിച്ചതൊക്കെ അവർ ഹൃദിസ്ഥമാക്കിക്കഴിഞ്ഞിരുന്നു. പരീക്ഷയുടെ തലേദിവസം പോലും അവർ ഇങ്ങനെ പഠിച്ചിട്ടുണ്ടാവില്ല.

"റാഗിംഗ് ഇങ്ങനെയാണെങ്കിൽ ഇത് കൊള്ളാമല്ലോടീ... ഇത് നമുക്ക് ഗുണമുള്ള കാര്യമല്ലേ?" ദീർഘനിശ്വാസമിട്ടുകൊണ്ട് രാധിക പറഞ്ഞു.

'അതാ ഞാനും ആലോചിക്കുന്നത്... ഈ മടിച്ചികളായ നമ്മളെ

ത്ര വേഗം ഇതൊക്കെ പഠിച്ചത്...?"

"വീട്ടുകാരങ്ങാനുമറിഞ്ഞാൽ റിനി ചാക്കോയ്ക്ക് ഒരവാർഡ് കൊടുക്കും. പേടിച്ചിട്ട് എന്റെ ഉറക്കം ഏത് വഴിക്ക് പോയെന്ന് ഒരു പിടിയും കിട്ടുന്നില്ല."

"എന്റേതും" സുമതി കൂട്ടിച്ചേർത്തു.

ഒരു പിരിമുറുക്കത്തിൽ നിന്നും രക്ഷപ്പെട്ടപോലെ അവർ ഉറക്കെ ചിരിച്ചുപോയി. എന്നിട്ട് വാതിലിൽ മുട്ടുന്നതും പ്രതീക്ഷിച്ച് അവർ കാത്തിരുന്നു.

●

ടി. ജെ. നായർ
9446630412

ആത്മാവാണ് യഥാർത്ഥ ഗുരുനാഥൻ

ആത്മാവാണ് നാം ഓരോരുത്തരുടേയും ഗുരുനാഥൻ എന്നതിന് ഒരു ഉത്തമോദാഹരണമാണ് - ദത്താത്രേയൻ. ആ ജീവചരിത്രം (പുരാണം) വായിച്ചാൽ അറിയാം ഇക്കാര്യം. കഷ്ടം - വിഷമം എന്നൊക്കെ നാം പറയുന്നത് സ്വപ്നത്തിൽ പോലും കാണാത്തവരായിരുന്നു ദത്താത്രേയൻ. അവരുടെ ആത്മാവായിരുന്നു അവർക്ക് ഗുരുനാഥൻ. എങ്കിലും ഇരുപത്തിനാലു പേരിൽ നിന്ന് വിജ്ഞാനം നേടിയതായി ദത്താത്രേയൻ തന്നെ പറയുന്നുണ്ട്. ആ ഇരുപത്തിനാലുപേർ - നിലം, നീർ, അഗ്നി, കാറ്റ്, ആകാശം, സൂര്യൻ, ചന്ദ്രൻ, സർപ്പം, പ്രാവ്, കടൽ, അട്ട, വണ്ട്, തേനീച്ച, ആന, മാൻ, മീൻ, നാട്യക്കാരി, പിഞ്ചുകുഞ്ഞ്, ദാസി, പരുന്ത്, അസ്ത്രധാരി, ചിലന്തി, അശ്വം, മയിൽ എന്നിവരായിരുന്നു.

തനിക്ക് വിജ്ഞാനം നേടുവാൻ കാരണഭൂതരായ ഈ ഇരുപത്തിനാലുപേരേയും ദത്താത്രേയൻ ഗുരുനാഥന്മാരെ പോലെ ആരാധിച്ചിരുന്നു.

അത്രയും മഹത്തായ ഈ ദത്താത്രേയനെ ആരാധിച്ചാൽ നമുക്ക് മുമ്മൂർത്തികളെ ആരാധിയ്ക്കുന്ന ഫലം ലഭിക്കും എന്നാണ് പുരാണം (ബ്രഹ്മാവ്, വിഷ്ണു, ശിവൻ).

●

തുളസി കേരളശ്ശേരി
9526144499

അപരാധി

"**നി**നക്കുചുറ്റും ഒരു വൃത്തമുണ്ടെന്നറിയുക. അതൊരു കവചം തന്നാണ്. കരുതലിന്റെ കവചം. മുറിച്ചുകടക്കാൻ ധൈര്യമുണ്ടെങ്കിൽ ആവം. പക്ഷേ പരിക്കേൽക്കാതെ തിരിച്ചുവരണം."

റസിയ ടീച്ചർ ശ്രുതിയോട് പറഞ്ഞ വരികൾ തന്നായിരുന്നു അപ്പോഴും മിഥുന്റെ മനസ്സിൽ. വീട്ടിലേക്കുള്ള വഴിയിൽ ശ്രുതിയേയും കാത്തുനിൽക്കുമ്പോൾ അവൻ അസ്വസ്ഥനായിരുന്നു.

ടീച്ചർ എന്തേ അങ്ങനെ പറഞ്ഞത്...?! അന്നുരാവിലെ കഴിഞ്ഞ കാര്യങ്ങൾ മനസ്സിലേക്ക് വീണ്ടും വീണ്ടും ഓടിക്കയറിവന്നു.

"നോക്കെടാ മിഥുൻ, ടീച്ചറ് അൽപ്പം മോഡേണാണെന്നാ ഞാൻ കരുതിയത്. ഇവരിദ് ഏതുനൂറ്റാണ്ടിലാ ജീവിക്കണേ... നുണകളേയും അഭ്യൂഹങ്ങളേയും ഇങ്ങനെ ഭയക്കേണ്ടതുണ്ടോ... വൃത്തവും ചതുരവും... ഹും...?!"

രാവിലെ അവൾ വല്ലാത്ത ആശങ്കയോടെ റസിയ ടീച്ചറെക്കുറിച്ച് പറഞ്ഞതങ്ങനാണ്. ശ്രുതി വിളമ്പിയ പരിഭവങ്ങൾക്ക് എരിവു കൂടുതലായതോണ്ടാവും അവളുടെ കണ്ണും കപോലങ്ങളും ഒരുപോലെ ചുവന്നത്. രോഷം പുകയുന്ന നേരം അവളോട് മിണ്ടിയിട്ട് കാര്യമില്ലാലോ.

"ശ്ശോ ബെല്ലടിക്കാറായി ബാ വേം നടക്ക്..." എന്നുമാത്രം പറഞ്ഞ് അവൻ വേഗം നടന്നു. സ്കൂളെത്തിയപ്പോൾ കത്തുന്ന നെരിപ്പോടായ അവളുടെ മനസ്സിനെ ശാന്തമാക്കാനായി ഇങ്ങനെ പറഞ്ഞു :

"റസിയ ടീച്ചർ നമ്മുടെ well wisher ആണ്. ഒന്നും കാണാതെ ടീച്ചർ ഒന്നും പറയില്ല. Just obey her." പറഞ്ഞുതീർന്നതും അവൻ അവന്റെ ക്ലാസ്സിലേക്ക് നടന്നു. ശ്രുതി അവളുടെ ക്ലാസ്സിലേക്കും. രണ്ടുപേരും ഒരേ സ്കൂളിൽ പത്തിലാണ് പഠിക്കുന്നത്. ഒരേ പ്രായം. എന്നാൽ പക്വത കൊണ്ട് മിഥുൻ തന്നെ മൂത്തത്. അവന് സഹോദരതുല്യമായൊരു കരുതലായിരുന്നു അവളോട്. അതുകൊണ്ടു തന്നെ അന്നുമുഴുവൻ ക്ലാസ്സിൽ ശ്രദ്ധിക്കാനേ അവനായില്ല. ഇടയ്ക്കെപ്പോഴോ വരാന്തയിലേക്ക് മിഴിയെറിഞ്ഞപ്പോഴാണ് അവനത് കണ്ടത്. റസിയ ടീച്ചറും ശ്രുതിയും അവളുടെ ക്ലാസ്സിലെ ഹേമന്ദും കൂടി ക്ലാസ്സിനു വെളിയിൽ വരികയും എന്തോ സംസാരിച്ചശേഷം നടന്നകലുകയും ചെയ്തു.

ആകാംക്ഷ അടക്കാനാവാതെ അവൻ അസ്വസ്ഥനായി. നെഞ്ചിടിപ്പ് സ്വയം കേൾക്കുന്ന അവ

ഏക തത്ത്വ മാസികയിൽ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച ശ്രീമതി. തുളസി കേരളശ്ശേരിയുടെ **'പുലയാടിച്ചി'** എന്ന കവിതയെക്കുറിച്ച് നല്ലൊരു പരാമർശം കേരള കൗമുദിയിൽ വന്നു. അതുപോലെത്തന്നെ നല്ല നിരവധി അഭിപ്രായങ്ങൾ കോളുകളിലൂടെ ഏക തത്ത്വയിലേയ്ക്ക് എത്തി. ***തുളസി ടീച്ചർക്ക് ഏക തത്ത്വയുടെ ഭാവുകങ്ങൾ.***

സ്ഥ അന്നാദ്യം അവനറിഞ്ഞു. ഉച്ചയ്ക്ക് ബെല്ലടിച്ചതും അവൻ ശ്രുതിയുടെ ക്ലാസ്സിലേക്കോടി. പക്ഷെ അവന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരം അവർക്കുമറിയില്ലായിരുന്നു. പിറ്റേന്ന് ക്വാർട്ടർലി എക്സാമായോണ്ട് സ്കൂൾ ഉച്ചയ്ക്ക് വിട്ടു. ഒട്ടുമിക്ക കുട്ടികളും പോയിക്കഴിഞ്ഞിരുന്നു. മനസ്സില്ലാമനസ്സോടെ അവൻ മുന്നോട്ടു നടന്നു. വീട്ടിലേക്കുള്ള വഴിയിലെ കൊച്ചുകല്ലുകളെല്ലാം അവന്റെ തൊഴിയേറ്റ് തെറിച്ചു. വഴിയിലെ ഇലയും പൂവും നുള്ളി ഇടയ്ക്കിടെ തിരിഞ്ഞുനോക്കി. അവൻ തട്ടിമുട്ടി നടന്നു. പെട്ടെന്ന് അകലേനിന്ന് അവൾ നടന്നുവരുന്നത് അവൻ കണ്ടു. പിന്തിരിഞ്ഞോടി അവളുടെ അടുത്തെത്തുമ്പോൾ അവൻ അണയ്ക്കുന്നുണ്ടായിരുന്നു.

"എന്താടി എന്തായി പ്രശ്നം ?"

"ഹെഡ് ടീച്ചർ പറയുന്നു പാരൻസിനെ കൂട്ടിവരാൻ... പ്രശ്നം വലുതാക്കണ്ട. A+ പ്രതീക്ഷിക്കണ കുട്ട്യോളല്ലേ. ഒരു ചെറിയ ശിക്ഷ കൊടുത്ത് അവസാനിപ്പിക്കാം എന്ന റസിയ ടീച്ചറുടെ സജഷൻ ഹെഡ് ടീച്ചർ അംഗീകരിച്ചു."

ശ്രുതി നിരാശയും അമർഷവും അടക്കി പിറുപിറുത്തു.

"അതുകൊള്ളാം അതിന് നീയെന്തു തെറ്റുചെയ്തു ?"

ഇടയ്ക്ക് ഉരുണ്ടുകൂടിയ നിശബ്ദതയ്ക്ക് അവളുടെ നെടുവീർപ്പിൻ വിങ്ങലുണ്ടായിരുന്നു. പതിയെ നിശബ്ദത ഭേദിച്ചുകൊണ്ട് അവൾ പറഞ്ഞു... "ടീച്ചർ എന്തിനിങ്ങനെ പേടിക്കുണൂ... ചെയ്യാത്ത തെറ്റിന് ഞാനെന്തിന് സോറി പറയണം!! ക്ലാസ്സ് ലീഡർ എന്ന നിലയ്ക്ക് ഞാനെന്റെ ഡ്യൂട്ടിയല്ലേ ചെയ്തുള്ളൂ ! അവന്റെ ബാഗിന്ന് ആ സാധനം കിട്ട്യപ്പോ ഞാനത് തൽക്കാലം പോക്കറ്റിലിട്ടു. ടീച്ചറെ ഏൽപ്പിക്കാനിരുന്നതുതന്നല്ലേ. അപ്പഴാ സിനിടീച്ചർ ലാബിലേക്ക് വിളിപ്പിച്ചത്. ലാബ് വൃത്തിയാക്കാൻ തുടങ്ങിയപ്പോഴല്ലേ ആ സാധനം താഴെവീണത്... സിനി ടീച്ചറുടെ അപ്പഴത്തെ നോട്ടം കാണേണ്ടതാ...ഹൂ... ഹെഡ് ടീച്ചറുടെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോകുമ്പോ അവരുടെ മുഖം കള്ളനെപ്പിടിച്ച വനിതാപോലീസിന്റേതിനു സമമായിരുന്നു... റസിയ ടീച്ചർ വന്നോണ്ടാ രക്ഷപ്പെട്ടത്. ന്റെ ക്ലാസ്സിലെ കുട്ട്യല്ലേ ഞാനന്വേഷിക്കാംന്നു പറഞ്ഞ് ടീച്ചർ എന്നേം കൊണ്ടു പുറത്തേക്കോടി. മിഥുൻ... റസിയ ടീച്ചർ പറഞ്ഞത് അനുസരിച്ചാ മത്യാർന്നു... ഒന്നുമറിയില്ലന്നു പൊട്ടൻകടിച്ചു നിന്നാമത്യാർന്നു. ഒന്നുമോർക്കാതെ ആ ഹേമന്ദിന്റെ പേരു പറഞ്ഞുപോയി. അപ്പൊ ആ ടീച്ചറുടെ ചിരിക്കോണിൽ വിരിഞ്ഞത്ര പരിഹാസം ഞാൻ മറ്റെവിടേം കണ്ടിട്ടില്ലെഡാ..."

ഇത്രയുമായപ്പോൾ മിഥുന് ദേഷ്യം വന്നു. "ഇതെല്ലാം ഇന്നലെ നടന്നതല്ലേ ന്റെ പൊട്ടി... ഇന്നെന്താണ്ടായ്യേന്നു പറ..."

"അതുതന്നാ പറഞ്ഞു വരണേ ശ്ശൊ... ദേവി ന്റെ സങ്കടം ആരോടാ പറയ്യാ..."

"ന്നിപ്പൊ അതിനു കണ്ണു നിറയ്ക്കണ്ട... പറ എവിടേയ്ക്കാ നിങ്ങളു മൂന്നും കൂടി പോയത് ?"

"പറയാം. ക്ലാസ്സിനു വെളിയിൽ കടന്നപ്പോൾ റസിയ ടീച്ചർ ഹേമന്ദിനോട് ന്തൊക്കെയോ സംസാരിക്കുന്ന കണ്ടു. പിന്നെ ഞ്ഞടെ മധുവേട്ടന്റെ ഓട്ടോ വരാൻ പറഞ്ഞു. അതിൽ നേരെപോയത് മായന്നൂർ പാലത്തിന്റെ അരിയിലേക്കാ."

ആ ദൃശ്യം അവളുടെ മനസ്സിൽ തെളിഞ്ഞു. 'പാലത്തിനു മുകളിൽ കാലത്തെ മറികടന്ന് ചീറിപ്പാഞ്ഞു പോകാൻ വെമ്പുന്ന വാഹനങ്ങളുടെ മുരൾച്ച. താഴെ, ഗുഹാമനുഷ്യരെപ്പോലെ പൊടിയും മണ്ണുമേറ്റ്, ഒരു തുള്ളി വെള്ളത്തിനായ് ദാഹിച്ച് പ്രാകൃതരായി നിലകൊള്ളുന്ന കാട്ടുചെടികൾ... പാലത്തിനടിയിൽ വെട്ടിവൃത്തിയാക്കിയ പുൽത്തകിടിക്കടുത്തുള്ള ചെറു സഞ്ചി ലക്ഷ്യം വച്ച് ഹേമന്ദ് നടന്നു. അതെടുത്തവൻ കാണിച്ചപ്പോൾ ടീച്ചർ അമ്പരക്കുന്ന കണ്ടു. തൊണ്ടിമുതൽ അതിലിടാൻ പറഞ്ഞശേഷം ടീച്ചർ ആരേയോ ഫോണിൽ വിളിക്കുന്ന കണ്ടു. പിന്നെ സഗൗരവം പറഞ്ഞു... "ജിജ്ഞാസയൊക്കെ കൊള്ളാം. പക്ഷെ ഏതു വഴിയിലും ചതിക്കുഴികളുണ്ടാകാം. അബദ്ധങ്ങളിൽ ചെന്നു ചാടരുത്. നിങ്ങളുടെ നിഷ്കളങ്കതയും സത്യസന്ധതയുമൊന്നും ഇവിടാരും വിശ്വസിക്കൂല മക്കളേ... അത്രയ്ക്ക് കപടമാണീ ലോകം. അതുകൊണ്ട് ഞാൻ പറയണ പോലെ ചെയ്യുക. ചെയ്തേ പറ്റൂ.

നിങ്ങൾക്കെതിരേ എന്തേലും നടപടി എടുക്കാതെ ഹെഡ് ടീച്ചർ അടങ്ങൂല. അതുകൊണ്ട് രണ്ടാളും രക്ഷിതാക്കളെ കൂട്ടിവരാനും ഇനി ആവർത്തിക്കില്ലെന്ന് രണ്ടാളിൽ നിന്നും എഴുതിവാങ്ങാനും ഞാൻ പറയാൻ പോവ്വാ... ഇല്ലേൽ അതിലും കടുത്തത് ആ ടീച്ചർ നിങ്ങൾക്ക് തരും. സ്കൂൾ മുഴുവൻ പാടി നടക്കാനൊരു കഥയാവുകയും ചെയ്യും. രണ്ടാളുടേം വീട്ടിലേക്ക് ഞാൻ വിളിച്ചോളാ. ഓകെ ? ഇഷ്യു വലുതാക്കാൻ ഞാൻ സമ്മതിക്കില്ല..." ഇത്രയും പറഞ്ഞ് ടീച്ചർ ഓട്ടോയിൽ കയറിയത് അവൾ വിവരിച്ചു. ഹെഡ് ടീച്ചറുടെ മുന്നിൽ തെറ്റിനുള്ള ശിക്ഷാവിധി അംഗീകരിപ്പിക്കുന്ന നാടകം കളിച്ച് റസിയ ടീച്ചർ പോയി. ഹെഡ് ടീച്ചറും ഹാപ്പി. ഹേമന്ദിന് അല്ലെങ്കിലും ഇതൊന്നും ഒരു പ്രശ്നമേ ആയിരുന്നില്ലല്ലോ... പക്ഷേ എനിക്ക്... ഞാൻ ഞാനെന്തു തെറ്റു ചെയ്തിട്ടാ! അംഗീകരിക്കാനാവണില്ലടാ..." ശ്രുതി വിങ്ങിപ്പൊട്ടി.

അവൻ അവളെ ആശ്വസിപ്പിച്ചു. "അയ്യേ... പുലിക്കുട്ടി കരയുന്നോ നോ നൊനൊ... സാരല്ല്യാഡി. ഒന്നും കാണാതെ ടീച്ചറങ്ങിനെ പറയൂലാലോ... എല്ലാം നല്ലതിനെന്നു സമാധാനിക്ക്. ആട്ടെ എന്തായിരുന്നു ആ സാധനം... തൊണ്ടിമുതൽ ?"

ചുവന്ന കണ്ണുകൾ വിടർത്തി അല്പം പരിഭ്രമത്തിന്റെ സ്വരത്തിൽ അവൾ പറഞ്ഞു, "അതു പറയാൻ വിട്ടു. അത് ഗർഭനിരോധന ഉറകളാണത്രേടാ. ടീച്ചർ പറഞ്ഞപ്പഴാ ഞങ്ങളറിയണേ..."

മിഥുൻ പെട്ടെന്നു നിന്നു. മൗനത്തിന്റെ അസാധാരണമായ വിറങ്ങലിച്ചുപോകുന്നൊരു തണുപ്പ് അവരെ പൊതിഞ്ഞു...

അഭിപ്രായങ്ങളും പ്രതികരണങ്ങളും

വളരെ കാലിക പ്രസക്തിയുള്ള ലേഖനമായിരുന്നു കെ. പ്രസാദ് ചന്ദ്രൻ പിള്ള ജൂൺ ലക്കത്തിൽ ടി. വി. സീരിയലുകളെപ്പറ്റി എഴുതിയത്. കുരുന്നുമനസ്സുകളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന വിഷയങ്ങൾ കാണിക്കുന്നത് എല്ലാവർക്കുമറിയാം. സ്ത്രീമനസ്സുകളെ സന്തോഷിപ്പിക്കാൻ ഒരു കൊച്ചുകുട്ടിയെ കഥാപാത്രമാക്കുന്നു. ഇരട്ടക്കുട്ടികളെ വാടകയ്ക്ക് കിട്ടാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഒന്നിനെ പ്രസവസമയത്ത് കൊന്നുകളയുന്ന തിരക്കഥയുണ്ടാക്കാം. അണിയറയിൽ നടക്കുന്ന ചില കാര്യങ്ങൾ സങ്കല്പങ്ങൾക്കുമപ്പുറമാണ്. കുട്ടി ചിരിക്കുന്ന ഷോട്ടെടുക്കാൻ പെറ്റമ്മയെ ക്യാമറയ്ക്കടുത്തിരുത്തിയാൽ മതി. കുട്ടി കരയുന്ന സീനെടുക്കാൻ എന്താണ് ചെയ്യുകയെന്ന് ആലോചിച്ചിട്ടുണ്ടോ ? അതുപോലെ നായികയുടെ തോളിൽ കിടന്നോ, കട്ടിലിൽ കിടന്നോ കുട്ടി ഉറങ്ങുന്ന സീനെടുക്കാൻ കുട്ടിക്കെന്താണ് കൊടുക്കുന്നതെന്ന് സങ്കല്പിച്ചിട്ടുണ്ടോ? (തെളിവില്ലാത്ത ഒരു കാര്യവും തുറന്നുപറയാൻ പറ്റില്ല. കൊല്ലാൻ വരുന്നവനെ പേടിച്ച് തീവണ്ടിയിൽ നിന്ന് ചാടിയതാണോ കൊലയാളി തള്ളിയിട്ടതാണോ എന്നൊക്കെ മരിച്ചുപോയ ആൾ തെളിയിക്കേണ്ട രാജ്യമാണ് നമ്മുടേത്.)

പി. എം. ശശിധരൻ, 9745228779

പ്രിയപ്പെട്ട മുരളീധരന്,

പ്രക്ഷുബ്ധമായ കാലഘട്ടത്തിലൂടെ നാടുകടന്നുപോകുന്നു. ചോദിക്കാനും പറയാനും ആരുമില്ലാത്ത അവസ്ഥ. ഹീനമായതെന്തും ഭൂഷണമായി കരുതുന്ന 'പൗരുഷം'. പശുക്കിടാവിനെ നടുറോട്ടിലിട്ട് വെട്ടിക്കൊന്ന് കൊലവിളിക്കുന്ന രാഷ്ട്രനായകൻമാർ ! ക്ഷേമാശംസകളോടെ,

സസ്നേഹം

ഇ. എൻ. നാരായണൻ, 9539307005

മുരളി സാറിന്,

ചേർത്തലയിലെ സാഹിത്യ സദസ്സുകളിൽ നിന്നാണ് ഏക തത്ത്വ എന്ന മാസികയെക്കുറിച്ചും, അതിലെ സാഹിത്യ വിഭവങ്ങളെക്കുറിച്ചു മറിഞ്ഞത്. അങ്ങിനെയാണ് ഞാൻ ഏക തത്ത്വയിലേക്ക് ചെറിയൊരു സൃഷ്ടി അയച്ചത്. അത് താങ്കൾ അർഹിക്കുന്നതിലധികം പ്രാധാന്യത്തോടെ ജൂൺ ലക്കത്തിലുൾപ്പെടുത്തുകയും എനിക്ക് ഒരു കോപ്പി അയച്ചുതരികയും ചെയ്തതിൽ വളരെ സന്തോഷം. ഒരു പ്രസിദ്ധീകരണം നല്ല വിഭവങ്ങൾ ചേർന്ന് പുറത്തിറക്കുന്നതിന്റെ പ്രയാസം അറിയാവുന്ന ഒരാളാണ് ഞാൻ. നല്ല രീതിയിൽ ഏക തത്ത്വ മുന്നോട്ടുപോകുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷവും അതോടൊപ്പം അതിനായുള്ള താങ്കളുടെ അക്ഷീണയത്നവും ഏറെ വിലമതിക്കപ്പെടുന്നു. അഭിനന്ദനം. വിശ്വസ്തതയോടെ,

ടി. വി. ഹരികുമാർ

കണിച്ചുകുളങ്ങര, 9446118387

പ്രിയമുള്ള മുരളിമാസ്റ്റർക്ക്,

2017 ജൂൺ ലക്കം ഏക തത്ത്വ കൈപ്പറ്റി. എന്റെ കത്ത് ഈ ലക്കത്തിൽ ചേർത്തതിന് ഹൃദയം നിറഞ്ഞ നന്ദിയറിയിക്കട്ടെ.

'എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് നമുക്ക് പഠിക്കാൻ വേണ്ടിയാണ്' എഡിറ്റോറിയൽ കുറിക്കുകൊള്ളുന്നതായി. തിന്മയുടെ കാര്യത്തിൽ ഫുൾ എ പ്ലസ് നേടി നമ്മൾ നാണം കെട്ടുകൊണ്ടേയിരിക്കുന്നു. ആര് ആരോട് പറയാൻ !

ഭാവുകങ്ങളോടെ

രവീന്ദ്രൻ മലയങ്കാവ്

9288114916

സുഹൃത്തേ,

'ഉറങ്ങുന്നവർക്കായി ഞാൻ ഉണർന്നിരിക്കാം' നന്നായി. നാം പറയുന്നതെല്ലാം ബധിരകർണ്ണങ്ങളിലാണല്ലൊ എത്തുന്നതെന്ന ദുഃഖം മാത്രം. എന്നിരുന്നാലും പറയേണ്ടത് പറയണം. അതാണ് സാമൂഹ്യജീവിയുടെ ധർമ്മം.

എല്ലാവിധ ഭാവുകങ്ങളും ഏക തത്ത്വയ്ക്ക് നേരുന്നു.

സസ്നേഹം

സൈനുദീൻ മുണ്ടക്കയം

9947253006

പ്രിയപ്പെട്ട മുരളിസാറിന്,

ഏക തത്ത്വ ഓരോ ലക്കവും വളരെ വളരെ നന്നാവുന്നുണ്ട്. കഥയും കവിതയും ആരോഗ്യവും ലേഖനങ്ങളും പുസ്തകപരിചയവും സ്മരണയും എല്ലാമായി ധാരാളം വിഭവങ്ങൾ നിറഞ്ഞിരിക്കുന്നു. മാർച്ച് - ഏപ്രിൽ - മെയ് എന്നിവയിലെല്ലാം 'എനിക്ക് പറയാനുള്ളത്' അനേകർ പറയാനാഗ്രഹിക്കുന്നതും ധൈര്യമില്ലാത്തതുകൊണ്ട് പറയാതേയും എഴുതാതിരിക്കുകയും ചെയ്യുന്ന കാര്യങ്ങളും വിഷയങ്ങളുമാണ്. സാറിനിതെല്ലാം യുക്തിയുക്തമായും വളച്ചൊടിക്കാതേയും വസ്തുനിഷ്ഠമായും ധൈര്യപൂർവ്വം അനാവരണം ചെയ്യുവാനുള്ള ഒരു കഴിവ് ലഭ്യമായിരിക്കുന്നതോർത്ത് സന്തോഷിക്കുന്നു. ഇനിയും നൂതനമായ പല വിഷയങ്ങളും പ്രകാശിച്ച് കിട്ടട്ടെ എന്നാശിക്കുന്നു.

'ഉറങ്ങുന്നവർക്കുവേണ്ടി ഞാൻ ഉണർന്നിരിക്കാം'' എന്ന സന്ദേശം ഉറങ്ങുന്നവർക്കും ഉറക്കം നടിക്കുന്നവർക്കും ഉണർന്നിരിക്കുന്നവർക്കും അതുവായിക്കുന്ന ഞങ്ങളെപ്പോലുള്ള എല്ലാവർക്കും ഉള്ള സന്ദേശമാണ്.

കൃഷ്ണ എഴക്കാടിന്റെ നോവൽ ആരംഭം മുതൽ വായിച്ചു. അതിലോരോ കഥാപാത്രങ്ങളും മനസ്സിൽ തങ്ങിനിൽക്കുന്നു. സ്വർത്ഥമതിയായ അമ്മയുടെ ദയനീയ അന്ത്യം മനസ്സിനെ സ്പർശിക്കുകയുണ്ടായി. നോവലിസ്റ്റ് ബാലുവിന് മകനെ ഒരുനോക്കുകാണുവാനായി എത്തേണ്ടിടത്ത് എത്തിച്ച് അനസൂയ എന്ന മുഖ്യകഥാപാത്രത്തിന് എല്ലാം ഭംഗിയായി ചെയ്തു എന്ന ചാരിതാർത്ഥ്യം അവകാശപ്പെടാം. ബോംബെയിലെ മലയാളികളുടെ ബിസിനസ്സ് ജീവിതം, ഔദ്യോഗിക ജീവിതം എന്നിവയൊക്കെ വരച്ചുകാട്ടുവാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. ഇനിയും നല്ല രചനകൾ ഉണ്ടാകട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം

അന്ന ജോസഫ് കോരുത്തോട്

9048614387.

ഏക തത്ത്വ കൈപ്പറ്റി. സന്തോഷം. എല്ലാ വായനക്കാർക്കും എഴുത്തുകാർക്കും ഏക തത്ത്വ കുടുംബത്തിനും പെരുന്നാളാശംസിച്ചു കൊള്ളുന്നു.

കമർ അഷ്ക്കർ, 7012728412

ഹൃദയം നിറഞ്ഞ മുരളീധരൻ സാറിന്,

ഏക തത്ത്വയിലെ ജൂൺ ലക്കം വായിച്ച് മനസ്സിലെ മാറാല മാഞ്ഞൊരാ നിമിഷം സ്നേഹപൂർവ്വം പങ്കുവയ്ക്കട്ടെ, കിട്ടിയ ബോളുകൾ കൊണ്ട് കളിക്കുന്നതിനുപകരം കിട്ടിയ സമയത്തെ കളഞ്ഞുകുളിക്കുന്നവരാണ് പലരും. ശരീരശുദ്ധിക്കും മനഃശുദ്ധിക്കുമായി രൂപപ്പെട്ട വ്രതങ്ങൾ ഇന്ന് ദൈവങ്ങൾക്ക് വേണ്ടിയുള്ള ചില ചടങ്ങുകളായി മാറ്റിയതും മനുഷ്യൻ തന്നെ.

മനസ്സിലെ മാലിന്യം
മായ്ച്ചൊരാ വരികളെ-
മാതൃസ്ഥാനത്തീന്ന്
കാണുന്നുണ്ടിന്നുഞാൻ.

സ്നേഹാശംസകളോടെ,
രജനീതരൂർ, 9747750522

കവിത

ചിലന്തി

ബിന്ദു . പി
9846368951

വലക്കണ്ണികൾ മുറുക്കുന്നുണ്ട്
കനത്ത രോമക്കയ്യിൽ മുള്ളുകൾ
വിറയ്ക്കുന്നുണ്ട്
ചുവന്ന കണ്ണുകളിൽ പകച്ച
ഇരയുടെ ചിത്രം...
വിജയോന്മാദവുമായി
കിതപ്പോടെ...
വിജ്യംഭണത്തിന്റെ
മൂർദ്ധന്യത്തിൽ,
പൂമ്പാറ്റച്ചിറകുകൾ കരിഞ്ഞു.
നനുത്ത പൂമേനിയിൽ
വിഷദംശനം.
രക്തമൂറ്റിയ പിശാചിൻ
ചിരിയുമായി
പിൻവാങ്ങുമ്പോൾ
കരിഞ്ഞുണങ്ങിയ
ഉണക്കച്ചുള്ളികൾ
പൊട്ടിവീഴും പോലെ...
പുള്ളിയുടുപ്പ് കീറിപ്പറിഞ്ഞ്
കൈകാലുകൾ വേറിട്ട്
ഉടൽ ചിതറിത്തെറിച്ച്
വലക്കണ്ണികൾക്കിടയിലൂടെ
ഇര താഴേയ്ക്ക്...
വലക്കണ്ണികൾക്കുള്ളിൽ
സുരക്ഷിതനായി
വിശപ്പുതീരാത്ത മൃഗത്തിന്റെ
ക്രൗര്യം നിറഞ്ഞ
നൊട്ടിനുണച്ചിൽ
ചിരിയുമായി ചിലന്തി...

■ കഥ

ടി. കെ. ഉണ്ണികൃഷ്ണൻ
0491 – 2578098

നഖങ്ങൾ

ഓഫീസിൽ ഫയൽ മറിക്കുമ്പോൾ ഞാനെന്റെ വിരലുകൾ ശ്രദ്ധിച്ചു. നഖങ്ങൾ വെട്ടി വൃത്തിയാക്കിയ വിരലുകൾ അവ എന്നോട് എന്തോ ആവശ്യപ്പെടുന്നതുപോലെ തോന്നി. ഞാനടുത്തിരിക്കുന്ന നാരായണനെ നോക്കി. വലിയ ഈശ്വരവിശ്വാസിയാണ്. എന്നും ക്ഷേത്രത്തിൽ പോയി തൊഴുതേ ഓഫീസിൽ വരൂ. നെറ്റിയിൽ നീണ്ട ചന്ദനക്കുറിയും ചെവിയിൽ തുളസിപ്പൂവും കാണും. സംസാരിക്കുമ്പോൾ രാമായണവും ഗീതയും ചൊരിയും.

ഞാൻ നോക്കുന്നത് കണ്ടാവാം വെറ്റില തിന്നൊലിക്കുന്ന ചിറി അയാൾ തുടച്ചത്. തുടയ്ക്കുമ്പോൾ അയാളുടെ വിരലുകൾ ഞാൻ കണ്ടു. എനിക്ക് തോന്നി നഖങ്ങൾ നീണ്ടിട്ടുണ്ട്. എങ്കിലും വിരലുകളിൽ സ്വർണ്ണമോതിരങ്ങളുണ്ട്. എന്റെ വിരലുകളും സ്വർണ്ണമോതിരങ്ങൾ ആശിക്കുന്നുണ്ടാവാം. അന്ന് ഞാൻ ഓഫീസിലെ എല്ലാവരുടേയും വിരലുകൾ ശ്രദ്ധിച്ചു. എല്ലാവരുടേയും നഖങ്ങൾ നീട്ടിയിട്ടുണ്ടെന്ന് തോന്നി. പ്യൂൺ ഗോപി മുതൽ മാനേജർ അജിത് മേനോൻ വരെ. എങ്കിലും വിരലുകളിൽ മോതിരങ്ങളുണ്ട്. ചിലർക്ക് കൂടുതൽ ചിലർക്ക് കുറവ്. ചിലരുടെ വിലപിടിച്ച കല്ലുകളോടെ.

നഖം നീണ്ടിട്ടില്ലാത്ത എന്റെ വിരൽ ശൂന്യം. എനിക്ക് മനസ്സിൽ വേദന തോന്നി. മോതിരങ്ങളണിയുവാനുള്ള മോഹം തോന്നി. അന്നു തൊട്ട് ഞാൻ ഓഫീസിലെ എല്ലാവരേയും കൂടുതൽ ശ്രദ്ധിച്ചു. അവരുടെ നഖങ്ങളെപ്പറ്റിയറിയാൻ തുടങ്ങിയപ്പോൾ ഞാനും നഖം വളർത്തി. ഓഫീസ് ആവശ്യങ്ങളുമായി വരുന്നവരെ മാന്തിത്തുടങ്ങി. എന്റെ വിരലുകളിലും മോതിരങ്ങൾ നിറഞ്ഞു.

ഒരാളെ പലവട്ടം മാന്തിയപ്പോൾ സഹികെട്ടാവാം അയാൾ വിരലിൽ കയറിപ്പിടിച്ചത്. ഞാൻ വിരൽ വലിച്ച് വിടുവിപ്പിക്കുമ്പോൾ മോതിരങ്ങൾ തെറിച്ചുവീണു. വിരലിൽ രക്തം പൊടിഞ്ഞു. അയാളുടെ അലർച്ച കേട്ടാവാം പുറത്തുനിന്ന് ആളുകൾ ഓടിയെത്തി. അവർ മേശ വലിപ്പിൽ നിറഞ്ഞുകിടന്ന നോട്ടുകൾ പുറത്തിട്ടു. മുദ്രാവാക്യങ്ങൾ മുഴങ്ങി. അഴിമതിക്കാരനെ പുറത്താക്കൂ.

നിവർത്തിയില്ലാഞ്ഞ് അജിത് മേനോൻ എനിക്ക് സസ്പെൻഡ് ലെറ്റർ തന്നു. ലെറ്റർ തരുമ്പോൾ അയാൾ പിറുപിറുത്തു. നഖം വളർത്തിയാൽ പോര എങ്ങിന മാന്തണമെന്നും അറിയണം. വിഡ്ഢി. ഓഫീസിൽ നിന്നിറങ്ങുമ്പോൾ സഹപ്രവർത്തകരുടെ ചിരി പുറത്തുവരെ ഒഴുകിവന്നു. ഒരു സസ്പെൻഷൻ, മുദ്രാവാക്യങ്ങൾ, ഒരു സ്ഥലമാറ്റം. ഇതിലൂടെ നഖങ്ങളുടെ വളർച്ച നിൽക്കുമോ ? അതിന് അമ്മമാരും, ഭാര്യമാരും, കുട്ടികളും വരുമാനത്തിന്ന് കൂടുതലുള്ള ഡിമാന്റുകൾ കുറയ്ക്കണം. വീടുപുലർത്തുന്നവരുടെ നഖങ്ങൾ വളരാതിരിക്കാൻ വരുമാനത്തിലൊതുങ്ങി ജീവിക്കണം.

■ നോവലറ്റ്

ചൂലനൂർ രാമചന്ദ്രൻ
9745675439

വെള്ളിയാഴ്ചകൾ

ചില നേരം ഞാൻ അങ്ങനെയാണ്; എല്ലാം ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ട്, വല്ലാത്തൊരു മൗനം പൂണ്ടിരിക്കും. സത്യത്തിൽ ദൈവത്തിന്റെ മുഖഭാവം ശക്തിമത്തായ മൗനമാണുതാനും. എന്റെ ആ ഇരിപ്പ് കണ്ടുകൊണ്ട് എന്നെ പലരും പാപത്താൻ എന്നാണ് വിളിക്കാറ്. എന്നിട്ടും ഞാനവരാരോടും ഒരു യുദ്ധത്തിനിറങ്ങാറില്ല. ഈ ഭൂമിയും അതിലെ പാവങ്ങളായ മനുഷ്യന്മാരും എന്നെന്നും നിലനിൽക്കട്ടെ... എന്നും ആശിച്ചുപോകുന്നു.

എന്റെ അമ്മയുടെ തറവാട് കാക്കിയൂരിലാണ്. ആ തറവാട്ടു വീട്ടിൽ നിന്നും വിളിപ്പാടുമാത്രം അകലെയുള്ള ഞങ്ങളുടെതന്നെ സ്വന്തക്കാർ നടത്തുന്ന യു. പി. സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയാണ് ഞാൻ. എനിക്ക് നാലു വയസ്സുകാരി അനുജത്തിയും ഒന്നര വയസ്സുകാരൻ അനുജനുമുണ്ട്. അവരെല്ലാം ചിറ്റാനിപുരത്തുള്ള മംഗലം തറവാട്ടിലാണ് താമസിക്കുന്നത്. അച്ഛന് തറവാട്ടുവകയായി വേണ്ടുവോളം നെൽവയലുകളും, തെങ്ങിൻ തോപ്പും വളർത്തുകാടും ജന്മമായിട്ടുണ്ട്.

നെൽപ്പാടങ്ങളും നേന്ത്രവാഴത്തോപ്പും മരച്ചീനിപ്പറമ്പും തെങ്ങിൻ തോപ്പും, തെങ്ങിലും കൗവുങ്ങിലും മറ്റു കൊള്ളാവുന്ന മരങ്ങളിലെല്ലാം പടർത്തിയ കുരുമുളക് വള്ളികളും വെറ്റിലക്കൊടിയും കേരളീയരുടെ തനതു ആത്മസത്തയാണല്ലോ. ഇപ്പോൾ പച്ചിലവളർത്തു കാട് വെട്ടിത്തെളിയിച്ച് അത്യുഗ്രൻ റബ്ബർ മരങ്ങൾ നട്ടുവളർത്താനുള്ള തീവ്ര ശ്രമത്തിലുമാണ് അച്ഛൻ. അങ്ങിനെ... ദൈവത്തിന്റെ അറിയപ്പെടുന്ന സ്വന്തം നാടായ കേരളം... ഇനി റബ്ബർ മരങ്ങളുടെ സ്വന്തം നാടായിമാറുകയാണ്. എന്തായാലും കേരളത്തിലെങ്ങും പച്ചപ്പും നിറഞ്ഞൊഴുകും പുഴകളും കാണാൻ ഞാൻ ആഗ്രഹിക്കുന്നു. പുഴ നിറയ്ക്കുന്ന മഴകളോട് എനിക്ക് സ്നേഹവുമാണ്.

എന്റെ സ്കൂൾ പ്രവർത്തി ദിനങ്ങൾ തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെയാണ്. ആ ദിവസങ്ങളിലെ എന്റെ സംരക്ഷണച്ചുമതല കാക്കിയൂരിലെ അമ്മൂമ്മയ്ക്കാണ്. അമ്മൂമ്മ തികച്ചും ഒരു ഗ്രാമീണ ദേവതയാണ്. അമ്മൂമ്മയുടെ കൺകണ്ട ദൈവം കാക്കിയൂർ അമ്മ തിരുവടിയാണ്. സ്നേഹവും വാത്സല്യവും വാരിക്കോരി തരുന്നതിൽ അമ്മൂമ്മയാതൊരു ലോപവും വരുത്താറില്ല.

എന്നാലും ഞാനെന്റെ അമ്മയെ നിരന്തരം കൊതിക്കും. അമ്മയുടെ താങ്ങും തണലും തലോടലും ഞാനാഗ്രഹിക്കും. ഒരുപക്ഷെ അതായിരിക്കാം പൊക്കിൾക്കൊടി ബന്ധത്തിന്റെ നീതിശാസ്ത്രം.

എല്ലാ വെള്ളിയാഴ്ചകളിലും കൃത്യം നാലുമണിക്ക് എന്റെ അച്ഛൻ കാക്കിയൂർ തറവാട്ടിൽ വന്നെത്തും. എന്നെ അമ്മയുടെ അരികിലേക്ക് കൊണ്ടുപോകാനായിട്ടുള്ള വരവാണിത്. അച്ഛനെ കാണുന്ന മാത്രയിൽ തന്നെ ഞാൻ ആഹ്ലാദിച്ചുതുള്ളിച്ചാടും. നേരുപറഞ്ഞാൽ കഴിഞ്ഞ അഞ്ചുദിവസങ്ങളായില്ലേ ഞാൻ എന്റെ അമ്മയെ കണ്ടിട്ട്.

"പെറ്റവർക്ക് മക്കളും നോക്കിയോർക്ക് തഴമ്പും" അമ്മൂമ്മ ആരോടെന്നില്ലാതെ പരിഭവിക്കും. അതുകേൾക്കേണ്ട താമസം ഞാൻ വിതുമ്പാൻ തുടങ്ങും. ഒരുഭാഗത്ത് അമ്മൂമ്മ, മറുഭാഗത്ത് അമ്മ, അനുജൻ, അനുജത്തി. ഹോ, എനിക്ക് ആരേയും ഒഴിവാക്കാൻ കഴിയുന്നില്ല. ആരോടാണ് അധികസ്നേഹമെന്ന് നിർണ്ണയിക്കാൻ എനിക്ക് കഴിയുന്നില്ല. ഞാൻ നിയന്ത്രിക്കാൻ തുടങ്ങും മുമ്പ് തന്നെ കണ്ണീർപ്പുഴ ഒഴുകിത്തുടങ്ങും.

"എന്റെ മോനെ... അമ്മൂമ്മ ഒരു പഴമൊഴി പറഞ്ഞതല്ലെ ? അതിലിപ്പോൾ നിനക്ക് കരയാൻ മാത്രമെന്തുണ്ടായി ?" എന്നുപറഞ്ഞ് അമ്മൂമ്മ എന്നെ വാരിയണച്ച് നെറ്റിയിലും കവിളിലും മൂർദ്ധാവിലും തുരുതുരാ ഉമ്മവയ്ക്കും. ആ സമയത്ത് അമ്മയും അമ്മൂമ്മയും ഒന്നാണെന്ന് എനിക്ക് തോന്നും.

"എന്റെ പൊന്നുമോനെ, പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാകില്ല.

എന്റെ മോൻ അച്ഛന്റെ കൂടെച്ചെന്ന് അമ്മയെക്കണ്ട് സമാധാനിച്ച് തിങ്കളാഴ്ച രാവിലെത്തന്നെ ഇങ്ങ് വന്നെത്തണം. പഠിപ്പുകളഞ്ഞൊരു പദ്ധതിയും നമുക്ക് വേണ്ടാട്ടോ.''

അമ്മൂമ്മ പടിപ്പുര വരെ വന്ന് എന്നേയും അച്ഛനേയും ചിറ്റാനിപ്പുരത്തേയ്ക്ക് യാത്രയാക്കും. എന്നാൽ ഈ സമയങ്ങളിലെല്ലാം എന്റെ മുത്തച്ഛൻ റിട്ട. പോലീസ് നാലുകെട്ടിന്റെ ചുറ്റുവളപ്പിൽ മണ്ണിനോട് മല്ലടിക്കുകയായിരിക്കും. ഇഷ്ടന് ഈ വക അല്ലറ ചില്ലറ കാര്യങ്ങളിലൊന്നും താല്പര്യമില്ല. മുത്തച്ഛന്റെ ആത്മകഥയിൽ സമയത്തിന് കഠിനാദ്ധ്വാനത്തിന്റെ നിറമിടുക്കാണുള്ളത്.

അച്ഛനോടൊപ്പം തെല്ലുദൂരം നടന്നാൽ ഞാൻ സ്നേഹാകാംക്ഷകളോടെ എന്റെ അമ്മൂമ്മയെ ഒന്ന് തിരിഞ്ഞുനോക്കും. പാവം എന്റെ അമ്മൂമ്മ... പടിപ്പുര വാതിൽക്കൽ നിന്നുകൊണ്ട് മേൽമുണ്ടിനാൽ കണ്ണുരണ്ടും ഒപ്പുന്നത് കാണാം. അതുകാണുമ്പോൾ എനിക്ക് ഉറക്കെ ഒന്ന് പൊട്ടിക്കരയണമെന്ന് തോന്നും. എല്ലാ വേർപാടുകളും മനുഷ്യർക്ക് നിത്യദുഃഖങ്ങളാണല്ലോ വിധിക്കുന്നത്.

ചിറ്റാനിപ്പുരത്തേയ്ക്കുള്ള ഞങ്ങളുടെ യാത്ര നീളുന്നത് ഊടുവഴികളിലൂടേയും വളഞ്ഞ് പുളഞ്ഞുനീളുന്ന നാടൻ വയൽ വരമ്പിലൂടേയുമാണ്. വഴിമദ്ധ്യേ പത്തുപതിനഞ്ച് അടിയോളം വീതിയും ആഴവുമുള്ള ഒരു കൈതത്തോടുണ്ട്. ആ തോടുകടക്കാൻ കരിമ്പനത്തടികളാണ് പാലമായിട്ടുള്ളത്. ആ നെടുനീളൻ പാലത്തിലൂടെ അക്കരെയിക്കരെ കടക്കാൻ സർക്കസ് അഭ്യാസത്തിന്റെ പാടവം വേണം.

ഈ തോടുകഴിഞ്ഞതും വലിയൊരു വള്ളിയൻ കുന്നും അതിനോട് ചേർന്ന് കുടമുരുട്ടി മാമലയും തലപൊക്കിനിൽപ്പുണ്ട്. ഞങ്ങൾക്ക് വള്ളിയൻകുന്ന് കയറിയിറങ്ങിയുള്ള വിശാലമായ പാടത്തിലൂടെ പോയിട്ടുവേണം ചിറ്റാനിപ്പുരത്തെത്താൻ. വള്ളിയൻകുന്നിൽ വട്ടം പിടിച്ചാൽ പിടിമുട്ടാത്ത പലതരം മരങ്ങളുണ്ട്. അത്തി, ഇത്തി, മരുത്, തേക്ക്, വാക എന്നുവേണ്ട പല പല വള്ളിക്കുടിലുകളും വെള്ളച്ചാട്ടങ്ങളും നീർച്ചോലകളും ഉണ്ട്.

കുറുക്കൻമാർ, കുരങ്ങൻമാർ, കാട്ടുപന്നികൾ, മുയലുകൾ, വെരുകുകൾ, കീരികൾ, ഉടുമ്പുകൾ, മുള്ളൻ പന്നികൾ, ഈനാംപേച്ചി തുടങ്ങിയവയും പക്ഷികളുടെ കൂട്ടത്തിൽ മയിലുകൾ, തത്തകൾ, വേഴാമ്പലുകൾ, ചപ്പിലക്കോഴികൾ, കാടകൾ, മൈനകൾ, നീലപ്പൊന്മാൻ, വെള്ളപ്പൊന്മാൻ, പൂവാലൻ, തൊപ്പിക്കാരൻ, കുയിലുകൾ, ചെമ്പോത്ത്, പരുന്ത്, കഴുകൻ, കൊറ്റി, മണ്ണാത്തിക്കിളി, മഞ്ഞക്കിളി, കൂതികുലുക്കൻ, ഇരട്ടവാലൻ, മരംകൊത്തി, കൊച്ചു നാരായണക്കിളി എന്നിവയും അധിവസിക്കുന്നു.

പെരുമ്പാമ്പ്, മൂർഖൻ, രാജവെമ്പാല, അണലി, ശംഖുവരയൻ, ചേര, പച്ചിലക്കൊത്തി തുടങ്ങിയ പാമ്പുവർഗ്ഗങ്ങളും നൂറ്റെട്ടിലേറെ പൂമ്പാറ്റ വർഗ്ഗങ്ങളും വള്ളിയൻകുന്നിന്റെ മാറ്റുകൂട്ടുന്നു.

നേരം നന്നേ ഇരുട്ടുന്നതിനുമുമ്പായി തന്നെ ഈ വള്ളിയൻകുന്നിന്മേൽ കാലൻ കോഴികൾ കൂവിത്തുടങ്ങും. മൂങ്ങകൾ മൂളും. ആ നിലവിളികൾ കേൾക്കേണ്ട താമസം എന്റെ ഉള്ളിൽ മരണഭീതിയുടെ കൂരിരുൾ ചിറകുകൾ വീശിത്തുടങ്ങും. 'ഞാൻ ഒന്നും കൂടി വലുതാകട്ടെ ? എന്നെ ആർക്കും ഒരിക്കലും ഭയപ്പെടുത്താൻ കഴിയില്ല'. ഞാൻ മനസ്സിൽ ധീരത നിറയ്ക്കും. മനോവീര്യം കെട്ടാൽ നമ്മൾക്ക് ജീവിക്കാൻ കഴിയില്ലല്ലോ.

ചില നേരത്ത് ഞങ്ങളുടെ വഴിത്താരയിലേയ്ക്ക് ഒരു ഒറ്റക്കുറുക്കന്റെ ഓടിക്കയറ്റമുണ്ട്. അവൻ ഒട്ടും മടിക്കാതെ ഉച്ചത്തിൽ ഓരിയിടും. അത് ഞങ്ങളുടെ കാട്ടിലെ സാന്നിധ്യത്തെ ചോദ്യം ചെയ്യുകയാണ്. നാം നമ്മുടെ സ്വാതന്ത്ര്യം കൊണ്ട് മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കരുതല്ലോ. ആ സമയത്ത് അച്ഛൻ ധൃതിവെച്ച് പറഞ്ഞുതുടങ്ങും. ''മകനെ... ഒരു കാട്ടുജീവിയും നമ്മളെ ചുമ്മാതെ ആക്രമിക്കാൻ മുതിരാറില്ല. അതിന്റെ ജീവന് ആപത്ത് വരും എന്നറിഞ്ഞാലേ ഒരു കൈ നോക്കാൻ അവ കുതിച്ചുചാടാറുള്ളൂ.

എടാ മകനെ... നമ്മൾ നായാട്ടുകാരായിട്ടല്ലല്ലോ ഈ കാട്ടിലൂടെ കടന്നുപോകുന്നത്. നമ്മളുടെ കൈയിൽ തോക്കോ കുറുവടിയോ കുന്തമോ വടിവാളോ ഏറുപടക്കമോ ഒന്നുമില്ലല്ലോ ? പിന്നെ നാം എന്തിനായി പേടിക്കണം ? ഈ നായാട്ടുകാരുടെ ചൂര് കാട്ടുമൃഗങ്ങൾക്ക് ശരിക്കും തിരിച്ചറിയാൻ കഴിയും.''

അച്ഛന്റെ ഇത്തരം പറച്ചിൽ ഞാൻ തല കുനിച്ചുകൊണ്ട് സമ്മതിക്കും. പക്ഷെ ഞങ്ങളുടെ മുന്നിൽ അവിചാരിതമായി കുതിച്ചെത്തി ഓരിയിടുന്ന കുറുക്കൻ തിരുമാലിയേ ഒരു വെള്ളാരം കല്ലെടുത്ത് എറിഞ്ഞോടിക്കാൻ എന്റെ കൈ തരിക്കും. പക്ഷെ അച്ഛനെ ധിക്കരിക്കാൻ എനിക്ക് സാധിക്കില്ല.

ഞങ്ങൾ യാത്ര തുടരുമ്പോൾ അച്ഛൻ പഴങ്കഥകളുടെ താളിയോലക്കെട്ടുകൾ ഓരോന്നായി പുറത്തെടുക്കും. അപ്പൂപ്പന്റെ കാലത്ത് ഇവിടങ്ങളിൽ ആന, പുലി, മാൻ എന്തിന് കസ്തൂരിമാൻ വരെ ഉണ്ടായിരുന്നത്രെ. പാറക്കെട്ടുകളിലെ പഴുതുകളും, വിടവുകളും, മടകളും ചൂണ്ടിക്കാട്ടി അച്ഛൻ പറയും, ''ഇത് പുലിമട, അത് സിംഹത്തിന്റെ ഗുഹ'' എന്നെല്ലാം.

നമ്മുടെ വീട്ടിലെ പുറത്തളത്തിലെ ചുമരിൽ വെച്ചിട്ടുള്ള കലമാനിന്റെ തലയുണ്ടല്ലോ അത് നമ്മുടെ മുത്തച്ഛന്റെ വീരനായാട്ടിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. പക്ഷെ അച്ഛൻ ഒരു ജീവിയേയും കൊല്ലാനാഗ്രഹിക്കുന്നില്ല. അതാ... ആ കാണുന്ന ഗുഹകളിൽ ചിലത് അങ്ങ് കാശിവരെ നീളുമത്രെ. പണ്ട് പണ്ട് അനവധി ഋഷിമാർ ആ ഗുഹകളിൽ തപസ്സിരുന്നിട്ടുണ്ട്. മോനോട് മാത്രമായി ഞാനൊരു സ്വകാര്യം പറയാം. ഇപ്പോഴും ആ ഗുഹകളിൽ ചില ഋഷിമാർ അദൃശ്യരായി തപസ്സിരിക്കുന്നുണ്ട്. ഇത് കലിയുഗമായതുകൊണ്ട് നമുക്ക് അവരെ കാണാൻ കഴിയുന്നില്ല എന്നുമാത്രം.

എന്നാലും എന്റെ മോനെ... ഇതാ മറ്റൊരു കഥ. നമ്മുടെ അപ്പൂപ്പന്റെ അപ്പൂപ്പൻ വലിയൊരു ശിവഭക്തനായിരുന്നു. മക്കളും പേരമക്കളുമായപ്പോൾ അങ്ങോർ രുദ്രാക്ഷവും ധരിച്ച്... ആ ഗുഹകളിൽ ഒന്നിൽ കയറിപ്പോയതാണ് പിന്നീട് അദ്ദേഹത്തെ കാശിയിൽ വെച്ച് നമ്മുടെ നാട്ടിൽ ചിലർ കണ്ടുവത്രെ. ഒടുവിൽ അദ്ദേഹം കാശി വിശ്വനാഥനിൽ ലയിച്ചു എന്നാണ് വിശ്വാസം. അദ്ദേഹത്തിന്റേതാണ് എന്ന് പറഞ്ഞുള്ള രുദ്രാക്ഷമാലയാണ് നമ്മുടെ മച്ചകത്ത് പൂജയ്ക്ക് വച്ചിരിക്കുന്നത്. ഇത്തരം നുള്ളുനുറുങ്ങ് നൂറ്റെട്ട് കഥകൾ പറഞ്ഞുതരുന്ന അച്ഛനെ ഞാനത്യധികം സ്നേഹിക്കുന്നതിലെന്താണ് തെറ്റ് ?

കഴിഞ്ഞകാല കഥകൾ ഗംഭീരം. പക്ഷെ വരുംകാല കഥകളോ ? അതിന് ഞാൻ തന്നെ രണ്ട് ഗോളടിച്ച് ലോകകപ്പ് നേടേണ്ടി വരും. അങ്ങനെ അമ്മയുടെ അരികിലെത്തുമ്പോൾ എനിക്കെന്തെന്നില്ലാത്തൊരു ശാന്തിയും സമാധാനവും കൈവരും.

തിങ്കളാഴ്ച മുതൽ ഞാൻ വീണ്ടും ദൈവവുമായുള്ള ഏകാന്ത ബന്ധങ്ങളിൽ ചെന്നെത്തുന്നു. ഞാൻ ഹൃദയം കൊണ്ട് എന്തുമാത്രം പ്രാർത്ഥിച്ചാലും ക്ഷേത്ര ഗോപുരങ്ങളിലെ ദേവൻമാർക്ക് എന്തുനേ

ർച്ച നേർന്നാലും അവർ എന്നോട് കനിയുന്നില്ല. എപ്പോഴും തിങ്കൾ കഴിഞ്ഞ് ചൊവ്വ, ചൊവ്വ കഴിഞ്ഞ് ബുധൻ, ബുധൻ കഴിഞ്ഞ് വ്യാഴം, വ്യാഴം കഴിഞ്ഞാൽ വെള്ളി എന്ന നിശ്ചിത ക്രമത്തിൽ നിന്നും അണു കിട മാറ്റിമറിക്കാൻ ദൈവങ്ങളാരും എനിക്കുവേണ്ടി ഇടപെട്ടില്ല. അതി നാൽ ഈ സമൂഹത്തിലെ പല കാര്യ ങ്ങളിലും ദൈവങ്ങൾക്ക് പങ്കൊന്നു മില്ലെന്ന കാര്യം ഞാൻ തിരിച്ചറി ഞ്ഞു. എന്നിട്ടും ഞാൻ ദൈവത്തെ നിഷേധിച്ചതുമില്ല.

തിങ്കളാഴ്ച മുതൽ വെള്ളി യാഴ്ച വരെ മന്ത്രിമാരോ മഹാൻമാ രോ ഒരിക്കലും മരിക്കരുതേ എന്നു മാത്രം പ്രാർത്ഥിക്കും. അത്തരക്കാർ ആരെങ്കിലും മരിച്ചാൽ സ്കൂളിനവ ധി തരും. പക്ഷെ ശനിയാഴ്ച പകരം പ്രവർത്തിദിനമാകും. അമ്മയുടെ അ ടുത്തേയ്ക്കുള്ള യാത്ര ഒരുദിവസം പോലും നീളുന്നത് എനിക്ക് താങ്ങാ ൻ വയ്യ. എന്നെ പരിപാലിക്കുന്ന അമ്മൂമ്മയുടെ ജീവിതത്തിൽ ഒട്ടേറെ താളവട്ടങ്ങളുണ്ട്. അമ്മൂമ്മ എന്നും അതിരാവിലെ എഴുന്നേറ്റ് കിടക്കയി ൽ തന്നെ ഇരുന്നുകൊണ്ട് തന്റെ ഉള്ളംകൈ കണ്ണുകളോടടുപ്പിച്ച സ്വ യം കണി കാണും. സ്വന്തം ആയുർ രേഖ കണികാണുന്നത് എന്തുകൊ ണ്ടും നല്ലതാണത്രെ. തുടർന്ന് അമ്മൂ മ്മ വായയും മുഖവും കഴുകി ഒരുനു ള്ള് ഭസ്മക്കുറിയുമിട്ട് മച്ചിന്റെ മുന്നി ലെ നിലവിളക്കിന്റെ തിരി നീട്ടി തീ പ്പെട്ടിയുരച്ച് ദീപം തെളിയിക്കും. മച്ചിന്റെ വാതിൽ ശബ്ദമുണ്ടാക്കാ തെ തുറന്ന് ഗുരുകാരണവൻമാർ ക്കും ധർമ്മദൈവങ്ങൾക്കും പുലർ കാല ദീപം കാട്ടും. അതിനുശേഷം തറവാടിന്റെ കിഴക്കേ കോലായിലെ ത്തി ഉദിച്ചുവരുന്ന സൂര്യഭഗവാനാ യി ദീപം ഉയർത്തിപ്പിടിക്കും. തുട ർന്ന് നിലവിളക്ക് മച്ചിന്റെ മുന്നിൽ കൊണ്ടുവന്ന് തിരി താഴ്ത്തി വെയ് ക്കും.

കാക്ക കരയുന്നതിനുമു മ്പായി തന്നെ അമ്മൂമ്മ കാക്കിയൂർ അമ്മയുടെ തീർത്ഥക്കുളത്തിൽ മു ങ്ങിക്കുളിച്ചുവന്ന് ഈറൻ മാറ്റും. നി ത്യവും അലക്കിത്തേച്ച വെള്ളമുണ്ടേ അമ്മൂമ്മ ഉടുക്കാറുള്ളൂ. തുടർന്ന് ഭസ്മമെടുത്ത് നനച്ച് നെറ്റിയിലും കഴുത്തിലും കുറി വരയ്ക്കും. അടു ത്ത പണി അടുക്കളയിൽ തീ പൂട്ടലാ ണ്. തീ പൂട്ടലിനിടയിൽ സകല ദൈ വങ്ങളേയും സ്തുതിച്ചുകൊണ്ടുള്ള കീർത്തനങ്ങൾ പടി കടന്ന് ചെല്ലത്ത ക്കവിധത്തിൽ ഉറക്കെ ചൊല്ലും.

മുറ്റത്തെ കാക്കകളെത്തി ഓരോന്ന് കൊത്തിപ്പെറുക്കി നീട്ടി കുറുകുമ്പോൾ അമ്മൂമ്മ ഞങ്ങൾ പേരക്കിടാങ്ങളെ ചെല്ലപ്പേര് ചൊല്ലി യുണർത്തും. എല്ലാവരുടേയും തല യിൽ ക്ഷേത്രത്തിലാടിച്ച എള്ളെണ്ണ തേച്ചുതരും. തുടർന്ന് മുൻകൂട്ടി പൊ തിഞ്ഞുവച്ചിട്ടുള്ള ഉമിക്കരിയും പച്ചീ ർക്കില തുണ്ടുകളും തോർത്തുമു ണ്ടുകളും സോപ്പും എടുത്തുതന്നി ട്ടുപറയും എന്റെ മക്കള് വേഗം പോ യി കുളിച്ചുവരിൻ. ദേ മക്കളെ, വഴി നീളെ നടന്ന് പല്ലുതേയ്ക്കരുത്. അത് ഈ നാട് മുടിക്കാനിടയാവും. ഈ നാട്ടിൽ നിന്ന് വെള്ളക്കാരെ പിടിച്ചു പുറത്താക്കാൻ നാം പെട്ട പെടാപ്പാട് നിങ്ങളാർക്കും അറിയില്ലല്ലോ. ഗാ ന്ധിമുത്തനൊരാൾ ഇല്ലായിരുന്നെ ങ്കിൽ എന്താകുമായിരുന്നു ഈ നാടിന്റെ സ്ഥിതി ? മക്കളെ, നാം എല്ലാവരും നാടിന് ചേരുന്ന മക്കളാ യി വേണം വളരാൻ. ഗാന്ധിജിയെ കൊന്ന പാപത്തിൽ നിന്നും ഒരു ജനത ഇനിയും മുക്തി നേടിയിട്ടില്ല.

അമ്പലക്കുളങ്ങരെ ചെന്നാ ൽ ഞങ്ങളാദ്യം ഉമിക്കരിയെടുത്ത് പല്ലുതേപ്പ് തുടങ്ങും. ആ സമയത്ത് സൂര്യനുദിച്ച് വട്ടം കറങ്ങി മുകളി ലോട്ട് ഉയരുകയായിരിക്കും. തത്സമ യത്ത് അമ്പലക്കുളത്തിലെ വെള്ളം തുടുതുടാ തുടുത്തുകൊണ്ട് തുള്ളാ ട്ടമാടും. ബ്ലും... ബ്ലും... ഉടുത്ത ട്രൗ സറൂരിയെറിഞ്ഞുകൊണ്ട് ഞങ്ങൾ കുളത്തിലേയ്ക്ക് എടുത്തുചാടും. തുടർന്ന് ഒരു മേള കമിഴ്ന്ന് നീന്തൽ, മലർന്ന് നീന്തൽ, മുങ്ങാംകുഴി ഹോ... ജലക്രീഡകളുടെ തിരു തകൃ തിയായി.

കുളി കഴിഞ്ഞാൽ ഈറനു ടുത്ത് തറവാട്ടിൽ ചെന്ന് അമ്മൂമ്മ യിൽ നിന്നും വിളക്കെണ്ണയും മറ്റും വാങ്ങി കാക്കിയൂർ അമ്പലത്തിൽ ചെന്ന് തൊഴുകും. അവിടെ നിന്നും ലഭിക്കുന്ന പൂവും പ്രസാദവും കൊ ണ്ടുവന്ന് അമ്മൂമ്മയേ ഏല്പിച്ച ശേ ഷമാണ് ഞങ്ങളുടെയൊക്കെ ബെഡ് കോഫി.

കാക്കിയൂർ അമ്മയുടെ നി മിത്ത കഥകൾ ഒരായിരം തവണയെ ങ്കിലും അമ്മൂമ്മ ഞങ്ങൾക്ക് പറഞ്ഞു തന്നിട്ടുണ്ട്. അത് നേരോ, നുണ യോ ? എന്നൊന്നും മറിച്ച് ചിന്തി ക്കാനാകാത്ത വിധം ഞങ്ങളുടെ മന സ്സിന്റെ ഭാഗമാണ്.

സംഗതി വശാൽ ഒരുകാല ത്ത് ഈ കാക്കിയൂർ ദേശം ജന്മാവ കാശമായിട്ടുള്ള കണ്ടത്താർ തറവാ ട്ടിൽ റക്കിയമ്മ എന്ന സ്ത്രീ മാത്രമാ യി വംശനാശദുരിതം നേരിട്ടു. അങ്ങ നെ കാലം നീങ്ങവെ ഒരു ദിവ്യനായ സന്യാസി വന്ന് കണ്ടത്താരുകാരുടെ തണ്ണീർപന്തലിൽ മൗനസമാധിയിൽ അമർന്നിരുന്നു.

എവിടെ നിന്നാണ് സന്യാ സി വന്നത് ? എന്താണ് അദ്ദേഹത്തി ന്റെ ലക്ഷ്യം? നാടിനെ ശാപമോക്ഷ ത്തിൽ നിന്ന് രക്ഷിക്കണമെന്നതാ ണോ ? അതോ മറ്റൊരു ശാപം കൂടി ഈ ദേശത്തിന് വിധിക്കാൻ വന്ന താണോ ? ജലപാനം പോലും ചെ യ്യാത്ത സന്യാസിയെ നോക്കി ദേശത്തിലെ പതിനെട്ടര പരിഷകളും നെഞ്ചുരുകി കൈകൂപ്പി നിന്നു.

അതാ... അതാ... മറ്റൊരു നിമിത്തം കൂടി അരങ്ങേറുന്നു. ഒരു പറ്റം കൃഷ്ണപ്പരുന്തുകൾ പറന്നെ ത്തി തണ്ണീർപന്തലിന്നരികിലുള്ള ആലിൽ താമസമായി. ഏഴാം നാൾ ആലിൽ തമ്പടിച്ചിരുന്ന പരുന്തുകളു ടെ കൂട്ടത്തിൽ നിന്നും ഒന്ന് താഴെ വീണ് ചിറകടിച്ച് സമാധിയായി.

സ്വാമിയാരുടെ ദിവ്യനയന ങ്ങൾ താനേ വിടർന്നു. നെറ്റിക്കണ്ണി ൽ നിന്നും നനുനനുത്ത ചന്ദന ഗന്ധം പരന്നു. സ്വാമിയാർ പതിയേ മൗനം വെടിഞ്ഞു.

"നിങ്ങളിൽ ഒരാൾ ചെന്ന് കണ്ടത്താർ വീട്ടിലെ രക്കിയമ്മയെ ക്ഷണിച്ചുകൊണ്ടുവരുവിൻ." സ്വാമി യാരുടെ സന്ദേശവുമായി ദേശക്കാർ കണ്ടത്താർ വീട്ടിലേയ്ക്ക് കുതിച്ചു. ഗുരുസന്ദേശം ശ്രവിച്ചതും രക്കിയമ്മ ഉൾപ്പുളകത്തോടെ സ്വാമിയാരുടെ മുന്നിലെത്തി. തൃപ്പാദങ്ങൾ വന്ദിച്ചു കൊണ്ട് ഒതുങ്ങിനിന്നു. സ്വാമിയാർ പ്രവചനം തുടങ്ങി.

"ലോകചരിത്രത്തിൽ ആർ ക്കും കൊല്ലും കൊലയും കൊണ്ടു മാത്രം ഒരു പൈതൃകവും കാത്തു സൂക്ഷിക്കുവാൻ കഴിഞ്ഞിട്ടില്ല. വം ശനാശങ്ങൾ പലതും ചില കാതലാ യ തെറ്റുകളുടെ പരിണാമമാണ് ഇത്. ഇതാ ഇവിടെ ഇപ്പോൾ നിങ്ങളുടെ ദേശത്ത് സാക്ഷാൽ വൈഷ്ണവി ദേവി ആഗതയായിരിക്കുന്നു. ആ മഹാഭാഗ്യത്തിൽ രക്കിയമ്മ സന്തോ ഷവതിയാവുക. ഒരു ജന്മം കൊണ്ട് നമ്മൾ സാധിച്ചെടുക്കേണ്ടുന്ന പല കാര്യങ്ങളും നമ്മുടെ മുന്നിലുണ്ട്. ഇല്ലാത്തതിനെ കുറിച്ചോർത്ത് കര യാതെ മുന്നിലുള്ള പ്രസക്ത കാര്യ ങ്ങൾ ചെയ്തുതീർക്കുക.

ഈ ഗരുഡൻ വീണ് സമാ ധിയായ സ്ഥലത്ത് ശ്രീ. മഹാദേവി ക്ക് ഒരു ക്ഷേത്രം പണിയുക. അതാ ണ് രക്കിയമ്മയുടെ സർവ്വ ദുഃഖങ്ങ ളും തീർക്കുവാനുള്ള അവസരം. ഇതാ ഇതുകൂടി കേൾക്കുവിൻ... ക്ഷേത്രത്തിന്നുവേണ്ട വിശിഷ്ട ദേ വീവിഗ്രഹം രക്കിയമ്മയുടെ തറവാ ട്ടുകുളത്തിലെ ചേറിൽ മൂടിക്കിടപ്പു ണ്ട്. ആ വിഗ്രഹത്തിനോടൊപ്പം ഒരു

വാളും ചിലമ്പുകളുമുണ്ട്. അതെല്ലാം ഇപ്പോൾ പുറത്തെടുക്കേണ്ട സമയമായി.

എഴുന്നള്ളാം... എഴുന്നള്ളാം...
എഴുന്നള്ളാമേ...

സ്വാമിയാർ ആൾക്കൂട്ടത്തെ ശ്രദ്ധിക്കാതെ വന്നതുപോലെ എങ്ങോട്ടെന്നില്ലാതെ നടന്നുനീങ്ങി. രക്കിയമ്മയും ദേശക്കാരും കുളവരമ്പത്തേയ്ക്ക് കൂട്ടം കൂട്ടമായി പാഞ്ഞു. അവർ ആവേശത്തോടെ കുളം വറ്റിച്ചു. ചേറ് കോരി മാറ്റി. അതാ... അതാ... അവരെല്ലാവരുടെയും ഹൃദയങ്ങളും അത്ഭുതം പൂണ്ടു.

അതിമനോഹരമായ ദേവീരൂപം. പഞ്ചലോഹത്തിൽ തീർത്ത പ്രസന്ന ദേവീഭാവം. പൂർവ്വകാല വെളിച്ചപ്പാടിന്റെ ചിഹ്നങ്ങളായ വാളും ചിലമ്പുകളും താനാര്... തന്നാര്... ദേവീ തന്നാര്...!!

അങ്ങിനെ കാക്കിയൂരിലെ പ്രസന്നലക്ഷ്മി ക്ഷേത്രനിർമ്മാണം പൂർത്തീകരിച്ചു. രക്കിയമ്മ തന്റെ ദേശവും പദവിയും ദേവിയുടെ തൃപ്പടിയിൽ ദാനം ചെയ്തു. അന്നുമുതൽ രക്കിയമ്മ മഹാലക്ഷ്മിയുടെ മകളായി കാലം കഴിച്ചു.

(തുടരും)

കവിത

ടി. വി. ഹരികുമാർ
ചേർത്തല
9446118387

അമ്മ

മന്നിതിലുണ്ടൊരു ദൈവം
നാമതിനമ്മയെന്നുവിളിക്കുന്നു.
യാതന, വേദനയൊക്കെ സഹിച്ചീ
ഭൂമിയിൽ നിർവൃതി നേടുന്നു
കണ്ണുകളൊപ്പമയച്ചീ കുഞ്ഞിനെ
കൺമണിയായി വളർത്തുന്നു
മക്കളെത്രവളർന്നാലും ഈ
അമ്മക്കെന്നും കുഞ്ഞുങ്ങൾ
കൺകളടച്ചു കരഞ്ഞൊരു
കൺമണി
ചാരേ വന്നു കിടക്കുമ്പോൾ
കണ്ണുതുറന്നു ചിരിക്കുന്നമ്മ
അമ്മിഞ്ഞപ്പാലേകുന്നു.
മന്നിതിലിങ്ങനെ ഭാഗ്യം
ചെയ്തൊരു
നാമം "അമ്മ" യെന്നാണല്ലോ.

നന്മയുടെ ഒരേട്

മുരിങ്ങയേകിയ ജീവജലം

പ്രമോദ് മഞ്ചേരി
9495607393

'**മ**രം ഒരു വരം' ഹരിയാനയിലെ ഫിറോസ്പൂർ മേവ് എന്ന ഉൾനാടൻ ഗ്രാമീണരോട് ചോദിച്ചാൽ അവർ നിങ്ങളോട് ഒരു മരത്തിന്നു മുന്നിൽ കൈകൂപ്പി കൊണ്ടായിരിക്കും മറുപടി പറയുക. ഇനി ആ മരമേതെന്നറിയേണ്ടേ ? നമുക്ക് സുപരിചിതമായ മുരിങ്ങ ! ആ മരം ഗ്രാമവാസികളുടെ ദൈവമാണ്. സിയ ബിഷ്ണോയി, തഹിറ ബെല്ല എന്ന രണ്ടു കുട്ടികളാണ് മുരിങ്ങ ആ നാട്ടിൽ കൊണ്ടുവന്നത്. ഒരു അറബിക്കഥയുടെ ഭംഗിയുണ്ട് ആ ഗ്രാമത്തിന്റെയും കുട്ടികളുടേയും കഥയ്ക്ക്.

പാഠ്യ പദ്ധതിയുടെ ഭാഗമായ ഗ്രാമസന്ദർശനത്തിനാണ് സിയയും താഹിറയും ആ ഗ്രാമത്തിൽ വന്നത്. ഗുർഗാവിലെ ശ്രീരാം സ്കൂളിൽ നിന്നും നീണ്ട യാത്രയ്ക്ക് ശേഷം അല്പം ദാഹ ജലത്തിന്നായി ഒരു കുടിലിന് മുമ്പിലെത്തിയ കുട്ടികൾക്ക് ലഭിച്ചത് ചുകന്ന നിറത്തിൽ ഗന്ധകം മണക്കുന്ന ജലമായിരുന്നു. അമ്പരന്നുപോയ ആ കുട്ടികൾ ദാഹം ശമിപ്പിക്കാതെ ആ ജലവുമായെത്തിയ സമപ്രായക്കാരിയോട് വിവരങ്ങളാരായുകയാണുണ്ടായത്. സിയക്കും താഹിറയ്ക്കും അന്നുറങ്ങാനായില്ല. അവരന്നു തന്നെ കയ്യിലെ ലാപ്ടോപ്പിലൂടെ ഗ്രാമവാസികൾക്ക് എങ്ങിനെ സഹായമെത്തിക്കാമെന്ന് അന്വേഷണമാരംഭിച്ചു.

ആ ഗ്രാമത്തിലെ ജനങ്ങൾ മൂന്നു കിലോ മീറ്റർ അകലെയുള്ള ഒരു കുഴൽക്കിണറിൽ നിന്നാണ് ജലം സംഭരിക്കുന്നത്. വനിതകളും കുട്ടികളും പുലരുന്നതിനുമുമ്പ് നടന്നുതുടങ്ങും. തലയിൽ ഒന്നും രണ്ടും കുടങ്ങൾ വെച്ചാണ് തിരിച്ചു വരവ്. ഗ്രാമത്തിൽ കിണറിലെല്ലാം വിവിധ മാലിന്യങ്ങൾ നിറഞ്ഞ ഗന്ധസമ്മിശ്രമായ ജലമാണ് ലഭിക്കുന്നത്. ഇന്റർനെറ്റിൽ രാത്രി മുഴുവൻ ചിലവഴിച്ച കുട്ടികൾക്ക് ആഫ്രിക്കൻ ഗോത്രവാസികൾ ജലശുചീകരണത്തിനുപയോഗിക്കുന്ന ഒരു ചെടിയുടെ ശാസ്ത്രനാമം കിട്ടി. 'Moringa Oleifera' നമ്മുടെ നാട്ടിലെ സാക്ഷാൽ മുരിങ്ങ! ജലാശയങ്ങൾ ഉള്ള സ്ഥലങ്ങൾക്ക് ചുറ്റും മുരിങ്ങ നടുന്നതാണ് ആഫ്രിക്കയിലെ രീതി. മുരിങ്ങയുടെ വേരുകൾക്ക് ഭൂഗർഭജലത്തിനെ ശുദ്ധീകരിക്കാൻ കഴിവുണ്ട്. തങ്ങൾക്കും അങ്ങിനെ ഒരു പദ്ധതി രൂപീകരിക്കാനാവില്ലേ എന്നവർ ചിന്തിച്ചു. ഉറുദുവിൽ 'ദ്രാക്ത' എന്നാൽ വൃക്ഷമെന്നാണർത്ഥം അവർ പ്രൊജക്ടിന് പേരിട്ടു. 'പ്രൊജക്ട് ദ്രാക്ത്'.

ഫിറോസ്പൂരിൽ പട്ടിണിപ്പാവങ്ങളാണ് ജീവിക്കുന്നത്. ഗ്രാമത്തിലെ ദീനമായ അവസ്ഥ ചിത്രങ്ങളിലും ചാർട്ടുകളിലും പകർത്തി രണ്ടു കുട്ടികളും കൂട്ടുകാരും പട്ടണത്തിലെ ചന്തകളിൽ പ്രദർശിപ്പിച്ചു നാട്ടുകാരേകുന്ന സംഭാവനകൾ സ്വീകരിക്കാൻ ആരംഭിച്ചുപഠിക്കുന്ന സ്കൂളിലേയും മറ്റുവിദ്യാലയത്തിലേയും കുട്ടികൾ തങ്ങളുടെ പോക്കറ്റ് മണി മുഴുവനായും സംഭാവന ചെയ്തു. മരം നടലും കിണർ കുഴിക്കലും വൈദ്യുതി ഇല്ലാത്തതുകൊണ്ട് സോളാർ പാനൽ സ്ഥാപിക്കലുമായിരുന്നു പ്രൊജക്ട് ദ്രാക്തി

ന്റെ ലക്ഷ്യം. അടുത്തുള്ള കാർഷിക സർവ്വകലാശാലയെ സമീപിച്ചു ആയിരത്തഞ്ഞൂറു തൈകളാവശ്യപ്പെട്ടപ്പോൾ അധികൃതരമ്പരന്നു. കുട്ടികളുടെ ആവശ്യാനുസരണം ആരോഗ്യമുള്ള തൈകൾ പൊതുസ്ഥലങ്ങളിൽ നടുവാനും കമ്പിവേലി കെട്ടി സംരക്ഷിക്കാനും എല്ലാറ്റിനും കൂടി ചിലവു ഏഴരലക്ഷമെന്നു വിലയിരുത്തപ്പെട്ടു. ശ്രീരാം സ്കൂളിൽ അധ്യാപക രക്ഷാകർതൃസമിതി സഹായിക്കാമെന്നേറ്റു. ആദ്യപടിയായി രണ്ടു കുട്ടികളും അവരുടെ സംഘവും സംഭരിച്ചത് ഒന്നര ലക്ഷം രൂപയായിരുന്നു. ആദ്യ ട്രക്കിൽ നാനൂറു മുരിങ്ങാതൈകളുമായി ഗ്രാമത്തിലെത്തിയ കുട്ടികളെ ഗ്രാമീണർ സംശയത്തോടെയാണ് എതിരേറ്റത്.

കുട്ടികൾ നാല്ക്കവലകളിലും വീടുകളിലുമെല്ലാം ക്ലാസ്സുകൾ നടത്തിമുരിങ്ങയുടെ ഗുണഗണങ്ങൾ വർണ്ണിച്ചു. ആദ്യമവരോട് സഹകരിച്ചത് വനിതകളും കുട്ടികളുമായിരുന്നു. മൂന്നുമാസത്തെ പ്രയത്നവും മേൽനോട്ടവും ചെറിയ മുരിങ്ങവനങ്ങൾ ഗ്രാമത്തിലെ ജലാശയങ്ങൾക്ക് ചുറ്റിനും രൂപപ്പെടാൻ സഹായിച്ചു. ആദ്യത്തെ മഴക്കാലവും ആയിടക്കുതന്നെ ആയിരുന്നത് അവർക്ക് സഹായകമായി. ഇതിനിടെ കാർഷിക സർവ്വകലാശാലയിൽ നിന്നും പൊടിച്ച മുരിങ്ങയുടെ വിത്തുകൾ കൊണ്ടുവന്നു ജലാശയങ്ങളിൽ കലർത്തി. പ്ലവകങ്ങളായി (sedimentary) ഉള്ള മാലിന്യങ്ങളെ വേർതിരിക്കാനീ വിത്തുകൾക്കു കഴിവുണ്ട്.

സിയക്കും താഹിറയ്ക്കും ഇനിയും ജോലികളുണ്ടായിരുന്നു. സോഷ്യൽ മീഡിയയുടെ സഹായത്തോടെ ഗ്രാമീണർക്കായി മൂന്നര ലക്ഷം രൂപ സമാഹരിക്കാനവർക്കായി ! (ketto.org) അതുമായി അവർ സമീപിച്ചത് യുവശാസ്ത്രജ്ഞരെ സഹായിക്കുന്ന കേന്ദ്രപദ്ധതിയുടെ ഉപദേശകനായിരുന്ന സഞ്ജീവ് ചൗധരിയെ ആണ്. ഗ്രാമീണർക്കായി സോളാർ പാനലുകൾ സ്ഥാപിച്ച് ഒരു പമ്പു പ്രവർത്തിപ്പിക്കാനും 15000 ലിറ്റർ സമാഹരിക്കാനാവുന്ന ഒരു ടാങ്കു സ്ഥാപിച്ച് ഗ്രാമത്തിലെങ്ങും വെള്ളമെത്തിക്കാനും പദ്ധതി തയ്യാറാക്കി. ഇതിനിടെ കാലം രണ്ടുവർഷം കഴിഞ്ഞിരുന്നു. മൂന്നുറു കുടുംബങ്ങളിലുള്ള രണ്ടായിരത്തഞ്ഞൂറു ഗ്രാമവാസികൾക്ക് ജീവജലമെത്തിക്കാനുള്ള പദ്ധതി. ഇതിനിടെ രണ്ടു വർഷം പ്രായമായ മുരിങ്ങകൾ ഗ്രാമത്തിലെ ജലത്തിന്റെ സ്വഭാവം മാറ്റിക്കൊണ്ടിരിക്കുന്നു. ചൗധരിയും കൂട്ടരും സോളാർ പാനൽ ഒരു വർഷത്തിനുള്ളിൽ സ്ഥാപിക്കാനുള്ള തിരക്കിലാണ്. ഗ്രാമവാസികൾ കൂടുതൽ മുരിങ്ങ നട്ടുകൊണ്ടിരിക്കുന്നു. സിയയും താഹിറയും പരീക്ഷകളെഴുതുന്ന തിരക്കിലാണിപ്പോൾ അവർ ഗ്രാമം സന്ദർശിച്ചിട്ടു മാസങ്ങളായിരിക്കുന്നു. അവരുടെ വാക്കുകൾ ശ്രദ്ധിക്കുക.

"ആദ്യമൊന്നും ഗ്രാമീണർ ഞങ്ങളോടു സംസാരിക്കാൻ കൂട്ടാക്കിയില്ല അവർ കരുതിയത് പതിവുപോലെ പ്രസംഗം നടത്തി തിരിച്ചു പോകാറുള്ള നേതാക്കന്മാരെ പോലെത്തന്നെയാണ് ഞങ്ങളെന്നാണ്. ആരുമൊന്നും പ്രവർത്തിക്കില്ലെന്ന ദുഃഖമായിരുന്നു അവർക്ക്."

എന്നാൽ ഈ രണ്ടു കുട്ടികളും തിരിച്ചുവരുമ്പോൾ ഗംഭീര സ്വാഗതമേകാൻ ഗ്രാമീണർ തയ്യാറാണ്. ഗ്രാമം നിറഞ്ഞുനില്ക്കുന്ന മുരിങ്ങകൾ കാറ്റിലാടുന്ന ശാഖകളോടെ അവരെ മാടിവിളിക്കുന്നുണ്ടാവാം.

ഈ വാർത്തയറിഞ്ഞത് ആ ഗ്രാമം സന്ദർശിച്ച ഒരു കുട്ടിയിൽ നിന്നായിരുന്നു. കുളങ്ങൾക്കും കിണറുകൾക്കുമരികെ മുരിങ്ങ നട്ടിരുന്ന ഒരു പാരമ്പര്യം ഉണ്ടായിരുന്ന പഴയ കാലം ഓർമ്മവന്നു. ആ ദീർഘവീക്ഷണത്തിനും പഴയ പറമ്പുകളിൽ മണ്ണിന്റെ മനസ്സറിഞ്ഞു നടന്നിരുന്ന ആ മഹത്തുക്കളേയും മനസാ നമിക്കുകയും ചെയ്തു. •

കടപ്പാട് : *facebook.com/projectdrakht*
You may donate : *https://www.ketto.org/contribute.php*

കവിത

ക്യാമറയും തോക്കും

വാസന്തി മോഹൻ
9142223960

വിദ്യാലയത്തിലോഫീസിൽ, വരാന്തയിൽ
വിൽപ്പനസ്ഥലങ്ങളിൽ, കവലമുക്കുകളിൽ
വിഹാരകേന്ദ്രങ്ങളിൽ, വീടുകളിൽപ്പോലും
നിരീക്ഷണക്യാമറകൾ വെച്ചിരിക്കുന്നതിക്കാലം
മനുഷ്യനെത്ര ചെറുതായി യന്ത്രത്തിൻ മുന്നിൽ
മര്യാദ പഠിപ്പിക്കാനനിവാര്യമോ ക്യാമറ
മൂല്യങ്ങൾ ശരിയായി ഗ്രഹിക്കാതെ വളരുകിൽ
ക്യാമറയും തോക്കുമനിവാര്യമായ് വന്നിടും.
തോക്കിൻ മുനയിൽ നിർത്തിയനുസരിപ്പിക്കുക
ക്യാമറക്കണ്ണിൽ നോക്കി കാര്യങ്ങൾ ചെയ്യിക്കുക
കഷ്ടമീദുർഗതി കണ്ടു ഭാരതാംബതൻഹൃത്ത്
പൊട്ടിത്തെറിക്കില്ലേ ആസന്നമാം ഭാവിയിൽ
കണ്ണുതെറ്റിയാൽ കട്ടുമുടിക്കാൻ തുനിയുവോർ
കർമ്മനിർവ്വഹണത്തിൽ വീഴ്ച്ച വരുത്തുവോർ
കൈക്കൂലിമേടിപ്പവർ കാമക്കൂത്തുകാട്ടുവോർ
കള്ളത്തരങ്ങൾ കൈയ്യടക്കുന്നെല്ലാരംഗവും
പേടിച്ചോ മറ്റുള്ളോരറിഞ്ഞീടുമെന്നോർത്തോ
പെരുമാറ്റ ഭേദഗതി വരുത്തുവാൻ നോക്കിയാൽ
ശരിയാകില്ലൊരു കാലത്തുമൊന്നുമൊരാളും
ഉയിരിൽ ലയിച്ചുചേരണം സത്സ്വഭാവം.
ക്യാമറകൾക്കാകുമോ മനസ്സിന്റെ കള്ളം മാറ്റാൻ
തോക്കുകൾക്കേവരേയും ഭയപ്പെടുത്താനൊക്കുമോ ?
ക്യാമറയും തോക്കുമുണ്ടെങ്കിലും ഇല്ലെങ്കിലും
കണ്ണടച്ചിരുട്ടാക്കാതിരിയ്ക്കുവാനായീടട്ടേ.

കുണ്ണോട്ടൻ

ഡേവിഡ് മാത്യു
9446728334

ഉറക്കം കിട്ടാനാണെന്ന് പറഞ്ഞാ
അതിയാൻ കുടി തുടങ്ങിയത്

എന്നിട്ടെന്തായി ?
ഇപ്പോ ഞങ്ങളുടെ ഉറക്കം കൂടി പോയി

Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

ഏക തത്ത്വ ന്യൂസ്

സർഗശ്രീ പുരസ്കാരം പ്രസന്നൻ ചമ്പക്കരയ്ക്ക്

കറുകച്ചാൽ : മീനടം കാവ്യകലാ സാഹിത്യവേദിയുടെ 2017ലെ സർഗ ശ്രീ പുരസ്കാരം പ്രസന്നൻ ചമ്പക്ക രയ്ക്ക്. സാഹിത്യരംഗത്തെ സമഗ്ര സംഭാവനയ്ക്ക് നൽകിവരുന്ന പുര സ്കാരമാണിത്.

നോവൽ, കഥ, കവിത തുട ങ്ങി സാഹിത്യ സപര്യ തുടരുന്ന പ്ര സന്നൻ ചമ്പക്കര 60ൽ അധികം പു സ്തകങ്ങളുടെ രചയിതാവാണെ ന്നും ശൂർപ്പണഖ, നാട്ടുകൂട്ടം, നേരി പ്പോട്, രഥമകുടങ്ങൾ, നേർച്ച, ഇന്ത്യ ൻ സ്വാതന്ത്ര്യ സമരഭടന്മാർക്ക് സമർ പ്പിക്കപ്പെട്ടതും ഇംഗ്ലീഷിലേക്ക് വി വർത്തനം ചെയ്യപ്പെട്ടതുമായ 'മുഴ ങ്ങുന്ന മൗനം', 'ചരിത്രാഖ്യായിക യായ', 'നിലവറകൾ പറയുന്നത്' എന്നിങ്ങനെ പല ഗ്രന്ഥങ്ങളും ഭാ ഷാസാഹിത്യത്തിന് മുതൽക്കൂട്ടാ ണെന്നും പുരസ്കാര നിർണയ സമി തി വിലയിരുത്തി.

21ന് രണ്ടിന് മീനടം പഞ്ചാ യത്ത് ഹാളിൽ കൂടിയ സാംസ് കാരിക സമ്മേളനത്തിൽ സർഗശ്രീ പുരസ്കാരം പ്രസന്നൻ ചമ്പക്കര യ്ക്ക് സമർപ്പിച്ചു. ഫലകവും കാഷ് അവാർഡും പ്രശസ്തി പത്രവും അട ങ്ങുന്നതാണ് പുരസ്കാരം. തൃപ്പൂണി ത്തുറ ആർ. എൽ. വി. സംസ്കൃത കോളേജ് പ്രഫസർ ഷോബി പീറ്റർ പുരസ്കാരം സമർപ്പിച്ചു.

പുസ്തകപരിചയം



ശ്രീ. സത്യൻ താന്നിപ്പുഴയുടെ
സ്വാമി വിവേകാനന്ദകഥകൾ
(ബാലസാഹിത്യം)
മൊബൈൽ : 8086314867

ഭാരതത്തിന്റെ ശബ്ദം അമേരി ക്കയിലെ ചിക്കാഗോയിൽ നടത്തിയ പ്ര സംഗത്തിലൂടെ ലോകം മുഴുവൻ കേൾ പ്പിച്ച വിവേകാനന്ദസ്വാമികളെ പഠിക്കാ ൻ സാധ്യമാകുന്ന കൃതി.

വില : 50 രൂപ
പ്രസാധകർ: കലാപൂർണ്ണാ പബ്ലിക്കേഷൻസ്, വർക്കല

ശ്രീപ്രകാശ് ഒറ്റപ്പാലത്തിന്റെ
ഓൻ ഞമ്മ്ളന്റാളാ
(കഥാ സമാഹാരം)
മൊബൈൽ : 9447240642

ചെറുതെങ്കിലും പ്രമേയപ രമായ അസാധാരണത്വവും ചടുലത യും കൊണ്ട് ഹൃദയത്തെ സ്പർശി ക്കുന്ന ഒൻപത് കഥകളുടെ സമാഹാ രമാണ് ശ്രീപ്രകാശ് ഒറ്റപ്പാലത്തിന്റെ 'ഓൻ ഞമ്മ്ള ന്റാളാ'. അനായാസമായ പാരായണക്ഷമതയുള്ള ഈ കഥകൾ വായനക്കാരുടെ മനസ്സിൽ കുളിർമഴയായി പെയ്തിറങ്ങും.

വില : 50 രൂപ
പ്രസാധകർ: കൈരളി ബുക്സ്, കണ്ണൂർ



ശ്രീ. അരവിന്ദന്റെ
മനസ്സിലാവാത്ത തെറ്റ് (കഥാ സമാഹാ രം) മൊബൈൽ : 9745935385

വർത്തമാനകാലം അപ്രസക്തരെ ന്നോ അപരിഷ്കൃതരെന്നോ എണ്ണുന്ന കുറേ മനുഷ്യരുടെ ദൈന്യതകളിലേ ക്കാണ് ഈ കഥകൾ നോട്ടമയക്കുന്ന ത്. മുന്നോട്ട് പായുന്ന കാലം പിന്നോട്ട് പായിക്കുന്ന മൂല്യങ്ങളെക്കുറിച്ചോർത്ത് ഇതിലെ കഥാ പാത്രങ്ങൾ ചകിതരാകുന്നു. 'ഇഷ്ടമുള്ളവരെ ഉമ്മവയ് ക്കുന്നത് തെറ്റാണോ?' എന്ന് മനസ്സിലാകാത്ത ഉണ്ണിയും നാടിന്റെ ചരിത്രമെന്നും മനസ്സിലേറ്റി നടന്ന നമ്പ്യാരും തലമുറകൾക്കിടയിലെ വിടവിനെ അഗണ്യമാക്കിക്കൊ ണ്ട് കാലവിപര്യയങ്ങളെ വിചാരണയ്ക്കെടുക്കുന്നു. നഗരത്തിലെ സുദീർഘജീവിതത്തിൽ എഴുത്തുകാര ന്റെ മനസ്സിലേയ്ക്ക് തറച്ചുകയറിയ കഥാതന്തുക്കൾക്ക് ഭാവനയുടെ മജ്ജയും മാംസവുമേകി ഉയിർവെപ്പിച്ചി രിക്കുന്ന, ജീവിതഗന്ധിയായ പതിനാല് കഥകൾ. പ്രമേ യ വൈവിധ്യം കൊണ്ടും ആവിഷ്കരണവൈദഗ്ധ്യം കൊണ്ടും ഭാഷാലാവണ്യം കൊണ്ടും അനുവാചക ഹൃദയങ്ങളെ സ്പർശിക്കുന്ന മികച്ച സൃഷ്ടികൾ.

വില : 110 രൂപ
പ്രസാധകർ: എച്ച് & സി പബ്ലിഷിംഗ് ഹൗസ്, തൃശ്ശൂർ

ഗ്രന്ഥകർത്താക്കളുടേയും പ്രസാധകരുടേയും ശ്രദ്ധയ്ക്ക് – നിങ്ങൾ രചിച്ച/ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, ഏക തത്ത്വയ്ക്ക് അയച്ചുതരാവുന്നതാണ്. പുസ്തകനിരൂപണത്തിനായി രണ്ടു ബുക്കുകളും പുസ്തകപരിചയത്തി ലേയ്ക്കായി ഒരു ബുക്കും അയക്കേണ്ടതാണ്.

Published on 15/06/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7, Issue 8, July 2017, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM

Sleepwell MATTRESSES PILLOWS CUSHIONS

Peps

RUBCO

For Modular Kitchens /Appliances / Accessories and more...

Mangalam Towers
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

10/257(1) Ram Estate
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com